PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1970

(II Meeting)

Monday, the 23rd March, 1970

Vol. XXVI] **OFFICIAL REPORT** **[No. 27**

The Assembly met in the Assembly Chamber at Nine of the Clock on Monday, the 23rd March, 1970, with Mr. Speaker in the Chair.

REPORTS OF THE ESTIMATES COMMITTEE

Mr. Speaker: Order, order. Mr. K. C. Vamadevan may present the Report of the Estimates Committee.

Shri K. C. Vamadevan: Sir, I, Chairman, Committee on Estimates present the Third Report of the Committee in 1969–70.

Mr. Speaker: The Report is presented.

REPORT OF THE PUBLIC ACCOUNTS COMMITTEE

Shri K. Karunakaran: Sir, I, Chairman, Committee on Public Accounts present the Fifth, Sixth and Seventh Reports of the Committee in 1969–70.

Mr. Speaker: The Report is presented.

REPORT OF THE COMMITTEE ON GOVERNMENT ASSURANCES

Shri K. P. Raghava Poduval: Sir, I, Chairman, Committee on Government Assurances present the First Report of the Committee in 1969-70.

Mr. Speaker: The Report is presented.

MOTION OF CONFIDENCE

Mr. Speaker: Now we pass on to the discussion on the Confidence Motion moved by the Chief Minister.

Now I have something to say about the allotment of time today.

2/3026/MC.

LIBRARY ARCHIVES Kerala Legislative Assembly

Total time available for discussion today is 7 hours.

	Time allotted (Minutes)	*Time taken* (Minutes)	*Balance* (Minutes)
Ruling Parties	240	96	144
C. P. I. (Marxist)	190	70+ 15 given to Shri M. K. George —— 85	105
S. S. P.	45	10 given to Shri M. K. George	35
Congress (O)	**45**	**—**	**45**
Congress (N)	45	16	29
Independents	45	16	29

<u>ഡോ. പി. കെ. സുകുമാരൻ:</u> സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. പ്രതിപക്ഷത്തിരിക്കുന്ന ഒരംഗമെന്ന രീതിയിൽ പ്രതിപക്ഷമനോഭാവത്തോടുകൂടിയല്ല ഞാൻ ഇതിനെ എതിർക്കുന്നത്. വസ്തുതകൾ വസ്തുതകളായിക്കാണാനാഗ്രഹിക്കുന്ന ഒരെളിയ രാഷ്ട്രീയപ്രവർത്തകനും നിയമസഭാസാമാജികനുമെന്ന നിലയിൽ പ്രശ്നങ്ങളെ കാണുന്നു എന്നതാണ് എതിർക്കാനുള്ള മുഖ്യമായ കാരണം. ഒന്നാമതായി, ഈ ഗവൺമെൻറ് യഥാർത്ഥത്തിൽ, ഭരണാധികാരത്തിലിരിക്കാൻതന്നെ അവകാശമില്ലാത്ത ഒന്നാണ് എന്ന അഭിപ്രായക്കാരനാണു ഞാൻ. ഈ ഗവൺമെൻറ്, നമ്മുടെ രാജ്യത്തു വളർന്നു വരുന്ന പുരോഗമനജനാധിപത്യപ്രസ്ഥാനങ്ങൾക്കാകെ അപകടകരവും അപമാനകരവുമായ ഒരു ഗവൺമെൻറാണ്. നമ്മുടെ രാജ്യത്തിലെ ജനങ്ങളുടെ വിധിക്കെതിരായി, ജനങ്ങൾക്കു നാം നൽകിയ വാഗ്ദാനങ്ങൾക്കെതിരായി കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഐക്യമുന്നണി നൽകിയ വാഗ്ദാനങ്ങൾക്കെതിരായി—അധികാരത്തിൽ വന്ന ഗവൺമെൻറാണിത്. ഐക്യമുന്നണിയെ തകർത്തതിന് കേന്ദ്രഭരണാധികാരികളിൽനിന്ന് ഔദാര്യപൂർവം, കോഴയായി, വലതുകമ്മ്യൂണിസ്റ്റുപാർട്ടിക്കു ദാനം കിട്ടിയതാണ് ഈഗവൺമെൻറ് എന്നാണെന്റെ അഭിപ്രായം. വസ്തുതകൾ പരിശോധിച്ചാൽ അത് ബോധ്യപ്പെടുത്താൻ കഴിയും. നമ്മുടെ ഈ രാജ്യത്തെ നിക്ഷിപ്തതാൽപര്യങ്ങൾക്കെതിരായി വളർന്നുകൊണ്ടിരിക്കുന്ന ജനാധിപത്യപ്രസ്ഥാനത്തിനാകെ രൂപംനൽകിയ ഐക്യമുന്നണിയെ തകർത്തതിന് കോഴയായി കേന്ദ്രഭരണാധികാരികൾ കനിഞ്ഞു ദാനംചെയ്ത ഈ ഭരണാധികാരമുപയോഗിച്ചുകൊണ്ട്—ആ ഭരണാധികാരം നമ്മുടെ രാജ്യത്തെ സാമാന്യജനങ്ങൾക്കെതിരായി ദുർവിനിയോഗംചെയ്തുകൊണ്ട്—അധികാരത്തിലിരിക്കുന്ന ഒരു ഗവൺമെൻറായതുകൊണ്ടാണ് ഈ ഗവൺമെൻറിൽ ഒരു നിമിഷം പോലും വിശ്വാസമർപ്പിക്കാൻ നിർവാഹമില്ലെന്നു ഞാൻ പറയുന്നത്. സർ, നമുക്കറിയാം, 1967-ൽ ഒരു തിരഞ്ഞെടുപ്പ് ഇവിടെ നടന്നു. ആ തിരഞ്ഞെടുപ്പിൽ കേരളചരിത്രത്തിൽ അഭൂതപൂർവമായവിധത്തിൽ ആ ഐക്യമുന്നണിക്ക് ജനങ്ങൾനിർലോഭമായ പിൻതുണ നൽകി. അങ്ങേയററത്തെ അനുഗ്രഹാശിസ്സുകളോടുകൂടിയാണ് ജനങ്ങൾ ആ ഐക്യമുന്നണിയെ അധികാരത്തിലേക്കുയർത്തിയത്. അങ്ങനെ അഭൂതപൂർവമായ പിൻതുണനൽകി ജനങ്ങൾ ഐക്യമുന്നണിയെ ഉയർത്തിയെടുത്തതിന്റെ പ്രധാനമായ അടിസ്ഥാനം നിശ്ചയമായും ഐക്യമുന്നണിയുടെ പരിപാടിമാത്രമായിരുന്നില്ല. ഈ ഗവൺമെൻറ് ഐക്യമുന്നണിയുടെ ഒരു പിൻതുടർച്ചയാണെന്നും അത് ഐക്യമുന്നണിയുടെ പരിപാടികളാണ് നടപ്പാ

LIBRARY ARCHIVES Kerala Legislative Assembly

കുന്നതെന്നും അഭിപ്രായപ്പെടുന്ന സുഹൃത്തുക്കളോട് എനിക്കു പറയാനുള്ളത്; തീർച്ചയായും ഐക്യമുന്നണിയുടെ പരിപാടികളായിരുന്നില്ല പ്രധാനമായും പൊതുജനങ്ങളുടെ പിൻതുണ ഐക്യമുന്നണിക്ക് ആർജ്ജിച്ചുകൊടുത്തതു എന്നാണ്. ആ പരിപാടികൾ യഥാർത്ഥത്തിൽ ഐക്യമുന്നണിയുടെ ബാഹ്യരൂപം മാത്രമായിരുന്നു. അതിന് വ്യക്തമായ നില, അന്തസ്സത്ത, ആത്മാവ്, ഓജസ്സ് ഇതെല്ലാം നൽകിയത് ഐക്യമുന്നണിക്കു രൂപം നൽകിയ രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വർഗ്ഗസ്വഭാവംതന്നെയാണ്. കഴിഞ്ഞ ഇരുപത്—ഇരുപത്തിമൂന്നു സംവൽസരമായി തെററായ രാഷ്ട്രീയനയത്തിന്റെയും തെററായ സാമ്പത്തിക നയത്തിന്റെയും അടിസ്ഥാനത്തിൽ ഇൻഡ്യാരാജ്യം ഭരിച്ചുകൊണ്ടിരുന്ന കാൺഗ്രസ്സിന്റെ ദുർഭരണത്തിൽനിന്ന് രക്ഷപ്പെടുക എന്ന ആബാലവൃദ്ധം ജനങ്ങളുടെ അഭിലാഷത്തിന്റെ പരിണിത ഫലമായി, കാൺഗ്രസ്സിന്റെ ഭരണം കേരളത്തിൽമാത്രമല്ല ഇൻഡ്യയിൽത്തന്നെ അവസാനിപ്പിച്ചുകാണാൻ വേണ്ടിയുള്ള കേരളത്തിലെയും ഇൻഡ്യയിലെയും സമാന്യ ജനങ്ങളുടെ ഇച്ഛാശക്തിയിൽനിന്നു ജൻമം കൊടുത്തതാണ് ഐക്യമുന്നണി. ഐക്യമുന്നണിയുടെ അന്തസ്സത്ത യഥാർത്ഥത്തിൽ കാൺഗ്രസ്വിരോധം തന്നെയാണ്. അങ്ങനെ, ഇരുപത്തിമൂന്നുകൊല്ലത്തെ കാൺഗ്രസ്സിന്റെ ദുർഭരണംമൂലം സാമാന്യജനങ്ങൾക്കുണ്ടായ നൈരാശ്യത്തിന്റെ ആഴത്തിൽനിന്ന് കാൺഗ്രസ്സിന്റെ ദുർഭരണത്തെ അവസാനിപ്പിക്കുന്നതിന്, അതിൽനിന്ന, സാമാന്യജനങ്ങളെ രക്ഷിക്കുന്നതിന്, കാൺഗ്രസ്സിന്റെ ദുർഭരണത്തെകെട്ടുകെട്ടിച്ച് അതിന്റെ ഭരണാധികാരക്കുത്തക അവസാനിപ്പിക്കുന്നതിന് ജൻമം നൽകിയതാണ് ഐക്യമുന്നണി. അതിനു ജീവൻ നൽകിയതും ഓജസ്സ് നൽകിയതും അന്തസ്സത്ത നൽകിയതും പരിപാടിയല്ല. യഥാർത്ഥത്തിൽ അതിന്റെ രാഷ്ട്രീയാടിസ്ഥാനംതന്നെയാണ്. അതുതന്നെയാണ് അതിന്റെ വർഗ്ഗപരമായ അടിസ്ഥാനവും. നിക്ഷിപ്തതാൽപര്യക്കാരെ പ്രതിനിധീകരിക്കുന്ന കാൺഗ്രസ്സിന്റെ ദുർഭരണത്തിൽനിന്ന് സാമാന്യജനങ്ങൾക്ക് ആശ്വാസംനൽകാൻ ഉപയോഗപ്പെടുത്താവുന്ന ഒരു ഉപകരണം, ഒരു ശക്തി—ആ നിലയിലാണ് ഭരണാധികാരത്തെയും ഭരണകൂടത്തെയും ഐക്യമുന്നണി കണ്ടത്. കേരളത്തിൽ ഐക്യമുന്നണിയെ ഭരണാധികാരത്തിലേക്കു ജനങ്ങൾ ഉയർത്തിയത്, ആ ഭരണാധികാരവും ഭരണകൂടവും സാമാന്യജനങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനും നിക്ഷിപ്തതാൽപര്യങ്ങൾക്കെതിരായി അവർക്കു രക്ഷയുണ്ടാക്കുന്നതിനും വേണ്ടിയുള്ള ഉപകരണമായി, ഒരു രക്ഷാകവചമായി, രക്ഷാകേന്ദ്രമായി, അവർ കണ്ടതുകൊണ്ടാണ്. അതാണ് ഐക്യമുന്നണിയുടെ വർഗ്ഗ സമീപനം, വർഗ്ഗവീക്ഷണം. ആ ഉപകരണം സാമാന്യജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും നിക്ഷിപ്തതാൽപര്യങ്ങളുടെ കടന്നാക്രമണത്തിൽനിന്ന് രക്ഷിച്ച് തൊഴിലാളിവർഗ്ഗത്തെയും അവരുടെ സമരങ്ങളെയും മുന്നോട്ടു കൊണ്ടുപോകുന്നതിനും ഉപയോഗപ്പെടുത്താമെന്നുള്ളതായിരുന്നു ഐക്യമുന്നണിക്കു ജീവനും ഓജസ്സും നൽകിയ പ്രധാനഘടകം. പക്ഷേ ഭരണകൂടത്തെയും ഭരണാധികാരത്തെയും, സാമാന്യജനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുകയും അവരുടെ സമരങ്ങളെ മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുന്നതിനുപകരം നിക്ഷിപ്തതാൽപര്യക്കാർക്കുവേണ്ടി ഉപയോഗിക്കുകയാണ് ഇവിടെ ചെയ്തത്. നിർഭാഗ്യവശാൽ, ഭരണകൂടത്തെ സാമാന്യജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഉപകരണമാക്കുന്നതിനു പകരം നാലുനാലര മാസമായി, ഭരണകൂടത്തെ ജനങ്ങൾക്കെതിരായി, ഐക്യമുന്നണിയുടെ അന്തസത്തയ്ക്കെതിരായി, സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉപകരണമെന്ന രീതിയിൽ ആണ് യഥാർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഈ ഗവൺമെൻറിൽ ഒരു നിമിഷംപോലും വിശ്വാസമർപ്പിക്കാൻ സാധ്യമല്ല എന്നു ഞാൻ പറഞ്ഞത്. അപ്പുറത്തുനിന്ന് പ്രസംഗിച്ച

LIBRARY ARCHIVES Kerala Legislative Assembly

എന്റെ പല സ്നേഹിതൻമാരും, കഴിഞ്ഞ കുറെ ദിവസങ്ങളായി ഈ ഗവൺമെൻറ് സാമാന്യജനങ്ങൾക്കും തൊഴിലാളികൾക്കും ചെയ്ത നന്മകളേയും അവർ നിർമ്മിച്ചിട്ടുള്ള നിയമങ്ങളെയും പററി പ്രസംഗിക്കുന്നതു കേട്ടു. യഥാർത്ഥത്തിൽ ഇല്ലാത്ത കാര്യങ്ങളെക്കുറിച്ചുള്ള പ്രസംഗങ്ങളാണവ. ഈ ഗവൺമെൻറു പ്രവർത്തിക്കുന്നതു സാമാന്യജനങ്ങൾക്കെതിരായിത്തന്നെയാണ്, എന്നു നമുക്കറിയാം. ഒന്നുരണ്ടുദാഹരണങ്ങൾ പറയാം. മുതുകുളത്തു നടന്ന സംഭവങ്ങൾ എന്താണ്? കയർപിരിത്തൊഴിലാളികൾ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി മുതലാളിമാർക്കെതിരായി സമരം നടത്തി. അങ്ങനെ നമ്മുടെ സംസ്ഥാനത്തിലെ കയർപിരിത്തൊഴിലാളികൾ നടത്തിയ സമരത്തിനു നേതൃത്വം നൽകിയ വാസുവിനെ നിർദ്ദയമായി മർദ്ദിച്ചു; ഈ ഗവൺമെൻറും ഭരണകൂടവും മുതലാളിമാർക്കനുകൂലമായി പ്രവർത്തിച്ചു. കർഷകത്തൊഴിലാളികളെയും കുടികിടപ്പുകാരെയും സാമാന്യജനങ്ങളെയും........

ശ്രീ. ഇ. ജോൺജേക്കബ്: ഒരു ചോദ്യം.

ഡോ. പി. കെ. സുകുമാരൻ: സമയം ധാരാളമുണ്ടല്ലൊ, പിന്നെ ചോദിക്കാം.

പറാലിലെ സാധാരണക്കാരുടെയും കർഷകത്തൊഴിലാളികളുടെയും നേർക്കു സ്വീകരിച്ച സമീപനമെന്തായിരുന്നു? അവർ കൂലിക്കും മററാനുകൂല്യങ്ങൾക്കുംവേണ്ടി സമരംചെയ്തു; അവകാശവാദങ്ങൾ ഉന്നയിച്ചു. അങ്ങനെ അവകാശമുന്നയിച്ച പറാലിലെ സാധാരണജനങ്ങൾക്കെതിരായി, മാടമ്പിമാർക്കും പ്രമാണിമാർക്കും ബഹുമാനപ്പെട്ട മെംബർ ജേക്കബ് ജോണിന്റെ കക്ഷിക്കാരായ കേരള കോൺഗ്രസ്സിന്റെ പ്രിയങ്കരൻമാരായ നേതാക്കൻമാർക്കും വേണ്ടിയാണ് ഭരണാധികാരം ഉപയോഗപ്പെടുത്തിയത്.

ശ്രീ. ഇ. ജോൺജേക്കബ്: ജേക്കബ് ജോൺ എന്നു പേരുള്ള ഒരു മെംബർ ഇവിടെ ഉള്ളതായി അറിയാമോ?

ഡോ. പി. കെ. സുകുമാരൻ: തെററിപ്പോയി, ജോൺജേക്കബ്.

അങ്ങനെ പറാലിൽ സാമാന്യജനങ്ങൾക്കും കർഷകത്തൊഴിലാളികൾക്കും എതിരായിട്ടും അവരുടെ സമരങ്ങൾക്കെതിരായിട്ടും ഭരണകൂടത്തെ നിങ്ങളുപയോഗിച്ചത് കാർഷികമുതലാളിമാർക്കുവേണ്ടിത്തന്നെയാണ്. തൈക്കാട്ടുശ്ശേരിയിലും ഇതുതന്നെയാണ് നടന്നത്. അവിടെയും സാമാന്യജനങ്ങളും മാടമ്പിമാരും തമ്മിൽ സമരം നടന്നു. ആ സമരത്തിലും ദൗർഭാഗ്യവശാൽ ശ്രീമാൻ അച്യുതമേനോന്റെ ഗവൺമെൻറ് പിൻതുണ നൽകിയത് യഥാർത്ഥത്തിൽ, ഭൂപ്രഭുക്കൻമാരായ, മാടമ്പിമാരായ, പ്രമാണിമാർക്കുതന്നെയാണ്. ഇതുതന്നെയാണ് എല്ലാ പ്രദേശത്തും നടന്നത്. മനോഹരമായ കുട്ടനാടൻ വയലേലകളിൽ രാവിലെ മുതൽ വൈകുന്നേരംവരെ പണിയെടുക്കുന്ന കർഷകത്തൊഴിലാളികൾ കൂലികൂടുതലിനുവേണ്ടി, കൂടുതൽ പണം ആവശ്യപ്പെട്ടുകൊണ്ട് സമരമാരംഭിച്ചു. കാർഷികമുതലാളിമാരും കാർഷികത്തൊഴിലാളികളും തമ്മിൽ നടന്ന സമരമാണത്. സ്വാഭാവികമായും................
....

ശ്രീ. ഇ. ജോൺ ജേക്കബ്: കുട്ടനാടൻ കർഷകത്തൊഴിലാളികൾക്കു ലഭിക്കുന്ന കൂലിവ്യവസ്ഥയനുസരിച്ചുള്ള കൂലി നമ്മുടെ സംസ്ഥാനത്ത് വേറെ ഒരു സ്ഥലത്തും ലഭിക്കുന്നില്ലെന്നറിയാമോ?

ഡോ. പി. കെ. സുകുമാരൻ: എന്റെ വാദഗതി അതല്ല. സാമാന്യജനങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനുള്ള സമരോപകരണം എന്ന നിലയിൽ ഭരണകൂടത്തെ ഉപയോഗപ്പെടുത്തുന്നതിനുപകരം ഈ ഗവൺമെൻറു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത കാർഷികമുതലാളിമാരുടെ താൽപര്യം സംരക്ഷിക്കുകതന്നെയാണ്. പട്ടിക നീട്ടിക്കൊണ്ടുപോയിട്ടു കാര്യമില്ല. എഫ്. എ. സി. ടി. യുടെ ഒരു യൂണിററ് കൊച്ചിയിൽ പ്രവർത്തിക്കുന്നുണ്ട്. അവിടെ നിന്ന് 130 പേരെ പിരിച്ചുവിട്ടിരിക്കുന്നു. 130 പേരെ അങ്ങനെ പിരിച്ചുവിട്ടിട്ട്, അടുത്തകാലത്ത് ഇൻഡ്യാഗവൺമെൻറ് രൂപീകരിച്ചിട്ടുള്ള തൊഴിലാളിദ്രോഹപരമായ ഇൻഡസ്ട്രീയൽ സെക്യൂരിററിഫോഴ്സിൽനിന്ന് വന്നിട്ടുള്ള പോലീസുകാരെ അവിടെ പകരം നിയോഗിച്ചിരിക്കുകയാണ്. ഐക്യമുന്നണിയുടെ പേരിലും കമ്മ്യൂണിസത്തിൻെറ പേരിലും മാർക്സിസത്തിൻെറ പേരിലുമൊക്കെ ആണയിട്ടുകൊണ്ട് അച്യുതമേനോനും രവീന്ദ്രനുമൊക്കെ ഇരിക്കുന്ന ഇവിടെ യഥാർത്ഥത്തിൽ ഒരു സെക്യൂരിററിഫോഴ്സിൻെറ നടപടിക്രമങ്ങൾ നടപ്പാക്കാൻ നിങ്ങൾക്ക് എങ്ങനെ കഴിഞ്ഞു? ഇത്രയധികം മാർക്സിസവും കമ്മ്യൂണിസവും തൊഴിലാളിവർഗ്ഗപ്രേമവും സംസാരിക്കാത്ത തമിഴ്നാട്ടിലെ ദ്രാവിഡമുന്നേററകഴകം ഗവൺമെൻറുപോലും ഇൻഡസ്ട്രീയൽ സെക്യൂരിററിഫോഴ്സിൻെറ നടപടിക്രമങ്ങൾ നടപ്പാക്കാൻ വിസമ്മതിക്കുകയും അത് തൊഴിലാളികൾക്കെതിരായിട്ടുള്ളതും തൊഴിലാളിദ്രോഹപരവുമാണെന്നുപറഞ്ഞ് എതിർക്കുകയുംചെയ്തപ്പോൾ, ഐക്യമുന്നണിയുടെ പേരിൽ അധികാരത്തിലിരിക്കുന്ന അച്യുതമേനോന് അതിനെ എതിർക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് നഗ്നസത്യം. നിങ്ങൾ ആരുടെ ഭാഗത്തുനിൽക്കുന്നു? നിങ്ങളുടെ പ്രവർത്തനങ്ങളിൽനിന്ന് അത് വളരെ വ്യക്തമാണ്. അതാണ് ഞാൻ പറഞ്ഞത്, തൊഴിലാളികളുടെ താൽപര്യങ്ങൾക്കും ആശയഗതികൾക്കും എതിരായി ഈ രാജ്യത്തെ സാമാന്യജനങ്ങളെ അടിച്ചമർത്താൻ പരിശ്രമിക്കുന്ന നിക്ഷിപ്ത താൽപര്യങ്ങളുടെ പ്രാതിനിധ്യംവഹിക്കുന്ന കാൺഗ്രസ്സിൻെറ ഭരണാധികാരക്കുത്തക തകർക്കുമെന്ന് ജനങ്ങൾക്കുറപ്പുനൽകിയ ഭരണാധികാരത്തെ ഇവിടെ നിങ്ങൾ യഥാർത്ഥത്തിൽ ചെയ്തത്, ആരെ പൊതുജനങ്ങൾ വെറുത്തുവോ, ആരു ഭരണാധികാരത്തിൽ വരാൻപാടില്ലെന്നു പൊതുജനങ്ങൾ നിർണ്ണായകമായ വിധിയെഴുതിയോ, ആ കാൺഗ്രസ്സുമായി കൂട്ടുപിടിച്ചുകൊണ്ട്, പ്രിയപ്പെട്ട കേരളകോൺഗ്രസ്സിനു പങ്കാളിത്തം നൽകിക്കൊണ്ട്, അധികാരത്തിലിരിക്കാൻ പ്രയോജനപ്പെടുത്തുകയായിരുന്നു. ഇതിനെക്കാൾ വലിയ ജനവഞ്ചന, ജനാധിപത്യവഞ്ചന, ഇല്ല. അങ്ങനെ, കേരളത്തിൽ കാൺഗ്രസ്സിനും കേരളകോൺഗ്രസ്സിനുമെതിരായി നിർണ്ണായകമായ വിധിയെഴുതിക്കഴിഞ്ഞശേഷം, അഞ്ചുകൊല്ലം ഭരിക്കാൻ ഐക്യമുന്നണിയെ ജനങ്ങൾ തിരഞ്ഞെടുത്തശേഷം, നിക്ഷിപ്തതാൽപര്യക്കാരെ ഭരണാധികാരത്തിൽ കൊണ്ടുവരാതിരിക്കാൻ പരിശ്രമിക്കുമെന്നു ജനങ്ങൾക്കു വാഗ്ദാനം നൽകിയശേഷം, ജനങ്ങളുടെവോട്ടു കിട്ടി നിയമസഭാസാമാജികൻമാരായിക്കഴിഞ്ഞശേഷം അതിനു കടകവിരുദ്ധമായി, കാൺഗ്രസ്സും കേരളകാൺഗ്രസ്സുമായി കൂട്ടുപിടിച്ചുകൊണ്ട് അധികാരത്തിലിരിക്കുന്ന അച്യുതമേനോൻ ഗവൺമെൻറ് ജനാധിപത്യത്തെ അപമാനിക്കുന്നതും ജനകീയവിധിക്കെതിരായുള്ളതുമായ ഒരു ഗവൺമെൻറാണെന്നാണ് എനിക്കു പറയാനുള്ളത്. ഈ ഗവൺമെൻറിനെപ്പററി പറയുമ്പോൾ പ്രേമത്തെപ്പററി ആശാൻ പാടിയിട്ടുള്ളത് ഓർമ്മിച്ചുകൊണ്ട് ജനാധിപത്യത്തെപ്പററി, അതുപോലെ, 'ജനാധിപത്യമേ നിൻ പേരുകേട്ടാൽ പേടിയാകും വഴിപിഴച്ച രാഷ്ട്രീയ കാമകിങ്കരൻമാർ ചെയ്യും കടുംകൈകളാൽ' എന്നു പറയാനാണ് എനിക്കു തോന്നിപ്പോകുന്നത്. പ്രേമത്തെപ്പററി ആശാൻ പാടിയിട്ടുണ്ട്, "പ്രേമമേ നിൻ പേരുകേട്ടാൽ പേടിയാം വഴിപിഴച്ച കാമകിങ്കരൻമാർ ചെയ്യും കടുംകൈകളിൽ" എന്ന്. അതുപോലെ അതിൽ അൽപ്പം മാററംവരുത്തികൊണ്ട്, ജനാധിപത്യമേ നിൻ പേരുകേട്ടാൽ പേടിയാം വഴിപിഴച്ച രാഷ്ട്രീയ കാമകിങ്കരൻമാർ ചെയ്യും എന്നു പറഞ്ഞ് ആ കാര്യം അവസാനിപ്പിക്കാനാണ് ഞാനാഗ്രഹിക്കുന്നത്.

[Dy. Speaker in the Chair]

മറ്റൊന്ന്, യഥാർത്ഥത്തിൽ ഈ രാജ്യത്ത് തികച്ചും തൊഴിലാളി ദ്രോഹപരമായ, ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾക്ക് എതിരായി അധികാരത്തിൽ വന്ന ഈ ഗവൺമെൻറിന് പിൻതുണ നൽകാൻ അപ്പുറത്തിരിക്കുന്ന എൻെറ ബഹുമാന്യസ്നേഹിതൻ ആർ. എസ്. ഉണ്ണി ഉൾപ്പെടെ ആർ. എസ്. പി. ക്കാർ തയ്യാറായത് എങ്ങനെയാണെന്ന് വിനയപൂർവ്വം ഞാൻ ചോദിക്കുകയാണ്. തൊഴിലാളി ദ്രോഹപരമായ ജനദ്രോഹപരമായ ഈ ഗവൺമെൻറിൻെറ പ്രവർത്തനത്തിൽ മാപ്പുസാക്ഷിയായി നിൽക്കാൻ ആർ. എസ്. പി. പ്രവർത്തകൻമാർ എന്തിന് തയ്യാറാകുന്നുവെന്ന് ഞാൻ അവരോട് ചോദിക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: കുണ്ടറ പീയേഴ്സ്ലെസ്ലി ടാൽമിയ കമ്പനി അടച്ചിരുന്നപ്പോൾ അവിടെ ജോലി ചെയ്ത ചരക്ക് കൊണ്ടുപോയപ്പോൾ എതിർത്ത തൊഴിലാളികളെ മർദ്ദിക്കുകയും ഡോക്ടർക്ക് അറിയാവുന്ന ഒരു തൊഴിലാളി പ്രവർത്തകനായ ശ്രീ. ടി. എം. പ്രഭയെ മർദ്ദിച്ചു അവശനാക്കുകയും ചെയ്തതിനെപ്പററി ഒരു അന്വേഷണം പോലും നടത്താൻ തയ്യാറാകാത്തതിനെപ്പററി ഡോക്ടറുടെ അഭിപ്രായം എന്താണ്?

ഡോ. പി. കെ. സുകുമാരൻ: അതിനെപ്പററി പറയാം. അതിൻെറ കാരണങ്ങളെപ്പററി പറയാം. എനിക്കു ചോദിക്കുവാനുള്ളത് നിരന്തരമായും അനുസ്യൂതമായും ജനാധിപത്യദ്രോഹവും തൊഴിലാളി ദ്രോഹവും കുലവൃത്തിയായി സ്വീകരിച്ചിട്ടുള്ള ഈ ഗവൺമെൻറിന് നിങ്ങൾക്ക് എങ്ങനെ പിൻതുണ നൽകാൻ കഴിയുമെന്നാണ്? ഞങ്ങൾ തെററുകൾ ചെയ്തിട്ടുണ്ടെങ്കിൽ അതിനെ തിരുത്താനും, അതിനെ വിമർശിക്കാനുമുള്ള അധികാരം നിങ്ങൾക്കുണ്ട്. അതു നിങ്ങൾക്ക് ഉപയോഗിക്കാം. നിങ്ങൾക്ക് ഞങ്ങളിൽ തെററുണ്ടെങ്കിൽ ആ തെററുകൾ ചൂണ്ടിക്കാണിക്കാനും ഞങ്ങളെ അധികാരത്തിൽനിന്നു മാററാനുമുള്ള അധികാരമുണ്ട്. ഞങ്ങളുടെ തെററുകൾ ചൂണ്ടിക്കാണിക്കുകയും അതിനെ വിമർശിക്കുകയും ഞങ്ങളെ അധികാരത്തിൽനിന്നും മാററുകയും ചെയ്തിട്ട് നിങ്ങൾക്ക് ആ സ്ഥാനം കരസ്ഥമാക്കി സാമാന്യ ജനങ്ങൾക്ക് ഗുണം ചെയ്യത്തക്കവണ്ണമുള്ള ഒരു ഭരണകൂടം സംവിധാനം ചെയ്യാമായിരുന്നു. അതു നിങ്ങൾ ചെയ്തില്ല. നിങ്ങൾ ചെയ്തിട്ടുള്ള തെററ് തൊഴിലാളിവർഗ്ഗത്തോടു ഈ നാട്ടിലെ ജനങ്ങളോടു ദ്രോഹം ചെയ്യുക എന്നുള്ള തത്വം കുലവൃത്തിയായി സ്വീകരിച്ചിട്ടുള്ള കോൺഗ്രസ്സിനേയും കേരള കോൺഗ്രസ്സിനേയും കൂട്ടുപിടിച്ചുകൊണ്ടു ഒരു ഗവൺമെൻറു രൂപീകരിച്ചതാണു. ഇത്തരത്തിൽ തൊഴിലാളിദ്രോഹം കുലവൃത്തിയായി സ്വീകരിച്ചിട്ടുള്ളവരെ കൂട്ടുപിടിച്ചു തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കാനാണോ ശ്രീ. ആർ. എസ്. ഉണ്ണിയും ആർ. എസ്. പി. ക്കാരും ആഗ്രഹിക്കുന്നത്? രാമായണത്തിൽ രാവണൻ വിഭീഷണനോടു പറഞ്ഞിട്ടുള്ളതുപോലെ

“അഥവാ തവാഗ്രജൻ നിന്ദ്യനും നികൃഷ്ടനും
കഥയില്ലാത്തോനുമാണെങ്കിൽ ആയവനെ
നീയിട്ടൊഴിച്ചതിലെസാംഗത്യമില്ലേതാ
യാലും ഉററശത്രുവിനെ സേവിക്കണമെന്നുണ്ടോ സഹോദരാ”

ഇതാണ് എനിക്കു ആർ. എസ്. പി. ക്കാരായ സഹോദരൻമാരോടു ചോദിക്കാനുള്ളത്. ഞങ്ങളുടെമേൽ തെററുണ്ടെങ്കിൽ ഞങ്ങളെ അധികാരത്തിൽനിന്നും മാററാം. പക്ഷേ അതേസമയം നിങ്ങൾ നിങ്ങളുടെ ശത്രുവിനെസേവിക്കണമെന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

തെററുകൾ ചെയ്തിട്ടുണ്ടെന്നു പറഞ്ഞു ഞങ്ങളെ ഉപേക്ഷിച്ചതിനുശേഷം പകരം നിങ്ങൾ കണ്ടെത്തിയതു എവിടെയാണു? അഭയസ്ഥാനം കണ്ടെതു എവിടെയാണു. സ്നേഹിതൻമാരെ നിങ്ങൾക്കു ഇതു യാദൃശ്ചിക സംഭവമല്ല. നിങ്ങൾക്കു ആദ്യം പററിയ തെററല്ല. തൊഴിലാളിവർഗ്ഗത്തിനെതിരായി നിക്ഷിപ്തതാൽപര്യക്കാർ നടത്തിയിട്ടുള്ള എല്ലാസമരഘട്ടങ്ങളിലും നിങ്ങൾ മാപ്പുസാക്ഷികളാണു. 1959-ൽ ശ്രീ. ഈ.എം. എസു. നമ്പൂതിരിപ്പാടിൻെറ നേതൃത്വത്തിൽ ഭരണത്തിലിരുന്ന മന്ത്രിസഭയ്ക്കെതിരായി ഇൻഡ്യയിലെ പിൻതിരിപ്പൻമാരുടെ അനുഗ്രഹാശിസുകളോടുകൂടി നടത്തിയ സമരത്തിലും നിങ്ങൾ അറിഞ്ഞോ അറിയാതേയോ മാപ്പു സാക്ഷികളായി മാറി. രാഷ്ട്രീയാടിസ്ഥാനത്തിലും ജനോപകാരപ്രദമായ രീതിയിലും അധികാരത്തിൽ വന്ന മാർക്സിസ്ററു നേതൃത്വത്തിലുള്ള ഐക്യമുന്നണി ഗവൺമെൻറിനെ തകർക്കുന്നതിനും, കേന്ദ്രഭരണാധികാരികളുടെ പിൻതുണയോടുകൂടി വലതു കമ്മ്യൂണിസ്ററു പാർട്ടിയുടെ രാഷ്ട്രീയനയം നടപ്പിലാക്കുന്നതിനും സ്വീകരിച്ച കൂടിയാലോചനകളിൽ നിങ്ങൾ പങ്കാളിയാകുകയും അവർ സ്വീകരിച്ച നടപടികളിൽ മാപ്പുസാക്ഷികളാകുകയും ചെയ്തു. യഥാർത്ഥത്തിൽ നിങ്ങൾ മാപ്പുസാക്ഷികളാകേണ്ട കാര്യമില്ല. നിങ്ങൾ ചരിത്രം എന്തിനു മാററി എഴുതാൻ പരിശ്രമിക്കുന്നു? ഈ ഭരണകൂടത്തിനു ഒരു നിമിഷം പോലും വിശ്വാസം അർപ്പിക്കാൻ ബാദ്ധ്യസ്ഥമല്ല, നിങ്ങൾക്കു ഇതാണു ഇനി ചെയ്യാനുള്ളത്.

അതുപോലെതന്നെ മുസ്ലിം ലീഗു സഹോദരൻമാരോടും എനിക്കു രണ്ടുവാക്കു പറയുവാനുണ്ട്. മുസ്ലീം ലീഗു സഹോദരൻമാർ മാർക്സിസ്ററു പാർട്ടിയെ കൈവെടിഞ്ഞതിൽ വിഷമമില്ല. കഴിഞ്ഞ കുറെ കൊല്ലങ്ങളിലെ ചരിത്രം പരിശോധിച്ചാൽ ന്യൂനപക്ഷ സമുദായവും പിന്നോക്കസമുദായവുമായ, കേരളത്തിൽ മാത്രമല്ല ഇൻഡ്യയിലെ മുഴുവൻ മുസ്ലിങ്ങളുടേയും താൽപര്യത്തെ സംരക്ഷിക്കുന്നതിനു അങ്ങേയററം പരിശ്രമിച്ചിട്ടുള്ള ഒരു പാർട്ടിയാണു മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി. അന്നു മറെറാരു പാർട്ടിക്കും അവർക്കനുകൂലമായി ഒരു ചെറുവിരൽപോലും അനക്കാൻ സാധിച്ചിട്ടില്ല. അന്നു മുസ്ലിങ്ങളുടെ കാര്യത്തിൽ മാർക്സിസ്ററുപാർട്ടി അങ്ങേയററം പക്ഷപാതികളായിട്ടുണ്ട്. നിങ്ങൾ ഇപ്പോൾ ഒരു കാര്യം ഓർക്കുന്നുണ്ടാകും. 1964-ൽ ഇൻഡ്യയും പാകിസ്ഥാനും തമ്മിൽ യുദ്ധം നടന്ന കാലഘട്ടത്തിൽ ഇൻഡ്യയിലെ മുസ്ലിങ്ങളുടെ ആത്മാഭിമാനത്തേയും ദേശാഭിമാനത്തേയും ചോദ്യം ചെയ്തുകൊണ്ടു കോൺഗ്രസു ഭരണാധികാരികളും ഈ രാജ്യത്തിലെ ജനസംഘക്കാരും ആക്രമിക്കാൻ മുതിർന്നപ്പോൾ വാസ്തവത്തിൽ മുസ്ലിംലീഗിൻെറ ആത്മാഭിമാനത്തിൻേറയും ദേശാഭിമാനത്തിൻെറയും കൊടികൂറ ഉയർത്തിപ്പിടിച്ചുകൊണ്ടു അവരെ സഹായിക്കാനിറങ്ങിയതു മാർക്സിസ്ററുപാർട്ടിയും അതിൻെറ ബഹുമാന്യനേതാവായ ശ്രീ. ഇ. എം. എസു. നമ്പൂതിരിപ്പാടും ആയിരുന്നു. ശ്രീ. സി. എച്ചു. മുഹമ്മദുകോയ അന്നു ചന്ദ്രിക പത്രത്തിൻെറ പത്രാധിപരായിരുന്നു. അന്നു നിങ്ങളുടെ ദേശാഭിമാനത്തേയും, ആത്മാഭിമാനത്തേയും ചോദ്യം ചെയ്യുകയും കോൺഗ്രസു ഭരണാധികാരികളും ജനസംഘക്കാരും എതിർക്കുകയും ചെയ്തപ്പോൾ അതിനെതിരായി ഒരൊററ വാചകം പോലും എഴുതാൻ ശ്രീ. സി. എച്ചു. മുഹമ്മദുകോയയുടെ മഷി ഉണങ്ങാത്ത പൊൻപേന ചലിച്ചിട്ടില്ല. ഒരു വാചകം പോലം ചന്ദ്രികയിൽ എഴുതാൻ കഴിഞ്ഞിട്ടില്ല. അന്നു ബാഫഖിതങ്ങളുടെ നാവു വരണ്ടുപോയി. ഈ രാജ്യത്തു നിങ്ങളെ എതിർക്കുകയും ചോദ്യം ചെയ്യുകയും ചെയ്തിരുന്ന സന്ദർഭത്തിൽ ഉണങ്ങാത്ത മഷിയും പേനയും ഉണ്ടായിരുന്നിട്ടും ഒരൊററ അക്ഷരംപോലും മിണ്ടാൻ സാധിക്കാതെപോയപ്പോൾ മുസ്ലിംലീഗിൻെറ താത്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഒററയ്ക്കു തയാറായ ശ്രീ. ഇ. എം. എസു. നമ്പൂതിരിപ്പാടിനേ

LIBRARY ARCHIVES Kerala Legislative Assembly

യും മാർക്സിസ്ററു പാർട്ടിയേയും കൈവെടിഞ്ഞുകൊണ്ടു നിങ്ങൾ പുതിയ സഖാക്കളെ കൂട്ടുപിടിച്ചിരിക്കുകയാണു. നിങ്ങൾ ഈ നിമിഷത്തിലെങ്കിലും അതിനെപ്പററി ചിന്തിക്കുമെന്നു ഞാൻ വിചാരിക്കുകയാണു. ഈഗവൺമെൻറിൽ ഒരൊററ നിമിഷംപോലും വിശ്വാസം അർപ്പിക്കാൻ നിർവാഹമില്ലെന്നു പറഞ്ഞുകൊണ്ടും ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വിശ്വാസപ്രമേയത്തെ എതിർത്തുകൊണ്ടും എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. അഹമ്മദ്: ഡെപ്യൂട്ടി സ്പീക്കർ സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വിശ്വാസപ്രമേയത്തെ ഞാൻ ആത്മാർത്ഥമായി അനുകൂലിക്കുകയാണു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു വിശ്വാസപ്രമേയം അവതരിപ്പിച്ചുകൊണ്ടു ഇൻഡ്യൻ ജനാധിപത്യചരിത്രത്തിൽ അനർഹവും അമൂല്യവും മാതൃകായോഗ്യവുമായ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തിരിക്കുകയാണു. തൻെറ മന്ത്രിസഭയ്ക്കു പിൻതുണയുണ്ടോയെന്നറിഞ്ഞിട്ടു മററു പരിപാടികൾ തീരുമാനിക്കുന്നതിനുവേണ്ടി വിശ്വാസപ്രമേയം അവതരിപ്പിച്ച അച്യുതമേനോൻെറ ധൈര്യത്തെയും ആത്മാർത്ഥതയേയും അഭിനന്ദിക്കുമായിരുന്നു മാർക്സിസ്ററു പ്രതിപക്ഷകക്ഷി എന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു. പക്ഷേ ദൗർഭാഗ്യവശാൽ പലപ്പോഴും ഇവിടെ സംഭവിച്ചതുപോലെ അവർ ഇതിനെയും എതിർക്കുകയാണു ചെയ്തതു. എൻെറ മാന്യസ്നേഹിതൻ ഡോ: സുകുമാരൻ പ്രസംഗിച്ചപ്പോൾ പറയുകയുണ്ടായി ഇപ്പോഴത്തെ ഐക്യമുന്നണി ഗവൺമെൻറു ഒരു വഞ്ചനാമുന്നണിയാണെന്നും, ജനങ്ങൾക്കു സൽഭരണം നൽകാൻ വാഗ്ദത്തം ചെയ്ത സാക്ഷാൽ ഐക്യമുന്നണിയെ തകർക്കുകയാണു ഇപ്പുറത്തിരിക്കുന്നവർ ചെയ്യുന്നതെന്നും. നാം എല്ലാവരും ഐക്യമുന്നണിയിൽ ഒന്നിച്ചിരുന്നു ഭരിച്ചിരുന്ന കാലത്തു മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ നേതാവായ ശ്രീ. ബി. ടി. രണദിവേ ലണ്ടനിൽ വച്ചു എന്താണു പറഞ്ഞതു. അതു എല്ലാവർക്കും അറിയാവുന്നതാണു. നമ്മൾ എല്ലാവരുംകൂടി ജനങ്ങൾക്കു നല്ല ഒരു ഭരണം കൊടുക്കാമെന്നു വാഗ്ദത്തം കൊടുത്തു ഭരിച്ചുകൊണ്ടിരുന്ന കാലത്തു രണദിവേ ലണ്ടനിൽ വച്ചു പറയുകയുണ്ടായി പശ്ചിമബംഗാളിലും കേരളത്തിലും മാർക്സിസ്ററുപാർട്ടി ഐക്യമുന്നണിയിൽകൂടി ഭരണത്തിൽ വന്നതു ജനങ്ങൾക്കു നല്ല ഭരണം നൽകാനല്ല, നേരെമറിച്ചു ബൂർഷ്വാ ജനാധിപത്യ ഭരണസംപ്രദായത്തിനെതിരായി ജനങ്ങളിൽ അസംതൃപ്തി വരുത്തുകയാണു ഉദ്ദേശമെന്നു. സർ, ഞാൻ വിനീതമായി ചോദിക്കുകയാണു ഐക്യമുന്നണി രൂപീകരിച്ചതു ജനങ്ങൾക്കു സൽഭരണം നൽകാൻ വേണ്ടി ആയിരുന്നില്ലേയെന്നു. എൻെറ ബഹുമാന്യസ്നേഹിതൻ ഡോ: സുകുമാരൻ വീണ്ടും പറയുകയുണ്ടായി ഈ ഗവൺമെൻറു നിക്ഷിപ്തതാൽപര്യക്കാരുടെ ഭാഗത്താണെന്നു. ഞാൻ അങ്ങോട്ടു ചോദിക്കുകയാണു, ഈ ഗവൺമെൻറിനെ തകർക്കണമെന്നു ഉദ്ദേശിച്ചുകൊണ്ടു ഈ പ്രമേയത്തിനെതിരായി വോട്ടു ചെയ്യാൻ ആളുകളെ പിടിക്കാൻ വേണ്ടി പോകുന്ന പ്രതിപക്ഷത്തുള്ള ആളുകൾ ആരുടെ താൽപര്യം സംരക്ഷിക്കുകയാണു? നിങ്ങളുടെ പിന്നിൽ ചായത്തോട്ടം ദേശീകരിക്കുന്നതിനെതിരായി നടക്കുന്ന നിക്ഷിപ്ത താൽപര്യക്കാർ ഇല്ലേ? മറെറാന്നു ഡോക്ടർ പി. കെ. സുകുമാരൻ മുസ്ലിം ലീഗനോടു 1964—ൽ മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടി കാണിച്ച അനുഭാവത്തെപ്പററി പറഞ്ഞതാണു. അന്നു മുസ്ലിം ലീഗിനോടു അനുഭാവം പ്രകടിപ്പിച്ചിട്ടുണ്ടെങ്കിൽ അതു നല്ല കാര്യം തന്നെയാണു. അന്നു നിങ്ങളുടെ കൂട്ടത്തിൽ ശ്രീ. അച്യുതമേനോൻ കൂടി ഉണ്ടായിരുന്നുവെന്നുള്ളകാര്യം ഡോ: സുകുമാരനെ ഞാൻ അനുസ്മരിപ്പിക്കുകയാണു.

മറെറാന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചെയ്ത പ്രസംഗത്തിൽ ഈ ഗവൺമെൻറു തകരുകയാണെങ്കിൽ പ്രസിഡണ്ടു ഭരണം വിളിച്ചു വരുത്തു

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് രാഷ്ട്രീയ വിലയിരുത്തൽ നടത്തിയപ്പോൾ ശ്രീമതി ഗൗരി ഈ വിശ്വാസപ്രമേയത്തെ എതിർത്തുകൊണ്ട് ഒരു കാര്യം പറഞ്ഞു. പ്രതിപക്ഷ ഡെപ്യൂട്ടി നേതാവ് ശ്രീമതി ഗൗരി പറയുകയാണ് ഇവിടെ സ്വതന്ത്രൻമാരും അവരെപ്പോലെയുള്ള ആളുകളും കൂടി ഒരു ഗവൺമെൻറു രൂപീകരിക്കുകയാണെങ്കിൽ അവർക്ക് പിൻതുണ നൽകുമെന്ന്. ''എങ്കിൽ'' എന്നു പറഞ്ഞതുതന്നെ ഇവിടെ ഇനി ഒരു ഗവൺമെൻറുണ്ടാകുകയില്ലെന്നുള്ളതിൻെറ ഉത്തമോദാഹരണമല്ലേ? നിജലിംഗപ്പാ ഗ്രൂപ്പിൽപെട്ട കോൺഗ്രസ്സു സുഹൃത്തുക്കളും സുന്ദരയ്യാ ഗ്രൂപ്പിൽപ്പെട്ട കമ്മ്യൂണിസ്ററുകാരും കൂടിയൊരുമിച്ച് ഒരു ഗവൺമെൻറ് ഉണ്ടാക്കുമെന്നാണോ കരുതേണ്ടത്? രാജ്നാരായൺ പറഞ്ഞിരിക്കുകയാണ് എസ്. എസ്. പി. ആരുടെകൂടെ ചേർന്നാലും മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയോടു ചേരുകയില്ലെന്ന്, കാരണം ബംഗാളിൽ മാർക്സിസ്ററുകമ്മ്യൂണിസ്ററു പാർട്ടി എസ്. എസ്. പി. യെ മർദ്ദിച്ചിരിക്കുകയാണ്. മധുലിമായെ പറയുന്നതെന്താണെന്നോ? സിൻഡിക്കേററു കോൺഗ്രസ്സു കൂടി ചേർന്നു ഒരു ഗവൺമെൻറു രൂപീകരിക്കുകയാണെങ്കിൽ എസ്. എസ്. പി. ആ മന്ത്രിസഭയിൽ ചേരുന്നതിന് തയാറാകുകയില്ലെന്ന്. രാജ്നാരായൺ പറഞ്ഞിരിക്കുന്നത് മാർക്സിസ്ററുകാരുടെ കൂടെ എസ്. എസ്. പി. ചേരുകയില്ലെന്ന്. മധുലിമായെ പറഞ്ഞിരിക്കുന്നത് സിൻഡിക്കേററുകാരുടെ കൂടെ എസ്. എസ്. പി. ചേരുകയില്ലെന്ന്. ഇങ്ങനെയല്ലാം പറയുന്ന സന്ദർഭത്തിൽ രാഷ്ട്രീയ വിലയിരുത്തൽ നടത്തിയാൽ ഒരു ഗവൺമെൻറു വരികയില്ല. ഈ ഗവൺമെൻറു തകർക്കുന്നതിനെപ്പററി ഒരു രാഷ്ട്രീയവിലയിരുത്തൽ നടത്തിയാൽ അത് തെററാണെന്ന് പറയുന്നത് ശരിയാണോ? ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് പറയുകയുണ്ടായി അച്യുതമേനോൻ പറയാൻ പാടില്ലാത്തതാണ്, ഗവർണ്ണറെ അപകീർത്തിപ്പെടുത്തിയെന്ന്. ഗവർണ്ണറെ അപകീർത്തിപ്പെടുത്തിയത് ആരാണെന്ന് കേരളത്തിൽ മാത്രമല്ല ഇൻഡ്യയിലെ തന്നെ ജനങ്ങൾക്കറിയാവുന്നതാണ്. രാഷ്ട്രീയ വിലയിരുത്തൽ നടത്തിയപ്പോൾ വിലയിരുത്തൽ നടത്തിയതിനെതിരായി സംസാരിച്ച പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാർ ഓർക്കേണ്ട ഒരു കാര്യം അച്യുതമേനോൻ കണ്ണടച്ച് ഇരുട്ടാക്കുന്ന കൂട്ടത്തിലുള്ള ആളല്ല എന്നുള്ളതാണ്. വസ്തുനിഷ്ഠമായ കാര്യങ്ങൾ വസ്തുനിഷ്ഠമായിത്തന്നെ പറയും. ബംഗാളിൽ ഗവമെൻറുണ്ടാക്കുമെന്ന് പറഞ്ഞത് ആരാണ്? അജയ്മുക്കർജി രാജിവയ്ക്കുമെങ്കിൽ ഗവൺമെൻറു ഉണ്ടാക്കുമെന്ന് പറഞ്ഞത് മാർക്സിസ്ററു സെക്രട്ടറി പ്രമോദ് ദാസ് ഗുപ്തയായിരുന്നു. കേരളകൗമുദിയിൽ മാർച്ച് പത്താം തീയതി ഒരു പ്രസ്താവന വരികയുണ്ടായി. പശ്ചിമബംഗാളിലെ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ സ്റേററു കമ്മിററി സെക്രട്ടറി പ്രമോദ് ദാസ് ഗുപ്ത പറയുന്നത് ബംഗാളിൽ ഐക്യമുന്നണിയുടെ മന്ത്രിസഭ പിരിയുകയാണെങ്കിൽ ബദൽ ഗവൺമെൻറു രൂപീകരിക്കാൻ മാർക്സിസ്ററു കമമൂണിസ്ററുപാർട്ടി നേതൃത്വം കൊടുക്കാൻ തയ്യാറാണെന്ന്. അവിടെ എന്തായി സർ? മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിക്ക് ബംഗാളിൽ ഒരു ഗവൺമെൻറു രൂപീകരിക്കുവാൻ സാധിക്കുകയില്ല. ഇവിടെയാണെങ്കിൽ രൂപീകരിക്കുന്ന ഗവൺമെൻറിനെ താങ്ങി നിൽക്കുമെന്നാണ് പറയുന്നത്. മാത്രമല്ല എൻെറ ബഹുമാന്യ സ്നേഹിതൻ ശ്രീ. ശിവരാമഭാരതി രൂപീകരിക്കാൻ പോകുന്ന ഗവൺമെൻറിൻെറ നയം കൂടി പ്രഖ്യാപിച്ചിരിക്കുകയാണ്. ആ നയം മുന്നോട്ടു കൊണ്ടുപോകാൻ സിൻഡിക്കേററു കോൺഗ്രസിലെ സുഹൃത്തുക്കൾ യോജിക്കുമെന്നാണോ വിചാരിക്കേണ്ടത്? എസ്. എസ്. പി. എന്നു പറഞ്ഞാൽ ഞങ്ങൾ വിചാരിച്ചിരുന്നത് സംയുക്ത സോഷ്യലിസ്ററു പാർട്ടിയെന്നാണ്. എന്നാൽ അതു കേരളത്തിൽ വരുമ്പോൾ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ "yes, yes P" യായി മാറിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. പി. ഇങ്ങനെ മാറിയത് വളരെ ദൗർഭാഗ്യകരമായിപ്പോയിയെന്നാണ് എനിക്കു പറയുവാനുള്ളത്.

ക്രമസമാധാനപാലനത്തെ സംബന്ധിച്ചിടത്തോളം എസ്. എസ്. പി. യിലെ സുഹൃത്തുക്കളും ഈ ഗവൺമെന്റിനെ തകർക്കണമെന്നു വിചാരിക്കുകയാണ്. 31 മാസക്കാലം ഇവിടെയുണ്ടായ ഭരണവും ഈ കഴിഞ്ഞ നാലരമാസക്കാലത്തെ ഭരണവും നിങ്ങളൊന്നു താരതമ്യപ്പെടുത്തിനോക്കിയാൽ അന്നു മനുഷ്യർക്കു കിടന്നുറങ്ങാൻ സൗകര്യമില്ലായിരുന്നു. ഇന്ന് സ്വൈരമായി മനുഷ്യനു ജീവിക്കാം. എന്നിട്ടും അവർ ഈ ഗവൺമെന്റിനെ എതിർക്കുമെന്നാണ് പറയുന്നത്. ഈ ഗവൺമെന്റ് മനുഷ്യനു സൗകര്യമായി ജീവിക്കാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കിയില്ലെന്നു പറയുകയാണെങ്കിൽ അതു സത്യത്തോടുള്ള സ്വാഭാവികമായ എതിർപ്പുമാത്രമാണെന്നേ പറയാനുള്ളു. സർ, ഈ ഗവൺമെന്റിനെ തകർക്കണമെന്നു വിചാരിക്കുന്ന ചില ആളുകളുണ്ട്. ഈ രാജ്യത്തിലെ രാഷ്ട്രീയ ഷൈലോക്കുമാർ ഈ ഗവൺമെന്റിന്റെ ഒരു റാത്തൽ മാംസത്തിനുവേണ്ടി ദാഹിക്കുകയാണ് ചെയ്തിട്ടുള്ളത്. അവരോട് വിനീതമായി ഞാൻ പറയുകയാണ്, ഈ ഗവൺമെന്റിന്റെ ഒരു റാത്തൽ മാംസം എടുത്തുകൊണ്ടുപോകാൻ നിങ്ങൾക്കു സാധിക്കും. കാരണം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണല്ലോ ഇവിടെ ഇരിക്കുന്നത്? പക്ഷേ ഈ നാട്ടിലെ ജനങ്ങൾ വളരെ ശക്തിമത്തായി ഒരു കാര്യം പറയുന്നുണ്ട്. ജനവിശ്വാസമുള്ള, സാധാരണക്കാർക്കും ഇടത്തരക്കാർക്കും പാവപ്പെട്ടവർക്കും എല്ലാവർക്കും ഒരുപോലെ നീതിചെയ്യുന്ന ഈ ഗവൺമെന്റിന്റെ ശരീരത്തിൽനിന്ന് ഒരു പൗണ്ട് മാംസം എടുക്കുമ്പോൾ ഒരു തുള്ളി രക്തംപോലും ഇററിക്കാൻ ഈ നാട്ടിലെ ജനങ്ങൾ അനുവദിക്കുകയില്ലെന്നുള്ളത് ഈ രാഷ്ട്രീയ ഷൈലോക്കുമാർ മനസ്സിലാക്കണമെന്നു ഞാൻ വിനീതമായി പറഞ്ഞുകൊള്ളട്ടെ. പ്രതിപക്ഷത്തുള്ള പല മെമ്പറൻമാരും വിശിഷ്യാ ശ്രീമതി ഗൗരിയും ഇവിടെ പ്രസംഗിച്ചപ്പോൾ സംയുക്തമുന്നണി ഒരു കാൺഗ്രസ് വിരുദ്ധമുന്നണിയായിരുന്നെന്നു പറഞ്ഞു. ഇപ്പോഴുള്ള ഗവൺമെന്റ് എന്താണ്? ശ്രീമതി ഗൗരി സംയുക്തമുന്നണിയുടെ പരിപാടിയിലെ എല്ലാ ഭാഗങ്ങളും വായിച്ചോ എന്ന് ഞാൻ വിനയപൂർവ്വം ചോദിക്കുകയാണ്. ദൈനംദിന ജീവിതത്തിലെ അഴിമതി തുടച്ചുനീക്കാൻ വേണ്ടി ഐക്യമുന്നണി ഗവൺമെന്റ് അധികാരത്തിൽവന്നാൽ പരിശ്രമിക്കുമെന്ന് ജനങ്ങൾക്ക് വാഗ്ദത്തംകൊടുത്തു. എന്നിട്ട് അഴിമതിയെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് പറഞ്ഞപ്പോൾ എന്താണ് ചെയ്തത്. ഇതൊക്കെ കേൾക്കുമ്പോൾ ഷേക്സ്പീയറുടെ ഒരു കൊട്ടേഷൻ ഓർമ്മവരികയാണ്. Even the devil cite scripture for his purposes. തന്റെ ഉദ്ദേശത്തിനുവേണ്ടി പിശാചു വേദമോതാറുണ്ട്. എന്നല്ലാതെ വേറൊന്നും പറയുന്നില്ല. ശ്രീമതി ഗൗരി അവരുടെ പ്രസംഗത്തിൽ പറഞ്ഞു, ഈ ഗവൺമെന്റ് ജനങ്ങൾക്ക് നരകം സൃഷ്ടിച്ച ഗവൺമെന്റാണെന്ന്. ഈ ഗവൺമെന്റല്ല ജനങ്ങൾക്ക് നരകം സൃഷ്ടിച്ചത്. ഇവിടത്തെ ഒരു രാഷ്ട്രീയപാർട്ടി, മാർക്സിസ്ററുപാർട്ടിയാണ് ജനങ്ങൾക്ക് നരകം സൃഷ്ടിച്ചത്. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി പ്രക്ഷോഭണങ്ങളും പ്രകടനങ്ങളും നടത്തുന്നതിൽ ആരും എതിരല്ല. നിയമവിധേയമായ രീതിയിൽ എല്ലാവർക്കും പ്രക്ഷോഭണം നടത്താൻ പൗരാവകാശം അനുവദിച്ചിട്ടുണ്ട്. അതിനെ ആരും നിഷേധിക്കുന്നില്ല. നവംബർ ഒന്നാം തീയതിമുതൽ സത്യാഗ്രഹ റിലേറേസ് വരെയുള്ള മാർക്സിസ്ററു പാർട്ടിയുടെ പ്രചരണങ്ങളും പ്രവർത്തനങ്ങളും എന്തായിരുന്നു? നവംബർ ഒന്നാംതീയതി വഞ്ചനാദിനം നടത്തിയിട്ട് എന്തായി? ശ്രീ. രവീന്ദ്രൻ പറഞ്ഞു, നിങ്ങൾ വഞ്ചനാദിനം നടത്തിയിട്ട് ഒരു അപ്പൂപ്പൻതാടിപോലും അനങ്ങിയില്ലെന്ന്. അതിനുശേഷം ഡിസംബർ ഒന്നാംതീയതിയിലെ മാർക്സിസ്ററുപാർട്ടിയുടെ പ്രവർത്തനം എന്തായിരുന്നുവെന്ന് കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ ജനങ്ങൾക്കറിയാം. സിഡംബർ ഒന്നാംതീയതി നിയമസഭ വിളിച്ചുകൂട്ടി ക്കണമെന്ന പ്രക്ഷോഭണവുമായി എത്ര ലാത്തിച്ചാർജുകൾ നടത്തിച്ചു. എത്ര പോലീസുകാരെ കല്ലെറിഞ്ഞു. എന്തെല്ലാം കുഴപ്പങ്ങളുണ്ടാക്കി? അക്രമാസക്തമായ പ്രകടനങ്ങൾ നാടുനീളെ നടത്തി. അതുകഴിഞ്ഞ് ഡിസംബർ നാലാംതീയതി മർദ്ദനപ്രതിഷേധദിനമായിരുന്നു. അത് തനി പരാജയമായിപ്പോയി. ഡിസംബർ 14-ാംതീയതി ശ്രീ. ടി. വി. തോമസു പറഞ്ഞതുപോലെ ആലപ്പുഴയിലെ ഒന്നാം പ്രഖ്യാപനം നടത്തി. ഭൂരിപരിഷ്കരണ നിയമം നടപ്പാക്കിയാലും ഇല്ലെങ്കിലും ഭൂമി പിടിച്ചെടുക്കുമെന്നുപറഞ്ഞു. ഡിസംബർ 14-ാംതീയതിയിലെ പ്രഖ്യാപനവും കഴിഞ്ഞ് രണ്ടാം പ്രഖ്യാപനം വേറെയുണ്ട്, അതുകൊണ്ടാണ് ഞാൻ ഒന്നാം പ്രഖ്യാപനമെന്നു പറഞ്ഞത്, ഡിസംബർ 17-ാംതീയതി കണ്ണപുരത്ത് റയിൽ വലിച്ചില്ലേ? കണ്ണപുരത്ത് റയിൽ വലിച്ച് തീവണ്ടി അപകടമുണ്ടാക്കി നിരപരാധികളായ മനുഷ്യരെ കൊല്ലണമെന്ന ഉദ്ദേശത്തോടുകൂടി പ്രവർത്തിച്ചവർ ആരായിരുന്നു എന്നുള്ളത് കേരളത്തിലെ ജനങ്ങൾക്കറിയാം. അതുകഴിഞ്ഞ് ജനുവരി ഒന്നാം തീയതി മുതൽ വീണ്ടും തുടങ്ങി വേലികെട്ടൽ വിപ്ലവവും തേങ്ങായിടൽ സമരവും. ജനുവരി നാലാം തീയതി മാരാർ വിപ്ലവം തുടങ്ങി.

ശ്രീ. എ. വി. കുഞ്ഞമ്പു: പോയിൻറ് ആഫ് ആർഡർ. കണ്ണപുരം സംഭവത്തെ സംബന്ധിച്ച് ഒരു കേസ് കോടതിയിൽ നിലവിലിരിക്കുകയാണ്. അങ്ങനെയൊരു കേസ് നിലവിലിരിക്കുമ്പോൾ മാർക്സിസ്ററുകാർ റയിൽവലിച്ചു എന്നുള്ള തരത്തിൽ പറയുന്നത് ആർഡറിലാണോ?

ഡെപ്യൂട്ടി സ്പീക്കർ: മാർക്സിസ്ററുകാരെന്നു പറഞ്ഞില്ല.

ശ്രീ. ഇ. അഹമ്മദ്: ജനുവരി നാലാം തീയതി മാരാർ വിപ്ലവം തുടങ്ങി. ഈ മാരാർ മാർക്സിസ്ററ് പാർട്ടിയിൽപ്പെട്ട ആളല്ലേ എന്നുമാത്രം ഞാൻ ചോദിക്കുകയാണ്. പന്നീട് അസംബ്ലിസമരം തുടങ്ങി.

ശ്രീ. എ. വി. കുഞ്ഞമ്പു: ഏ പായിൻറ് ആഫ് ആർഡർ. ഒരു പ്രശ്നത്തെ സംബന്ധിച്ച് ആവർത്തിച്ചാവർത്തിച്ച് ഈ രൂപത്തിൽ പറയുന്നത് ശരിയാണോ? മാരാർ സംഭവത്തെ സംബന്ധിച്ച് ഞങ്ങളുടെ പാർട്ടിയുടെ കേരളാ സ്റേറററ് കമ്മിററിയും കണ്ണൂർജില്ലാ കമ്മിററിയും അതുപോലെതന്നെ കൂത്തുപറമ്പു മണ്ഡലവും തലശ്ശേരിമണ്ഡലവും കമ്മിററികളും അധിക്ഷേപിച്ചുകൊണ്ട് പ്രസ്താവനകൾ ഇറക്കിയിട്ടുണ്ട്. അതിനുശേഷവും ശ്രീ. ഈ. അഹമ്മദ് ഇത് ഞങ്ങളുടെ തലയിൽവച്ചുകെട്ടുന്നതു ആർഡറിലാണോ?

ശ്രീ. ഈ. അഹമ്മദ്: ജനുവരി 9-ാംതീയതി അസംബ്ലി സമരം തുടങ്ങി. അസംബ്ലിയിൽ ഗവർണ്ണർ വന്നപ്പോൾ മാർക്സിസ്ററുപാർട്ടി എന്താണ് കാണിച്ചതെന്നുള്ളത് എല്ലാവർക്കുമറിയാം. ഇപ്പോൾ നമ്പൂതിരിപ്പാട് ഗവർണ്ണറെ അപകീർത്തിപ്പെടുത്തുന്നതിൽ അരിശം കൊള്ളുന്നു. കേരളത്തിലെ ഒരു പത്രപ്രവർത്തകൻ ഇതേസംബന്ധിച്ച് ഒരു നിരൂപണക്കുറിപ്പ് എഴുതിയത് ഞാൻ ഓർക്കുന്നു. ഗവർണ്ണറുമായിട്ടുള്ള ബന്ധം പോലും മാർക്സിസ്ററുപാർട്ടിയിലെ മെമ്പറൻമാർ തുറന്നു പറഞ്ഞു. ഗവർണ്ണരെ 'അളിയാ' എന്നു വിളിച്ചു എന്നാണ് എഴുതിയിരുന്നത്. ജനുവരി 21-ാം തീയതി ട്രാൻസ്പോർട്ട് സമരം തുടങ്ങി. ട്രാൻസ്പോർട്ട് സമരം തുടങ്ങുന്നതിന് ഏതാനും മണിക്കൂറുകൾക്ക് മുമ്പ് മട്ടനൂരിൽ ചാവശേരിയിലുണ്ടായ സംഭവം എന്താണെന്നും ഓർക്കുന്നില്ലേ? അത് എങ്ങനെയുണ്ടായി എന്നുള്ളത് പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അറിയാവുന്നതല്ലേ? കേരള സംസ്ഥാനത്തിൽ മാത്രമാണ് ഇങ്ങനെ ഒരു സംഭവം നടന്നത്. ജനുവരി 26-ാം തീയതി ആലപ്പുഴയിൽവച്ച് രണ്ടാം പ്രഖ്യാപനം നടത്തി. ഇ. എം. എസ്. നടത്തിയ ആ പ്രഖ്യാപനം അദ്ദേഹം ഇപ്പോൾ അത് വേറൊന്നാക്കി നീതീകരിച്ചിരിക്കുകയാണ്. എനിക്ക് അദ്ദേഹത്തോട് വളരെയധികം ബഹുമാനമുണ്ട്. പക്ഷേ എന്നാലും അദ്ദേഹം പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ പ്രയാസമാണ്. അദ്ദേഹം ഒററ എന്നു പറയുകയില്ല. ''ഇരട്ട'' എന്നും പറയുകയില്ല. ഒരൊററ എന്നേ പറയുകയുള്ളു. ആ ''ഒരൊററ'' നയമാണ് കേരള രാഷ്ട്രീയത്തെ ഇത്തരത്തിൽ കൊണ്ടുചെന്നു എത്തിച്ചതെന്ന് ഞാൻ സഭയെ വിനയപുരസ്സരം അനുസ്മരിപ്പിക്കുകയാണ്. ജനുവരി 29-ാം തീയതി അസംബ്ലിയിലെ സമരത്തിന്റെ രണ്ടാംഘട്ടം തുടങ്ങി. അന്നു അസംബ്ലിയിൽ എന്തൊക്കെയാണ് ഉണ്ടായത്? ഫെബ്രുവരി നാലാം തീയതി മർദ്ദനപ്രതിഷേധ ദിനമായിരുന്നു. മർദ്ദനപ്രതിഷേധ ദിനത്തിൽ പ്രകടനം നടത്താനും പ്രക്ഷോഭണംകൂട്ടാനും എല്ലാവർക്കും അവകാശമുണ്ട്. പക്ഷേ അത് നിയമത്തിന്റെ അതിരുവരമ്പ് കടന്നുപോകുമ്പോൾ മാത്രമാണ് ഗവൺമെൻറ് ഇടപെടുന്നത്. അന്നു ഇവിടെ ഉണ്ടായത് എന്താണെന്നുള്ളത് എല്ലാവർക്കുമറിയാം. അതുകഴിഞ്ഞതിനുശേഷം ഫെബ്രുവരി 7-ാം തീയതി എം. എൽ. ഏ. മാർ നിരാഹാര സത്യാഗ്രഹം തുടങ്ങി. അവർ മരിച്ചുപോകുമോ എന്നുള്ള നിലവന്നു. ഫെബ്രുവരി 18-ാം തീയതി സത്യാഗ്രഹത്തിന്റെ റിലേറേസ് തുടങ്ങി. ഇങ്ങനെ ആകപ്പാടെ നോക്കിയാൽ നവംബർ ഒന്നാംതീയതി മുതൽ കേരള സംസ്ഥാനത്തിൽ അധികാരത്തിൽവന്ന മറേറതൊരു ഗവൺമെൻറിനും അനുഭവിക്കേണ്ടിവന്നിട്ടില്ലാത്ത വിധത്തിൽ അത്രയുമധികം വ്യാപകമായ എതിർപ്പുകളേയും സമരങ്ങളേയും ഈ ഗവൺമെൻറിന് നേരിടേണ്ടിവന്നു. നാട്ടിൽ ലഹളയുണ്ടാക്കണമെന്നും അരാജകത്വം സൃഷ്ടിക്കണമെന്നും കുഴപ്പമുണ്ടാക്കണമെന്നും മനുഷ്യരെ പരസ്പരം തല്ലിക്കണമെന്നും ആഗ്രഹിച്ചു പ്രവർത്തിച്ച ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തനങ്ങളാണ് ഈ സംസ്ഥാനത്ത് കഴിഞ്ഞ നാലു മാസത്തിനിടയിൽ കാണാൻ സാധിച്ചത്. പക്ഷേ ഇതിനൊക്കെ കാരണമുണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. കാരണം ഇവിടെ ഈ ഗവൺമെൻറ് തുടരുകയാണെങ്കിൽ വിപ്ലവത്തിന്റെ പേരിൽ മാർക്സിസ്ററു കമ്മ്യൂണിസ്ററ് പാർട്ടിക്ക് പ്രവർത്തിക്കാൻ സാദ്ധ്യമല്ല. അതു മാത്രമല്ല വേറെയും ചില കാരണങ്ങൾ പത്രത്തിൽ വായിച്ചു. 641 പേർ ട്രാൻസ്പോർട്ടിൽ നിന്ന് പിരിച്ചുവിടപ്പെട്ടവർ പാർട്ടി ആഫീസിന്റെ മുൻപിൽ സത്യാഗ്രഹം നടത്താൻ പോകുന്നതായിട്ട് പത്രത്തിൽനിന്നു വായിച്ചു. അത് എന്തെങ്കിലും ആകട്ടെ, അവരുടെ ശ്രദ്ധ എങ്ങോട്ടെങ്കിലും തിരിച്ചുവിടാൻ ഇങ്ങനെയുള്ള പ്രകടനങ്ങളും പ്രക്ഷോഭണങ്ങളും മാർക്സിസ്ററു പാർട്ടിയെ സഹായിച്ചിട്ടുണ്ടെങ്കിൽ സഹായിച്ചുകൊള്ളട്ടെ എന്നു മാത്രമേ പറയുന്നുള്ളു.

ഇപ്പോൾ ഈ പ്രമേയത്തെ എതിർക്കുകയാണ്. ഈ പ്രമേയത്തിനെതിരായി പറയുന്ന വാദഗതികൾ കാണേണ്ടതു തന്നെയാണ്. ആളുകളെ ഈ പ്രമേയത്തിനെതിരായി വോട്ട് ചെയ്യാൻ നടത്തുന്ന പ്രേരണകൾ എല്ലാവർക്കും അറിയാം. അതൊക്കെ കണ്ടപ്പോൾ മന്ത്രിസ്ഥാനങ്ങളുമായി ഓടിനടക്കുന്നവരെപ്പററി ഒരു കഥ ഓർമ്മ വരികയാണ്. ഞങ്ങളുടെ കണ്ണൂർ ഭാഗത്ത് അലുമിനിയം പാത്രം വിൽക്കാൻ കൊണ്ടുപോകുന്ന ആളുകളുണ്ട്. അവർ പണത്തിനല്ല അലുമിനിയം പാത്രം വിൽക്കുന്നത്. പഴയ കോട്ടുകൾ മുതലായവ വാങ്ങി അലുമിനിയം പാത്രം കൊടുക്കും. അവർ കോട്ടുണ്ടോ, ഉണ്ടെങ്കിൽ അലുമിനിയം പാത്രമുണ്ടെന്നു വിളിച്ചു പറയും. അതുപോലെയാണ് ഇവിടെ പ്രതിപക്ഷത്തുള്ള സുഹൃത്തുക്കൾ പ്രവർത്തിക്കുന്നത്. വോട്ടുണ്ടോ, വോട്ടുണ്ടോ മന്ത്രിസ്ഥാനമുണ്ട് വോട്ടുണ്ടെങ്കിൽ മന്ത്രിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടെന്നു പറഞ്ഞു എം. എൽ. എ. മാരുടെ പുറകേ നടക്കുന്ന കാഴ്ചയാണ് നമുക്ക് ഇവിടെ കാണാൻ കഴിയുന്നത്. ഇത് വളരെ വേദനാജനകമാണ്. ശ്രീ. എം. കെ. ജോർജ് പറഞ്ഞു, അദ്ദേഹത്തിന്റെ ഹൃദയത്തിൽ വലിയ പരിവർത്തനം വന്നിരിക്കുകയാണെന്ന്. നല്ലത് സർ; അദ്ദേഹത്തിന് പരിവർത്തനം വന്നിരിക്കാം. അദ്ദേഹം അക്കൂട്ടത്തിൽ ക്രിസ്തുദേവനെ ഉദ്ധരിച്ചു. ക്രിസ്തുദേവനെ ഉദ്ധരിക്കുന്നവരോട് എനിക്ക് വിനീതമായി പറയാനുള്ളത്, ക്രിസ്തുവിന്റെ അവസാനത്തെ അത്താഴത്തെ സംബന്ധിച്ച കഥകൂടി ഓർമ്മിച്ചാൽ മതിയെന്നു മാത്രമാണ്. ക്രിസ്തുദേവൻ പറഞ്ഞു എന്നെ നീ ഒററികൊടുക്കുമെന്ന്. എല്ലാവരും അതു നിഷേധിച്ചു.. ഒരാരം മാത്രം നിഷേധിച്ചില്ല. ഈ പ്രമേയം ഈ സഭ ഭൂരിപക്ഷത്തോടുകൂടി പാസാക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ടും അത് ഈ നാട്ടിലെ ജനങ്ങളുടെ അഭിലാഷത്തെ മാനിക്കലായിരിക്കുമെന്നു പറഞ്ഞുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. അബു: സർ, ഇവിടെ ഭരണകക്ഷിക്കാർ പ്രധാനമായി ഊന്നി പറയുന്ന രണ്ടു കാര്യങ്ങളുണ്ട്. ഒന്ന്, ശ്രീമാൻ അച്യുതമേനോന്റെ ഗവൺമെൻറിനെ പരാജയപ്പെടുത്തുമെന്ന് പ്രതിപക്ഷം പറഞ്ഞിരിക്കുന്നു. രണ്ട്, ഏതു ചെകുത്താനെയും അതിനുവേണ്ടി കൂട്ടുപിടിക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്ന്. രണ്ടാമത്തേതിനോട് ഞാൻ യോജിക്കുന്നില്ല. അച്യുതമേനോൻ ഗവൺമെൻറിനെ പരാജയപ്പെടുത്തണമെന്നുള്ളത് ഒളിച്ചുവയ്ക്കാനുള്ള കാര്യമല്ല. അതു ജനാധിപത്യത്തിൽ പ്രതിപക്ഷത്തിന്റെ ചുമതലയിൽ ഒന്നാണ്. ഇവിടെ ഗൗരവമായി ഗവർണ്ണർ ഭരണം വരുമെന്ന് പറഞ്ഞ് ആരെ ഭയപ്പെടുത്താനാണെന്നു മനസ്സിലാകുന്നില്ല. അച്യുതമേനോൻ ഗവൺമെൻറിനെ പരാജയപ്പെടുത്തുമെന്നുള്ള മുദ്രാവാക്യം ഞങ്ങൾ അംഗീകരിച്ചിട്ടുണ്ട്. അച്യുതമേനോൻ ഗവൺമെൻറിന്റെ രൂപീകരണം തന്നെ വഞ്ചനയുടെ അടിസ്ഥാനത്തിലുള്ളതാണ്. ഏതു ചെകുത്താനെയും കൂട്ടുപിടിച്ച് അച്യുതമേനോൻ ഗവൺമെൻറിനെ പരാജയപ്പെടുത്തുമെന്ന് ഇ. എം. എസ്. പറഞ്ഞ ആ കാര്യത്തോട് ഞാൻ യോജിക്കുന്നില്ല. ചെകുത്താൻമാർ ഈ ഭാഗത്തില്ല. എല്ലാ ചെകുത്താൻമാരും ആ ഭാഗത്തിരിക്കുകയാണ്. പിന്നെ ആരെയാണ് കൂട്ടുപിടിക്കാനെന്നു സംശയമുണ്ട്. അച്യുതമേനോൻ ഗവൺമെൻറിനെ പരാജയപ്പെടുത്തണമെന്ന് പറയുന്നതിൽ ഭയപ്പെടുന്നതിന്റെ ആവശ്യമെന്താണ്. ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറിനെത്തന്നെ പരാജയപ്പെടുത്തണമെന്ന് പറഞ്ഞു നടക്കുന്ന ആളുകളാണു ഞങ്ങൾ. പരാജയപ്പെടുത്തുന്നോ ഇല്ലയൊയെന്നുള്ളത് വേറെ കാര്യം. ഇന്ദിരാ ഗവൺമെൻറിനെ പരാജയപ്പെടുത്തണമെന്നും എന്നിട്ട് സോഷ്യലിസ്ററു ആശയത്തിലുള്ള മറെറാരു ഗവൺമെൻറ് രൂപീകരിക്കണമെന്നും ഇൻഡ്യയിലെ എല്ലാ സോഷ്യലിസ്ററുപാർട്ടികളും നിത്യേന പറയുകയും പ്രചരണം നടത്തുകയും ചെയ്യുകയാണ്.

ശ്രീ. കെ. കരുണാകരൻ: ഇന്ദിരാഗാന്ധിയെ പുറത്താക്കിയിട്ട് സോഷ്യലിസം നടപ്പിലാക്കാൻ ജനസംഘവും സ്വതന്ത്രാപാർട്ടിയുമായും കൂട്ടുപിടിക്കുമോ?

ശ്രീ. കെ. കെ. അബു: നിങ്ങൾ തെററിദ്ധരിക്കുകയാണ്. പാർലമെൻറിൽ ഏകദേശം 522—ഓളം അംഗങ്ങളുണ്ട്. ഈ 522 ആളുകളിൽ സ്വതന്ത്രാപാർട്ടിയും ജനസംഘവും സിൻഡിക്കേററും എല്ലാം കൂടി 140—ഓളം അംഗങ്ങളെ വരികയുള്ളൂ. ഞങ്ങൾ പറയുന്നത് ബാക്കി എല്ലാ അംഗങ്ങളും കൂടിചേർന്ന് ഇന്ദിരാഗാന്ധിയെ താഴെയിറക്കി സോഷ്യലിസ്ററ് പരിപാടിയുടെ അടിസ്ഥാനത്തിൽ ഒരു ഗവൺമെൻറ് ഉണ്ടാക്കുക

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതാണ്. അതു പറയുമ്പോഴും ഇമ്പാച്ചികാണിച്ച് തോൽപ്പിക്കാൻ വരേണ്ട. അത് എന്തുമാകട്ടെ.

സർ, ഇവിടെ ഈ ഗവൺമെൻറിനെ പരാജയപ്പെടുത്തണമെന്നു പറയുമ്പോഴും അതു വലിയൊരു അപരാധമായി തെററായി ചില ആളുകൾ കാണുന്നുണ്ട്. അതു ശരിയല്ല. അതുപോലെതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചെയ്ത പ്രസംഗത്തിൽ അദ്ദേഹമില്ലെങ്കിൽപിന്നെ പ്രളയമാണെന്നു പറഞ്ഞു. എന്നു പറഞ്ഞാൽ ഈ ഗവൺമെൻറ്, അല്ലെങ്കിൽ പിന്നീട് പ്രസിഡൻറുഭരണം വരുമെന്നാണ് പറയുന്നത്. ഈ ഗവൺമെൻറുപോയി, ഈ ഗവൺമെൻറിനെ പരാജയപ്പെടുത്തിയാൽ മറെറാരു ഗവൺമെൻറ് ഇവിടെ മന്ത്രിസഭ ഉണ്ടാക്കും. ശ്രീമാൻ അച്യുതമേനോനും കൂട്ടരും പറയുന്നത് ഇവർ പോയാൽ പ്രളയമാണെന്നാണ്. ശ്രീമാൻ അഹമ്മദ് അതിനുവേണ്ടി ഗവർണ്ണറുടെ പാദസേവ നടത്തുകയുണ്ടായി. അതിനുവേണ്ടി വളരെയധികം മുതലക്കണ്ണീർ ഒഴുക്കുകയുണ്ടായി. ഇവിടെ ഈ ഗവൺമെൻറ് പരാജയപ്പെട്ടാൽ മറെറാരു ഗവൺമെൻറ് വരുമോയെന്നുള്ളതെല്ലാം ഗവർണ്ണറേയും കേന്ദ്രഗവൺമെൻറിനേയും ആശ്രയിച്ചുനിൽക്കുന്ന കാര്യമാണ്. സിൻഡിക്കേററുകാരോടു വളരെയധികം അപേക്ഷാരൂപത്തിൽ ഈ സഭയിൽ പലരും പ്രസംഗിക്കുകയുണ്ടായി. ബേബിജോൺ അടക്കമുള്ള ആളുകൾ ഇക്കാര്യം വളരെ ഗദ്ഗദത്തോടുകൂടി പറയുകയുണ്ടായി. ഈ ഗവൺമെൻറിനെ നിലനിറുത്തുമോ? റാംസുഭഗ്സിംഗ് പറയുന്നത് ചവുട്ടിപ്പുറത്താക്കണമെന്നാണ്. ഇവിടത്തെ ഗവൺമെൻറിനെ ജോർജുതോമസിൻെറ പാർട്ടിക്കാവശ്യമില്ല. കെ. എം. ജോർജിൻെറ പാർട്ടിയടക്കം എതിർത്തവരാണ്. അച്യുതമേനോൻ എതിർത്തതാണ്, അതുകൊണ്ട് അവർക്ക് കൂറു പുലർത്തേണ്ട കാര്യമില്ല, കൂറു പുലർത്തേണ്ട ബാദ്ധ്യതയുമില്ല. അവരുടെ നേതാവ് ചവുട്ടിപ്പുറത്താക്കണം ഇന്ദിരയുടെ ഗവൺമെൻറിനെയും അതുപോലെയുള്ള ഗവൺമെൻറിനേയും എന്നു പറയുമ്പോഴും ഇന്ദിരാ ഗവൺമെൻറിനെ താങ്ങിനിറുത്തുന്ന ശ്രീ. അച്യുതമേനോൻ ഗവൺമെൻറ്, അതിനുവേണ്ടി നിലകൊള്ളുന്ന ശ്രീ. അച്യുതമേനോൻ ഗവൺമെൻറ് അഴിമതിക്കുവേണ്ടി പത്തുകൊല്ലക്കാലം ടാക്സിൻെറ കണക്കു കൊടുക്കാഞ്ഞിട്ട് ഭരണാധികാരി കോൺഗ്രസ് നേതാവിനെതിരായി പാർലമെൻറിൽ ഒരു പ്രമേയം വന്നപ്പോഴും അഴിമതിയുടെ ഭാഗം കോട്ടുചെയ്ത —അച്യുതമേനോൻ പാർട്ടി ആ പാർട്ടിക്കുവേണ്ടി ഇന്നും സിൻഡിക്കേററു നേതാക്കൻമാർ നിലകൊള്ളണമെന്നു പറഞ്ഞാൽ അതിൽ അർത്ഥമൊന്നുമില്ല. അവർ അതു സ്വീകരിക്കാനും പോകുന്നില്ല. ഇവിടെ അതല്ല പ്രശ്നം. ഈ ഗവൺമെൻറ് എന്തിനുവേണ്ടി രൂപംകൊണ്ടു, അതിൻെറ ഭൂരിപക്ഷം എന്താണ്? ഡോക്ടർ ജോർജുതോമസിൻെറ നേതാവ് ചവുട്ടിപ്പുറത്താക്കണമെന്നു പറയുമ്പോഴും ഇന്ദിരാഗാന്ധി താങ്ങിനിറുത്തുന്ന ഈ ഗവൺമെൻറിനെ പിൻതാങ്ങേണ്ട ആവശ്യം സിൻഡിക്കേററുകാർക്കില്ല. സിൻഡിക്കേററുകാർ ഈ ഗവൺമെൻറിനെ പിൻതാങ്ങണമെന്നു പറയുന്നതിൽ അർത്ഥമില്ല. ഇവിടെ അതല്ല പ്രശ്നം. ഇവിടെ ഈ ഗവൺമെൻറ് എങ്ങനെയാണ് രൂപംകൊണ്ടത്. ശ്രീമാൻ അച്യുതമേനോൻ പറഞ്ഞു ഞാൻ വിശ്വാസപ്രമേയവുമായി വരുന്നു. കാരണം ഭരണകക്ഷിയിലെ കുറച്ചാളുകൾ പ്രതിപക്ഷത്തുപോയി എന്നു പത്രത്തിൽ കാണുകയുണ്ടായി എന്ന്. സർ, എത്രപേർ ഉണ്ടായിരുന്നു ഭരണകക്ഷിയിൽ? അതിൽ എത്രപേരുടെ ഭൂരിപക്ഷമുണ്ടായിരുന്നു? എത്രപേരാണ് ഗവർണ്ണർക്ക് എഴുതിക്കൊടുത്തത്. വല്ലവരും എഴുതിക്കൊടുത്തിട്ടുണ്ടോ? വ്യക്തമായ ഭൂരിപക്ഷമുണ്ടെന്നു പറയാൻ സാധിച്ചിട്ടുണ്ടോ? രണ്ടരമാസം കാത്തിരുന്നില്ലേ ആളുകളെ ചാക്കിട്ടുപിടിക്കാൻ? കേരളത്തിലെ മറെറാരു ഭരണവും അധികാരത്തിൽ കടിച്ചുതൂങ്ങിക്കിടക്കാൻ ഇത്രയധികം വൃത്തികേടുകൾ കാണിച്ചിട്ടില്ല. അത് അച്യുതമേനോൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടിവന്നു എന്നുള്ളത് ഒരുവിധിവൈപരീത്യമാണ്. ആരും പ്രതീക്ഷിച്ചതല്ല. ഇവിടെ ഒന്നോരണ്ടോ ആളുകളാണ് ഭരണകക്ഷിയിൽനിന്നു മാറിയത്. ചിലർ മാറിയത് ശ്രീ. ടി. വി. തോമസ് പറഞ്ഞതുപോലെ കുരുക്ഷേത്രമല്ല ഇതെന്നും അരക്കില്ലമാണെന്നും ബോദ്ധ്യപ്പെട്ടിട്ടാണ്. ആ വഞ്ചനയിൽ ഇനി കൂട്ടുനിന്നുകൂടാ എന്നു ബോദ്ധ്യപ്പെട്ടപ്പോൾ ചിലർ പോന്നിട്ടുണ്ട്. അതിനപ്പുറം എന്തുമാററം ഇവിടെ ഉണ്ടായിട്ടുണ്ട്. കാര്യമായ യാതൊരു മാററവുമില്ല. അതുപോലെതന്നെ ഇവിടെ പോലീസിനെതിരായ ആരോപണങ്ങളേ കൊണ്ടുവന്നിട്ടുള്ളൂ, മററൊന്നും ഇല്ലെന്നു പറയുകയുണ്ടായി. ശ്രീ. ബേബിജോൺ ഇതിനെസംബന്ധിച്ച് ഇവിടെ വികാരഭരിതനായി പറഞ്ഞു. അദ്ദേഹത്തിനുമാത്രമേ വികാരമുണ്ടായുള്ളു. സദസ്സിന് വികാരമൊന്നും ഉണ്ടായില്ല. ഇവിടെ വെടിവയ്പും ലാത്തിച്ചാർജും ഉണ്ടാക്കുമെന്നു പറഞ്ഞു. അതുകൊണ്ടാണ് അടിച്ചതെന്നു പറഞ്ഞു. അതുകൊണ്ട് അടിക്കണമെന്നുണ്ടോ? ഡിസംബർ ഒന്നാംതീയതി നടന്നു പാലക്കാട്ടു വെടിവയ്പ്. വെടിവയ്പിച്ചതാണോ സർ? അങ്ങനെയാണെന്ന് ആർക്കു പറയാൻ സാധിക്കും. 4.31-ന്-5 മണിക്ക് സത്യഗ്രഹം അവസാനിപ്പിക്കുന്നതിന് 29 മിനിട്ടിനുമുൻപ് അവിടെ ഒരു വെടിവയ്പിന്റെ ആവശ്യം എന്തായിരുന്നു? പോലീസുമായി എന്തെങ്കിലും സംഘട്ടനം ഉണ്ടായിരുന്നോ? വെടിവയ്പിക്കുമെന്നു പറഞ്ഞതുകൊണ്ടോ ലാത്തിച്ചാർജ്ജു നടത്തിക്കുമെന്നു പറഞ്ഞതുകൊണ്ടോ അല്ല അവിടെ ഇതു സംഭവിച്ചത്. പാലക്കാട്ടു മുതൽ പാണ്ടനാടുവരെയുള്ള വെടിവയ്പിന്റെ ചരിത്രംനോക്കിയാൽ വളരെയധികം വെടിവയ്പുനടന്നതും ലാത്തിച്ചാർജ്ജു നടന്നതും ആളുകൾ പ്രകോപനം ഉണ്ടാക്കിയതുകൊണ്ടല്ലെന്നു കാണാൻ കഴിയും. സായുധരായ ജനങ്ങളെ നേരിടാൻ പോലീസ് വെടിവയ്പു നടത്തിയതാണെങ്കിൽ മനസ്സിലാക്കാം. നിരായുധരായ ജനങ്ങളെ എന്തിനു വെടിവയ്ക്കണം. ആ വെടിവയ്പ്പിനെ എങ്ങനെ ന്യായീകരിക്കണം. ഇവിടെ ഇരിക്കുന്ന ചില പാർട്ടികൾ സി. പി. ഐ., ആർ. എസ്. പി. ഈ പാർട്ടികൾ വെടിവയ്പുകളെ ന്യായീകരിക്കുമ്പോൾ വളരെയധികം വേദന തോന്നുകയാണ്. തൊഴിലാളികളുടെ ഭാഗത്തു നിൽക്കുന്നവരാണ്, ഇവർ കർഷകത്തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കുന്നവരാണ്. സർ, പോലീസ് മർദ്ദനം മാത്രമണോ ഇവിടെ പ്രശ്നം. ഇവിടെ അഴിമതിയുടെ കാര്യമില്ലേ? ഐ. എസ്. പി. യിലെ ഇന്നുണ്ടെന്നു പറയുന്ന ഭിന്നിപ്പ് എന്തിന്റെ പേരിലാണ്? ഇത് ഇവിടെയുള്ള ആളുകൾക്ക് അറിയാത്തതാണോ? തലായ് അഴീക്കൽ ആൻറീ സീ ഇറോഷൻ വർക്കിലും അതുപോലെതന്നെ എയർ കംപ്രസ്സിന്റെ കാര്യത്തിലും ധനകാര്യമന്ത്രി വഴങ്ങിയില്ല, ചിലരുടെ ഹിതത്തിന് എന്നതല്ലേ ഐ. എസ്. പി. യിലെ ഭിന്നിപ്പിനു കാരണം. ഇതെല്ലാം അഴിമതിയല്ലേ? ഇത് ഇന്നല്ലെങ്കിൽ നാളെ വെളിയിൽവരും. എല്ലാവരെയും എല്ലായ്പോഴും ഇണക്കിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല. ഇങ്ങനെയൊരാക്ഷേപം വരുമ്പോൾ ഈ സഭയിൽ വരുകയും ആളുകൾക്കതു ബോദ്ധ്യപ്പെടുകയും ചെയ്യും. പിന്നീട് ഇ. അഹമ്മദ് ഇവിടെ ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് കുറെ കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം വളരെ തെററിദ്ധരിപ്പിച്ചാണ് പറഞ്ഞത്. രാജ്നാരായണൻ പറഞ്ഞു, ഞങ്ങൾ ബംഗാളിൽ മാർക്സിസ്ററുപാർട്ടിയുമായി സഹകരിക്കുകയില്ല, മധുലിമായ് പറഞ്ഞു സിൻഡിക്കേററുമായി സഹകരിക്കുകയില്ല. ഇവിടെ സഹകരിക്കും; എന്നു പറഞ്ഞു, ബംഗാളിലെ കാര്യം വേറെ, ഇവിടത്തെ കാര്യം വേറെ. ആർ. എസ്. പിയെ സംബന്ധിച്ചിടത്തോളം വേറൊരു നിലപാടാണ് എടുത്തിരിക്കുന്നത്. ഇവിടെ ആർ. എസ്. പി. ഐക്യമുന്നണിയിലാണ് പ്രവർത്തിക്കുന്നത്. ബംഗാളിൽ ഞങ്ങൾ മാർക്സിസ്ററുപാർട്ടിയുമായി സഹകരണത്തിൽ അല്ല. സിൻഡിക്കേററുമായി സഹകരിച്ചു പ്രവർത്തിക്കുകയില്ലെന്നു

പറഞ്ഞിട്ടില്ല. ഞങ്ങളുടെ സോപ്പൂം പ്രമേയം വളരെ വ്യക്തമാണ്. ഇവിടെ ഇൻഡിക്കേററുകാർ അധികാരത്തിലുണ്ട്. സിൻഡിക്കേററും ഇൻഡിക്കേററുമായി ഞങ്ങൾ കാണുന്ന വ്യത്യാസം ഇൻഡിക്കേററ് അധികാരത്തിലുണ്ട്, സിൻഡിക്കേററുകാർ പ്രതിപക്ഷത്താണ്. ഞങ്ങളുടെ പരിപാടി അംഗീകരിക്കുന്നുവോ ഞങ്ങൾ അവരുമായി കൂട്ടുകൂടും. പരിപാടിയുടെ അംഗീകരണമാണ് ഞങ്ങളുടെ ലക്ഷ്യം. പാർട്ടിയുടെ ലേബൽ നോക്കുകയല്ല. പുരോഗമന പാർട്ടിയിൽ വിശ്വസിക്കുന്ന പാർട്ടികൾ ജനസംഘമായാലും സ്വതന്ത്രാപാർട്ടിയായാലും ആരുമായും ഞങ്ങൾ യോജിക്കും.

ശ്രീ. ബി. മാധവൻനായർ: നിലവിലുള്ള പാർലമെൻററി സംപ്രദായത്തിൽക്കൂടി എസ്. എസ്. പി. അധികാരത്തിൽ വന്നു കഴിഞ്ഞാൽ കേരളത്തിലെ ജനങ്ങൾക്കു നൻമ ചെയ്യാൻ കഴിയുമെന്ന് എസ്. എസ്. പി. വിശ്വസിക്കുന്നുണ്ടോ?

ശ്രീ. കെ. കെ. അബു: ഇതൊരു ഭയങ്കര ചോദ്യമാണ്. മറുപടി പറയാൻ വളരെ പ്രയാസമാണ്. അതുകൊണ്ട് ഞാൻ ഒഴിഞ്ഞുമാറുകയാണ്. അത്രയും പ്രഗൽഭമായ ഒരു ചോദ്യം എൻെറ മുമ്പിൽ വച്ചിരിക്കുന്നു. അതുകൊണ്ട് അതിനുമറുപടി പറയാൻ സാദ്ധ്യമല്ല. സർ, ഈ പ്രമേയത്തെ വളരെ ശക്തിമത്തായി പിൻതാങ്ങിക്കൊണ്ട് വളരെ സരസമായി ഇവിടെ പ്രസംഗിച്ച സഖാവ് ടി. വി. തോമസ് ഊന്നിപ്പറയുകയുണ്ടായി, ഈ മണ്ണിനോടു സ്നേഹമുള്ള ആളുകൾ ഈ പ്രമേയത്തെ അനുകൂലിക്കണമെന്ന്. ഏതു മണ്ണിൻെറ കാര്യമാണ് സഖാവ് ടി. വി. പറയുന്നത്. നിങ്ങൾക്ക് ഈ മണ്ണിനോടുമാത്രമേ കൂറുള്ളോ, വേറെ ഏതെങ്കിലും മണ്ണിനോടു കൂറുണ്ടോ? ഈ ഒരു കാര്യത്തിലെങ്കിലും ശ്രീമാൻ കരുണാകരൻ യോജിക്കുമെന്നാണു തോന്നുന്നത്. മണ്ണിൻെറ കാര്യത്തിൽ സംശയാതീതമായി കൂറു പുലർത്തുന്നവരാണോ? ഈ രാജ്യത്ത് റോയൽററി കൂടിപ്പോയി എന്നാണ് ആക്ഷേപം. ഈ നിലയ്ക്ക് അഖിലലോക അടിസ്ഥാനത്തിൽ വിദേശരാജ്യങ്ങളുമായി ഞങ്ങൾക്കു ബന്ധമില്ല എന്നു വാദിക്കുന്ന സി. പി. ഐ. യുടെ നേതാവിന് ശ്രീ. കരുണാകരനുമായി എന്തു ബന്ധമുണ്ടായാലും ശരി, അദ്ദേഹത്തിൻെറ മനസ്സാക്ഷി ഞങ്ങൾക്ക് അനുകൂലമാണ്. മണ്ണിൻെറ കാര്യത്തിലുള്ള കൂറിൽ അദ്ദേഹത്തെമാത്രമേ സംശയിക്കുകയുള്ളു. പ്രമേയത്തെ എതിർത്തു വോട്ടു ചെയ്യാൻ തീരുമാനിച്ചിരിക്കുന്നു. ഞങ്ങളെ ആരും സംശയിക്കുകയില്ല. ഈ കഴിഞ്ഞ 18—ാംതീയതി ആണെന്നു തോന്നുന്നു വാസ്തവത്തിൽ അന്ന് ഈ ഗവൺമെൻറ് മരിച്ചു പോയിട്ടുണ്ട്, സംശയമില്ല. ജനാധിപത്യസംവിധാനത്തിൽ അതിൻെറ വിപുലവും അതിവിശാലവുമായ രീതിയിൽ എല്ലാ നൻമകളും സ്വീകരിക്കാൻ ശ്രീ. അച്യുതമേനോൻ തയ്യാറായിരുന്നെങ്കിൽ അദ്ദേഹം അന്നുതന്നെ രാജിവയ്ക്കുമായിരുന്നു. അദ്ദേഹം സഹിച്ചു നിൽക്കുകയാണ്. ഓക്സിജൻ കൊടുത്തും എങ്ങനെയെങ്കിലും ജീവൻ നിലനിറുത്താൻ കഴിയുമോ എന്ന് പരിശോധിച്ചുനോക്കുകയാണ്. ഒന്നോരണ്ടോ ദിവസംകൊണ്ട് ഈ ചർച്ച അവസാനിപ്പിക്കാമായിരുന്നു. പക്ഷേ അതിന് അനുവദിച്ചില്ല. 1954—ൽ ശ്രീ. ജോസഫ്ചാഴിക്കാടൻ അന്നത്തെ മന്ത്രിസഭയിൽ വിശ്വാസം രേഖപ്പെടുത്തിക്കൊണ്ട് പ്രമേയം കൊണ്ടുവന്നപ്പോൾ അന്നും പിറേറദിവസവും ചർച്ച ചെയ്ത് അവസാനിപ്പിച്ചു. എന്നാൽ ഇവിടെ എന്താണു നടന്നതെന്നു നമുക്കറിയാം. കുറെ ഇടദിവസങ്ങൾക്കുവേണ്ടി കുറെ ശ്രമങ്ങൾ നടന്നു. അതിൽ വിജയിക്കുകയും ചെയ്തു. ആ ദിവസങ്ങളിൽ എന്താണു നടന്നതെന്നു നമുക്കറിയാം. കുററക്കാരാരാണെന്നു പൊതുവെ അച്യുതമേനോനും കൂട്ടരും വിശ്വസിക്കുന്ന കുറെ ആളുകളെ അച്യുതമേനോൻ

LIBRARY ARCHIVES Kerala Legislative Assembly

പുണ്യാളൻമാരാക്കി മാററിയിരിക്കുന്നു. ആർക്കുവേണമെങ്കിലും മന്ത്രിസ്ഥാനം കൊടുക്കാൻ തയ്യാറാണ്. എത്ര വേണമെങ്കിലും കൊടുക്കാൻ തയ്യാറാണ്. ആ നിലയ്ക്കുള്ള ഭരണകക്ഷിക്കാരുടെ ഓട്ടവും ചാട്ടവും ആണു കാണുന്നത്. ഈ ഭാഗത്താണ് ചാക്കിട്ടു പിടിക്കുന്നതെന്നു പറയുന്നു. പക്ഷേ ആ ഭാഗത്താണ് അതു നടക്കുന്നത്. അധികാരത്തിൽ ഇല്ലാത്തവർക്ക് എന്തു ചെയ്യാൻ കഴിയും. അധികാരത്തിലുള്ളവർക്കാണ് ചാക്കിട്ടു പിടിക്കാൻ സൗകര്യം. പലപ്പോഴും ഇൻഡ്യൻ ജനാധിപത്യത്തിൽ അതു കണ്ടിട്ടുണ്ട്. പണ്ഡിററ് ജവഹർലാൽ നെഹ്റു മുതൽ ഇന്ദിരാഗാന്ധി വരെയുള്ളവരുടെ ചരിത്രം നോക്കിയാൽ മററുകക്ഷികളെ ചാക്കിട്ടു പിടിക്കാൻ സാധിച്ചത് അവർ അധികാരത്തിൽ ഇരുന്നതുകൊണ്ടാണ്, യാതൊരു സംശയവുമില്ല. ഇന്ന് അച്യുതമേനോന് അധികാരമുണ്ട്. അദ്ദേഹത്തിന്റെ കക്ഷിക്കാരും അധികാരത്തിലുണ്ട്. അതിന്റെ മറവിൽ കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളിലായി വലിയ ചാക്കിട്ടു പിടിത്തങ്ങളും നടന്നിട്ടുണ്ട്. വലിയ സമ്മർദ്ദങ്ങളും നടത്തിയിട്ടുണ്ട്, വലിയ പ്രലോഭനങ്ങളും നടത്തിയിട്ടുണ്ട്. വലിയ വാഗ്ദാനങ്ങൾ കൊടുത്തിട്ടുണ്ട്. ഇതെല്ലാം ചില പത്രങ്ങളിൽ വന്നിട്ടുണ്ട്. ചിലരെല്ലാം മന്ത്രിമാരാകാൻ പോവുകയാണ്. ഇന്നയിന്ന ആളുകളെ ഇന്നതു ചെയ്യാൻ പോവുകയാണ് എന്നെല്ലാം. ശ്രീമാൻ അച്യുതമേനോന്റെ മുൻപ്രഖ്യാപനത്തിനു വിരുദ്ധമായി യാതൊരു പ്രലോഭനങ്ങൾ നൽകിയും ഈ മന്ത്രിസഭയെ നിലനിറുത്തുകയില്ലെന്നും കോൺഗ്രസിന്റെ ആനുകൂല്യമില്ലാതെയേ ഭരിക്കുകയുള്ളൂ എന്നും അദ്ദേഹം മുമ്പു പറഞ്ഞതിൽനിന്നും കടകവിരുദ്ധമായിട്ടാണ് ഇപ്പോൾ പറയുന്നത്. ഇതദ്ദേഹം ബാംഗ്ലൂരിൽവച്ചു പറഞ്ഞു. ഇപ്പോൾ അനുഭവത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. സിൻഡിക്കേററു ക്യാമ്പിലും മററു ക്യാമ്പുകളിലുമെല്ലാം അവർ നടത്താത്ത ശ്രമങ്ങളില്ല. തിരുവനന്തപുരത്തു വരാത്ത ആളുകളില്ല. എല്ലാ പണച്ചാക്കുകളും തിരുവനന്തപുരത്തുവന്നു. ശ്രീ. ഇ. അഹമ്മദ് ചായത്തോട്ടം ദേശവൽക്കരിക്കുന്നതിന്റെ കാര്യമൊക്കെ പറയുന്നതു കേട്ടു. പുരോഗമനപരമായ കാര്യമേ ചെയ്യുകയുള്ളൂ എന്നും പറഞ്ഞു. ഇതുകേട്ടപ്പോൾ ചിരിവരുന്നു. കെ. എം. ജോർജിന്റെ പാർട്ടിക്കും അഹമ്മദിന്റെ പാർട്ടിക്കും ദേശസാൽക്കരണത്തിലുള്ള താൽപ്പര്യം കേട്ടപ്പോൾ ചിരിക്കാനാണു തോന്നുന്നത്. വളരെ രസമുള്ളതാണ്. മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം ഒരു പ്രതീക്ഷയുണ്ടായിരുന്നു. അവർ വാക്കു പാലിക്കുമെന്നും ഒരിടത്തുറച്ചുനിൽക്കുമെന്നും വിശ്വസിച്ചിരുന്നതും കഴിഞ്ഞകാല അനുഭവത്തിൽ തകർന്നിരിക്കുകകയാണ്. ഇന്നവർ കച്ചവടം നടത്തുകയാണ്. വളരെ വ്യക്തമായ കച്ചവടം. ആർ. എസ്. പി. 1965–ൽ ചട്ടമ്പി ആശ്രമത്തിൽവച്ച്, ആദ്യത്തെ കൂടിയാലോചനായോഗത്തിൽ പരേതനായ കുമ്പളത്തുശങ്കുപ്പിള്ളയുടെ സാന്നിധ്യത്തിൽവച്ച് പറഞ്ഞു, ഞങ്ങൾക്ക് ഈ ഐക്യമുന്നണിയിൽ വരാൻ പ്രയാസമുണ്ട്, കാരണം മുസ്ലീംലീഗ് വർഗ്ഗീയ വാദികൾ ഇതിലുണ്ട്, ഞങ്ങൾ അവരോടു കൂട്ടുചേരുകയില്ല, അവരുമായി സഹകരിക്കുകയില്ല എന്ന്, അന്ന് ശക്തിയായി ആർ. എസ്. പി. പറഞ്ഞു. അങ്ങനെ പറഞ്ഞവർ 1967–ൽ മാറി. ഇന്ന് ശ്രീ. ബേബിജോണിന് മുസ്ലീംലീഗിൽ വിശ്വാസമുണ്ട്.

ശ്രീ. ടി. വി. തോമസ്: ഒരു പ്രോഗ്രാമിന്റെ അടിസ്ഥാനത്തിലുള്ള ഐക്യമുന്നണിയല്ലാതെ നിരുപാധികമായ ഐക്യമുന്നണി അല്ല എന്നല്ലേ ഞങ്ങൾ അന്നു പറഞ്ഞത്.

ശ്രീ. കെ. കെ. അബു: അതൊന്നും ഞാൻ ഓർക്കുന്നില്ല. തിരഞ്ഞെടുപ്പിൽ സീററുകൾ അഡ്ജസ്ററുചെയ്യലാണ് പ്രധാനമായും നടന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഐക്യമുന്നണി ഉണ്ടാക്കാമോ യോജിച്ച് കോൺഗ്രസ്സിനെ പരാജയപ്പെടുത്താമോ എന്നുള്ള കാര്യത്തിലാണ്. അപ്പോൾ വർഗ്ഗീയതയുടെ കുററം ഉണ്ടായിരുന്നില്ല. അതു വളരെ വ്യക്തമായിട്ടുണ്ട്. പരിപാടിയുടെ അടിസ്ഥാനത്തിലുമല്ല പ്രശ്നങ്ങൾ നോക്കിയിരുന്നത്. മനസ്സിൽ ഉണ്ടായിരുന്നിരിക്കാം. പക്ഷേ അതൊന്നും യോഗത്തിൽ പറഞ്ഞില്ല. ഞാൻ യോഗത്തിലുണ്ടായിരുന്നു. ഞങ്ങൾ അന്നും വളരെ ശക്തിയായി പറഞ്ഞിട്ടുണ്ട്. ന്യൂനപക്ഷം സംഘടിച്ച് ആപത്തുണ്ടാക്കാൻ ഇടയില്ലെന്ന്. അതെല്ലാം പരിപാടിയുടെ അടിസ്ഥാനത്തിലല്ല. അന്നു ശക്തിയായി എതിർത്തിരുന്നവർ മുസ്ലീംലീഗുമായി ലൈലാമജ്നു പ്രേമത്തിലാണ് ഇന്ന്. ഞങ്ങൾ അന്ന് ഒന്നും നേടിയില്ല, ഇന്നും ഒന്നും നേടിയില്ല. ഐക്യമുന്നണി ഗവൺമെൻറ് നിലനിൽക്കണമെന്നേ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ടു നേടാൻ കഴിഞ്ഞതുമുഴുവൻ നേടിയതിനുശേഷം അതിനെതിരായി ഒരു മുന്നണിയുണ്ടാക്കാൻ കേരളാകോൺഗ്രസിനെ കൂട്ടുപിടിച്ചുനോക്കി. ഈ രീതിയിലുള്ള ഒരു കച്ചവടം...

ശ്രീ. ടി. വി. തോമസ്: നേരത്തെ പഴയ ഐക്യമുന്നണി അതുപോലെതന്നെ നിലനിൽക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നെങ്കിൽ 24-ാം തീയതിയിലെ പ്രമേയത്തിൽ നിങ്ങൾ പ്രതിഷേധിച്ചത് എന്തിനാണ്? അദ്ദേഹം രാജിവച്ചുപോയതു സീതിസാഹിബ്ബിനെ ചെയ്തതുപോലെ ചെയ്യാനായിരുന്നോ?

ശ്രീ. കെ. കെ. അബു: ശ്രീമാൻ ടി. വി. ക്കും വ്യക്തമായിട്ട് അറിയാവുന്നതാണ്. ഞങ്ങൾ ആരോപണനത്തിന് വിധേയരായ എല്ലവരേയും
10 A.M.] ഉൾപ്പെടുത്തണമെന്നു പറഞ്ഞവരാണ്. അതിൽആരെയെങ്കിലും ഒഴിവാക്കണമെന്നു ഞങ്ങൾപറഞ്ഞില്ല. അതുമാത്രവുമല്ല നിയമസഭാകമ്മിററിയാണ് അതിനെസംബന്ധിച്ച് അന്വേഷിക്കേണ്ടതെന്നും പറഞ്ഞിരുന്നു. അതിൽ ആരുടെഭാഗത്തും ഞങ്ങൾ ചേർന്നില്ല. ഇവിടെ ശ്രീമാൻ അഹമ്മദു പറഞ്ഞു മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി പറയുന്നത് അക്ഷരംപ്രതി ഞങ്ങൾ അനുസരിക്കുകയാണ്. Yes എന്നുള്ളത് ഞങ്ങളുടെ പാർട്ടിയുടെ നിലപാടാണ് എന്ന്. ഞങ്ങൾക്ക് അതു സാധ്യമല്ല. ഞങ്ങൾ അഖിലേൻഡ്യാ പാർട്ടയിയാണ്. ശ്രീമാൻ അഹമ്മദു അതു മനസ്സിലാക്കണം. ഞങ്ങൾക്കു ഇവിടെ പ്രത്യേകമായ ഒരു നയം രൂപീകരിക്കാൻ സാധിക്കുകയില്ല. നിങ്ങൾക്ക് ബാഹ്യക്കിതങ്ങൾ പറഞ്ഞാൽ എതിരഭിപ്രായമില്ല, അതിൽ വ്യത്യാസമില്ല. നിങ്ങൾ ലാഭത്തിനുവേണ്ടി ഇന്ന് സി. പി. ഐ. യുടെ ഭാൺഡം പേറി നടക്കുകയാണ്. നിങ്ങൾ നിങ്ങളുടെ നിലനിൽപ്പിനുവേണ്ടി നിങ്ങളുടെ താൽപ്പര്യത്തിനുവേണ്ടി കച്ചവടം നടത്തുകയാണ്, ഹോൾസെയിൽ ഡിപ്പോയും മററും നിങ്ങൾ വാങ്ങിക്കുകയുണ്ടായി. അങ്ങനെ നിങ്ങൾ അന്നും ലാഭം നേടിയിരുന്നു. ഞങ്ങൾ ഇപ്പോൾ ഇ. എം. എസ്. ന് Yes പറഞ്ഞു എന്തു നേടാനാണ്. ശ്രീമാൻ ഇ. എം. എസ്. ഇന്നു അധികാരത്തിലുണ്ടോ? ഞങ്ങൾ അവസരവാദികളായിരുന്നെങ്കിൽ ശ്രീമാൻ അച്യുതമേനോനാണ് Yes പറയേണ്ടത്.

ശ്രീ. ഇ. അഹമ്മദ്: പാർലമെൻറിൽ പ്രസിഡൻറിന്റെ അഡ്രസ്സ് ബായിക്കോട്ടു ചെയ്യണമെന്ന് മധുലിമായേ പറഞ്ഞപ്പോൾ ശ്രീമാൻ എസ്. എം. ജോഷിയുംമററും അതിനെ അനുകൂലിക്കാതിരുന്നതിനെപ്പററി എന്താണ് അഭിപ്രായം?

ശ്രീ. കെ. കെ. അബു: നിങ്ങളുടെ പാർട്ടിയല്ല, ഞങ്ങളുടെ പാർട്ടി. കുറെ ജീവനുള്ള പാർട്ടിയാണ്. നിങ്ങൾക്ക് ബാഹ്യക്കിതങ്ങൾ പറയുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

അപ്പുറംപോകാൻ പററുകയില്ല. ഞങ്ങളുടെ പാർട്ടിയിൽ അഭിപ്രായവ്യത്യാസമുണ്ടാകും. തീരുമാനമെടുക്കുന്നതിനുമുമ്പ് ഓരോരുത്തർക്കും അഭിപ്രായം പറയാൻ ഞങ്ങളുടെ പ്രത്യയശാസ്ത്രപ്രകാരം അവസരം ലഭിക്കും. ശ്രീമാൻ ബാഫക്കിതങ്ങളുടെയും ഇസ്മയിൽസാഹിബിന്റെയും അഭിപ്രായത്തിനപ്പുറം നിങ്ങൾക്ക് എന്താണുള്ളത്? ഒരു ശ്മശാനമൂകത നിങ്ങളുടെ പാർട്ടിയിലുണ്ട്. അങ്ങനെയാണ് നിങ്ങളുടെ പാർട്ടിയുടെ ഘടന. ഞങ്ങളുടെപാർട്ടിയിൽ ശ്മശാനമൂകതയുണ്ടാകുകയില്ല. എതിർപ്പുകളും ഭിന്നിപ്പുകളുമുണ്ടാകും. നിങ്ങൾക്ക് അതൊന്നും ഉണ്ടാകുകയില്ല. എനിക്ക് തങ്ങളോട് ബഹുമാനമാണുള്ളത്. അദ്ദേഹത്തിന്റെപേരിൽ എനിക്ക് യാതൊരു ആരോപണവുമില്ല. അദ്ദേഹം പറഞ്ഞാൽ അതാണ് നിങ്ങളുടെ പ്രമേയം, അതാണ് നിങ്ങളുടെ തീരുമാനം, അതാണ് നിങ്ങളുടെ വിധി. ഞങ്ങളുടെ പാർട്ടി അങ്ങനെയല്ല. ശ്രീമാൻ കെ. എം. ജോർജിന്റെ പാർട്ടിപോലും അങ്ങനെയല്ല. അതുകൊണ്ട് ഞങ്ങളുടെ പാർട്ടിയിൽ അഭിപ്രായഭിന്നതകൾ വരും. പക്ഷേ, ഉലയ്ക്കൽ വരുകയില്ല. അതു ഗുണമായിട്ടാണ് ഞങ്ങൾ കണക്കാക്കുന്നത്. നിങ്ങളുടെകാര്യത്തിൽ തങ്ങൾ പറയുന്നതിന് അപ്പുറം ചലനാത്മകമായ ഒരു നീക്കമില്ല. അതുകൊണ്ട് ശ്രീ. അഹമ്മദു ഞങ്ങളുടെപാർട്ടിയെസംബന്ധിച്ചു പറഞ്ഞതൊന്നും ഒരു പ്രശ്നമേയല്ല. അഖിലേൻഡ്യാതലത്തിൽ ഞങ്ങൾ പ്രവർത്തിക്കുമ്പോൾ അഭിപ്രായവ്യത്യാസം വരും. അപ്പോൾ കാൺഫറൻസുകൾ നടത്തും, അപ്പോൾ യോജിപ്പിൽവരും. എല്ലാ അഖിലേൻഡ്യാ പാർട്ടികളിലും അതുവരും. അതുകൊണ്ട് അതു ഒരു പ്രശ്നമായി എടുത്തു കാണിക്കേണ്ട കാര്യമില്ല.

സർ, ഈ ഗവൺമെന്റിന് എതിരായി വോട്ടുചെയ്യരുതെന്നുള്ളതിന് ചിലവാദമുഖങ്ങൾ ഇവിടെ വ്യക്തമായി അവതരിപ്പിക്കുകയുണ്ടായി. 31 ദിവസത്തിനകം ഈ ഗവൺമെന്റിനു ചെയ്യാൻ കഴിഞ്ഞ കാര്യങ്ങൾ 31 മാസംകൊണ്ട് മററുള്ളവർക്ക് ചെയ്യാൻ കഴിഞ്ഞില്ല. അതല്ലേ ഒരു വാദം? കഴിഞ്ഞ 31മാസം മുസ്ലീംലീഗുമന്ത്രിമാർ അതിൽ ഉണ്ടായിരുന്നില്ലേ, ശ്രീമാൻ അച്ച്യുതമേനോന്റെ ആൾക്കാർ അതിൽ മന്ത്രിമാരായിരുന്നില്ലേ? അതിൽ വെറും മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയുടെ മന്ത്രിമാരായിരുന്നോ? നിങ്ങൾ വെറും കൈപൊക്കാൻ വേണ്ടി മാത്രമായിരുന്നോ? അപ്പോൾ അന്നത്തെ ഭരണത്തിൽ നിങ്ങൾക്ക് പങ്കാളിത്വമില്ല. അന്നത്തെ ഭരണത്തിൽ ഭൂപരിഷ്ക്കരണനിയമത്തിൽ മാത്രം നിങ്ങൾക്കു പങ്കാളിത്വമുണ്ടായിരുന്നു. മററു നടന്നതിലൊന്നും നിങ്ങൾക്കു പങ്കാളിത്വമില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇവിടെ നടന്നിട്ടുള്ള വെടിവയ്പ്പുകളെപ്പററി ഈ ഭാഗത്തുനിന്നും വളരെയധികം ആക്ഷേപങ്ങൾ ഉന്നയിച്ചിട്ടുണ്ട്. വിശേഷിച്ചും ഇവിടത്തെഏററവും വലിയ പാർട്ടിയുടെ ഭാഗത്തുനിന്നും; മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ ഭാഗത്തുനിന്നും. ഞങ്ങളുടെ പാർട്ടി വലിയപാർട്ടിയാണെന്നൊന്നും പറയുന്നില്ല. പറഞ്ഞാൽ അതിനെ അനുകൂലിക്കാൻ ഇവിടെ ആളില്ല. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി ഇവിടെ ബന്തുകൾ നടത്തി, യോഗങ്ങൾ നടത്തി, സമരങ്ങൾ നടത്തി. എന്നിട്ട് അവരുടെ ബന്തുകൾക്കും യോഗങ്ങൾക്കും സമരങ്ങൾക്കും ആളുകൾ വരുന്നില്ല ഇതൊക്കെയാണ് പറയുന്നത്. എന്നാൽ മറുവശത്തു പറയുന്നത് ഇവരാണ് ഈ രാജ്യം കുട്ടിച്ചോറാക്കുന്നത് എന്നാണ്. ഈ രണ്ടുവാദഗതികളും പരസ്പരവിരുദ്ധമാണ്. ഒന്നുകിൽ അവർക്ക് സ്വാധീനമുണ്ടെന്നു സമ്മതിക്കുക, ഇല്ലെങ്കിൽ സ്വാധീനമില്ല എന്നു സമ്മതിക്കുക. സ്വാധീനമില്ലാത്തവർ കുഴപ്പങ്ങൾ ചെയ്യുന്നത് എങ്ങനെയാണ്?

സർ, എന്റെ സ്നേഹിതൻ ശ്രീമാൻ പി ആർ. കുറുപ്പ് ഇവിടെപല കാര്യങ്ങളും പറയുകയുണ്ടായി. പക്ഷേ പലതും എനിക്കു മനസ്സിലാ

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ കഴിഞ്ഞിട്ടില്ല. മനസ്സിലാക്കാൻ സാധിച്ചിടത്തോളം എസ്. എസ്. പി. യുടെ മന്ത്രിസഭ നിലവിൽ വരുമോ? അവർ ഉണ്ട്, ഇല്ല, ഉണ്ടില്ല എന്ന മട്ടാണെന്നുപറഞ്ഞു. പങ്കാളിത്വത്തെപ്പററി ഇവിടെ പറയുകയുണ്ടായി. അതിനെസംബന്ധിച്ചുള്ള ശ്രീ മധുലിമായുടെ പ്രസ്താവന പത്രങ്ങളിൽ വന്നതാണ്. അഹമ്മദ് പറഞ്ഞതുപോലെയല്ല. ശ്രീമാൻ അച്ചുതമേനോനെ താഴെ ഇടുകയെന്നുള്ള കാര്യത്തിൽ ഞങ്ങൾ ഉറച്ചു നിൽക്കുന്നു. ആ ഗവൺമെൻറു പോയിക്കഴിഞ്ഞാൽ മററുള്ളവരുമായി ഒന്നിച്ചിരുന്ന് ഞങ്ങൾ ആലോചിക്കും. ഞങ്ങളുടെ അഖിലേൻഡ്യാ സെക്രട്ടറി ഫെർണാണ്ടസ് കേരളത്തിൽ വന്നപ്പോഴും ബദൽ മന്ത്രിസഭയുടെ കാര്യത്തിൽ വ്യക്തമായ ചില നയങ്ങൾ നാട്ടുകാരുടെ മുമ്പിൽവച്ചു. ഞങ്ങൾ ഇനിയുണ്ടാകുന്ന ഗവൺമെൻറിൽ പങ്കാളിത്വംവഹിക്കുമോയെന്നുള്ള കാര്യത്തിൽ സംശയംവേണ്ട. ആ കാര്യത്തിൽ ഞങ്ങളെസംബന്ധിച്ചിടത്തോളം മറെറാന്നുകൂടി മനസ്സിലാക്കാവുന്നതാണ്. ഞങ്ങൾ ഒരുഭാഗത്തുനിന്നാൽ—ശ്രീമാൻ സി. എച്ച്. അടക്കമുള്ള ആളുകൾക്ക് അത് അറിയാവുന്നതാണ് അധികാരത്തിൽ ഉണ്ടായിരുന്നാലും ഇല്ലെങ്കിലും ഞങ്ങൾ എല്ലാ വശങ്ങളെപ്പററിയും ചർച്ചചെയ്യും. എന്നിട്ട് കൂറോടുകൂടി ഉറച്ചുതന്നെ നിൽക്കുകയും ചെയ്യും. എന്നും ഭരിച്ചു കാണണമെന്നു ആഗ്രഹിക്കുകയും ചെയ്യും.

പിന്നെ ഇവിടെ ജനാധിപത്യത്തിൻെറ കാര്യങ്ങളൊക്കെ പറയുകയുണ്ടായി. ഫ്രാൻസിൽ 16 ആളുകളുടെ നേതാവായ മെൻഡസ് ഫ്രാൻസിനോടു മന്ത്രിസഭയുണ്ടാക്കാൻ പറഞ്ഞു. അതുതന്നെ ഇവിടെയും ഗവർണ്ണർ ചെയ്യുമെന്നാണ് എൻെറ വിശ്വാസം. 66 പേർ ഒപ്പിട്ടുകൊടുത്താൽ ശ്രീമാൻ അച്ചുതമേനോൻ പറയുന്നതുപോലെ മര്യാദകേടു ഗവർണ്ണർ ചെയ്യുമെന്നു തോന്നുന്നില്ല. ഗവർണ്ണർക്ക് അതു ചെയ്യാനുള്ള അധികാരമില്ല. ശ്രീമതി ഇന്ദിരാഗാന്ധി ചെയ്യുന്നത് എന്താണ്? ശ്രീമാൻ അച്യുതമേനോനും കൂട്ടുകാരും പറയുന്നതുപോലെ നടക്കുമെന്നുതോന്നുന്നില്ല. ഭൂരിപക്ഷം ആളുകൾചേർന്ന് ഒപ്പിട്ടുകൊടുത്താൽ ഇത്രദിവസത്തിനകം മന്ത്രിസഭ രൂപീകരിച്ചുകൊള്ളാൻ ഗവർണ്ണർ വിളിക്കും. അതുണ്ടാകുകയില്ലെന്ന ഭീഷണിയുമായി നടക്കുന്നതു ശരിയല്ല. ഈ തരത്തിലുള്ള ഭീഷണികൾ മുഴക്കിയും ഭയപ്പെടുത്തിയും ഈ സർക്കാരിന് എതിരായി നിൽക്കുന്നവരെ ഇങ്ങോട്ടുകൊണ്ടുവരാൻ ശ്രമിക്കുന്നതു ശരിയല്ല.

ശ്രീമാൻ എം. എൻ. ഗോവിന്ദൻനായർ ഇവിടെ പറയുകയുണ്ടായി നിങ്ങളുടെ പ്രതീക്ഷ നടക്കാൻ പോകുന്നില്ല, പ്രതിപക്ഷം തിളയ്ക്കാൻ വച്ചിരിക്കുന്ന ആ ചെമ്പ് അങ്ങ് വാങ്ങിവച്ചേക്കണമെന്ന്. ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നത് ചെമ്പു തിളയ്ക്കും, അതിലെ വെള്ളം കൊണ്ട് ഈ സർക്കാരിൻെറ മയ്യത്തുകുളിയും നടക്കും എന്നാണ്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഏതെങ്കിലും ഒരു മയ്യത്തുകുളി നടക്കും.

ശ്രീ. കെ. കെ. അബു: ഏതെങ്കിലുമല്ല ഈ സർക്കാരിൻെറ മയ്യത്തുകുളിതന്നെ നടക്കും. ഇസ്ലാം പറയുന്നത് എല്ലാവരുടെയും മയ്യത്തുകുളി നടക്കുമെന്നാണ്. അതുകൊണ്ട് ഞാൻ ഈ വിശ്വാസപ്രമേയത്തെ എതിർക്കുന്നു. ഇതിനെ പരാജയപ്പെടുത്താൻ എല്ലാ ശ്രമങ്ങളും നടത്തുമെന്നു പ്രഖ്യാപിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[Shri K. Moideenkutty Haji in the Chair]

ശ്രീ. ബി. മാധവൻനായർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച വിശ്വാസപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. സർ ഈ

LIBRARY ARCHIVES Kerala Legislative Assembly

വിശ്വാസപ്രമേയം പാസ്സാക്കിയെടുക്കണമെന്നും കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് കേരളത്തിലെ ജനങ്ങൾക്ക് ഐക്യമുന്നണി നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നടപ്പാക്കാൻ വേണ്ടി ഒരു സൽഭരണം ഈ രാജ്യത്തു നടപ്പാക്കാൻവേണ്ടി ഈ ഗവൺമെൻറു നിലനിൽക്കണമെന്നും കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്ക് ആഗ്രഹമുണ്ട്. സർ, കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് നൽകിയ വാഗ്ദാനങ്ങളെലംഘിച്ചുകൊണ്ട് പ്രത്യയശാസ്ത്രപരമായികൂടിയും ഐക്യമുന്നണിയിൽ ഭിന്നിപ്പുണ്ടാക്കി മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ഐക്യമുന്നണിയിൽനിന്നും വിട്ടുപോവുകയാണുണ്ടായത്. ഈ രാജ്യത്തു മുഖ്യമന്ത്രി അച്യുതമേനോൻെറ നേതൃത്വത്തിലുള്ള ഗവൺമെൻറിനെ തകർക്കണമെന്ന് ആഗ്രഹിക്കുന്ന രണ്ടു വിഭാഗങ്ങളുണ്ട്. ഒന്ന് ഈ രാജ്യത്തെ തോട്ടം മുതലാളിമാർ. മറെറാന്ന് ഈ രാജ്യത്തെ ജൻമി—മുതലാളിത്ത ചിന്താഗതിക്കാർ. ഈ രണ്ടുവിഭാഗങ്ങളുടെയും സ്ഥാപിതതാൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി തങ്ങൾപ്രതിനിധാനംചെയ്യുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിനെതിരായി ഇന്നു ഇവിടെ ഈ വിശ്വാസപ്രമേയത്തെ എതിർക്കാൻ ആളുകളെ പ്രേരിപ്പിക്കുകയാണ് പ്രതിപക്ഷബഞ്ചിൽ ഇരുന്നുകൊണ്ട് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിചെയ്യുന്നത്.

സർ, കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ഐക്യമുന്നണിയിൽ ഉണ്ടായിരിക്കുകയും ഈ അടുത്തകാലത്ത് അതിൽനിന്നും വിട്ടുപോവുകയുംചെയ്ത മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി എന്തുകൊണ്ടു അങ്ങനെ വിട്ടുപോയി എന്നുള്ളതിനെസംബന്ധിച്ച് ഒരു പഠനം നടത്താൻ ഞാൻ ആത്മാർത്ഥമായ ഒരു പരിശ്രമംതന്നെ നടത്തുകയുണ്ടായി. അതിൽനിന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞ ചില വസ്തുതകൾ വ്യക്തമാക്കാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്. ശ്രീമാൻ അബുസാഹിബിനോട് ഞാൻ ഒരു ചോദ്യം ചോദിച്ചപ്പോൾ അതൊരുവലിയ ചോദ്യമാണെന്നു പറഞ്ഞു പരിഹസിക്കുകയും ഉത്തരം പറയാതെ ഒഴിഞ്ഞുമാറുകയുമാണ് ചെയ്തത്. അതിന് അവർ ഈ രാജ്യത്തെ ജനങ്ങളോട് ഉത്തരം പറയണമെന്ന് ഞാൻ അദ്ദേഹത്തോട് വീണ്ടും ഓർമ്മിപ്പിക്കുകയാണ്.

സർ, പാർട്ടികളും ഐക്യമുന്നണിയും എന്ന ഒരു ലഘുലേഖ ശ്രീമാൻ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് പ്രസിദ്ധീകരിച്ചിട്ടുണ്ട്, അദ്ദേഹം മുഖ്യമന്ത്രിയായിരുന്നപ്പോഴാണ്. അതിൻെറ പേജ് 38—ൽ ഇപ്രകാരം പറയുന്നു. ''അഖിലേൻഡ്യാവ്യാപകമായ തോതിൽ ബൂർഷ്വാഫ്യൂഡൽ ഭരണാധികാരികൾക്കും അവരുടെ ഭരണകൂടത്തിനും എതിരായി നടത്തേണ്ട സമരത്തിൻെറ ഒരു ചെറിയവിഭാഗംമാത്രമാണ് കേരളത്തിലെ കാൺഗ്രസ്സിതര മുന്നണിയും അതിൻെറ തുടർച്ചയായുള്ള ഗവൺമെൻറും'' എന്ന്. ഇതിൽ എൻെറ സുഹൃത്തുക്കൾ എസ്.എസ്.പി. ക്കാർ വിശ്വസിക്കുന്നുണ്ടോയെന്നാണ് ഞാൻ ചോദിക്കുന്നത്. മറെറാരു പ്രസിദ്ധീകരണം, ഇ. എം. എസ്. എഴുതിയിട്ടുള്ളത്. പാർട്ടിയും ഐക്യമുന്നണിയും. പേജ് 30. മാവോചിന്തയുടെ അടിസ്ഥാനത്തിലാണ് ഐക്യമുന്നണിയും അതിനകത്തുള്ള സമരങ്ങളുംസംബന്ധിച്ചുള്ള പ്രശ്നങ്ങൾ കമ്മ്യൂണിസ്റ്റു പാർട്ടി (മാർക്സിസ്റ്റു) സമീപിക്കുന്നത്. മാവോ വ്യക്തമാക്കിയതുപോലെ 'ഐക്യം സമരം വീണ്ടും ഐക്യം' ഇതാണ് പൊതുശത്രുവിനെതിരെ വിവിധവർഗ്ഗങ്ങൾ ചേർന്നുണ്ടാകുന്ന മുന്നണിയുടെ വൈരുദ്ധ്യവാദ നിയമം. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ഫലപ്രദമായും വിപുലമായും ആശ്വാസംനൽകാൻ വേണ്ടത്ര അധികാരമുള്ള ഒരു ഗവൺമെൻറു എന്നതിനേക്കാൾ സമരംനടത്തുന്നതിനേക്കാൾ സമരംനടത്തുന്നതിനുള്ള ഉപകരണം എന്നനിലയ്ക്കാണ് ഐക്യമുന്നണിഗവൺമെൻറിനെ കാണേണ്ടതും ജനങ്ങൾ മനസ്സിലാക്കേണ്ടതും. ഇതിൽ എസ്. എസ്. പി. ക്കാർ വിശ്വസിക്കുന്നുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. ശ്രീമാൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇ. എം. എസ്. നമ്പൂതിരിപ്പാട് എഴുതിയതാണ്, പാർട്ടിഘടകങ്ങൾക്കുമാത്രം വായിക്കാൻ. പുതിയ പരിത:സ്ഥിതിയും പാർട്ടിയുടെ ഘടനയും. പേജ് 48, 49–ൽ പറയുന്നു, "വ്യക്തമായി വർഗ്ഗാടിസ്ഥാനത്തിൽ വച്ചുനോക്കിയാൽ മുന്നണി ഗവൺമെൻറിൽ പങ്കെടുക്കുന്നതുതന്നെ ഒരു വിധത്തിലുള്ള സമരപരിപാടിയാണ് എന്ന്". സർ, ബുദ്ധിശക്തിയുള്ള എസ്. എസ്. പി. ക്കാരോട് ചിന്തിക്കാൻ ഞാൻ ആവശ്യപ്പെടുകയാണ്. ശ്രീമാൻ ഇ. എം. എസ്. വീണ്ടും എഴുതുന്നു: "ഭരണവും സമരവും കോർത്തിണക്കി സോഷ്യലിസത്തിൽ ഘട്ടംഘട്ടമായി ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കണ്ടെത്താൻ ഒരിക്കലും സാധ്യമല്ല. പഴയ സാമൂഹ്യവ്യവസ്ഥകളും അതിന്റെ രാഷ്ട്രീയരൂപമായ ഭരണഘടനയും നിലനിൽക്കെയാണല്ലോ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ഭരണകക്ഷിയായി മാറിയത്. ഈ പരിമിതമായ ചുററുപാടിൽ ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ പ്രവർത്തനരീതികളിലും പെരുമാററത്തിലും ഒന്നും അടിസ്ഥാനപരമായ മാററംവരുത്താൻ ഈ ഗവൺമെൻറിനു സാധ്യമല്ല. ചുരുക്കത്തിൽ ഇപ്രകാരമുള്ള പാർലമെൻറിനകത്ത് പ്രതിപക്ഷബഞ്ചിൽ ഇരുന്നുകൊണ്ട് എന്തുചെയ്യണമെന്ന് ലനിൻ അനുശാസിച്ചിരുന്നോ അതേനയം ഭരണകക്ഷി ബഞ്ചിൽ ഇരുന്നുകൊണ്ട് ചെയ്യുകയെന്നുള്ളതാണ് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കടമ. അതാണ് ഭരണത്തോടുള്ള മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സമീപനം. ഇത് ശ്രീമാൻ ഇ. എം. എസ്.-ന്റെ നിഷേധിക്കാൻ സാധ്യമല്ലാത്ത പ്രസിദ്ധീകരണങ്ങളാണ്. സർ, അങ്ങനെ ഭരണത്തിൽ, ഐക്യമുന്നണിയിൽവന്നതും ഐക്യമുന്നണിയുടെ ഭരണത്തിൽ ഈ രാജ്യത്തെ മുഖ്യമന്ത്രിയായതും ഈ രാജ്യത്തിനു നന്മചെയ്യാൻ വേണ്ടിയല്ല, ഈ രാജ്യത്തെ നിലവിലിരിക്കുന്ന ഉദ്യോഗസ്ഥമേധാവിത്വം അവസാനിപ്പിക്കാൻ വേണ്ടിയല്ല, ഒരു സൽഭരണം സംഭാവനചെയ്യാൻവേണ്ടിയല്ല, യെന്ന് വ്യക്തമായി മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള ലഘുലേഖകളിൽ എഴുതിയിരിക്കുകയാണ്. ഇപ്പോൾ പ്രതിപക്ഷത്ത് ഇരുന്നുകൊണ്ട് എതിർക്കുന്നതിനും കാരണങ്ങളുണ്ട്. സർ, ശ്രീമാൻ അച്യുതമേനോന്റെ നേതൃത്വത്തിലുള്ള ഗവൺമെൻറിനെ ഞങ്ങൾ അനുകൂലിക്കുന്നത് പ്രത്യയശാസ്ത്രപരമായിട്ടുതന്നെയാണ്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ 8–ാം കാൺഗ്രസ്സിൽ അംഗീകരിച്ച പ്രമേയത്തിന്റെ 79–ാം പേജിൽ ഇപ്രകാരം പറയുന്നു: "കരുത്തേറിയ വിപ്ലവം കൊണ്ട് പൊതുജനപ്രസ്ഥാനങ്ങളെ വളർത്തിക്കൊണ്ടുവരുകയും അത്തരം ഒരു പ്രസ്ഥാനത്തിന്റെ പിൻബലത്തോടുകൂടി പാർലമെൻറിലും നിയമസഭകളിലും ഉറച്ച ഭൂരിപക്ഷം നേടുകയും ചെയ്യുന്നതോടൊപ്പം പിൻതിരിപ്പൻശക്തികളുടെ ചെറുത്തുനിൽപ്പിനെ പരാജയപ്പെടുത്താനും ബൂർഷ്വാസിയുടെരാജ്യതാൽപ്പര്യങ്ങളെ സേവിക്കുന്ന ഉപകരണം എന്നനിലയിൽനിന്നും സാമ്പത്തിക–സാമൂഹ്യ ഭരണഘടനയിൽ മൗലികമായ പരിവർത്തനം കൊണ്ടുവരുന്നതിനും ഉള്ള ജനങ്ങളുടെ ഇഛാശക്തിയുടെ ഒരു ഭാഗമായി മാററാനും പാർലമെൻറിനേയും നിയമസഭയേയും ഉപയോഗിക്കുന്നതാണ്" വലതു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ രാഷ്ട്രീയ

....

പ്രമേയമാണ്. സർ, ഇതിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യത്തിലെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി, ശ്രീമാൻ അച്യുതമേനോനും അദ്ദേഹത്തിന്റെ പാർട്ടിയും ഐക്യമുന്നണിയിൽ ഉൾക്കൊള്ളുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും ആഗ്രഹിക്കുമ്പോൾ ഈ ഐക്യമുന്നണിയെ സമരത്തിനുവേണ്ടിയുള്ള ഉപകരണമായാണ് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി കാണുന്നത്. അതുകൊണ്ടാണ് അവർ പ്രതിപക്ഷത്തുപോയി ഇരിക്കുന്നത്. എന്റെ എസ്. എസ്. പി. സുഹൃത്തുകളോട് എനിക്കു ചോദിക്കാനുള്ളത് നിങ്ങൾ ഇതിൽ ഏതിലാണ്

വിശ്വസിക്കുന്നത് എന്നാണ്. അവരെ സംബന്ധിച്ചിടത്തോളം പ്രത്യയ
ശാസ്ത്രപരമായി ഈ രാജ്യത്തു ഉണ്ടാകേണ്ടമാററങ്ങളെസംബന്ധിച്ചിടത്തോളം
സൂഷ്മതയോടുകൂടി വിലയിരുത്തിക്കൊണ്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കു
ന്നത്. പോലീസു മർദ്ദനങ്ങളെസംബന്ധിച്ചും വെടിവയ്പ്പുകളെസംബന്
ധിച്ചും അവർ ചില പ്രസംഗങ്ങളൊക്കെ നടത്തിക്കൊണ്ടിരിക്കുകയാണ്.
ശ്രീമാൻ നമ്പൂതിരിപ്പാട് അധികാരത്തിലിരിന്നപ്പോഴും—ശ്രീമാൻ അണ്ണനും
ശ്രീമാൻ കെ.പി.ആർ. ഗോപാലനും ഇവിടെ ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കെ പി. ആർ. ഗോപാലൻ: എന്റെ പേരുപറഞ്ഞതുകൊണ്ട്
ചോദിക്കുകയാണ്. ഇതിനുകൂടി ഉത്തരം പറയണം. ഇതെല്ലാം അറിയാ
മായിരുന്നിട്ടല്ലേ നിങ്ങൾ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടിയുമായി കൂട്ടു
കൂടി ഭരിച്ചത്?

ശ്രീ. ബി. മാധവൻനായർ: ഐക്യമുന്നണിയുടെ മാനിഫെസ്റ്റോയിൽ ഇതൊന്നും ഇല്ലായിരുന്നു. ഐക്യമുന്നണി അധികാരത്തിൽ വന്നാൽ താഴെപറയുന്ന പരിപാടികൾ നടപ്പിലാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. അഞ്ചുകൊല്ലക്കാലം ഒരു ഉറച്ചഗവൺമെൻറു സംഭാവനചെയ്യും. ഒരു സൽഭരണം നടത്തും ഇതാണ് മാനിഫെസ്റ്റോ. ഇതിന്റെ മഷി ഉണങ്ങു ന്നതിനുമുമ്പാണ് നേരത്തെ ഞാൻ പറഞ്ഞ പ്രസിദ്ധീകരണങ്ങൾ ഉണ്ടായത്.

സർ, പോലീസുമായിട്ടുള്ള സംഘട്ടനത്തിൽ വർഗ്ഗീസ് മരിച്ചതാണെന്നും അല്ല കൊന്നതാണെന്നും ഇവിടെ വാദപ്രതിവാദങ്ങൾ നടന്നു. എന്നാൽ പുൽപ്പള്ളി തലശ്ശേരി സംഭവം നടക്കുമ്പോൾ ശ്രീമാൻ ഇ. എം. എസ്. നമ്പൂതിരിപ്പാടും അദ്ദേഹത്തിന്റെ പാർട്ടിയുടെ നേതാവ് ശ്രീമാൻ എ. കെ. ഗോപാലനും ചെയ്ത പ്രസ്താവനകളുണ്ട്. 27–11–1968–ൽ ശ്രീമാൻ എ. കെ. ഗോപാലൻ മദ്രാസിൽവച്ചു ചെയ്ത ഒരു പ്രസ്താവന ഇൻഡ്യൻ എക്സ്പ്രസ്സിൽ വന്നിട്ടുണ്ട്. അത് ഇതാണ്:

There is the hand of the Central Intelligence backed by Home Minister Mr. Y. B. Chavan behind the incidents at Tellicherry and Pulpally.

അതു നിഷേധിച്ചിട്ടില്ല സർ. ശ്രീ. നമ്പൂതിരിപ്പാട് ഭരിക്കുമ്പോൾ വർഗ്ഗീസ് നടത്തുന്ന സമരം ചവാന്റെയും കേന്ദ്ര ഇൻറലിജൻസിന്റെയും പിന്തുണയോടു കൂടിയാണെങ്കിൽ ഇപ്പോൾ വർഗ്ഗീസ് നടത്തുന്നസമരം നക്സലൈററ് സമര മായി വ്യാഖ്യാനിക്കപ്പെട്ടു. ഈ രണ്ടു വ്യാഖ്യാനങ്ങളും എങ്ങനെ പൊരുത്ത പ്പെടും? നമ്പൂതിരിപ്പാട് ഭരിക്കുമ്പോൾ ഗൂഢാലോചനകളുടെ പ്രവാഹ മായിരുന്നു. അന്നു ഗൂഢാലോചന നടത്തിയവരുടെ പേരുകൾ പത്രങ്ങളിൽ വന്നിട്ടുമുണ്ട്. ഐ. ജി. ഗോപാലൻ ഗൂഢാലോചന നമ്പർ 1, ടി. വി. തോമസ് ഗൂഢാലോചന നമ്പർ. 2, സെൻട്രൽ ഇൻറലിജൻസ് ഗൂഢാലോചന നമ്പർ 3, അങ്ങനെ എവിടെയെങ്കിലും ഗൂഢാലോചന നടത്തിയാലും എവിടെ യെങ്കിലും ലാത്തിച്ചാർജ് നടന്നാലുമൊക്കെ അതു കേന്ദ്രത്തിന്റെ ഗൂഢാ ലോചനയാണ്. കോസലരാമദാസ് സമരം ചെയ്താലും കെ. പി. ആർ. സമരംചെയ്താലും അണ്ണൻ സമരംചെയ്താലുമെല്ലാം കേന്ദ്രത്തിന്റെ ഗൂഢാ ലോചനയായിമാത്രമേ വ്യാഖ്യാനിക്കപ്പെടുകയുള്ളു. അച്യുതമേനോൻഗവൺ മെൻറു സൽഭരണംനടത്തുമ്പോൾ മാർക്സിസ്റ്റുകാരുടെ പൊളിററിക്കൽ തീസിസ് ചോദ്യംചെയ്യപ്പെടുമെന്നുള്ളതുകൊണ്ടാണ് അച്യുതമേനോനെ താഴെ യിറക്കണമെന്ന് ആവശ്യപ്പെടുന്നത്. പാർലമെൻററി ഡെമോക്രസിയിൽക്കൂടി മുസ്ലീംലീഗ്, കേരളകോൺഗ്രസ്, ഐ. എസ്. പി. തുടങ്ങിയ സംഘടിത ശക്തികളുടെ ആഭിമുഖ്യത്തിൽ ആർ. എസ്. പി. യുടെ സഹായത്തോടുകൂടി ഒരു സൽഭരണം സംഭാവനചെയ്തപ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ ഏൽ

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടിവരുന്നത് കേരളത്തിലെ മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടിയുടെ പൊളിററിക്കൽ ലൈൻ ഓഫ് അപ്രോച്ച് ആയിരിക്കുമെന്നുള്ളതുകൊണ്ട് അച്യുതമേനോൻഗവൺമെൻറിനെ തകർക്കുന്നതിനുവേണ്ടി ഏതു ഹീനമായ മാർഗ്ഗങ്ങളും ഉപയോഗിച്ച് ആരെയും ആലിംഗനംചെയ്യാൻ അവർ ഒരുമ്പെട്ടിരിക്കുകയാണ്. സർ, രാമായണത്തിൽ മാരീചൻെറ കഥയുണ്ട്. മാരീചനാകുന്ന രാക്ഷസൻ പൊൻമാൻെറ വേഷംകെട്ടി സീതയുടെ മുന്നിൽ പോയിനിന്നു. മാർക്സിസ്ററുപാർട്ടി എസ്. എസ്. പി. ബദൽഗവൺമെൻറാകുന്ന പൊൻമാനായി എസ്. എസ്. പി. നേതാക്കളായ ശിവരാമഭാരതിയുടെയും അബുസാഹിബ്ബിൻെറയും മററു ചില സ്വതന്ത്രൻമാരുടെയും മുമ്പിൽനിന്നു തത്തിക്കളിക്കുകയാണ്. അറിയാതെ നിങ്ങൾ അതിൻെറ പിന്നാലെ പോകുമ്പോൾ അധികംതാമസിയാതെതന്നെ ആ മാരീചൻെറ സ്വരൂപം നിങ്ങൾക്കു കാണാൻസാധിക്കും. നിങ്ങൾ അഖിലേന്ത്യയാണ്, കൊച്ചുകേരളത്തിലുള്ളതൊന്നുമല്ല എന്നു നിങ്ങൾ പറഞ്ഞു. ഞങ്ങൾ ഈ കേരളത്തിലുള്ളവരാണ്. ഞങ്ങൾ ഇതെല്ലാം പഠിക്കാറുണ്ട്, പ്രത്യയശാസ്ത്രപരമായി നോക്കാറുണ്ട്.

ശ്രീ. കെ. കെ. അബു: 6 പേരുടെ അംഗസംഖ്യയുള്ള ആർ. എസ്. പി. യിലെ ദിവാകരനെ സഭാനേതാവായി ഇരുത്തിയതിൻെറ ഉദാഹരണമായിട്ടാണോ നിങ്ങൾ ഈ പറയുന്നത്? നിങ്ങൾക്കെന്തു പ്രത്യയശാസ്ത്രമാണ്?

ശ്രീ. ബി. മാധവൻനായർ: ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രബന്ധങ്ങൾ നിഷേധിക്കാൻസാധിക്കാത്ത സത്യങ്ങളുൾക്കൊള്ളുന്നവയാണ്. ഞാനീപ്പറഞ്ഞത് ഞാനീപ്പറഞ്ഞ കക്ഷികളും ഞങ്ങളുംകൂടി എഴുതിയുണ്ടാക്കിയതല്ല. ഇ. എം. എസ്സും അഴിക്കോടനുമൊക്കെ ചേർന്ന് എഴുതിയുണ്ടാക്കിയ മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലാണ്. ഞാൻ പറഞ്ഞത്, ഞങ്ങളുടെ പാർട്ടിയും മാർക്സിസത്തിലും ലെനിനിസത്തിലും വിശ്വസിക്കുന്ന പാർട്ടികളും വിശ്വസിക്കാത്ത പാർട്ടികളുംതമ്മിൽ എഴുതി ഒപ്പുവച്ച മിനിമം പരിപാടിയുടെ കാര്യമാണ്. അതിൻെറ അടിസ്ഥാനത്തിൽ ശ്രീ. ടി. കെ. ദിവാകരനെ സഭാനേതാവായി എടുത്തിട്ടുണ്ട്. ഈ രാജ്യത്തെ തൊഴിലാളികളുടെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ വേണ്ടിയാണ് ഈ ഗവൺമെൻറു അധികാരത്തിലിരിക്കണമെന്നാഗ്രഹിക്കുന്നത്. ഈ മുന്നണിയെസംബന്ധിച്ചിടത്തോളം അവരെ അധികാരസ്ഥാനത്തിരുത്താതെ മാററണമെന്നാഗ്രഹിക്കുന്ന ആളുകൾ മറുഭാഗത്ത് കാണും. രാജ്യത്തുടനീളം പ്രചാരവേല നടത്തുന്നതിന് വിധേയമായി പ്രവർത്തിക്കുന്നു ഈ ഗവൺമെൻറ് എന്ന് ഡാ. പി. കെ. സുകുമാരൻ പ്രസംഗിക്കുകയുണ്ടായി. ഈ ഗവൺമെൻറ് യാതൊരു നൻമയും ചെയ്തിട്ടില്ല, ജനക്ഷേമകരമായി യാതൊന്നും പ്രവർത്തിച്ചിട്ടില്ല, എന്നെല്ലാം പ്രസ്താവിക്കുകയുണ്ടായി. എന്നാൽ മാർക്സിസ്ററുപാർട്ടി മന്ത്രിമാർക്ക് ജനങ്ങൾക്കു നൻമചെയ്യാൻ സാധിക്കുകയില്ലെന്നു ഞാനിവിടെ വായിച്ച എഴുതിവച്ച പ്രസിദ്ധീകരണങ്ങളെക്കുറിച്ച് ഡാ. സുകുമാരന് എന്താണു പറയാനുള്ളത്? അച്യുതമേനോൻ ജനങ്ങൾക്കു നൻമചെയ്തിട്ടില്ല. എന്നാൽ ഇ. എം. എസ്. ജനങ്ങൾക്കു നൻമചെയ്യാതിരുന്നത് പ്രത്യയശാസ്ത്രപരമായിട്ടാണെന്ന വാദമുഖങ്ങളുമായി പാർട്ടി അണികളിൽ തുടരുകയും അവരുടെയിടയിൽ തെററിദ്ധാരണപരത്തുകയുംചെയ്യുന്ന സംപ്രദായം ശരിയായിരിക്കുകയില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ഈ രാജ്യത്ത് ശ്രീ. അച്യുതമേനോൻെറ നേതൃത്വത്തിലുള്ള ഗവൺമെൻറ് ഒരു സൽഭരണം നടപ്പിലാക്കുന്നു. പ്രത്യേകിച്ചും പടിപടിയായി പാർലമെൻററി ഡെമോക്രസിയിൽക്കൂടി സോഷ്യലിസ്ററുസാമൂഹ്യ

LIBRARY ARCHIVES Kerala Legislative Assembly

ക്രമം കെട്ടിപ്പെടുക്കുന്നതിനുവേണ്ടി ഈ രാജ്യത്തെ ഭരണകൂടത്തെയും ജനങ്ങളെയും നയിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ആർക്കും നിഷേധിക്കാൻസാധിക്കാത്ത വസ്തുതയാണ്. കൂട്ടുത്തരവാദിത്വത്തോടുകൂടി ഓരോ കക്ഷികളുടെയും താല്പര്യങ്ങൾ എന്തുതന്നെയായിരുന്നാലും ഈ മന്ത്രിസഭ പരസ്പരം ആരോപണമില്ലാതെ അജയ്യമായ ശക്തിയായി നിൽക്കുകയാണ്. ഈ ഗവൺമെൻറിനെതിരായി ഈ ഗവൺമെൻറ് സത്യപ്രതിജ്ഞചെയ്ത പിറേറദിവസം നിയമസഭ വിളിച്ചുകൂട്ടണം ഇവർക്കു ഭൂരിപക്ഷമില്ല എന്നു പ്രക്ഷോഭണം നടത്തി. അതു വേറൊരു പൊളിററിക്കൽ ലൈൻ ഓഫ് അപ്രോച്ചാണ്. ഈ രാജ്യത്തെ ജനങ്ങൾക്കു ഉറച്ച വിശ്വാസമുണ്ടാകുമ്പോൾ അവരുടെ ഹൃദയങ്ങളിൽ ചാഞ്ചല്യങ്ങൾ കടത്തിക്കൂട്ടുന്നതിനുവേണ്ടി അവർ ഈ രാജ്യത്തുള്ള എല്ലാ പാർട്ടി അണികളിലും എല്ലാ പ്രചാരവേലകളും സംഘടിപ്പിച്ചു. ഈ എം. എൽ. എ. അപ്പുറത്താണ് ആ എം.എൽ.എ. അപ്പുറത്താണ്, അപ്പുറത്താണ്, അപ്പുറത്താണ് എന്നെല്ലാം ഈ രാജ്യത്തുടനീളം പ്രസംഗിച്ചുനടന്നു. നിയമസഭ കൂടി വോട്ടെടുത്തപ്പോൾ ഭൂരിപക്ഷമില്ലായിരുന്നോ? അതുപോലെ ഈ വിശ്വാസപ്രമേയം പാസാകും എന്നും വിശ്വാസപ്രമേയത്തിനു ഭൂരിപക്ഷമുണ്ടായിരിക്കുമെന്നും ശ്രീ. നമ്പൂതിരിപ്പാടിനറിയാം. പക്ഷേ അങ്ങനെയല്ലെന്ന് പാർട്ടി അണികളിൽ പ്രചരിപ്പിക്കുകയാണ്. 23-ാം തീയതി ശ്രീ. അച്യുതമേനോൻ പൊളിഞ്ഞുപോകും ഈ ഗവൺമെൻറിന് സ്റെറബിലിററി ഇല്ലെന്ന് ഇവിടത്തെ എം. എൽ. എ. മാരുടെയിടയിൽ ഒരു ചിന്ത പ്രചരിപ്പിക്കുകയും ഈ രാജ്യത്തെ ഭരണകൂടത്തെ അനുകൂലിക്കുന്ന ഭൂരിപക്ഷം ജനങ്ങളുടെ വികാരങ്ങളെമാററിമറിക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള ദുരുദ്ദേശപരമായ രാഷ്ട്രീയ ഗൂഢാലോചനയുടെ ഒരു പ്രചരണമാണ് ഈ രാജ്യത്ത് അഴിച്ചുവിട്ടിരിക്കുന്നത്. അല്ലാതെ അച്യുതമേനോൻെറ ഗവൺമെൻറ് 23-ാം തീയതി കഴിയുമ്പോൾ മറിഞ്ഞുപോകണമെന്ന് ആത്മാർത്ഥമായും ഹൃദയത്തിൽ കൈവച്ചുകൊണ്ടു പറയുകയാണെങ്കിൽ ശ്രീ. നമ്പൂതിരിപ്പാട് ആഗ്രഹിക്കുന്നില്ലായിരിക്കും. പക്ഷേ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ഈ ഗവൺമെൻറിൽ പങ്കാളികളാകുന്നകാലത്തോളം ഈ ഗവൺമെൻറിനെ കാത്തുസൂക്ഷിക്കേണ്ട ചുമതലയുണ്ട്. മാർക്സിസ്ററുപാർട്ടി രൂപീകരിച്ച ഐക്യമുന്നണിയിൽ ഞങ്ങൾ പങ്കാളികളായതും ഇപ്പോൾ ഈ മുന്നണിയിൽ പങ്കാളികളായിരിക്കുന്നതും മാർക്സിസ്ററുപാർട്ടിയുടെയോ സി. പി. ഐ. യുടെയോ പ്രത്യേക നയപരിപാടികൾമാത്രം കേട്ടുകൊണ്ടല്ല. നേരേമറിച്ചു ഭരണകൂടത്തെ പാർലമെൻററി ഡെമോക്രസിയിൽക്കൂടി എങ്ങനെ ഉപകാരപ്രദമായി നയിക്കാൻസാധിക്കുമെന്ന് ഈ രണ്ടുകൂട്ടരും ഞങ്ങൾക്കു നൽകിയ വാഗ്ദാനത്തിൻെറ അടിസ്ഥാനത്തിലാണ്. അതിനുവേണ്ടി അങ്ങേയററം ത്യാഗം സഹിച്ചും ഒരു സൽഭരണംനടത്തിക്കൊണ്ടുപോകുന്ന അച്യുതമേനോൻെറ ഗവൺമെൻറിനെ നിലനിറുത്തുക എന്നുള്ളത് ഈ നിയമസഭയിലെ പാർലമെൻററി ഡെമോക്രസിയിൽ വിശ്വസിക്കുന്ന എല്ലാ എം. എൽ. എ. മാരും എല്ലാ കക്ഷികളും പ്രത്യേകിച്ച് ശ്രീമാൻ അണ്ണനും കെ. പി. ആറും ആത്മാർത്ഥമായി ഈ ഗവൺമെൻറിനെ പിന്താങ്ങണമെന്നു ഞാനാഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഞാൻ ഈ വിശ്വാസപ്രമേയത്തെ ശക്തിയായി എതിർക്കുന്നു. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് മുഖ്യമന്ത്രി പ്രസംഗിച്ചപ്പോൾ ഈ ഗവൺമെൻറിൻെറ ഇതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഈ വിശ്വാസപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. സർ, ഈ ഗവൺമെൻറിൻെറ ഇതുവരെയുള്ള പ്രവർത്തനംകൊണ്ടുതന്നെ ഈ പ്രമേയത്തെ പരാജയപ്പെടുത്തണമെന്നാണ് ഞാനഭ്യർത്ഥിക്കുന്നത്. ഇതുവരെയുള്ള പ്രവർത്തനങ്ങളെ വിശ

LIBRARY ARCHIVES Kerala Legislative Assembly

കലനംചെയ്തുകൊണ്ട് കാർഷികപരിഷ്കരണനിയമം നടപ്പിലാക്കി, അതുപോലെതന്നെ മററുപല കാര്യങ്ങളും അതായത് ഭൂവിതരണം, പട്ടയവിതരണം തുടങ്ങിയ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ ഗവൺമെന്റ് നിലനിൽക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. സർ, ഈ ഗവൺമെന്റ് ഒരു നിമിഷംപോലും നിലനിൽക്കാൻ അവകാശമില്ലാത്ത ഗവൺമെന്റാണെന്നു ഞാൻ ഊന്നിപ്പറയുകയാണ്. അതിന്റെ കാരണം ജനകീയ സമരങ്ങളോടും ജനങ്ങളുടെ ആവശ്യങ്ങളോടും ഈ ഗവൺമെന്റ് എടുക്കുന്ന നയംതന്നെയാണ്. ജനകീയസമരങ്ങളും ആവശ്യങ്ങളും — മററും അടിച്ചമർത്തുന്നതിവേണ്ടി ഈ ഗവൺമെന്റു പോലീസിനെ ഉപയോഗിക്കുന്നു എന്നുള്ളതാണ് ഞങ്ങളുടെ ശക്തിയായ ആക്ഷേപം. ഈ ആക്ഷേപമല്ലാതെ മറെറാരാക്ഷേപവും ഞങ്ങൾക്കു പറയാനില്ലെന്നാണ് ഭരണകക്ഷിയിലുള്ള പല അംഗങ്ങളും പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഉണ്ടായിട്ടുള്ള പോലീസുമർദ്ദനത്തെപ്പററി ചോദിച്ചപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ നയംതന്നെയാണ് ഈ ഗവൺമെന്റും തുടരുന്നതെന്നു പറഞ്ഞു. എങ്കിലും ഈ രണ്ടുനയത്തിന്റെയും വ്യത്യാസം ജനങ്ങൾക്കു വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഇ. എം. എസിന്റെ പോലീസ് നയത്തെ ശക്തിയായി എതിർക്കുകയും ഈ രാജ്യത്ത് ജീവനും സ്വത്തിനും ജനങ്ങൾക്കും രക്ഷയില്ലെന്നു മുറവിളികൂട്ടിയ പിന്തിരിപ്പൻപത്രങ്ങളും നിക്ഷിപ്ത താല്പര്യക്കാരും അന്നത്തെ പോലീസുനയത്തിൽ മാററം വന്നിട്ടുള്ളതുകൊണ്ട് ഈ ഗവൺമെന്റിനെ അനുകൂലിക്കുന്നുണ്ട്. അപ്പോൾ പോലീസുനയത്തിൽ വ്യക്തമായ മാററം വന്നിരിക്കുന്നു എന്നുള്ളതു വ്യക്തമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് അഭിനന്ദനമർഹിക്കുന്നു എന്നുമാണ് പിന്തിരിപ്പൻമാരും ഈ ഗവൺമെന്റിനെ പിന്താങ്ങുന്നവരും പറയുന്നത്. ആ ഒരൊററക്കാരണംകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റു ജനമർദ്ദന ഗവൺമെന്റാണെന്നും മുൻ ഗവൺമെന്റിന്റെ തുടർച്ചയല്ലെന്നും ഞങ്ങൾ പറയുന്നത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെത്തന്നെ ഞാൻ സാക്ഷിയായി അവതരിപ്പിച്ചിരിക്കുകയാണ്. ശ്രീ. സി. അച്യുതമേനോൻ 28 മാസത്തെ കമ്മ്യൂണിസ്ററു ഭരണം എന്ന ഒരു പുസ്തകം എഴുതി. 1959 ഒക്ടോബറിൽ 5000 കോപ്പി അച്ചടിച്ചു വിതരണംചെയ്തതാണ്. വില 30 നയാപൈസ. അന്ന് ഞങ്ങളെല്ലാവരും ഒരുമിച്ചായിരുന്നു. ആ പുസ്തകത്തിന്റെ അവസാനത്തെ പാരഗ്രാഫ് പോലീസുനയത്തെക്കുറിച്ചുള്ളതാണ്. അതു ഞാൻ വായിക്കാം. ''അവസാനമായി പറയാനുള്ളത് പ്രാധാന്യത്തിൽ അവസാനമാണെന്നു അഭിപ്രായമില്ല—കമ്മ്യൂണിസ്ററു ഗവൺമെന്റിന്റെ പോലീസുനയം തന്നെയാണ്, ആരെല്ലാം എന്തെല്ലാം ആക്ഷേപിച്ചാലും എന്തെന്തു പരിമിതികളും കുറവുകളും ഉണ്ടായിരുന്നാലും മർദ്ദിതരെയാകെ ഏഴകളെയാകെ തൊഴിലാളികളെയും കർഷകരെയും പാവപ്പെട്ടവരെയും, അഡ്രസില്ലാത്തവരെയുമെല്ലാം ഒന്നു പിടിച്ചെഴുന്നേൽപ്പിച്ചു നിറുത്താനും ആത്മാഭിമാനത്തോടുകൂടി തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കാനും സമരംചെയ്യാനുമുള്ള തന്റേടവും കരുത്തും അത് അവർക്ക് ഉണ്ടാക്കിക്കൊടുത്തു. തൊഴിലാളിയേയും പാവപ്പെട്ടവനെയും സാധാരണക്കാരനെയും മനുഷ്യനാക്കി ഉയർത്തി. മറെറാന്നുമില്ലെങ്കിലും ഇതുമാത്രംമതി കമ്മ്യൂണിസ്ററു ഗവൺമെന്റിനെ കേരളത്തിലെ പാവപ്പെട്ടവരുടെ ഹൃദയങ്ങളിൽ എന്നെന്നും നിലനിറുത്താൻ.'' എന്ന് സഖാവ് ശ്രീ. സി. അച്യുതമേനോൻ എഴുതിയിട്ടുണ്ട്. ഇങ്ങനെ എഴുതിയ അച്യുതമേനോൻ ഇപ്പോൾ അദ്ദേഹത്തിന്റെ പോലീസ്നയത്തിൽ മാററം വരുത്തിയിരിക്കുകയാണ്. സമരങ്ങളെ അടിച്ചമർത്താൻവേണ്ടി പോലീസിനെ ഉപയോഗിക്കാൻ തുടങ്ങി. പിന്തിരിപ്പൻമാർക്കുണ്ടായിരുന്ന ആക്ഷേപം ഇ. എം. എസിന്റെ ഭരണകാലത്ത് കമ്മ്യൂണിസ്ററു ഗവൺമെന്റിന്റെ കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

പോലീസിനെ ഉപയോഗിക്കുന്നില്ല എന്നുള്ളതായിരുന്നു. ആ അഭിപ്രായം ഇന്നു മാറി. അന്ന് ആക്ഷേപിച്ചിരുന്നവരും ഇന്ന് ഈ ഗവൺമെൻറിനെ പിന്താങ്ങാൻ തുടങ്ങിയിട്ടുണ്ട്. പോലീസ് മർദ്ദനം സാധാരണഗതിയിലുള്ള പോലീസ്മർദ്ദനമല്ല.

സർ, ഇവിടെ ഒരു കാർഷികപരിഷ്കരണനിയമം നടപ്പാക്കി. എങ്ങിനെയാണ് ഇവിടെ നിയമം നടപ്പാക്കിയത്? നിയമത്തിൽ പറയുന്ന 10 സെൻറ് കിട്ടുന്നതിനുവേണ്ടി ചില കാലുകൾ നാട്ടിയെന്നുള്ളതിൻെറപേരിൽ മാത്രം പതിനായിരക്കണക്കിനാളുകളുടെ പേരിൽ കേസെടുക്കുകയല്ലേ ചെയ്തത്? പറമ്പുടമസ്ഥൻമാർ ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന ആളുകളെ പിടിച്ചുകൊണ്ടുപോയി അതിഭയങ്കരമായി മർദ്ദിച്ചു. ഈ പതിനായിരക്കണക്കിനാളുകളുടെ പേരിൽ കേസെടുത്തതിനെസംബന്ധിച്ചൊന്നും ഒരൊററ അക്ഷരവും പറയുന്നില്ല.

ശ്രീ. ചാത്തുണ്ണിമാസ്ററർ പറഞ്ഞ നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ ഇംപ്ലിമെൻേറഷൻ കമ്മിററിയുടെ മുമ്പിൽ വച്ച നിർദ്ദേശമനുസരിച്ച് കൂടിയാലോചനകൾക്കുള്ള ഏർപ്പാടുകൾ ഉണ്ടാക്കി. അതിനെയും നിങ്ങൾ എതിർക്കുന്നുവെന്നാണ് പറഞ്ഞത്. ശ്രീ. ചാത്തുണ്ണിമാസ്റററുടെ നിർദ്ദേശം തന്നെ എന്താണ്? ഭൂവുടമകളും കുടികിടപ്പുകാരും തമ്മിലുള്ള തർക്കം ബന്ധപ്പെട്ട കക്ഷികൾ വഴി പറഞ്ഞുതീർക്കണമെന്നായിരുന്നു. ആ നിർദ്ദേശം അന്നു സ്വീകരിച്ചില്ലെന്നു മാത്രമല്ല വളച്ചു കെട്ടിയവർക്കെതിരായി ഭയങ്കരമായ തോതിൽ മർദ്ദനങ്ങൾ അഴിച്ചുവിട്ടു. മുമ്പുണ്ടായിരുന്ന നമ്മുടെ ലോക്കപ്പ് മർദ്ദനങ്ങളെക്കാൾ ഭയങ്കരമായ തോതിലുള്ള ലോക്കപ്പ് മർദ്ദനങ്ങൾ നടത്തി. തിലകപ്പൻ എന്ന കുടികിടപ്പുകാരനെ ഗുണ്ടകൾകുത്തിക്കൊന്നു. ഇതുപോലെയെല്ലാം ഉണ്ടായതിനുശേഷം ആ സമരത്തെ അടിച്ചമർത്താൻ കഴിയുകയില്ലെന്ന് കണ്ടപ്പോൾ മാത്രമാണ് ഗവൺമെൻറ് ഉഭയകക്ഷികളെ വിളിച്ച് കൂടിയാലോചനയ്ക്കു വേണ്ടി കളക്ടർക്ക് നിർദ്ദേശം കൊടുത്തത്. അതിനുമുമ്പ് ആ നിർദ്ദേശം നടപ്പിലാക്കിയിരുന്നില്ല. ആ നിർദ്ദേശം നടപ്പിലാക്കിയതാണെങ്കിലോ കുടികിടപ്പിന് അപേക്ഷ കൊടുക്കുക, അപേക്ഷയിൻമേൽ കാര്യമായ തീരുമാനമെടുക്കുക, നിയമപരമായി മാത്രം ചെയ്യേണ്ട കാര്യം വളച്ചുകെട്ടി എടുക്കുന്നതു ശരിയല്ല എന്നാണ് പറയുന്നത്. കൂടിയാലോചനയിലൂടെ പ്രശ്നം പരിഹരിക്കാമെന്ന് ശ്രീമതി ഗൗരിയമ്മയ്ക്ക് നിയമപുസ്തകത്തിൽ എഴുതിച്ചേർക്കാമായിരുന്നില്ലേ എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചത്. കൂടിയാലോചനവഴി പ്രശ്നം ഒതുക്കി തീർക്കുന്ന കാര്യത്തിൽ എതിരായിരുന്നു. പെററീഷൻ കൊടുത്തത് അതിൻെറ അടിസ്ഥാനത്തിൽ തീർക്കുവാൻ കഴിയുമായിരുന്നു. ഈ കാര്യത്തിൽ ശ്രീ. സി. അച്യുതമേനോൻതന്നെ 'കേരളത്തിലെ സങ്കരഭരണത്തിൻ കീഴിൽ' എന്നു പറയുന്ന ഒരു ലഘുലേഖയിൽ അന്ന് കാർഷികനിയമം നടപ്പിൽ വരുത്തുന്ന കാര്യത്തിൽ അപേക്ഷ കൊടുക്കുന്നതിനെ സംബന്ധിച്ച് എഴുതിയിട്ടുള്ള ഒരു ഭാഗം വായിക്കാം.

''ഇക്കണക്കിന് പോയാൽ കൊല്ലങ്ങളല്ല (അതായത് അപേക്ഷ കൊടുത്തു ആ രീതിയിൽ പോയാൽ) ദശകങ്ങളുമല്ല, ശതകങ്ങൾതന്നെ വേണ്ടിവരും നിയമം നടപ്പിലായിക്കിട്ടാൻ. നിയമം നടപ്പിലാക്കുന്നതിനുള്ള ഇത്തരം വിഷമങ്ങൾ പരിഹരിച്ചു കിട്ടുക എന്നതായിരുന്നു ഈയിടെ നടന്ന കർഷകസമരത്തിൻെറ പ്രധാന ആവശ്യങ്ങളിൽ ഒന്ന്. സമരത്തിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളും മററു വിശദാംശങ്ങളും പൊതുജനങ്ങളുടെ മനസ്സിൽ ഇപ്പോഴും പച്ചയായി കിടക്കുന്നുണ്ടാകുമെന്നുള്ളതുകൊണ്ട് വിസ്തരിച്ച് പ്രതിപാദിക്കുവാൻ ഞാൻ ശ്രമിക്കുന്നില്ല. ഏതായാലും നാൽപ്പത്തിയൊന്നു ദിവസം നീണ്ടു നിന്നതും എഴുപത്തയ്യായിരത്തോളം ആളുകൾ ജയിൽവാസം വരിക്കാൻ ഇടയായതു

LIBRARY ARCHIVES Kerala Legislative Assembly

മായ ഒരു ഗംഭീരസമരം വേണ്ടി വന്നു, സർക്കാരിനെക്കൊണ്ട് അതിൽ ചില കാര്യങ്ങൾ അംഗീകരിപ്പിക്കുവാൻ എന്നത് ഈ ഗവൺമെന്റിന്റെ കർഷകപ്രേമത്തെയല്ല കാണിക്കുന്നത് തീർച്ച.'' ഇത് അന്ന് അദ്ദേഹം എഴുതിയിട്ടുള്ള ലഘുലേഖയാണ്. സർ, കർഷകപ്രേമത്തിന്റെ ആ അളവുകോൽ വച്ചുതന്നെ ഈ ഗവൺമെന്റിന്റെ കർഷകപ്രേമത്തെ അളക്കാൻ അദ്ദേഹം തയാറുണ്ടോ? നിയമം നടപ്പാക്കിക്കിട്ടുന്നതിനു വേണ്ടി സമരം നടത്തിയ 75,000 പേർ ജയിലിൽ പോയതിനെപ്പറ്റിയാണ് അദ്ദേഹം സൂചിപ്പിച്ചത്. ഇന്നാണെങ്കിലോ നിയമത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് ശ്രമിക്കുമ്പോൾ അവർ തല്ലുകൊണ്ട് ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുകയാണ്. ബലാൽസംഗം സാർവ്വത്രികമായിരിക്കുന്നു. വീട്ടിൽ കിടന്നുറങ്ങുന്ന സ്ത്രീകളെ മർദ്ദിക്കുന്ന സ്ഥിതിവരെ വന്നു. കുടികിടപ്പുകാരന് ഗുണ്ടകളുടെ മർദ്ദനം ഏൽക്കേണ്ടിവന്നു. മുപ്പതിനായിരം ആളുകളെ കേസിൽ പ്രതികളായി കുടുക്കിയിരിക്കുകയാണ്. അന്ന് അറസ്റ്റു ചെയ്തു വിട്ടു. കേസ് ചാർജ്ജു ചെയ്തിട്ടില്ല. ആ സമരത്തെപ്പറ്റിയാണ് അദ്ദേഹം സൂചിപ്പിക്കുന്നതെങ്കിൽ ഈ നിയമം നടപ്പിലാക്കുന്നതിന് ഇപ്പോൾ വേണ്ടിവന്നിട്ടുള്ള സമരത്തെപ്പറ്റി ഒന്നു പിന്തിരിഞ്ഞു നോക്കുക. അന്നത്തെ അച്യുതമേനോനിലും ഇന്നത്തെ അച്യുതമേനോനിലും വന്നിട്ടുള്ള മാററമാണോ അതോ സമരത്തിൽ വന്നിട്ടുള്ള മാററമാണോ എന്നു പരിശോധിച്ചുനോക്കേണ്ടതാണെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. പോലീസിനെ ഉപയോഗിച്ചത് ജനങ്ങളുടെ സമരം അടിച്ചമർത്താൻവേണ്ടിയാണ്. ജനങ്ങളുടെ സമരങ്ങൾ അടിച്ചമർത്താൻ പോലീസിനെ ഉപയോഗിക്കുകയില്ലെന്ന് പറഞ്ഞതാണ് അന്നത്തെ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട നേട്ടം. ഈ ഒരൊററക്കാരണംകൊണ്ട്, എന്തെല്ലാം കുഴപ്പങ്ങൾ ഉണ്ടായിയെങ്കിലും അതെല്ലാം പരിഹൃതമായിത്തീരുമെന്ന് പ്രഖ്യാപനം നടത്തിയ അച്യുതമേനോനാണ് സമരം നടത്തിയ ഞങ്ങളെ ആക്ഷേപിക്കുന്നത്. ട്രാൻസ്പോർട്ട് സമരം നടത്തിയതിന്റെ പേരിലും ഞങ്ങളെ ആക്ഷേപിക്കുന്നു. ഈ ആക്ഷേപത്തിനടിസ്ഥാനം ഞങ്ങൾ ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള കൂട്ടുകെട്ടാണ് എന്നുള്ള ഭാഗത്തേക്ക് ഞാൻ കടക്കുന്നില്ല. ഏതായാലും ഈ ഗവൺമെൻറ് നടത്തിയിട്ടുള്ള മർദ്ദനങ്ങളുടെ പേരിൽ ഈ വിശ്വാസപ്രമേയം പരാജയപ്പെടുത്തണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഗവൺമെന്റിന് ഭൂരിപക്ഷമുണ്ടോ ഇല്ലയോ എന്ന് തെളിയിക്കാൻ സമയം വരുമ്പോൾ തെളിയിക്കും, എന്നു പറഞ്ഞ ഗവർണ്ണറുടെ പ്രസംഗത്തിന്റെ വോട്ടിംഗിന്റെകാര്യം അദ്ദേഹം ഇവിടെ പറഞ്ഞു. ജനാധിപത്യപിൻതുണയുടെ ഫലമാണെന്ന് അദ്ദേഹം അവകാശപ്പെട്ടു. 73 പേരുടെ പിന്തുണയോടുകൂടി ഭരണം തുടങ്ങിയതിനുശേഷം ഇപ്പോൾ സ്ഥിതിഗതികൾ എവിടെ നിൽക്കുന്നു? ആ പിന്തുണനൽകിയ ആളുകൾ പരസ്യമായി പിന്തുണ പിൻവലിച്ചുകൊണ്ടു പ്രഖ്യാപിച്ചത് ഈ ഗവൺമെന്റിന് അര നിമിഷംപോലും നില നിൽക്കാൻ പാടില്ലെന്നാണ്. അന്ന് ഭൂരിപക്ഷമുണ്ടാക്കാൻവേണ്ടി എന്തെല്ലാം ഇവിടെ നടന്നുവെന്നും ഇപ്പോൾ ഈ പ്രമേയം പാസാക്കിയെടുക്കുവാൻ എന്തെല്ലാം ചെയ്യുന്നുവെന്നും ഈ രാജ്യത്തെ ജനങ്ങൾക്കറിയാം. അന്ന് നിയമസഭ വിളിച്ചുകൂട്ടണമെന്നാവശ്യപ്പെട്ടപ്പോൾ ഭൂരിപക്ഷമുണ്ടാക്കാനായി നിയമസഭ നീട്ടിക്കൊണ്ടുപോയി ഓടിനടക്കുകയായിരുന്നു. അതിനുവേണ്ടി മന്ത്രിസ്ഥാനം വരെ വാഗ്ദാനം ചെയ്തു. ആ മന്ത്രിസ്ഥാനങ്ങൾ ലംഘിച്ചതായി പരസ്യമായി ആരോപണങ്ങൾ ഉണ്ടായിരിക്കുന്നു. ഇപ്പോഴാണെങ്കിൽ കഥയുടെ സമയമാണ്. ചില കഥകളാണ് ഓർമ്മവരുന്നത്. 'നാഷണൽ കുഞ്ഞുലക്ഷ്മികൾ' എന്ന പേരിൽ ശ്രീ. പന്തളം കെ. പി. എഴുതിയ ഒരു കഥയുണ്ട്. നാഷണൽ കുഞ്ഞുലക്ഷ്മിയുടെ കാലത്ത് കാശിക്ക് പോകുന്നവർ നടന്നാണ് പോകുന്നത് എന്നാണ് പറയുന്നത്. കുഞ്ഞുലക്ഷ്മിയുടെ ഭർത്താവ് എല്ലാ കൊല്ലവും കാശിക്ക് പോകും. കുഞ്ഞുലക്ഷ്മിക്കുംകൂടി കാശിക്കു പോകാൻ ഒരാഗ്രഹം.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോഠം ഭർത്താവ് പറഞ്ഞു പോകുന്ന വഴിക്ക് കടുവായും മററും ഉണ്ട് അതുകൊണ്ട് നീ ഇപ്പോഠം വരണ്ട. നിങ്ങളെ ശുശ്രൂഷിക്കുന്നതിന് ഭാര്യവരാതെ പററുമോ എന്നായി കുഞ്ഞുലക്ഷ്മി. ഏതായാലും കുഞ്ഞുലക്ഷ്മിയെ ഭർത്താവ് കൊണ്ടുപോയില്ല. എല്ലാ കൊല്ലവും ഇദ്ദേഹം കാശിക്കു പോകും. ഓരോകൊല്ലവും ഇനിയത്തെ വർഷം കൊണ്ടുപോകാമെന്ന് പറഞ്ഞതല്ലാതെ കുഞ്ഞുലക്ഷ്മിയെ കൊണ്ടുപോയില്ല. അങ്ങനെ കുറെക്കാലം കഴിഞ്ഞ് കാരണവർക്ക് വയസ്സൊക്കെയായപ്പോഠം കുഞ്ഞുലക്ഷ്മിയെ കൂടി കൊണ്ടുപോകാമെന്നായി. എത്ര ശക്തിയായി കുഞ്ഞുലക്ഷ്മിയുടെ ഭർത്താവ് നിഷേധിച്ചോ അത്രയുംശക്തിയായി കുഞ്ഞുലക്ഷ്മിയുടെ നിഷേധവും തുടർന്നു. യാതൊരു കാരണവശാലും ഞാൻ വരുന്നില്ലെന്നായി കുഞ്ഞുലക്ഷ്മി. വയസ്സായ ഭർത്താവിൻെറ കൂടെ പോയാൽ അദ്ദേഹം എവിടെയെങ്കിലും ഉരുണ്ടുവീണാൽ ആരാണ് താങ്ങിയെടുക്കുന്നത്. താൻ മുമ്പു ആഗ്രഹിച്ചപ്പോഠം നിങ്ങഠം കൊണ്ടുപോയില്ല, ഇനിയിപ്പോഠം യാതൊരുകാരണവശാലും നിങ്ങളുടെ നിർദ്ദേശം സ്വീകരിക്കുവാൻ സാധ്യമല്ല എന്നായി കുഞ്ഞുലക്ഷ്മി. ഇവിടെയാണെങ്കിൽ അച്യുതമേനോനെ സംബന്ധിച്ചിടത്തോളം നാഷണൽ എന്നതു മാററി ഇൻെറർനാഷണൽ എന്ന് പറയണം. അന്ന് വരണം എന്നു പറഞ്ഞുകൊണ്ടു കുറെആളുകളെ ചേർക്കാൻ വേണ്ടി ശ്രമിച്ചു. അന്ന് അവർ കൂടെ പോകാൻ തയാറായ സമയത്ത് കൂടെ കൊണ്ടുപോയില്ല. കുറെ കഴിഞ്ഞപ്പോഠം കാരണവർക്ക് വയസ്സായപ്പോഠം കുഞ്ഞുലക്ഷ്മിയെകൂടി വിളിക്കുകയാണ്. ഈ കാരണപ്പാടിൻെറ കഥയാണ് ഓർമ്മവരുന്നത്. ഇന്നു വൈകുന്നേരം ആറുമണിക്ക് മരിച്ചുപോകാൻ പോകുന്ന കാരണവരുടെകൂടെ കുഞ്ഞുലക്ഷ്മിമാർ ഇപ്പോഠം വരുന്നില്ല എന്നാണ് പറയുന്നത്. കുഞ്ഞുലക്ഷ്മിമാരെ വരുത്താൻ വേണ്ടിയുള്ള ശ്രമങ്ങഠം അവസാനിപ്പിച്ചിട്ടില്ല. ശ്രീ. അഹമ്മദ് എന്താണ് പറയുന്നത്? ശ്രീ. ആർ. ശങ്കർ മുഖ്യമന്ത്രിയായിരുന്നപ്പോഠം തനിക്കെതിരെ വന്ന അവിശ്വാസപ്രമേയത്തെ നേരിടാൻ കൈക്കൊണ്ട നടപടികളെക്കാഠം അധിക്ഷിപ്തമായിട്ടുള്ള നടപടികളാണ് ഈ ഗവൺമെൻെറ് ആവിഷ്ക്കരിക്കുന്നത്. അദ്ദേഹം കുറെ എം. എൽ. എ. മാരെ അറസ്ററു ചെയ്തു. എന്നെ അറസ്ററു ചെയ്യാൻ സാധിച്ചില്ല. ശ്രീ. ഇ. എം. എസിനെ അറസ്ററു ചെയ്തു. സഖാവ് ഗൗരിയമ്മയെ അറസ്ററു ചെയ്തു. ബാക്കിയുള്ളവരെ സെൻെറർ ജയിലിൽ പാർപ്പിച്ചിരുന്നു. ശ്രീ. കുഞ്ഞച്ചനും ബാലകൃഷ്ണനും ആർ. കൃഷ്ണനുമെല്ലാം നമ്മുടെ വരാന്തയിൽ വന്നിരുന്നു മാർക്കണ്ഡേയൻ ശിവനെ കെട്ടിപ്പിടിച്ചിരുന്നതുപോലെ ഈ മൂന്നുമാർക്കണ്ഡേയൻമാരും ഇരുന്നു. ഇപ്പോഴാണെങ്കിൽ മാർഷലും, ശിവനെതന്നെ ശരിപ്പെടുത്തുവാനുള്ള ഭൂതപ്രേത പിശാചുക്കളും മററും ഉള്ളതുകൊണ്ട് അതിനും നിവൃത്തിയില്ല. ബഹുമാനപ്പെട്ട സ്പീക്കർ ഇരിക്കുമ്പോഴാണ് എനിക്ക് ഇതു പറയേണ്ടിയിരുന്നത്..

"അവളെപ്പേടിച്ചാരും നേർവഴി നടപ്പീലാ
ഭുവനവാസീജനം ഭുവനേശ്വരാപോററീ..................."

എന്ന് അദ്ദേഹം ഇരിക്കുമ്പോഠം പറയേണ്ടതായിരുന്നു. അദ്ദേഹത്തിൻെറ കീഴിൽ മാർഷലും മററും ഉള്ളതുകൊണ്ട് ഇപ്പോഠം ഇതിനകത്ത് പോലും സത്യഗ്രഹം നടത്തുവാൻ സാധിക്കാതെ ഇരിക്കുകയാണ്. അദ്ദേഹത്തിൻെറ കുററമല്ല. അദ്ദേഹത്തെകൊണ്ട് അതും ഈ ഗവൺമെൻറു ചെയ്യിച്ചിട്ടുമാത്രമെ, ആ മാർക്കണ്ഡേയനെക്കൊണ്ട് ശരിപ്പെടുത്തിയിട്ടുമാത്രമെ ഈ ഗവൺമെൻറു യാത്ര പറയുകയുള്ളു. ആർ. ശങ്കർ അവിശ്വാസപ്രമേയമാകുന്ന ആക്രമണത്തിൽ നിന്ന് രക്ഷനേടാൻവേണ്ടി ഞങ്ങളെ അറസ്ററു ചെയ്തു കൊണ്ടുപോയി. അതു പരിഹാസ്യമാണെന്നു ബോധ്യമായപ്പോഠം അറസ്ററു പിൻവലിച്ച് ഞങ്ങഠംക്ക് നിയമസഭയിൽ ഹാജരാകാനും വോട്ടു ചെയ്യാനും ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യമുണ്ടാക്കിത്തന്നു. അറസ്റ്റു ചെയ്തതിനെപ്പറ്റി സഖാവ് ഗൗരിയും മറ്റും ശങ്കരോടു ചോദിച്ചപ്പോൾ ഏതോ ആക്രമണം വരാൻ പോകുന്നു അതിന്റെ പേരിലാണ് ജയിലിൽ വയ്ക്കുന്നതെന്നു പറുഞ്ഞു. ഞങ്ങൾ പറഞ്ഞു യാതൊരാക്രമണവും വരാൻ പോകുന്നില്ല എന്ന്. ശ്രീ. ആർ. ശങ്കറിന്റെ മേൽ അവിശ്വാസമാകുന്ന ആക്രമണം വന്നപ്പോൾ അതിൽ നിന്നും രക്ഷപ്പെടാൻവേണ്ടി എം. എൽ. എ. മാരായ ഞങ്ങളെ അറസ്റ്റു ചെയ്തുകൊണ്ടു പോയി എങ്കിലും അദ്ദേഹം ഞങ്ങളെ വിട്ടു. ഇന്ന് അച്ചായന്റെ മകന്റെ പെററിഷൻ മന്ത്രിക്ക് കൊടുത്തുവെന്നു പറഞ്ഞു. പത്രത്തിൽ കണ്ടത് കേസു കൊടുത്തുവെന്നാണ്. അതിനെപ്പറ്റി ഗൗരിയമ്മ മെമ്പറൻമാരോടു നേരമ്പോക്കായിട്ടാണെങ്കിലും പറഞ്ഞ കാര്യം ഈ അസംബ്ലിയിൽ പറയാൻ നിവൃത്തിയില്ല. ഗൗരിയമ്മ അച്ചായനെ തട്ടിക്കൊണ്ടുപോയി എന്നു പറഞ്ഞ് മകനെ കൊണ്ട് കേസ് കൊടുത്തിരിക്കുകയാണ്. വലതു കമ്മ്യൂണിസ്റ്റു നേതാക്കളും ഈ പയ്യനുംകൂടി കാറിൽ സഞ്ചരിക്കുന്നതു കണ്ടവരുണ്ട്. മകനെ കണ്ടില്ലെന്നും പറഞ്ഞ് അച്ചായൻ കേസ് കൊടുക്കേണ്ടി വരുമോ എന്തോ? അച്ചൻകുഞ്ഞ് അല്ല അച്ചന്റെ അച്ചൻകുഞ്ഞ് വന്നാലും രക്ഷയില്ലാത്ത സ്ഥിതിയാണ് ഇവിടെയുള്ളത്. അദ്ദേഹം ആവശ്യപ്പെടാതെതന്നെ അദ്ദേഹത്തിന് പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിരിക്കുകയാണ്. പോലീസ് അദ്ദേഹത്തെ തിരക്കി പോകാത്ത സ്ഥലമില്ല. എം എൽ. എ. കോർട്ടേഴ്സിൽ ഞങ്ങൾക്ക് സഞ്ചരിക്കാൻ വയ്യാത്ത സ്ഥിതിയാണ് പോലീസ്വലയംമൂലം ഉണ്ടായിട്ടുള്ളത്. അവരോട് ചോദിക്കുമ്പോൾ പറയും മുകളിൽ നിന്നുള്ള നിർദ്ദേശമാണെന്ന്. ആരുടെ നിർദ്ദേശം, ദൈവത്തിന്റെ നിർദ്ദേശം; അദ്ദേഹം പോകുന്ന സ്ഥലം പരിശോധിക്കുവാൻ. അദ്ദേഹത്തെ വീട്ടിൽ അയച്ചു. അവിടെ പോലീസ്. അവിടെ പോലീസ് എന്നു മാത്രമല്ല അവിടെ പുറമെനിന്നുകൂടിയിട്ടുള്ള നാട്ടുകാരെ ഇപ്പോൾതന്നെ പറഞ്ഞയയ്ക്കണമെന്ന് ഈ സഭയിലെ മന്ത്രിയുടെ നിർദ്ദേശം. ബഹുമാനപ്പെട്ട മന്ത്രി അവിടെ ഉണ്ടായിരുന്നപ്പോൾ ഉണ്ടായിരുന്ന കോലാഹലം ഒന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. ഈ നിയമസഭയിൽ പറയുവാൻ വയ്യാത്തതൊന്നും ഞാൻ പറയുകയില്ല. എന്നെക്കൊണ്ടു പറയിക്കണമെന്നു വിചാരിച്ചാലും പറയുകയില്ല. അതിന് വേറെ ആളെ നോക്കണം. ചില ആളുകൾ അദ്ദേഹം അവിടെ ഉണ്ടായിരുന്നതിനെപ്പറ്റി ചില കാര്യങ്ങളെല്ലാം പറയുന്നുണ്ട്. അവിടത്തെ നാട്ടുകാർ പറയുന്ന കാര്യമാണ്. ഞാൻ പറയുകയില്ല. അവിടെയുള്ള ആളുകളെ അറസ്റ്റു ചെയ്തു മാററണമെന്ന് ഡി. വൈ. എസ്. പിയുടെ നിർദ്ദേശം. അവിടെ കുഴപ്പം ഉണ്ടാകാതിരിക്കാൻവേണ്ടി ഡി. എസ്. പി. പറഞ്ഞിട്ടുണ്ട്, മന്ത്രി പറഞ്ഞിട്ടുണ്ട് എന്നല്ലാമാണ് പറഞ്ഞത്. എസ്. കുമാരനും പി.ടി. പുന്നൂസും ഉടനെ വരണം മന്ത്രിക്കു ആശ്വാസം നൽകണം. ഒരാൾ രാഷ്ട്രീയാടിസ്ഥാനത്തിൽ പുറത്തുവിട്ടുപോയാൽ ഇതാണ് ചെയ്യാൻ കഴിയുന്നത്. പോലീസു സഹായം കൊണ്ട് ശ്വാസം മുട്ടിക്കും. ആ മന്ത്രി ഇവിടെ ഇരുന്ന് പുഞ്ചിരിതൂകുന്നുണ്ട്. സഖറിയായെ കാണാനില്ലല്ലൊ. ഒരു മന്ത്രി പറയുകയാണ് അദ്ദേഹത്തിന്റെ മുടിയും നഖവും തിരികെ കിട്ടിയാൽ മതി എന്നു പറഞ്ഞുകൊണ്ട് ഭയങ്കരമായ കോലാഹലം. അഹമ്മദിനെ ഇവിടെ കാണാനില്ല. ഇതെല്ലാം ഈ ഗവൺമെൻറിന് പ്രതീക്ഷ നൽകുകയാണ്. ഇതിനിടയ്ക്കാണ് ഒട്ടേറെ കമ്മിററികൾ. പല എം. എൽ. എ. മാരും അതിൽ വന്നു കഴിഞ്ഞു. അഴിമതിയുടെ കാര്യത്തിൽ ഞങ്ങളെ കുററപ്പെടുത്തിയിരിക്കുന്നു. അഴിമതിയുടെ പേരിൽ ചാർജ്ജു ചെയ്തിരിക്കുന്ന കേസ് പിൻവലിക്കുവാൻ ഇന്നലെ തീരുമാനിച്ചിരിക്കുകയാണ്. പതിനെട്ടാം തീയതി ആ ആൾ മന്ത്രിസ്ഥാനത്തിരിക്കും. പതിനെട്ടാം തീയതിമന്ത്രിയാകാനിരിക്കുന്ന ആ ആളോട് ഒരു കാര്യം മാത്രമെ എനിക്കു പറയുവാനുള്ള. പണ്ടൊരു രാജാവും ശിഷ്യനും കുതിരസവാരിചെയ്തു. രാജാവ് ചുററി

സഞ്ചാരത്തിനിടയിൽ രാത്രിയായപ്പോൾ ക്ഷീണിതനായി ഒരു സ്ഥലത്തു കിടന്നു. ശിഷ്യനോട് കുതിരയെ നോക്കാൻ പറഞ്ഞു. ഉറങ്ങരുത് എന്നും പറഞ്ഞു. കുറെ നേരം ഉറങ്ങിയതിനുശേഷം രാജാവ് ചോദിച്ചു നീ എന്തു ചെയ്യുന്നു? ഉത്തരം കിട്ടാത്ത ചോദ്യം ആലോചിച്ച് ഇരുന്നാൽ മതി. ഈ നക്ഷത്രങ്ങൾ തുന്നിപ്പിടിപ്പിച്ചതാരാണ് എന്നു ആലോചിച്ചു ഇരുന്നാൽ മതി രാജാവ് വീണ്ടും ഉറങ്ങി. ഒരു മണിക്കൂർ കഴിഞ്ഞ് ശിഷ്യനോട് ഉറങ്ങിയോ എന്നു ചോദിച്ചു. ഇല്ലെന്നു ശിഷ്യൻ പറഞ്ഞു. ഈ ആകാശം ഇങ്ങനെ താഴോട്ട് വീഴാതിരിക്കുന്നത് ഭൂമിയുടെ ശക്തികൊണ്ടാണോ ആകാശത്തിന്റെ ശക്തി കൊണ്ടാണോ എന്ന് ആലോചിക്കുകയാണെന്ന് പറഞ്ഞു. ആകാശത്തിന് ആധാരം ഭൂമിയോ ഭൂമിക്ക് ആധാരം ആകാശമോ? നല്ല ചോദ്യം. ഒന്നാംതരം ചോദ്യം. അതുതന്നെ ആലോചിച്ചുകൊണ്ട് ഇരുന്നുകൊള്ളണം. വെളുക്കാറായപ്പോൾ രാജാവ് എഴുന്നേററു ചോദിച്ചു. എന്താണ് നിങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നതെന്ന്. അപ്പോൾ ശിഷ്യൻ പറഞ്ഞു കുതിര പോയവഴി ഏതാണെന്നു ആലോചിച്ചുകൊണ്ടിരിക്കുകയാണെന്ന്. അതു പോലെ ഉത്തരം കിട്ടാത്ത ചോദ്യത്തിനുവേണ്ടി നമ്മുടെ എം. എൽ. ഏ. മാരെ സ്വീകരിച്ച് ആ ഉത്തരം കിട്ടാത്ത ചോദ്യത്തിനുമുമ്പിൽ എം. എൽ. ഏ. മാരെ നിറുത്തി ഇന്നു വൈകുന്നേരം ആറുമണിക്കെമുള്ള സമയത്ത് ഈ ശിഷ്യൻമാരെ ശരിപ്പെടുത്താമെന്നാണ് വിചാരം. അതുപോലെ ഉത്തരം കിട്ടാത്ത ചോദ്യവുമായി നിൽക്കുന്ന എം. എൽ. ഏ. മാരോട് സോഷ്യലിസം നടപ്പാക്കാൻവേണ്ടി വീണ്ടും കുതിരയാത്ര ചെയ്യാൻ പോകുന്ന ശ്രീ. അച്യുത മേനോൻ ചോദിക്കുകയാണ് എവിടെയാണ് നിങ്ങളുടെ ജീനും കുതിരയും? അപ്പോൾ പറയുകയാണ് കുതിരയും ജീനും പോയ വഴി ഏതെന്ന് നിശ്ചയ മില്ലെന്ന്. ഇന്നു വൈകുന്നേരം അതാണ് ഇവിടെ തെളിയാൻ പോകുന്നത്. ഈ സർക്കാർ പോകുന്ന വഴി ഏതാണ് എന്ന് നിശ്ചയമില്ല. ഭൂമിക്ക് ആധാരം ആകാശമോ ആകാശത്തിനാധാരം ഭൂമിയോ എന്നുള്ളതല്ല ഞങ്ങളെയെല്ലാവരെയും വഴിയാധാരമാക്കിക്കളഞ്ഞല്ലൊ എന്നാണ് അവർ ചോദി ക്കാൻ പോകുന്നത്. ആ കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ക്കൊണ്ട് ഇവിടെ ഗവൺമെൻറ് നടപ്പാക്കിയിട്ടുള്ള കാര്യങ്ങളുടെ അടിസ്ഥാന ത്തിൽ ഈ ഗവൺമെൻറിനെ താഴെ ഇറക്കുന്നതിനുവേണ്ടി ഈ വിശ്വാസപ്രമേയ യത്തെ പരാജയപ്പെടുത്തണം. പരാജയപ്പെടും എന്നു പ്രഖ്യാപിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. ജോർജ്: സാർ, ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ഏതാനും കാര്യങ്ങൾ പറയണമെന്ന് ഞാനാഗ്രഹിക്കുകയാണ്. ഈ മന്ത്രിസഭ ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തെ നേരിട്ടുകൊണ്ടിരിക്കുകയാണെന്നാണ് പറയുന്നത്. വിധിനിർണ്ണായകമായ ഏതാനും മണിക്കൂറുകൾ മാത്രമേ ഇനി ബാക്കിയുള്ളു. നമ്മുടെ മുഖ്യമന്ത്രിയുടെ വൈക്കോൽപ്രതിമയും, ശാപപ്പടക്ക ങ്ങളുമായി മാർക്സിസ്ററുകാർ ഈ സംസ്ഥാനത്തൊട്ടാകെ കാത്തിരിക്കുക യാണ്..

(ബഹളം)

ഞാൻ കണ്ട കാര്യമാണ്.

..............................എങ്ങനെയാണ് ഈ പ്രതിസന്ധി ഉണ്ടായതെന്ന് ആലോചിക്കുന്നതു നന്നായിരിക്കും. കഴിഞ്ഞ ബുധനാഴ്ച ഈ സഭയിൽ മൂന്നുമെംബർമാർ ഹാജരുണ്ടായിരുന്നില്ല: ശ്രീ. ഭണ്ഡാരി, ശ്രീ. ഗോവി ന്ദൻനായർ, ശ്രീ. കുഞ്ഞ്. ഇവർ മൂന്നുപേരും ഹാജരില്ലാതെ വന്നപ്പോൾ പ്രതിപക്ഷം ഒന്നാകെ ഇളകിയാടി; ബഹുമാനപ്പെട്ട ഗോപിനാഥൻപിള്ള എന്തോ കാര്യത്തിന് ഈ സഭയ്ക്കു പുറത്തേക്കു പോയപ്പോൾ പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ത്തുനിന്നു ചിലർ മന്ത്രിക്കസേരകളിലേക്ക് ആർത്തിയോടെ നോക്കുകയും നൊട്ടിനുണയ്ക്കുകയും ചെയ്യുന്നതു കാണാമായിരുന്നു. മന്ത്രിസഭ തകർന്നുവെന്ന് ആ നിമിഷം അവർ വിധിയെഴുതി. ഭയങ്കരമായ ഈ പ്രതിസന്ധി തരണംചെയ്യാൻ ഭരണകക്ഷി അതിനെ നേരിട്ട മാർഗ്ഗം വളരെ ബുദ്ധിപൂർവകമായ ഒന്നായിരുന്നു എന്നു പറയാൻ ഞാൻ ഈയവസരം ഉപയോഗിക്കുകയാണ്. സർ, അങ്ങയെ കൈയേററം ചെയ്യാൻ വരെ വന്ന വീരശൂര പരാക്രമികൾ, ഇവിടെയൊരു വിശ്വാസപ്രമേയം വന്നപ്പോൾ അന്തം വിട്ട് ഇരുന്നുപോയ കാഴ്ചയാണ് നാം കണ്ടത്. പ്രതിപക്ഷത്ത് ഒന്നാകെ ഒരു മ്ളാനത ദൃശ്യമായി; പിന്നെ ഒരു മുന്നേററം ഉണ്ടായി: മസ്ക്കററു ഹോട്ടൽ, ദേശാഭിമാനി ആഫീസ്, എം. എൽ. എ. ക്വാട്ടേഴ്സ്, കോവളം, എം. ഡി. ഇ. രജിസ്ട്രേഷനുള്ള ഒരു ബ്യൂക്കുകാറ്,...............ഇങ്ങനെ ആ മുന്നേററം നീണ്ടുപോയി. പ്രലോഭനങ്ങൾ, വാഗ്ദാനങ്ങൾ, മദ്യം, മന്ത്രിസ്ഥാനങ്ങൾ, മയക്കുമരുന്നുകൾ, ഭീഷണികൾ, താക്കീതുകൾ—ഇങ്ങനെ എന്തൊക്കെയാണ് ആ മുന്നേററം ഉൾക്കൊള്ളുന്നത്! ഡെൻമാർക്കിലെ ഹാംലെററ് രാജകുമാരന്നും ഈയൊരു പ്രതിസന്ധി അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ളതിനെപ്പററി ഞാൻ ഓർത്തുപോകുകയാണ്: To be or not to be—വേണോ വേണ്ടയോ—എന്ന പ്രശ്നം. ജെർട്രൂഡ് രാജ്ഞി രണ്ടാമത്തെ ഭർത്താവായ ക്ലോഡിയസ്സിനോടും മന്ത്രിയായ പൊളോണിയസ്സിനോടും ചേർന്ന് ഹാംലെററ്രാജകുമാരന്റെ നേർക്കു നടത്തിയ കുതന്ത്രങ്ങൾക്കെതിരായി നീങ്ങണമോ വേണ്ടയോ എന്ന പ്രശ്നം ഹാംലെററുരാജകുമാരന് അഭിമുഖീകരിക്കേണ്ടിവന്നു:

To be or not to be—
    that is the question;
Whether 'tis nobler in the
    mind to suffer
The slings and arrows of
    outrageous fortune,
Or to take arms against
    the sea of troubles,
And by opposing end them.

സർ, അതുപോലൊരു പ്രശ്നം ഈ സഭമുൻപാകെ വന്നിരിക്കുകയാണ്: കെ. ആർ. ഗൗരിയും ജോർജ് തോമസും, കെ. കെ. അബുവും എസ്. പി. ലൂയിസും ചേർന്നുണ്ടാക്കിയ കുതന്ത്രങ്ങൾക്കെതിരായി ഈ രാജ്യത്തെ രക്ഷിക്കണമോ വേണ്ടയോ എന്നുള്ള പ്രശ്നം ഈ സഭയുടെ മുൻപാകെ വന്നിരിക്കുകയാണ്. വെള്ളക്കാരൻ എറിഞ്ഞുകൊടുത്ത എച്ചിലില നക്കിയിട്ട് ഈ മന്ത്രിസഭയെ തകർക്കാൻ സഭയുടെ മുൻപിൽ വന്നു നിൽക്കുകയാണ്. ഹാംലെററു രാജകുമാരൻ എടുത്ത തീരുമാനംതന്നെ ഈ സഭയും സ്വീകരിക്കും എന്നു ഞാൻ കരുതുന്നു. എന്റെ സ്നേഹിതൻ അഹമ്മദ് എം. കെ. ജോർജിനെക്കുറിച്ചു പറഞ്ഞപ്പോൾ എനിക്ക് ഒരു കാര്യം ഓർമ്മ വന്നു. ഞങ്ങളിൽ ചിലർക്ക് ഇത് വലിയ നൊയമ്പിന്റെ കാലമാണ്. മറേറന്നാൾ വലിയ ബുധനാഴ്ച, അതിന്റെ പിറേറന്ന് പെസഹാ വ്യാഴാഴ്ച. സർ, ആ വ്യാഴാഴ്ചയാണ് ജെറുസലേമിൽവച്ച് ക്രിസ്തുവിനെ ഒരു ശിഷ്യൻ ഒററുകൊടുത്തത്. ഏകാകിയായി പ്രാർത്ഥന നടത്തിക്കഴിഞ്ഞ ഗുരുവിന്റെ അടുത്തുചെന്ന്, അദ്ദേഹത്തിന്റെ ശിഷ്യൻമാരിലൊരാളായ യൂദാസ് ഒരു സ്നേഹചുംബനം കൊണ്ട് അദ്ദേഹത്തെ മുപ്പതു വെള്ളിക്കാശിനുവേണ്ടി ഒററുകൊടുത്തു. സർ, അതുപോലെ കഴിഞ്ഞ തിങ

LIBRARY ARCHIVES Kerala Legislative Assembly

ളാഴ്ച ഈ മന്ത്രിസഭയെ ചില യൂദാസുകൾ ഒററിക്കൊടുത്തു. മുപ്പതു വെള്ളിക്കാശിനാണ് ക്രിസ്തുവിനെ ഒററിക്കൊടുത്തതെങ്കിൽ, ഈ മന്ത്രിസഭയെ ഒററിക്കൊടുത്തവർക്ക് മുപ്പതുവെള്ളിക്കാശിനെക്കാൾ കൂടുതൽ വരുന്ന വലിയ ഡോളർ തുകകൾ പ്രതിഫലമായി നൽകപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ മന്ത്രിസഭ സാധാരണക്കാരന്റെ താൽപര്യങ്ങൾക്കെതിരായി പ്രവർത്തിക്കുന്നുവെന്ന ശ്രീ എം. കെ. ജോർജ്ജിന്റെ പ്രസ്താവന കണ്ടപ്പോൾ എനിക്ക് അത്ഭുതം തോന്നി. സാധാരണക്കാരന്റെ താൽപര്യങ്ങളെ ഇങ്ങനെ കച്ചവടം ചെയ്യാൻ ലഭിക്കുന്ന ഈ രീതി കണ്ടപ്പോൾ, ആ വിചിത്രമായ ധീരതയുടെ മുന്നിൽ നിന്നുകൊണ്ട് വിദൂരനമസ്കാരം ചെയ്യാൻ എനിക്കു തോന്നിപ്പോയി. ഡോ. ജോർജ് തോമസ് ഇന്ന് ഇവിടെ വന്നിട്ടില്ല. ജോർജ് തോമസ് കഴിഞ്ഞ ദിവസം ഒരു കത്തെടുത്തു എന്നെ കാണിച്ചുതന്നു. ജനറൽ സെക്രട്ടറി ശങ്കരനാരായണൻ ഡൽഹിയിൽ പോയി കൊണ്ടുവന്ന കത്താണതെന്നും അദ്ദേഹം പറയുകയുണ്ടായി. മാർക്സിസ്ററുകാരുടെ തോളിൽ കൈയിട്ടുകൊണ്ട് ഈ മന്ത്രിസഭയെ താഴെയിറക്കാൻ നിജലിംഗപ്പ ആ കത്തിൽ ഇമ്പ്റിമാത്തു നൽകിയിട്ടുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. ആ കത്ത് സഭയുടെ മേശപ്പുറത്തു വയ്ക്കാൻ തയ്യാറാണോ എന്ന് അദ്ദേഹം പറയേണ്ടിയിരിക്കുന്നു. അതിന്റെ രഹസ്യം അറിയാൻ ഈ രാജ്യത്തെ ജനങ്ങൾക്കവകാശമുണ്ട്. ഇന്നലെ ഇ. എം. എസ്., ഡോ. ജോർജ് തോമസിനെ 'ഇവൻ എന്റെ പ്രിയപുത്രൻ' എന്നാണ് വിളിച്ചത്. സർ, ഈ സന്ദർഭത്തിൽ, ബർണാഡ് ഷാ പറഞ്ഞിട്ടുള്ള ഒരു കാര്യം ഞാൻ ഓർമ്മിക്കുകയാണ്:

They discuss the X, Y Z of politics without knowing their political A, B, C,

സർ, ഈ മന്ത്രിസഭ പരാജയപ്പെട്ടാൽ മുഖ്യമന്ത്രിപദം ഏറെറടുക്കാൻ എസ്. എസ്. പി. കാത്തിരിക്കുകയാണ്. ബദൽമന്ത്രിസഭ രൂപീകരിക്കുന്ന കാര്യത്തെപ്പററി ആലോചിക്കാൻ എസ്. എസ്. പി. യുടെ അഖിലേന്ത്യാ നേതാവു ശ്രീ. ജോർജ് ഫെർണാണ്ടസ് കേരളത്തിലേക്കു വരുന്നുവെന്നാണ് കേൾക്കുന്നത്. ബദൽമന്ത്രിസഭയുണ്ടാക്കേണ്ട കാര്യമില്ല, ജോർജ് ഫെർണാണ്ടസ് വരേണ്ടകാര്യവുമില്ല. ഇങ്ങോട്ടു വരാനുള്ള പരിപാടി ഏതായാലും നാളേയ്ക്കു നീട്ടിയത് നന്നായി. അധികാരമോഹത്തോടെ ഓരോ സംസ്ഥാനത്തും ഓരോ നയം സ്വീകരിക്കുന്ന എസ്. എസ്. പി. യെപ്പററി എന്തു പറയാനാണ്: രാജ്യസഭയിലും പാർലമെന്റിലും വിവിധസംസ്ഥാനങ്ങളിലും വിവിധങ്ങളായ നയങ്ങൾ അവർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ മാർക്സിസ്ററുപ്രേമം! പാർലമെന്റിൽ സിൻഡിക്കേററുപ്രേമം! കേരളത്തിൽ മാർക്സിസ്ററു പ്രേമം ഉണ്ടായത് എന്തിനാണെന്ന് എല്ലാവർക്കുമറിയാം. 'ദീപസ്തംഭം മഹാശ്ചര്യം...........' എന്നതു മാത്രമാണ് എസ്. എസ്. പി. യുടെ നയം. അതു മാററണമെന്നാണ് എനിക്ക് എസ്. എസ്. പി. യോടു പറയാനുള്ളത്.

സർ, ഇന്നത്തെ പ്രധാന പ്രശ്നം, മാർക്സിസ്ററുകൾ ഈ രാജ്യത്ത് അധികാരത്തിൽ വരുന്നതിനെ ഈ രാജ്യത്തെ ജനങ്ങൾ എതിർക്കുന്നുവെന്നുള്ളതാണ്. മാർക്സിസ്ററുകളുടെ കഴിഞ്ഞകാലത്തെ ഭരണത്തെ സംബന്ധിച്ച് ഈ രാജ്യത്ത് എല്ലാവർക്കും നന്നായി അറിയാം. ഗുണ്ടാവിളയാട്ടത്തിന്റെയും വിദ്യാർത്ഥിമർദ്ദനത്തിന്റെയും അധ്യാപകമർദ്ദനത്തിന്റെയും ഭരണമായിരുന്നു അത്. എ. കെ. ഗോപാലന്റെ കഠാരിസേനയുടെ കാര്യം എല്ലാവർക്കുമറിയാം. ഭരണഘടനയേയും കോടതികളെയും പൗരസ്വാതന്ത്ര്യത്തെയും എതിർത്ത, പൗരസ്വാതന്ത്ര്യത്തിനുനേരെയുള്ള ഭീഷണിയുടെ, ഭരണമായിരുന്നു അത്. കഴുക്കോൽ വിഴുങ്ങിയതിനു

LIBRARY ARCHIVES Kerala Legislative Assembly

പുററംപറഞ്ഞിട്ട് പുര മുഴുവനും വിഴുങ്ങി എന്നു പറഞ്ഞതുപോലുള്ള ഭരണമായിരുന്നു അത്. അന്നു ഞങ്ങൾ ചില വൈഷമ്യങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ ഇ. എം. എസ്സിന്റെ പ്രതികരണമെന്തായിരുന്നു? ''ആക്ഷേപങ്ങൾ ശരിയല്ല, ശരിയാണെങ്കിൽ സാരമില്ല, സാരമുണ്ടെങ്കിൽ തന്നെ അധികമില്ല'' എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം: ഭരണകക്ഷിക്കാർതന്നെ പല കാര്യങ്ങളും ചൂണ്ടിക്കാണിച്ചു. ''ഞങ്ങളെപ്പററിയുള്ള ആക്ഷേപങ്ങൾ ഞങ്ങൾതന്നെ പരിശോധിച്ചു, അന്വേഷണം നടത്തേണ്ടതില്ലെന്നു ഞങ്ങൾക്കുതന്നെ ബോധ്യപ്പെട്ടു'' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം: ഇന്ന് ഈ പുതിയ നാടകത്തിൽ രംഗത്തു വന്നിരിക്കുന്നത് ആരൊക്കെയാണ്? സാമ്രാജ്യത്വത്തിന്റെ ചീഞ്ഞുനാറുന്ന ചെരിപ്പുനക്കിയ കങ്കാണിമാർ ഇന്ന് ഈ മന്ത്രിസഭയെ മറിച്ചിടാൻ രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ബ്രിട്ടീഷുകാർക്കെതിരായി സ്വാതന്ത്ര്യത്തിനു വേണ്ടി നാം സമരം ചെയ്തകാലത്ത് ആ സ്വാതന്ത്ര്യത്തിന്റെ യുദ്ധത്തെ നോക്കി പരിഹസിക്കുകയും ശത്രുക്കളുടെ പക്ഷത്തു ചേരുകയും ചെയ്ത അഞ്ചാംപത്തികളാണ് ഇന്ന് ഈ ഗവർമെൻറിനെതിരായി ഗൂഢാലോചനയ്ക്കു വന്നിരിക്കുന്നത്. ഈ മന്ത്രിസഭയെ തകർക്കാൻ വെള്ളിത്തുട്ടുകളും അമേരിക്കൻ ഡോളറുകളും നിർലോഭം അവർ വാരിയെറിയുകയാണ്. അതുകൊണ്ട് ഈ മന്ത്രിസഭയെ തകർക്കാനുള്ള കുൽസിതതന്ത്രങ്ങളിൽ കുടുങ്ങാതെ ബഹുമാനപ്പെട്ട മെംബർമാർ ഈ വെല്ലുവിളിയെ നേരിട്ട് വിശ്വാസപ്രമേയത്തെ പിൻതാങ്ങണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ എം. കെ. ജോർജ്: ഇതിന്റെ കൂലിയെന്താണ്?

ശ്രീ പി. പി. ജോർജ്: കിട്ടിയതിന്റെ കണക്കു പറഞ്ഞാൽ മതി.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഈ വിശ്വാസ
11 a. m. പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അച്യുതമേനോനും, അതിനുശേഷം ഈ വിശ്വാസപ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട അഹമ്മദും, പിൻതാങ്ങിക്കൊണ്ട് ഇപ്പോഴവസാനമായി സംസാരിച്ച ബഹുമാനപ്പെട്ട പി. പി. ജോർജും പറഞ്ഞ വാദഗതികളിലേക്ക് വിശദമായി കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ നാലര മാസക്കാലമായി അധികാരത്തിലിരിക്കുന്ന ഈ ഗവൺമെൻറു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളുടെ പട്ടിക അവതരിപ്പിച്ചുകൊണ്ട് അത് പൂർത്തിയാക്കാനുള്ള അവസരം നൽകുന്നതിന് ഈ മന്ത്രിസഭയെ നിലനിറുത്തണമെന്നാവശ്യപ്പെട്ടു. അതിൽ പറയുന്ന ഓരോ കാര്യങ്ങളെസംബന്ധിച്ചു പരാമർശിക്കുന്നതിനുമുമ്പു ഇവിടെ ചൂണ്ടിക്കാണിച്ച വ്യവസായികരംഗത്താരംഭിക്കാൻ പോകുന്ന ടൈററാനിയം കോംപ്ലക്സ്, ട്രാക്കോ കേബിൾസ്, ക്യാഷ്യു കയർ കോർപ്പറേഷനുകൾ ഭൂപരിഷ്കരണ പരിപാടികൾ മുതലായ കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിക്കുകയുണ്ടായി. സർ, അതിനുവേണ്ടി ഈ മന്ത്രിസഭയെ നിലനിറുത്തണമെന്ന് ശ്രീ. അച്യുതമേനോനും, ശ്രീ. അഹമ്മദും—ശ്രീ. പി. പി. ജോർജ് പറഞ്ഞത് ഞാൻ ഉൾപ്പെടുത്തുന്നില്ല—ആവശ്യപ്പെടുമ്പോൾ കഴിഞ്ഞ ഒക്ടോബർ 24-ാംതീയതി നിങ്ങൾ ചെയ്ത കാര്യത്തെക്കുറിച്ചാലോചിക്കാൻ ഞാൻ ആവശ്യപ്പെടുകയാണ്. കഴിഞ്ഞ ഒക്ടോബർ 24-ാംതീയതി ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടും അതുപോലെ തന്നെ ഞങ്ങളെല്ലാവരും ആവശ്യപ്പെടുകയുണ്ടായി, ഈ സംസ്ഥാനത്ത് കോൺഗ്രസിന്റെ ഭരണക്കുത്തക അവസാനിപ്പിച്ചുകൊണ്ട് കോൺഗ്രസിന്റെയും കേരള കോൺഗ്രസിന്റെയും നയ പരിപാടികൾക്ക് എതിരായി ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് പരിമിതമായ രീതിയിൽ അവകാശം

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിച്ചു കിട്ടാൻ ഔദ്യോഗിക രംഗത്തും വ്യവസായിക രംഗത്തും, തൊഴിൽ രംഗത്തും, കാർഷിക പരിഷ്കരണ രംഗത്തും ആരംഭിച്ചിട്ടുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് ഈ ഐക്യമുന്നണിഗവൺമെൻറിനെ കാത്തുസൂക്ഷിക്കേണ്ടതാവശ്യമാണെന്നും, ഐക്യമുന്നണി ഗവൺമെൻറിനെ തകർക്കുന്നതും അട്ടിമറിക്കാൻ ശ്രമിക്കുന്നതും ശരിയല്ലെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. അന്നു തുടങ്ങിവച്ച കാര്യങ്ങളുടെ പട്ടികതന്നെയാണ് ഇവിടെ ഇപ്പോൾ കാണുന്നത്. അന്ന് കാർഷികപരിഷ്കരണ നിയമം പാസാക്കിയിരുന്നു. ടൈററാനിയം കോംപ്ലക്സ്, ട്രാക്കോ കേബിൾസ്, ക്യാഷ്യൂ കയർ കോർപ്പറേഷനുകൾ ഇവയെല്ലാംതന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയായിരുന്നു. നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന വ്യവസായസ്ഥാപനങ്ങൾ നടപ്പിലാക്കുന്നതിനും കാർഷികപരിഷ്കരണ നിയമത്തിലെ വകുപ്പുകൾ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ മുന്നോട്ടു കൊണ്ടുപോകാൻ ഐക്യമുന്നണിയെ കാത്തുസൂക്ഷിച്ചു നിറുത്തേണ്ടിയിരുന്ന ഐക്യമുന്നണി ഗവർമ്മെൻറിനെ യാതൊരു സങ്കോചവും കൂടാതെ അഴിമതിയുടെ പേരും പറഞ്ഞുകൊണ്ട് തള്ളിയിടാൻ ശ്രമിച്ചപ്പോൾ, ഈ സംസ്ഥാനത്തെ മണ്ണിനോടു കൂറുണ്ടെങ്കിൽ ഐക്യമുന്നണി ഗവൺമെൻറു എടുത്തിട്ടുള്ള നടപടികൾ മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കണമെന്നും, അതിന് ഐക്യമുന്നണി ഗവൺമെൻറിനെ നിറുത്തണമെന്നും ആവശ്യപ്പെട്ടപ്പോൾ കഴിഞ്ഞ ഒക്ടോബർ 24-ാം തീയതി നിങ്ങൾ ചെയ്തത് ഇന്ന് ശ്രീ. അഹമ്മദും ശ്രീ. പി. പി. ജോർജും ചൂണ്ടിക്കാണിച്ച വ്യാഴാഴ്ച വൈകുന്നേരത്തെ അത്താഴത്തിൻെറ കാര്യമാണ്. ആ അത്താഴത്തിൻെറ കാര്യം, ഒററു കൊടുത്തതിൻെറ കാര്യം. ആ ഉടുപ്പ് ആ കിരീടം ആ തൊപ്പി നാലര മാസങ്ങൾക്കുമുമ്പു ധരിപ്പിച്ചവരാണ്, ധരിപ്പിക്കാൻ ശ്രമിച്ചവരാണ് ശ്രീ. പി.പി. ജോർജും കൂട്ടരും എന്നുള്ളതുകൊണ്ട് ആ തൊപ്പി ഞങ്ങളുടെ തലയിൽ ധരിപ്പിക്കാൻ ശ്രമിക്കേണ്ട, അതു പററുകയില്ല. 1967-ൽ ഈ രാജ്യത്തെ ജനങ്ങൾക്ക് നൽകിയ മാൻഡേററിന് എതിരായി, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഒതുക്കി നിറുത്തിയ കോൺഗ്രസിനേയും കേരളകോൺഗ്രസിനേയും കൂട്ടുപിടിച്ചുകൊണ്ട് അവർക്ക് വേണ്ടി അവർ പ്രതിനിധീകരിക്കുന്ന താൽപര്യങ്ങൾക്കു വേണ്ടി ഐക്യമുന്നണിയെ പൊളിച്ചവർക്കുവേണ്ടി, അഴിമതിയുടെ പുകപരത്തിക്കൊണ്ട് സൽഭരണത്തിൻെറ വാഗ്ദാനവും മുദ്രാവാക്യവും ഉയർത്തിക്കൊണ്ട് ഒരു ഗവൺമെൻറു രൂപീകരിച്ചിരിക്കുകയാണ്. സർ, അതിൻെറ കൂടുതൽ വിശദാംശങ്ങളിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഈ കഴിഞ്ഞ നാലരമാസത്തെ സൽഭരണത്തിൻെറ കാലഘട്ടത്തിൽ ഉണ്ടായ അഴിമതിയുടെ പട്ടിക നിരത്താൻ മണിക്കൂറുകൾതന്നെ വേണ്ടിവരും. എനിക്ക് അനുവദിച്ചിട്ടുള്ള പരിമിതമായ സമയത്തിനുള്ളിൽ അതിലേക്ക് അൽപമായി ഞാൻ കണ്ണോടിക്കുകയാണ്. സർ, ഇന്ന് പത്രത്തിൽ വന്നുക്കൊണ്ടിരിക്കുന്ന വാർത്തകൾ എന്താണ്? ഇന്ന് ബഹുമാനപ്പെട്ട പി. പി. ജോർജ് സംസാരിച്ചപ്പോൾ മുഖ്യമന്ത്രിയെ അനുമോദിക്കുകയുണ്ടായി. അദ്ദേഹം അനുമോദിച്ചതെന്താണ്? 18-ാംതീയതി ഇവിടെനിന്നും രക്ഷപ്പെട്ടുപോകുന്നതിനുപയോഗിച്ച ബുദ്ധിപൂർവ്വമായ തന്ത്രത്തെക്കുറിച്ച്; ആ ബുദ്ധിപൂർവ്വമായ തന്ത്രത്തെ അനുമോദിച്ച ശ്രീ. പി. പി. ജോർജിനെ ഞാൻ അനുമോദിക്കുന്നു. പതിനെട്ടാം തീയതി നിലംപതിക്കുമെന്ന് മനസ്സിലാക്കിക്കൊണ്ട് വിശ്വാസപ്രമേയം അവതരിപ്പിച്ചപ്പോൾ ഞങ്ങൾ പറയുകയുണ്ടായി പരാജയപ്പെട്ട ഈ ഗവൺമെൻറു അധികാരത്തിൽ കടിച്ചുതൂങ്ങിനിൽക്കാൻവേണ്ടി വൃത്തികെട്ടമാർഗ്ഗങ്ങൾ സ്വീകരിക്കാനാണ് വിശ്വാസവോട്ട് അവതരിപ്പിച്ചുകൊണ്ട് സമയം ആവശ്യപ്പെടുന്നതെന്ന്. കഴിഞ്ഞ കുറെ നാളുകളായി പത്രത്തിൽ വന്നിട്ടുള്ള വാർത്തകളുടെ ആകെത്തുക പരിശോധിച്ചാൽ ചാക്കിട്ടു പിടുത്തങ്ങളുടേയും മന്ത്രിക്കസേരകൾ വാഗ്ദാനം ചെയ്യലു

കളുടെയും കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്. എന്നിട്ട് അതിനെതിരായി ഇവിടെ വന്നു എഴുന്നേററു നിന്നു പറയാൻ നാണമില്ലേ? അഴിമതിക്കെതിരായി ഗിരി പ്രസംഗം നടത്തുന്നവർ അഴിമതി ആരോപണം ഉന്നയിച്ചവരുമായ ശ്രീ. കെ. ടി. ജോർജ്ജും ശ്രീ. പി. പി. വിൽസണും ഇന്ന് എന്തു പറയുന്നു? അഴിമതികളെല്ലാം ആകാശത്തിൽ വിലയം ചെയ്തോ? അഴിമതക്കേസുകളെല്ലാം പിൻവലിച്ചോ? അതോ അതെല്ലാം അവാസ്തവം എന്ന് അംഗീകരിച്ചുവെന്നാണോ? ഒരു വശത്ത് അഴിമതിയാരോപണങ്ങൾ പിൻവലിക്കുന്നുവെന്നും മറുവശത്ത് മന്ത്രികസേരകൾ കൊടുക്കാമെന്നുമുള്ള വാഗ്ദാനങ്ങൾ. ഇവിടെ മസ്കററു ഹോട്ടലിന്റെയെല്ലാം കാര്യം പറയുകയുണ്ടായി. മസ്കററു ഹോട്ടലിൽ ആരെങ്കിലും പോയിട്ടുണ്ടെങ്കിൽ അവർ അതിന് മറുപടി പറഞ്ഞുകൊള്ളും. ഹോട്ടലുകളായ ഹോട്ടലുകളിലും, ലോഡ്ജുകളായ ലോഡ്ജുകളിലും, മുറികളായ മുറികളിലും എം. എൽ. എ. മാരെ തേടിപ്പിടിക്കാനും ചാക്കിട്ടുപിടിക്കാനും നടക്കുകയും എം. എൽ. എ. മാരെ പിടിച്ചു പിടിച്ചു ഒരിടത്തുചെന്നു പിടിച്ചപ്പോൾ അതു എം. എൽ. എ. അല്ലെന്നു വന്നതുമെല്ലാം ഇന്നലത്തെ കേരളദേശം പത്രത്തിൽ വന്നതാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. പിടിക്കപ്പെട്ട ആളിന്റെ ഫോട്ടോ സഹിതം പത്രത്തിൽ വന്നതാണ്.

ശ്രീ. പി. ഗംഗാധരൻ: അത് 25,000 പേർക്കു പട്ടയം കൊടുക്കാമെന്നുപറഞ്ഞതിൽ 24,999 പേർക്കും പട്ടയം കൊടുത്തു കഴിഞ്ഞു. ബാക്കിയുള്ളഒരാളിന് പട്ടയം കൊടുക്കാൻ പോയതാണെന്നറിയാമോ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അതിന്റെ വിശദാംശങ്ങളിലേക്ക് ഞാനിപ്പോൾ കടക്കുന്നില്ല. ആ പത്രം വായിച്ചപ്പോൾ ഇംഗ്ലണ്ടിലെ പ്രഫ്യൂമായുടേയും കേരളത്തിലെ പി. ടി. ചാക്കോയുടേയുംപാരമ്പര്യവും കഥയുമാണ് ഓർമ്മവന്നത്. അവരുടെ മന്ത്രിസഭയുടെ പിൻഗാമി കേരളത്തിലെ ഇപ്പോഴത്തെ മന്ത്രിസഭയിലും അവതരിച്ചിരിക്കുന്നല്ലോയെന്ന് തോന്നിപ്പോയി. ബഹുമാനപ്പെട്ട അച്യുതമേനോൻ അവതരിപ്പിച്ചിരിക്കുന്ന വിശ്വാസപ്രമേയം പരാജയപ്പെടുമെന്നുള്ള സാംഗത്യം ഇല്ലെങ്കിലും ആർ. ശങ്കർ കാണിച്ച, അതിശക്തനായ ആർ. ശങ്കർ കാണിച്ച ധീരതയും അവസാന നിമിഷത്തിലെങ്കിലും പി. ടി. ചാക്കോ കാണിച്ച മാന്യതാബോധവും അച്യുതമേനോനും കെ. ടി. ജേക്കബും കാണിക്കാൻ തയാറാകുകയാണു വേണ്ടത്. അദ്ദേഹത്തിന്റെ വികാരം ശമിപ്പിക്കുന്നതിന് നടപടികൾ എടുക്കുന്നതിനെപ്പററി ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. പക്ഷേ അതിന് സ്റേററുകാർ വേണമോ? സ്റേററ് കാറിന്റെ ഗവൺമെൻറു ശമ്പളം വാങ്ങിക്കുന്ന ഡ്രൈവറെ കാവൽ നിറുത്തണമോ? അതിനു ഗവൺമെൻറു ചെലവിലുള്ള പോലീസ് എസ്കോർട്ട് വേണമോ ? അതിലാണ് ഞങ്ങൾക്ക് അഭിപ്രായവ്യത്യാസം ഉള്ളത്. ഞാൻ അതിലേക്ക് കൂടുതൽ പോകുന്നില്ല. ഇങ്ങനെ ഈ സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു നാലു ദിവസമായി മന്ത്രിമാരുടെ സ്റേററുകാറുകൾ ഓടാവുന്ന സ്ഥലങ്ങളിലെല്ലാം ഓടിക്കുകയാണ്. എം. എൽ. എ. മാരെ ചാക്കിട്ടു പിടിക്കുന്ന കാര്യം ശ്രീ. ടി. കെ. രാമകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. എം. എൽ. എ. ക്വാർട്ടേഴ്സിലും അതിന്റെ പരിസരപ്രദേശങ്ങളിലും എം. എൽ. എ. മാർ താമസിക്കുന്ന മുറികളിലും എം. എൽ. എ. മാർ സഞ്ചരിക്കുന്ന സ്ഥലങ്ങളിലും മഫ്ത്തിയിലും യൂണിഫാറം ഇട്ടതുമായ പോലീസുകാരെ ഉപയോഗിച്ചിരിക്കുന്നതുകൊണ്ട് അവരെ കവച്ചുവച്ചു നടക്കാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷം എം. എൽ. എ. മാർക്ക് ഉണ്ടായിരിക്കുകയാണ്. വളരെയധികം ഗവൺമെൻറു മെഷീനറി അധികാരത്തിൽ കടിച്ചു തൂങ്ങി നിൽക്കുന്നതിനുവേണ്ടി ദുർവിനിയോഗം ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഈ മന്ത്രിസഭയെപ്പോലെ വേറൊരു മന്ത്രിസഭയും ഒരിക്കലും ഈ സംസ്ഥാനത്തുണ്ടായിട്ടില്ല. അത്ര വൃത്തികെട്ട മാർഗ്ഗങ്ങൾ ഉപയോഗിച്ചും പ്രലോഭനങ്ങൾ നടത്തിയും പോലീസിനെ ഉപയോഗിച്ച് മന്ത്രിമാരെ ഭീഷണിപ്പെടുത്തിയും മററും ഈ ഗവൺമെൻറിനെ നിലനിറുത്താനുള്ള ശ്രമം നടത്തുകയാണ്. എന്നിട്ടും ഇന്ന് സൽഭരണത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി. സൽഭരണത്തെക്കുറിച്ച് ശ്രീ. മാധവൻനായർ സംസാരിക്കുകയുണ്ടായി, ശ്രീ. കെ. എം. മാണി സംസാരിക്കുകയുണ്ടായി. സൽഭരണത്തെക്കുറിച്ച് പറയുമ്പോൾ ആദ്യമായി ചൂണ്ടിക്കാണിക്കുവാനുള്ളത് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കെ. എം. ജോർജ് ആലപ്പുഴ മെഡിക്കൽ കോളേജിൽ നടന്ന വമ്പിച്ച കുംഭകോണത്തെസംബന്ധിച്ച് 34,000—ൽ ശിഷ്ടം രൂപയുടെ കുംഭകോണം കൈകഴുകി ഉത്തരം പറഞ്ഞതാണ്. വ്യക്തമായ രേഖകൾ പരാമർശിച്ചുകൊണ്ട് പറയുകയുണ്ടായി. പൂപ്പള്ളി കുടുംബത്തിലെ അംഗങ്ങളായ ചെറിയാൻ തോമസും, ചെറിയാൻ ഫിലിപ്പും എന്നുള്ള രണ്ടു വ്യക്തികൾ തിരുമല ദേവസ്വം മെഡിക്കൽ കോളേജ് ട്രസ്ററിയുമായി ഇടപാടുകളുണ്ടായിരുന്നു. ആ ഇടപാടുകളെ സംബന്ധിച്ചിടത്തോളം തിരുമല ദേവസ്വം മെഡിക്കൽകോളേജ് ഗവൺമെൻറു താൽക്കാലികമായി അഞ്ചുവർഷത്തേക്ക് ഏറെറടുത്തപ്പോൾ ഒരു എഗ്രിമെൻറുണ്ടാക്കി. ആ എഗ്രിമെൻറിലെ വ്യവസ്ഥയനുസരിച്ച് ട്രസ്ററിൽനിന്നും കൊടുക്കേണ്ട കടങ്ങൾ ചില വ്യവസ്ഥകൾക്ക് വിധേയമായി ഗവൺമെൻറു കൊടുത്തുതീർക്കുന്നതിനും, അങ്ങനെകൊടുക്കുന്ന പണം ട്രസ്ററിൽനിന്നും ഈടാക്കുന്നതിനും അധികാരം ഗവൺമെൻറിന് കൊടുത്തു. അതനുസരിച്ച് ട്രസ്ററിൽനിന്നും കൊടുത്തുതീർക്കേണ്ട തുകയെ സംബന്ധിച്ച് ഒരു ആഡിററു നടത്തി. ആ ആഡിററു റിപ്പോർട്ടു മേശപ്പുറത്തു വയ്ക്കാമെന്നു പറഞ്ഞിട്ട് അന്നു വൈകുന്നേരംവരെയും വച്ചിട്ടില്ല. വരാനുള്ളതായി കണക്കിൽ കാണുന്നതും എടുത്തു നിരത്തിവച്ച പലതും കൊടുക്കുന്നതിൻെറ സാംഗത്യത്തെപ്പററി ഒബ്ജക്ഷൻ റെയിസ് ചെയ്തിട്ടുണ്ട്. അതിൻെറ ചുമതലകളെസംബന്ധിച്ച് 30.10.69 ൽ ഒരു ജി. ഒ. പുറപ്പെടുവിച്ചു. അതിൽ പറയുന്നത് ആഡിററു റിപ്പോർട്ടനുസരിച്ച്, കണക്കനുസരിച്ച് കൊടുക്കേണ്ട തുകകൾ അതിൽ അവകാശപ്പെടുന്നവർ അപേക്ഷിക്കുമ്പോൾ സത്യസ്ഥിതിയെക്കുറിച്ചും നിജസ്ഥിതിയെക്കുറിച്ചും എഗ്രിമെൻറിൽ പെടുന്ന തുകയാണോയെന്ന് പരിശോധിച്ച് കൊടുക്കേണ്ട പൂർണ്ണഉത്തരവാദിത്വം കോളേജ് പ്രിൻസിപ്പലിന് നൽകുകയെന്നതാണ്. അതനുസരിച്ച് പ്രിൻസിപ്പാളാണ് കൂടുതൽ ഉത്തരവാദി. എങ്ങനെയാണെന്നറിഞ്ഞുകൂടാ ഞാൻ നേരത്തെ പറഞ്ഞ മാന്യ വ്യക്തികൾ മന്ത്രിയെ നേരിട്ടുകണ്ട് 14.11. ൽ ഒരു ഹർജി സമർപ്പിച്ചു തുക ആവശ്യപ്പെട്ടു. തുകമാത്രമല്ല പലിശസഹിതം കിട്ടണമെന്നാവശ്യപ്പെട്ടു. അവർ ഇങ്ങനെ ആവശ്യപ്പെടുമെന്നു പറഞ്ഞുകൊണ്ട് ട്രസ്ററു സെക്രട്ടറി ശ്രീ. പ്രഭു ഗവൺമെൻറിനും പ്രിൻസിപ്പാളിനും എഴുത്തുകൾ എഴുതി. അതിൽ പറയുന്നത് ഈ ആളുകൾ തുക ആവശ്യപ്പെട്ടുകൊണ്ടുവരുമ്പോൾ തുക കൊടുക്കാൻ പാടില്ലായെന്നും അവർ 35,000 രൂപ വിലവരുന്ന കോൺക്രീററു മെഷീൻ തരാനുണ്ട്, അതുകൊണ്ട് അവർക്ക് കൊടുക്കുന്ന തുക ട്രസ്ററിൽ നിന്നും ഈടാക്കാൻ സാധിക്കുകയില്ലെന്നുമാണ്. മെഡിക്കൽകോളേജ് പ്രിൻസിപ്പൽ എഴുതി, 42,000 രൂപ കൊടുത്തുതീർക്കാനുള്ളത് ഇങ്ങോട്ടു വരാനുള്ളതും തട്ടിക്കഴിഞ്ഞാൽ 34,000 രൂപയാണ് വരിക. ആ 34,000 രൂപ ചെറിയാൻ തോമസ് തിരുമല ദേവസ്വത്തിൽനിന്നും പാട്ടം പിരിച്ചതാണ്; ആ പാട്ടം ചെറിയാൻ തോമസിന് കിട്ടണമെന്നാണ്. അതു എന്തുകൊണ്ട് കൊടുക്കണമെന്ന് ആഡിററു റിപ്പോർട്ടിൽ കാണുന്നില്ല. പിന്നെ സ്ററാറിംഗ്സ് സപ്ലൈ ചെയ്യുന്നതിനെപ്പററിയാണ്. അങ്ങനെ സപ്ലൈ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

തിനെപ്പററി ആഡിററു റിപ്പോർട്ടിൽ ഇല്ല. മററുള്ള തുകകൾ ഡിസ്ട്രിക്ടു ഹോസ്പിററൽ പണിയിച്ചതിൽ മിച്ചം വന്ന പതിനായിരം രൂപയോളം വരുന്ന തുകയാണ്.

ആഡിററു ഒബ്ജക്ഷൻ ആകെയുള്ളത് പതിനായിരം രൂപയിലാണ്. പതിനായിരം രൂപയെ സംബന്ധിച്ചിടത്തോളം പ്രിൻസിപ്പൽ വ്യക്തമായി പറഞ്ഞത് അത് എഗ്രിമെൻററനുസരിച്ച് ജി.ഒ. യിൽ വരുന്നില്ല. ആ ജി.ഒ. യിൽ പറയുന്ന പ്രകാരം പതിനായിരം രൂപ ഗവൺമെൻറു കൊടുത്താൽ ട്രസ്ററിൽ നിന്നും അതു ഈടാക്കാൻ പാടില്ലെന്നു കാണിച്ചുകൊണ്ടു പ്രിൻസിപ്പാൽ 15–11–ൽ ഒരു കത്ത് ഗവൺമെൻറിലേക്ക് എഴുതി. 6–11–ൽ സെക്രട്ടറിയുടെ കത്തിനേയും 15-11-ലെ പ്രിൻസിപ്പാലിൻെറ കത്തിനേയും അവഗണിച്ചുകൊണ്ട് 19-11-ൽ ബഹുമാനപ്പെട്ട മന്ത്രി ഒരു ഉത്തരവ് ഇടുകയാണ് ചെയ്തത്. ആ കത്തിനെക്കുറിച്ച് ഒന്നും പരാമർശിക്കാതെ ഒന്നും പറയാതെ വളരെ വ്യക്തമായി ഉത്തരവു 19-11-ൽ മന്ത്രി ഇടുകയാണു ചെയ്തത്. ആ ഉത്തരവിൽ പറയുന്നതു I am to invite your attention to the reference cited and request you to make immediate payment of the dues as seen in the report to Shri Cheriyan Philip and Cheriyan Thomas and report compliance to Government by return. ആ ഉത്തരവു കണ്ടിട്ടു പ്രിൻസിപ്പാൾ 22–11–ൽ ഒരു കത്ത് മന്ത്രിക്ക് എഴുതി. കത്തിലെ പ്രസക്ത ഭാഗം ഞാൻ ഇവിടെ വായിക്കാം. Since the payment involves large amounts to the tune of about Rs. 35,000 and there are no records showing the transactions in the said period available in this office I request Government may be pleased to confirm whether payment to the above parties to be made immediately. അതിനും മന്ത്രി മറുപടി കൊടുത്തില്ല. അതുകഴിഞ്ഞു വീണ്ടും 25–11–ൽ പ്രിൻസിപ്പാൾ ഒരു കത്തെഴുതി. അതിൽ പറഞ്ഞിരിക്കുന്നതും ഞാൻ വായിക്കാം. Various irregularities in the transactions have been pointed out in the Audit Report and so Government was addressed for specific orders regarding payment. As no reply has been sent to my letter dated 22-11-1969, payment as per Government letter dated 19-11-1969 could not be made yet. I am therefore to request you to kindly confirm order for immediate payment after examining the legal questions and consulting the Finance Department if considered necessary since the payment involves big sums of money. ഇതാണ് 25-ാം തീയതി പ്രിൻസിപ്പാൾ എഴുതിയ കത്തിലെ ഉള്ളടക്കം. 22–11 ലേയും 25–11 ലേയും കത്തുകളിൽ പറഞ്ഞിരിക്കുന്നത് ഇന്നയിന്ന കാരണങ്ങളാൽ മന്ത്രിയുടെ ഉത്തരവു പുന:പരിശോധിക്കണമെന്നും ഈ തുക കൊടുക്കേണ്ടതില്ലെന്നും പ്രിൻസിപ്പൽ എഴുതിയപ്പോൾ അതിനെ പരാമർശിക്കാതെ മന്ത്രി ഉത്തരവു നൽകി അത് ഇങ്ങനെയാണ്. The amount due to Messrs Cheriyan Thomas and Cheriyan Philip may be paid in view of the position stated in the previous order. Ask the Principal to comply with the order immediately. സർ, ഇതാണ് നടന്നിരിക്കുന്നത്. വളരെ നഗ്നമായ, വൃത്തികെട്ട രൂപത്തിൽ, പ്രിൻസിപ്പാളിന് പൂർണ്ണാധികാരം കൊടുത്തിരിക്കുന്ന ജി. ഒ. യിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെപ്പോലും തിരസ്കരിച്ചുകൊണ്ട് മന്ത്രി നേരിട്ടു അധികാരം ഏറെറടുത്തു ഈ തുക കൊടുക്കുകയില്ലെന്നും കൊടുക്കേണ്ടതില്ലെന്നും കൊടുത്താൽ ട്രസ്ററിൽ നിന്നും ഈടാക്കാൻ സാധിക്കുകയില്ലെന്നും ചൂണ്ടിക്കാണിച്ച് എഴുതിയ എഴുത്തുകളെപ്പോലും തള്ളിക്കളഞ്ഞ് ഒരു ബ്ലാങ്ക് ഉത്തരവ് മന്ത്രി ഇട്ടിരിക്കുകയാണ്. സർ, വ്യക്തമായ ഒരു അഴിമതിയാണ് ഇത്. അഴിമതിയുടെ വ്യക്തമായ ദൃഷ്ടാന്തമാണ് ഇത്. പിന്നെ കഴിഞ്ഞദിവസം

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യോത്തരസമയത്ത് വളരെ വ്യക്തമായി ഈ സഭയെ തെററിദ്ധരിപ്പിക്കാൻ വേണ്ടി പറഞ്ഞതാണ്. വിശ്വാസവോട്ട് അവതരിപ്പിച്ച് അത് തോററ് നിയമസഭ പിരിച്ചുവിടുമെന്നുള്ള വിശ്വാസത്തോടുകൂടി കഴിഞ്ഞയാഴ്ച ചെയ്തതാണ് ഈ അഴിമതി. വളരെ മന:പൂർവ്വമായി നിയമസഭയെ തെററിദ്ധരിപ്പിക്കുകയാണ് ചെയ്തത്.

മറെറാരു കാര്യം ചോദിക്കട്ടെ. ഈ കഴിഞ്ഞ ബഡ്ജററിൽ ഒരു ഫാർമസ്യൂട്ടിക്കൽ മാനുഫാക്ച്ചറിംഗ് യൂണിററ്, മരുന്നു നിർമ്മാണശാല സ്ഥാപിക്കുന്നതിനുള്ള ഒരു പരിപാടി മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുണ്ടായിരുന്നു. അതിൻെറ പ്രോജക്ററ്റിപ്പോർട്ട് തയ്യാറായിരുന്നുവെന്നാണ് എൻെറ ഓർമ്മ. ഞാൻ ആരോപിക്കുകയാണ്, ഇൻഡ്യാമഹാരാജ്യത്ത് വിദേശമുതലാളിത്തത്തിനു പങ്കുള്ള ഇൻഡ്യയിലെ വൻപിച്ച മരുന്നുവിൽപ്പനകുത്തകക്കാരിൽനിന്ന് കൈക്കൂലി വാങ്ങിക്കൊണ്ട് മന്ത്രി ആ മരുന്നു നിർമ്മാണശാലയുടെ പ്രോഗ്രാം ബഡ്ജററിൽ നിന്ന് ഇപ്പോൾ എടുത്തുകളഞ്ഞിരിക്കുകയാണ്. മെഡിക്കൽ കോളേജു അഡ്മിഷനെപ്പററിയും പരാതിയുണ്ട്. ചോദ്യോത്തരസമയത്ത് അതേപ്പററി ഇവിടെ വിസ്തരിച്ചു പറഞ്ഞതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. അതുപോലെ തന്നെ റവന്യൂഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഡിസ്ററലറിയൂണിററ് സ്ഥാപിക്കുന്നതിന് പ്രോജക്ററ് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഗവൺമെൻറിന് ഇന്നത്തെ നിലയ്ക്കു പ്രതിവർഷം 50 ലക്ഷം രൂപാ ആദായം കിട്ടുന്ന ഒരു നടപടിയായിരുന്നു ഇത്. തന്നെയുമല്ല ഈ സംസ്ഥാനത്തിനാവശ്യമായ ലിക്കർ ക്ഷാമം കൂടാതെ കൊടുക്കാൻ കഴിയത്തക്ക രീതിയിൽ ഇതിൻെറ പ്രോജക്ററ് റിപ്പോർട്ട് തയ്യാറാക്കിയതായിരുന്നു. അത് ഈ ബഡ്ജററിൽ ഇന്നു കാണുന്നില്ല. വ്യക്തമായി ഞാൻ ആരോപിക്കുകയാണ്, പുളിക്കീഴിലുള്ള പഞ്ചസാരമുതലാളിമാരുമായും പ്യാരി ആൻഡ് കമ്പനിയുമായും ഗൂഢാലോചന ചെയ്തുകൊണ്ട് അഴിമതിയാൽ പ്രേരിതമായി ആ യൂണിററ് ഡ്രോപ്പ് ചെയ്തിരിക്കുകയാണ്. ഇങ്ങനെ പറയുകയാണെങ്കിൽ വളരെയധികം അഴിമതികളുടെ കഥ പുറത്തു വരും. സ്വജനപക്ഷപാതത്തെസംബന്ധിച്ച് വളരെയധികം വൈരാഗ്യത്തോടുകൂടി ആത്മാർത്ഥതയോടുകൂടി ഇപ്പുറത്തിരുന്നുസംസാരിച്ച ആളുകൾ അടക്കമുള്ള ഒരു മന്ത്രിസഭ, ഒരു മന്ത്രിസഭയെ പൊളിച്ചയാളുകൾ, ഇന്ന് ഈ സംസ്ഥാനത്ത് ചെറുപ്പക്കാരായ എൻജിനീയറൻമാരും ചെറുപ്പക്കാരായ വിദ്യാഭ്യാസം സിദ്ധിച്ചവരും തൊഴിലില്ലാതെ നിൽക്കുമ്പോൾ പെൻഷൻ പററിയ ആളുകളെയും പാർശ്വവർത്തികളായ ആളുകളെയും പിടിച്ച് ഉന്നതസ്ഥാനങ്ങളിൽ ഇരുത്തുകയാണ് ചെയ്യുന്നത്. ടൗൺപ്ലാനറായി ശ്രീ. വി. കെ. അച്യുതമേനോനെ ഈ ഗവൺമെൻറ് നിയമിച്ചിരിക്കുകയാണ്. ആർക്കിടെക്ക്ച്ചറൽ എൻജിനീയറിംഗിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ള ആളുകളെ കിട്ടാത്തതുകൊണ്ടാണോ റിട്ടയർ ചെയ്യാൻ ഒന്നരമാസം മാത്രമുള്ള ഈ ആളിനെ നിയമിച്ചതെന്ന് ഞാൻ ചോദിക്കുകയാണ്. രണ്ടു വർഷമായി ബി. ഡി. ഒ. പോസ്ററുകൾ ആവശ്യമുണ്ടോയെന്ന് തീരുമാനമെടുക്കാതെ വച്ചിരുന്ന ഈ സമയത്ത്, ഈ മന്ത്രിസഭ വീഴാൻ പോകുന്ന പതനം വന്നപ്പോൾ കൊട്ടാരക്കര തിരഞ്ഞെടുപ്പിൽ സ്പെഷ്യൽ ഡ്യൂട്ടിക്കായി മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്ററാഫിലുണ്ടായിരുന്ന ഒരു കുട്ടികൃഷ്ണനെ ബി. ഡി. ഒ. ആയി നിയമിച്ചത് സ്വജനപക്ഷപാതമല്ലേ? ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ ഔദ്യോഗിക മാനേജിംഗ് ഡയറക്ടർ ഉള്ളപ്പോൾ അതിലൊരു പ്രത്യേക അനൗദ്യോഗിക ചെയർമാൻ ആവശ്യമില്ലെന്ന് പറയുന്ന മന്ത്രിസഭ കെ. എസ്. ഐ. ഡി. സി. യിൽ ഒരു ഔദ്യോഗിക മാനേജിംഗ് ഡയറക്ടർ ഉള്ളപ്പോൾ സെൻട്രൽ ഗവൺമെൻറിൽ നിന്ന് ഒരു മാസത്തിനുള്ളിൽ പെൻഷൻ പററി പിരിയാൻ പോകുന്ന ഡോക്ടർ വർമ്മയെ മൂന്നു കൊല്ലത്തേക്ക് ആ ശമ്പളം കിട്ടത്തക്ക വിധത്തിൽ ചെയർമാനാക്കി വയ്ക്കുന്നതിന് പുതിയ തസ്തിക സൃഷ്ടി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നത് സ്വജനപക്ഷപാതത്തിന്റെ മറെറാരു ഉദാഹരണമാണ്. അതുപോലെ തന്നെ ഫൈനാൻഷ്യൽ എന്റർപ്രൈസസിന് ഡിസ്ട്രിക്ട് ഏജൻറിനെ റിക്രൂട്ടു ചെയ്തു. കൊല്ലത്ത് ഡിസ്ട്രിക്ട് ഏജൻറിനെ റിക്രൂട്ടു ചെയ്തതിന്റെ കഥ പത്രങ്ങളിൽ വന്നതാണ്. സാമ്പത്തിക പ്രവർത്തനങ്ങളുടെ ചുമതല ഈ ഏജൻറൻമാരെ ഏൽപ്പിക്കേണ്ടതാണ്. കൊല്ലത്തെ ഏജൻറായിനിയമിക്കപ്പെട്ട ആൾ ഇൻസാൾവൻറാണ്, നിസ്വനാണ്. അദ്ദേഹം ഇവിടത്തെ സഭാനേതാവായ മന്ത്രിസഭയിൽ പങ്കില്ലാത്ത പാർട്ടിയുടെ നേതാവായ ശ്രീ. ററി. കെ. ദിവാകരന്റെ അടുത്ത ബന്ധുവാണ്. അതുകൊണ്ട് അദ്ദേഹത്തെ നിയമിച്ചു. അതുപോലെ തന്നെ ശേഷൻ മാസ്ററെ മന്ത്രിസഭയിൽനിന്ന് മാററരുതെന്ന പ്രമേയം അവതരിപ്പിച്ചതിന് പാരിതോഷികമായി അഞ്ചു പ്രാവശ്യം എസ്. എസ്. എൽ. സി. ക്ക് തോററു എന്ന ക്വാളിഫിക്കേഷൻ മാത്രമുള്ള ജി. പി. മംഗലത്ത്മഠത്തിന്റെ മകനെ ആലപ്പുഴ ജില്ലയിലെ ഏജൻറായി നിയമിച്ചത് സ്വജനപക്ഷപാതമല്ലെങ്കിൽ പിന്നെ എന്താണ്. മറെറാന്നു ചോദിക്കട്ടെ. ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ പാലക്കാട് ഡി. വൈ. എസ്. പി. യായിരുന്ന കെ. ഉമ്മന്റെ പേരിൽ പണാപഹരണ കുററത്തിന് അന്വേഷണം നടക്കുകയായിരുന്നില്ലേ? ആ എൻക്വയറി യാതൊരു കാരണവും കൂടാതെ സ്ററാപ്പ് ചെയ്തു. അതിനു പാരിതോഷികമായി അദ്ദേഹം ഞങ്ങളുടെ പ്രവർത്തകരെ വെടിവച്ച് കൊടുത്തു. അതിനു പാരിതോഷികമായി ഇന്ന് അദ്ദേഹത്തെ സീനിയറായിട്ടുള്ള ഡി. എസ്. പി. മാർക്ക് മാത്രം അലോട്ടു ചെയ്യാറുള്ള ഇടുക്കിയിലെ സെക്യൂരിററി ആഫീസറായി നിയമിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. എന്നാൽ കെ. എസ്. ഇ. ബി. ചെയർമാൻ രാമചന്ദ്രൻ തൽക്കാലം ഇദ്ദേഹത്തെ വേണ്ടായെന്നും കുറേകൂടി സീനിയറായിട്ടുള്ള ആളുണ്ടെങ്കിൽ മതിയെന്നും പറഞ്ഞു. എന്റെ അറിവു ശരിയാണെങ്കിൽ രണ്ടു ദിവസത്തിനു മുൻപ് ആഭ്യന്തരമന്ത്രികാര്യാലയത്തിൽനിന്ന് ഒരു ഡി. ഒ. ലെററർ എഴുതി, എന്തുകൊണ്ട് കെ. എസ്. ഇ. ബി. ചെയർമാൻ ശ്രീ. കെ. വി. ഉമ്മനെ സെക്യൂരിററി ഓഫീസറായി എടുക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന്. ടെലിഫോണിൽ കൂടി വിളിച്ച് ട്രാൻസ്ഫർ നടത്തിക്കുന്നുവെന്ന് ആക്ഷേപിക്കുന്ന ആളുകളോട്, ശ്രീ. കരുണാകരൻ അടക്കമുള്ള ആളുകളോട് ഞാൻ ചോദിക്കുകയാണ്, പുളിംകുന്നിൽ ചാർജെടുത്ത് 24 മണിക്കൂർകഴിയുന്നതിനു മുൻപ് സർക്കിൾ ഇൻസ്പെക്ടർ ഇറാനിമോസിനെ കൊട്ടാരക്കരയിലേക്ക് സ്ഥലം മാററി നിയമിച്ചത് ആർ. ബാലകൃഷ്ണപിള്ള ആഭ്യന്തരമന്ത്രിയുടെ മുറിയിലിരുന്ന് ടെലിഫോണിൽ കൂടി നടത്തിയ ട്രാൻസ്ഫർ അല്ലേ? സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയമിച്ച അദ്ദേഹം ഞങ്ങളുടെ പ്രവർത്തകരെ തല്ലി ഉൽഘാടനം നടത്തിയിട്ടുണ്ട്. വീയപുരം വെടിവയ്പ്പിനെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. വീയപുരം വെടിവയ്പ്പിനെ സംബന്ധിച്ച് അന്വേഷണ കമ്മീഷൻ അവയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ ഞങ്ങളുടെ അറിവ് ശരിയാണെങ്കിൽ, ഈ സർക്കിൾ ഇൻസ്പെക്ടർ ഇറാനിമോസ് ഉത്തരവാദിത്വരഹിതമായി പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ആ സംഭവം ഉണ്ടായിട്ടുള്ളതെന്നു പറഞ്ഞിട്ടുണ്ട്. ആ ഉദ്യോഗസ്ഥനെ രക്ഷിക്കാൻ വേണ്ടി അന്വേഷണറിപ്പോർട്ട് പൂഴ്ത്തി വയ്ക്കുകയും നടപടികളെടുക്കാതെ ഇരിക്കുകയും ചെയ്യുന്നത് സ്വജനപക്ഷപാതമല്ലെങ്കിൽ മറെറന്താണ്? മറെറന്താണെന്നുള്ളതു പറയാൻ മുഖ്യമന്ത്രി തയ്യാറാകുമോ? അതുപോലെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലും ഒരു ഭാഗ്യവാന് ഉദ്യോഗക്കയററം ലഭിച്ചു. 400—600 സ്കെയിലിൽനിന്ന് 900—1200 സ്കെയിലിലേക്ക് സി. കെ. കരീമിനെ നിയമിച്ച കാര്യം പറഞ്ഞപ്പോൾ അദ്ദേഹം യോഗ്യനാണെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി പറഞ്ഞു. അദ്ദേഹം യോഗ്യനാണോ അല്ലയോ

എന്നുള്ളതല്ല പ്രശ്നം. എല്ലാ യോഗ്യൻമാർക്കും മൽസരിക്കാൻ പററിയ വിധത്തിൽ ഈ നിയമനം പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടേണ്ടതാണെന്ന് വകുപ്പ് സെക്രട്ടറി നോട്ടെഴുതിയതിനെ ധിക്കരിച്ചുകൊണ്ട് മന്ത്രി ഇദ്ദേഹത്തെ നിയമിക്കുകയാണ് ചെയ്തത്. അങ്ങനെ ഈ സംസ്ഥാനത്ത് കഴിഞ്ഞ നാലരമാസക്കാലത്തിനുള്ളിൽ നടത്തിയിട്ടുള്ള അഴിമതികളുടെ പട്ടിക നിരത്തിവയ്ക്കണമെങ്കിൽ മണിക്കൂറോളം വേണം. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഈ രീതിയിലുള്ള അഴിമതിനടപടികൾ സ്വീകരിച്ചുകൊണ്ട് അഴിമതിയുടെ പേരിൽ ഒരു ഗവൺമെൻറിനെ അട്ടിമറിച്ച ഈ ആളുകൾ ഇന്നു പറയുകയാണ്, ഈ രാജ്യത്തെ മുഴുവൻ ശക്തികളും അവർക്കെതിരാണെന്ന്. വലതുകമ്മ്യൂണിസ്ററുപാർട്ടിയുടെ പ്രമേയം വായിച്ചാൽ തോന്നും ബ്രിട്ടീഷ് സാമ്രാജ്യത്വവും അമേരിക്കൻ സാമ്രാജ്യത്വവും കുത്തകമുതലാളിത്തവുമെല്ലാം കൂടി അവരെ എതിർക്കുകയാണെന്ന് ഭ്രാന്തിൻെറ ഏററവും ഉയർന്ന രൂപമുണ്ട്; പേഴ്സിക്യൂഷൻ മേനിയ. പേഴ്സിക്യൂഷൻ മേനിയ എന്ന് പറയുന്ന ആ രൂപത്തിലേക്ക് ഭ്രാന്ത് വരുമ്പോഴാണ് എതിരാളികളെ വെടിവച്ചു കൊല്ലാനും കടന്നാക്രമിക്കാനുമുള്ള ചേതോവികാരമുണ്ടാകുന്നത്. അതു കടന്നു വരുമ്പോൾ ലോകം മുഴുവൻ അവർക്കെതിരാണെന്ന് തോന്നും. ചുററുപാടുമുള്ളതെല്ലാം എതിരാണെന്ന് തോന്നും. ആ പ്രമേയം വായിച്ചാൽ പേഴ്സിക്യൂഷൻ മേനിയ ബാധിച്ച രോഗിയെയാണ് കാണാൻ സാധിക്കുക. അതും അല്ലെങ്കിൽ ചെറിയ ഒരു കഥ പറയാം. ഒരു വഴിപോക്കൻ കടൽക്കരയിൽ പോയി ഇരുന്നു. അപ്പോൾ അയാളെ ഒരു ഞണ്ട് കടിച്ചു. അയാൾ എണീററ് കടൽ കടിച്ചേ, എന്നെ കടൽ കടിച്ചേ എന്ന് വിളിച്ചു പറഞ്ഞ് ഓടാൻ തുടങ്ങി. അതുപോലെ നമ്മുടെ ചന്ദ്രസേനൻെറ ചെറുവിരൽ ഒന്നു തട്ടിയപ്പോൾ അമേരിക്കൻ സാമ്രാജ്യത്വവും കുത്തകമുതലാളിത്തവുമെല്ലാം കൂടി ഞങ്ങളെ എതിർക്കുന്നേ എന്നു പറഞ്ഞു ഓടുന്ന ഉൻമത്തനെപോലെ എന്തു ഹീനമാർഗ്ഗവും ഉപയോഗിച്ച് അധികാരത്തിൽ കടിച്ചു തൂങ്ങുകയാണ്. അത്തരം ജുഗുപ്സാവഹമായ മാർഗ്ഗങ്ങളുപയോഗിക്കുന്ന ഈ ഗവൺമെൻറിനെ താഴെയിറക്കേണ്ടത് ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ ആവശ്യമാണെന്നും അതുകൊണ്ട് ഈ പ്രമേയത്തെ പരാജയപ്പെടുത്താൻ ആത്മാർത്ഥമായി ശ്രമിക്കണമെന്നും ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. സർ, ഞാൻ ഈ വിശ്വാസപ്രമേയത്തെ എതിർക്കുമ്പോൾ ഇത് ആദ്യമായി എൻെറ പാർട്ടി എടുത്തിട്ടുള്ള ഒരു നടപടിയല്ല. ഈ ഗവൺമെൻറ് രൂപീകരിച്ച അവസരത്തിൽത്തന്നെ, ഈ ഗവൺമെൻറിൻെറ രൂപീകരണത്തെസംബന്ധിച്ചും അതിൻേറതായ രാഷ്ട്രീയപ്രവർത്തനത്തെസംബന്ധിച്ചും ഞങ്ങൾക്ക് ശക്തിയായ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. ആ കാര്യങ്ങളെല്ലാം അന്നു തന്നെ വ്യക്തമാക്കിയിരുന്നു. ഈ ഗവൺമെൻറ് വാസ്തവത്തിൽ ജനങ്ങളുടേതായ പ്രശ്നങ്ങൾ അതർഹിക്കുന്ന ഗൗരവത്തോടുകൂടി നേരിടുന്നോ എന്നുള്ളതല്ല പ്രശ്നം. അതൊരു ഭാഗത്ത്. അതിലുമുപരിയായി ഏതൊരു കക്ഷിയെയാണോ ഈ രാജ്യത്തെ കുത്തക ഭരണത്തിൽനിന്ന് ആട്ടിപ്പുറത്താക്കുന്നതിനുവേണ്ടി പ്രതിപക്ഷകക്ഷികൾ യോജിക്കണമെന്ന അടിസ്ഥാനത്തിൽ ചിന്തിച്ച് പ്രവർത്തിച്ചത് ആ കക്ഷിയെ വീണ്ടും കൂട്ടുപിടിച്ചുകൊണ്ട് ഒരു ഗവൺമെൻറ് സ്ഥാപിച്ചു എന്നുള്ളതാണ് മറെറാരു പ്രശ്നം. ഇതു ഞാൻ പറയുമ്പോൾ അപ്പുറത്തുള്ള എൻെറ മാന്യസുഹൃത്തുക്കൾ കഴിഞ്ഞകാലത്തുണ്ടായിട്ടുള്ള സംഭവങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നു ചിന്തിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥനയുണ്ട്. 1966 സെപ്തംബർ 16, 17 എന്നീ തീയതികളിൽ എറണാകുളത്തു വച്ച്

2/3026/MC.

LIBRARY ARCHIVES Kerala Legislative Assembly

അന്നുള്ള പ്രതിപക്ഷകക്ഷികളെല്ലാം കൂടി തനിച്ചിരുന്ന് ആലോചിച്ച് കോൺഗ്രസ്സിനെ പരാജയപ്പെടുത്തുന്നതിനും കോൺഗ്രസ്സിനെ പരാജയപ്പെടുത്തികൊണ്ട് അധികാരം വീണ്ടെടുക്കുന്നതിനും വേണ്ടിയുള്ള ശ്രമത്തിലേർപ്പെട്ടു. അന്ന് അതേക്കുറിച്ച് ആലോചിക്കുന്നതിന് ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്), ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടി, മുസ്ലീംലീഗ്, സംയുക്തസോഷ്യലിസ്റ്റുപാർട്ടി, റവലൂഷണറി സോഷ്യലിസ്റ്റുപാർട്ടി, കർഷകത്തൊഴിലാളിപാർട്ടി, കേരളസോഷ്യലിസ്റ്റ് പാർട്ടി എന്നീ രാഷ്ട്രീയകക്ഷികളുടെയെല്ലാം കൂടിയിട്ടുള്ള ഒരു യോഗമായിരുന്നു അത്. അന്ന് ഈ പ്രശ്നങ്ങളെപ്പററിയെല്ലാം വളരെയധികം ചർച്ചചെയ്ത് അഭിപ്രായവിനിമയം നടത്തിയശേഷം കോൺഗ്രസ്സിനെ പരാജയപ്പെടുത്തി കേരളത്തിലെ രാഷ്ട്രീയ അനിശ്ചിതത്വം അവസാനിപ്പിച്ച് ഒരു ഉറച്ച കോൺഗ്രസ്സിതര ജനകീയഗവൺമെൻറ് രൂപീകരിക്കാൻ നടപടികളെടുക്കണമെന്ന് ഈ പാർട്ടികൾ ഏകകണ്ഠമായി തീരുമാനിച്ചു. അങ്ങനെയാണ് ഇവിടെ ഒരു ഗവൺമെൻറുണ്ടായത്. അന്ന് അത്തരത്തിലുള്ള പ്രവർത്തനങ്ങൾ കൈകാര്യം ചെയ്തിരുന്നതിനെക്കുറിച്ച് കൂടുതൽ പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഈ സഭയിലുള്ള എല്ലാ അംഗങ്ങൾക്കും കോൺഗ്രസിൻെറ കഴിഞ്ഞകാലപ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം വിശദമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശ്വസിക്കുകയാണ്. ഏതായിരുന്നാലും ആ അടിസ്ഥാനത്തിലുള്ള പ്രവർത്തനമാണോ ഇന്നു കാണാൻ കഴിയുന്നത്? ഈ ഐക്യമുന്നണിയിലെ കക്ഷികൾക്കിടയിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നിരിക്കാം. ആ അഭിപ്രായവ്യത്യാസം പറഞ്ഞുതീർക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാകുംവിധം കാര്യങ്ങൾ ചെയ്തിട്ടില്ലെന്നാണ് ഞങ്ങളുടെ പരാതി. ആ കാര്യത്തിൽ എസ്. എസ്. പി. മുൻപുതന്നെ ഞങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഏതായിരുന്നാലും ഐക്യമുന്നണിയെ കുരുതി കൊടുക്കുന്ന നടപടികളിൽ ഘടകകക്ഷികൾ ഒരിക്കലും പങ്കാളികളാകാൻ പാടില്ലായിരുന്നു. ഇതാണ് എൻെറ കക്ഷിയുടെ അഭിപ്രായം. ആ അടിസ്ഥാനത്തിൽ എൻെറ കക്ഷി പുതിയ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം, അച്യുതമേനോൻ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അതിൻെറ ഉൽഭവത്തെസംബന്ധിച്ചിടത്തോളം ശക്തിയായ അഭിപ്രായവ്യത്യാസം രേഖപ്പെടുത്തി. സമയത്തിൻെറ ദൗർലഭ്യംകൊണ്ട് അതിൻെറ വിശദാംശത്തിലേക്ക് കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ഏതൊരു കക്ഷിയെ എതിർത്തു പരാജയപ്പെടുത്തുന്നതിനു വേണ്ടി ഐക്യമുന്നണി ഘടകകക്ഷികൾ ശ്രമിച്ചുവോ ആ കക്ഷിയെ വീണ്ടും അധികാരത്തിൽ കൊണ്ടുവരാൻ ശ്രമിച്ചതാണ് ഈ ഘടകകക്ഷികൾ ചെയ്തഅപരാധം. ആ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഈ ഗവൺമെൻറിനെ എതിർക്കുന്നത്. ഇത്തരത്തിലുള്ള ഒരു ഭരണകൂടത്തെ അനുകൂലിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല.

<u>ശ്രീ. ററി. വി. തോമസ്:</u> വരാൻ പോകുന്ന പുതിയ സംവിധാനത്തിൽ സിൻഡിക്കേററുകോൺഗ്രസ്സും എസ്. എസ്. പി. യും തമ്മിൽ എങ്ങനെയാണ് ബന്ധപ്പെടാൻപോകുന്നതെന്ന് ഒന്നു പറഞ്ഞാൽ കൊള്ളാം.

<u>ശ്രീ. കെ. എ. ശിവരാമഭാരതി:</u> അതു ഞാൻ പിന്നീട് പറയാം. ഏതായിരുന്നാലും ഇന്നത്തെ സാഹചര്യത്തിൽ ഈ ഗവൺമെൻറിനെ അനുകൂലിക്കാൻ എൻെറ കക്ഷിക്ക് സാധ്യമല്ല. ഈ ഗവൺമെൻറ് എത്രയും എളുപ്പത്തിൽ അധികാരത്തിൽ നിന്ന് ഇറങ്ങണമെന്നാണ് എൻെറ വ്യക്തമായ അഭിപ്രായം. അതിനുവേണ്ടി ഞങ്ങളുടെ പ്രവർത്തനത്തിൽ പലതും ചെയ്തിട്ടുണ്ട്. ഒരു പക്ഷേ എൻെറ ബഹുമാന്യ സ്നേഹിതൻ പി. പി.

LIBRARY ARCHIVES Kerala Legislative Assembly

ജോർജ്ജ് അതേക്കുറിച്ച് പറഞ്ഞ ഭാഷയിൽ വളരെയധികം കാര്യങ്ങൾ ഉൾക്കൊണ്ടിരിക്കാം. അധികാരമോഹികൾ ആണെന്നാണ് അദ്ദേഹം ഞങ്ങളെ ചിത്രീകരിച്ചത്. ശ്രീ. അച്യുതമേനോൻ ഇവിടെയില്ല, ശ്രീ. ററി. വി. തോമസ് ഇവിടെയുണ്ട്, ആ കക്ഷിയിൽപ്പെട്ടിട്ടുള്ള മററു പല സുഹൃത്തുക്കളും ഇവിടെയുണ്ട്. അവരോടു ഞാൻ ചോദിക്കുകയാണ് ഈ ഗവൺമെൻറിന്റെ രൂപീകരണകാലത്ത് വാസ്തവത്തിൽ നിങ്ങൾ എസ്. എസ്. പി. യെ അധികാരത്തിൽ വരുന്നതിനുവേണ്ടി ക്ഷണിച്ചില്ലേയെന്ന്. അന്ന് വരുമായിരുന്നെങ്കിൽ ഞങ്ങളിൽ കുറെപേർക്കെങ്കിലും മന്ത്രിയാകാൻ സൗകര്യമുണ്ടാകുമായിരുന്നില്ലേ. തീർച്ചയായും അതു നിഷേധിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അങ്ങനെയായിരിക്കുമെങ്കിൽ അന്ന് മന്ത്രിമാരാകാമായിരുന്നില്ലേ? മന്ത്രിസ്ഥാനത്തിനുവേണ്ടി ഇത്രയും കാത്തിരിക്കണമായിരുന്നോ? അപ്പോൾ അധികാരമോഹം ഇല്ലെന്നുള്ളത് വ്യക്തമാണ്. ബഹുമാനപ്പെട്ട ജോർജ്ജ് അത് പറയും. ബഹുമാനപ്പെട്ട ജോർജിനെസംബന്ധിച്ചിടത്തോളം അതു പറയുന്നതിന് എന്തു അവകാശമുണ്ടെന്ന് എനിക്ക് വാസ്തവത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നില്ല. കാരണം ഈ രാജ്യത്തെ പതിനായിരകണക്കിന് ചതുരശ്രമൈൽ ഭൂമി അന്യദേശക്കാർക്ക് തീർ എഴുതിക്കൊടുത്തതിനുശേഷം, ചൈനീസ് ആക്രമണം ഉണ്ടായ കാലത്തും, പാകിസ്ഥാൻ ആക്രമണം നടന്ന കാലത്തും അനേകം ചതുരശ്രമൈൽ ഭൂമി അന്യദേശക്കാർക്ക് വിട്ടുകൊടുത്തതിനുശേഷം ഈ രാജ്യം ഭരിക്കുന്ന ഒരു കക്ഷിയുടെ അനുയായിക്ക് ഇതുപറയാൻ അവകാശമില്ല. കേന്ദ്രത്തിൽ അധികാരത്തിൽ വരുന്ന അവസരത്തിൽ ഇന്ദിരാഗാന്ധിയുടെ കക്ഷി ഭൂരിപക്ഷ കക്ഷിയായിരുന്നില്ലേ? ഇന്ന് ന്യൂനപക്ഷകക്ഷിയായി മാറിയതിനുശേഷം അധികാരത്തിൽനിന്ന് ഇറങ്ങിയിട്ടുണ്ടോ? അപ്പോൾ ആരാണ് അധികാരമോഹികൾ എന്നുള്ളത് ഞാൻ വിശദീകരിക്കേണ്ട ആവശ്യമില്ല.

എന്റെ ബഹുമാനപ്പെട്ട സുഹൃത്ത് മാധവൻനായർ ചിലത് പറയുകയുണ്ടായി. മിനിഞ്ഞാന്നത്തെ പ്രസംഗത്തിൽ എന്റെ സ്നേഹിതൻ ശ്രീ. പി. ആർ. കുറുപ്പ് ഇക്കാര്യത്തെ പരാമർശിച്ചുകൊണ്ട് ചിലത് സംസാരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞത്, ഈ വിശ്വാസപ്രമേയത്തെ എതിർക്കുന്നതിന് ഒരു രൂപരേഖയില്ലെന്നാണ്. ഞാൻ അതിലേക്ക് വളരെയധികം കടന്നുവരാൻ ആഗ്രഹിക്കുന്നില്ല. എന്റെ സ്നേഹിതൻ ശ്രീ. ശേഷനെ മന്ത്രിസഭയിൽനിന്ന് പുറത്താക്കുന്നതിന് എന്ത് രൂപരേഖയാണ് അദ്ദേഹം അവതരിപ്പിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ആ കാര്യം അവർ തന്നെ സ്വയം തീരുമാനിച്ചാൽ മതിയാകും.

മറെറാരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നത് ബദൽഗവൺമെൻറ് എന്നുള്ളതിനെ സംബന്ധിച്ച പ്രശ്നം ആണ്. ബദൽഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അതിനേററതായ ഒരു മുദ്രാവാക്യം ഈ രാജ്യത്തെ ബഹുജനങ്ങളുടെ മുൻപിൽ നിലനിൽക്കുന്നുണ്ട്. അച്യുതമേനോൻ ഗവൺമെൻറ് രാജിവയ്ക്കണം, അച്യുതമേനോൻ ഗവൺമെൻറ് അധികാരത്തിൽ നിന്ന് പോകണമെന്നാഗ്രഹിക്കുന്നവർ നിശ്ചയമായും ഒരു ഗവൺമെൻറ് ഇവിടെ നിലനിൽക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കുറെപേരെയെങ്കിലും വേറൊരു ഗവൺമെൻറ് വരണമെന്ന് ആഗ്രഹിക്കുന്നുണ്ട്. അച്യുതമേനോൻ ഗവൺമെൻറ് പോകണമെന്ന് വിചാരിക്കുന്ന ആളുകൾ വേറൊരു ഗവൺമെൻറ് വരണമെന്നാഗ്രഹിക്കുകയാണ്. എന്നുപറയുമ്പോൾ എസ്.എസ്. പി. യെ സംബന്ധിച്ചിടത്തോളം ഒരു ബദൽ ഗവൺമെൻറുണ്ടാക്കുന്നത് ന്യായമാണ്, ശരിയാണെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ആ അടിസ്ഥാനത്തിലാണ് ഒരു ബദൽ ഗവൺമെൻറ്ഉണ്ടാകണമെന്ന് പറഞ്ഞപ്പോൾ അതിനെ കുറെപേർ ആക്ഷേപിച്ചത്. ശ്രീ. ജോർജുഫെർണാണ്ടസ് നാളെ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

വരാൻപോകുന്നതിനെക്കുറിച്ച് പരാമർശനം ഉണ്ടായി. ജോർജു ഫെർണാണ്ടസ് ഇവിടെ വരുന്നതിന് ശ്രീ. ജോർജിന്റെ തീട്ടൂരം ആവശ്യമുണ്ടെന്ന് വിചാരിക്കുന്നില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: ഒരു ബദൽ ഗവൺമെന്റ് ഇവിടെ രൂപീകരിക്കാനുള്ള സാഹചര്യം ഉണ്ടെന്നുള്ളതിനോട് യോജിക്കുന്നുണ്ടോ?

ശ്രീ. കെ. എ. ശിവരാമഭാരതി: അച്യുതമേനോൻ ഗവൺമെന്റ് ഈ രാജ്യത്ത് അധികാരത്തിൽ നിന്ന് പോകണമെന്നുള്ളതും ഒരു ബദൽ ഗവൺമെന്റ് ഉണ്ടാകണമെന്നുള്ളതും തമ്മിൽ താരതമ്യപ്പെടുത്തി പരിശോധിക്കുമ്പോൾ ഒരുബദൽഗവൺമെന്റിനെപ്പററി ചിന്തിക്കാതിരിക്കാൻ നിർവ്വാഹമില്ല. ആ അടിസ്ഥാനത്തിൽ നിശ്ചയമായും ഒരു ബദൽ ഗവൺമെന്റിനെപ്പററി ചിന്തിക്കേണ്ടതായി വന്നു. അതിന്റെ അടിസ്ഥാനത്തിൽ അതിനാവശ്യമായ നടപടി സ്വീകരിച്ചു. പക്ഷേ അതേയവസരത്തിൽ മുഖ്യമന്ത്രി ആരായിരിക്കണം, മന്ത്രിസഭയുടെ ഘടന എന്തായിരിക്കണം എന്നുള്ളതിനെക്കുറിച്ചെല്ലാം പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ ഹൃദയമുള്ളവർക്കാർക്കും കണ്ടുകൊണ്ടിരിക്കാൻ സാധിക്കുമെന്ന് വിചാരിക്കുന്നില്ല. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം വന്നിട്ടുള്ള പ്രസ്താവനകളുടെ വെളിച്ചത്തിൽ നോക്കിയാൽ കുറെയധികം മുഖ്യമന്ത്രിമാരുണ്ടായിരിക്കും. ഒരു ദിവസത്തെ പത്രത്തിൽ അബു മുഖ്യമന്ത്രിയാണ്, മററൊരു പത്രത്തിൽ ശിവരാമഭാരതി മുഖ്യമന്ത്രിയാണ്, വേറൊരു ദിവസത്തെ പത്രത്തിൽ ജോർജുതോമസ്സ് മുഖ്യമന്ത്രിയാണ്, പിന്നീട് ഒരു ദിവസത്തെ പത്രത്തിൽ ഇ. എം. എസ്. മുഖ്യമന്ത്രിയാകാൻ പോകുന്നു എന്നുവരെ വാർത്തകൾ വന്നിട്ടുണ്ട്. ഇങ്ങനെയെല്ലാം ഉള്ള വാർത്തകൾ മുഖ്യമന്ത്രിയെപ്പററിയും ബദൽഗവൺമെന്റിന്റെ ഘടനയെപ്പററിയും ഉണ്ടായിട്ടുള്ള പ്രചരണങ്ങൾക്ക് മറുപടി നൽകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സ്വതന്ത്രമെമ്പർ ലൂയിസിന്റെ കാര്യത്തിൽ ആലോചന ഉണ്ടായില്ലേ?

ശ്രീ. കെ. എ. ശിവരാമഭാരതി: ബഹുമാനപ്പെട്ട മെമ്പർക്ക് ലൂയിസിനെപ്പററിയുള്ള ഓർമ്മയാണ്. ഏതായാലും ഒരു കാര്യം വ്യക്തമാണ്. ഇക്കാര്യത്തെ ചൊല്ലി, മന്ത്രിസഭയുണ്ടാക്കുന്നതിൽ അഭിപ്രായവ്യത്യാസമുണ്ടെന്ന് വരുത്തിത്തീർത്ത്, ഒരു മന്ത്രിസഭ ഉണ്ടാകുകയില്ലെന്നുള്ള സ്ഥിതി വരുത്തിത്തീർത്ത്, ഈ മന്ത്രിസഭയെ നിലനിറുത്താമെന്ന് വിചാരിക്കുകയാണ്. അതു മാത്രമേ എനിക്ക് അതേക്കുറിച്ച് ഈ അവസരത്തിൽ പറയാനുള്ളൂ. ഞാൻ ഇതു പറയുന്നതിന് കാരണം കഴിഞ്ഞ 18-ാം തീയതി 65 മെമ്പർമാർ പ്രതിപക്ഷത്ത് നിൽക്കുകയായിരുന്നു. ബഹുമാനപ്പെട്ട മെമ്പർ പി. കെ. കുഞ്ഞും സ്നേഹിതൻമാരും എല്ലാവരും വന്നാലും 64 പേരെ ഗവൺമെന്റുഭാഗത്ത് വോട്ടു ചെയ്യാനുള്ളൂ. ഒരു വോട്ട് പ്രതിപക്ഷത്തിന് കൂടുതലായി നിന്നസമയത്ത് മുഖ്യമന്ത്രി ശ്രീ. അച്യുതമേനോന് ഇങ്ങനെ തോന്നിയതിൽ അതിശയിക്കാനില്ല. അന്ന് ധനാഭ്യർത്ഥന പാസ്സാകാതെ ഇരുന്നാൽ വൈകുന്നേരം ഈ മന്ത്രിസഭ രാജിവയ്ക്കണം. അങ്ങനെ രാജി വയ്ക്കണമെന്നുള്ള സ്ഥിതിഗതികളിൽനിന്ന് ഈ മന്ത്രിസഭയെ രക്ഷിക്കുന്നതിന് വളരെ തന്ത്രപരമായ ഒരു തട്ടിപ്പെന്നോണം നമ്മുടെ മുഖ്യമന്ത്രി ഒരു വിശ്വാസപ്രമേയം ഇവിടെ അവതരിപ്പിക്കുകയാണ് ചെയ്തത്. മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം കുറെപേർക്കെങ്കിലും അദ്ദേഹത്തിന്റെ ആത്മാർത്ഥതയിൽ വിശ്വാസം ഉണ്ടായിരുന്നു. ഈ വിശ്വാസപ്രമേയത്തിന്റെ അവതരണത്തോടുകൂടി അദ്ദേഹത്തെ സംബന്ധിച്ചുള്ള വിശ്വാസം അവ

സാനിച്ചിരിക്കുകയാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വ്യക്തമാണ്. ഈ പ്രമേയത്തെസംബന്ധിച്ച് ചിന്തിക്കുന്ന ആളുകൾ ഇതിനെ വലിച്ച് ദൂരെയെറിയണമെന്ന് ഞാൻ പറയുകയാണ്. ഈ മന്ത്രി സഭ അധികാരത്തിൽനിന്ന് ഇറങ്ങിപ്പോകണം. ഈ മന്ത്രിസഭയുടെ പ്രവർത്ത നത്തെ സംബന്ധിച്ചിടത്തോളം ദീർഘമായി പറയാൻ ഞാനാഗ്രഹിക്കുന്നില്ല. കുറെ കോർപ്പറേഷനുകൾ ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. സ്റേററ് വെയർ ഹൗസ് കോർപ്പറേഷൻ, ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, ഖാദി ബോർഡ്, ഇലക്ട്രിസിററി ബോർഡ്, ക്യാഷ്യൂ കോർപ്പറേഷൻ, ഫൈനാൻ ഷ്യൽ എൻറർപ്രൈസസ് കോർപ്പറേഷൻ ഇങ്ങനെ കോർപ്പറേഷനുകളുടെ പട്ടിക വളരെ വിപുലമാണ്. ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടിയിലെ വളരെ യധികം സുഹൃത്തുക്കൾ ഇതിൻെറ ഉന്നതസ്ഥാനങ്ങളിലുണ്ട്. മററു പാർട്ടികളിൽ പെട്ട ഒന്നു രണ്ടു സ്നേഹിതൻമാരും ഉണ്ട്. ഏതായിരു ന്നാലും നിങ്ങൾ ഇങ്ങനെ കുറെ കോർപ്പറേഷനുകളുണ്ടാക്കിക്കൊണ്ട് അസം തൃപ്തിയോടു കൂടി ഇതിനകത്തു നിൽക്കുന്ന ഏതാനുംആളുകളെ കുത്തി ത്തിരുകാമെന്ന് ഉദ്ദേശിക്കുകയാണ്. മന്ത്രിമാരാക്കാനും ഉദ്ദേശമുണ്ടെന്ന് കേൾക്കുന്നു. കുറെപ്പേരെ മന്ത്രിമാരാക്കാനുള്ള സാഹചര്യം ഉണ്ടാക്കിയതിൽ അതേമാതിരിയുള്ള പ്രലോഭനം കൊടുക്കാനുള്ള സാഹചര്യം ഉണ്ടാക്കിയതിൽ ഞങ്ങൾക്ക് പരാതിയില്ല. ഈ ഗവൺമെൻറിനെ ഞങ്ങൾ എതിർക്കും, അതിനെ പരാജയപ്പെടുത്താൻ ശ്രമിക്കും.

ശ്രീ. ററി. വി. തോമസ്സ്: എൻെറ ചോദ്യത്തിന് മറുപടി പറ ഞ്ഞില്ല. പുതിയ സംവിധാനത്തിൽ സിൻഡിക്കേററുകോൺഗ്രസ്സും എസ്. എസ്. പി. യും തമ്മിലുള്ള ബന്ധം എന്താണെന്ന് പറയാമോ?

ശ്രീ. കെ. എ. ശിവരാമഭാരതി: ഈ കാര്യത്തെ സംബന്ധിച്ച് എൻെറ സ്നേഹിതൻ അബു ഇവിടെ സംസാരിച്ചു. അതു തന്നെ വളരെ വ്യക്തമായ മറുപടിയാണെന്ന് ഞാൻ കരുതുകയാണ്. വളരെ വ്യക്തമായി പറഞ്ഞാൽ എൻെറ പാർട്ടി ഉദ്ദേശിക്കുന്നത് അധികാരത്തിലിരിക്കുന്ന കക്ഷിയെ എതിർക്കുന്നതിന് പ്രതിപക്ഷ കക്ഷികളുടെ എല്ലാവരുടെയും സഹകരണം തേടണമെന്നാണ്. ററി. വി. തോമസ്സിൻെറ കക്ഷിയേയും ക്ഷണിച്ചിരുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. പല കക്ഷികളും ഇതു കാണാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതിൻെറ ഫലമായി ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും കോൺഗ്രസിൻെറ അധികാരക്കുത്തക ഇന്നും നിലനിൽ ക്കുകയാണ്. കേന്ദ്രത്തിലെ കോൺഗ്രസിൻെറ അധികാരകുത്തക അവസാ നിപ്പിക്കുന്നതിനുവേണ്ടി ശ്രീ. ററി. വി. തോമസ്സിൻെറ കക്ഷി അലോ ചിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അന്ന് സോഷ്യലിസ്ററു പാർട്ടി പറഞ്ഞ, സ്വീകാര്യമല്ലെന്നു പറഞ്ഞ കാര്യം കുറച്ചു കൂടി കഴിഞ്ഞ പ്പോൾ എൻെറ സുഹൃത്തിനു ബോധ്യമായി. മുസ്ലീംലീഗുണ്ടെങ്കിൽ അതു വർജ്ജ്യമാണെന്ന് പറഞ്ഞവർ പിന്നീട് ആ വർജ്ജ്യം ഉപേക്ഷിച്ച് ഐക്യ മുന്നണിയിൽ വരാനിടയായി. അങ്ങനെ ഇപ്പുറത്തുള്ള സ്നേഹിതൻമാരുടെ സംഖ്യ ഒൻപതാക്കി മാററാൻ കഴിഞ്ഞു.

ശ്രീ. ആർ. എസ്. ഉണ്ണി: ബദൽ ഗവൺമെൻറിനെപ്പററി പറഞ്ഞല്ലോ. രൂപീകരിക്കാൻ പോകുന്ന ബദൽ ഗവൺമെൻറിന് സിൻഡിക്കേററു കോൺ ഗ്രസിൻെറയും മാർക്സിസ്ററുകമ്മ്യൂണിസ്ററു പാർട്ടിയുടേയും പിൻ തുണയാണോ ഉള്ളത്. അതോ അവരും കൂടി പങ്കെടുത്തുകൊണ്ടുള്ള മന്ത്രി സഭയാണോ രൂപീകരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. എം. ശിവരാമഭാരതി:</u> അത് ആ പാർട്ടികളോട് ചോദിക്കുന്നതായിരിക്കും നല്ലത്. അതേസംബന്ധിച്ചിടത്തോളം അവരുടെ അഭിപ്രായങ്ങൾ പുറത്തു വന്നിട്ടുണ്ട്. ഒരു ബദൽ ഗവൺമെൻറുണ്ടാക്കുന്നതിനെ അവർ എല്ലാവരും അനുകൂലിക്കുന്നുണ്ടെന്ന് പരസ്യമായി പറഞ്ഞിട്ടുണ്ട്. ഏതായാലും എസ്. എസ്. പി. യെ സംബന്ധിച്ചിടത്തോളം ഇത്തരത്തിലുള്ള ബദൽ ഗവൺമെൻറ് ഉണ്ടാക്കുന്നതിനായാലും ഈ ഗവൺമെൻറിനെ അധികാരത്തിൽ നിന്ന് പുറത്തു ഇറക്കുന്നതിനായാലും സജീവമായി പ്രവർത്തിക്കും. ഈ കാര്യത്തിൽ ഞങ്ങൾ പരാജയപ്പെടുന്നുണ്ടെങ്കിൽ അത് ഭയങ്കരമായ ചാക്ക് അപ്പുറത്തു നിന്നിറങ്ങിയെന്നല്ലാതെ മറെറാന്നും അല്ലെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. കെ. പി. ആർ. ഗോപാലൻ:</u> ജനാധിപത്യം ആഭാസമായിത്തീർന്നിരിക്കുന്നു എന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. ഒന്ന്, അച്യുതമേനോൻ മുഖ്യമന്ത്രിയായത് ജനാധിപത്യവിരുദ്ധം അതിന് ഭരണഘടനയിൽ വ്യവസ്ഥയുണ്ടെന്നുള്ളത് തീർച്ചയാണ്. ആ ഭരണഘടനയിൽ അടിയന്തിരമായ മാററം വരുത്തണം. ചില പ്രത്യേക പരിതഃസ്ഥിതിയിൽ അച്യുതമേനോൻ ഗവൺമെൻറു ഉണ്ടായിയെന്നാണ് പറയുന്നത്. അതിനു വേണ്ടിയാണ് അച്യുതമേനോനെ ഇവിടെ കൊണ്ടുവന്നതെന്നാണ് പറയുന്നത്. രണ്ടുമൂന്നുമാസംകൊണ്ട് ആ സ്ഥിതിയെല്ലാം ശരിയാക്കിയിട്ട് അച്യുതമേനോന് തിരിച്ചു പോയ്ക്കൂടേ ? അച്യുതമേനോന് ജനാധിപത്യമര്യാദ അല്പമെങ്കിലും ഉണ്ടെങ്കിൽ ഇപ്പോൾ രാജിവയ്ക്കണം. ഇത് ഞാൻ കഴിഞ്ഞതവണ, പ്രമേയം അവതരിപ്പിക്കാൻ പോകുന്നതിന് മുൻപേ പറഞ്ഞതാണ്. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന വിശ്വാസപ്രമേയം എത്ര രസമാണ്. ഐക്യമുന്നണി ഉണ്ടായപ്പോൾ ആളുകളുടെ ഇടയിൽ ആവേശമുണ്ടായി. ഇപ്പോൾ ആവേശമെല്ലാം പൊളിഞ്ഞതുകൊണ്ട് രാജിവയ്ക്കണം. ശ്രീ. ററി. വി. തോമസ് ഇതിൽ വലിയ വിദഗ്ദ്ധനാണ്. പക്ഷേ എന്തുകൊണ്ട് രാജിവച്ചില്ല? നിങ്ങൾ രാജിവയ്ക്കണം. നിങ്ങൾ വോട്ട് ചോദിച്ചത് ഐക്യമുന്നണിയുടെ പേരിലാണ്. ഐക്യമുന്നണി പൊളിഞ്ഞപ്പോൾ നിങ്ങൾ രാജിവയ്ക്കണം. അതു ചെയ്യാതെ ജനാധിപത്യത്തെപ്പററി എന്തിന് പ്രസംഗിക്കുന്നു. ജനാധിപത്യത്തെപ്പററി പ്രസംഗിക്കുകയാണെങ്കിൽ അതിൻെറ പ്രാഥമികതത്വം ജനങ്ങളാണ്. ഇപ്പോൾ ഇവിടത്തെ ജനാധിപത്യത്തിൻെറ മേൽ ജനങ്ങളില്ല. ഇതൊരു ബൂർഷ്വാ ജനാധിപത്യമാണ്. സാധുക്കളെപ്പററി പ്രസംഗിക്കും, പണക്കാർക്ക് വേണ്ടി ഭരിക്കുന്നു. പോലീസു വകുപ്പ് ഏറെറടുത്താലും സാധുക്കളെ പോലീസു തല്ലും. ഇപ്പോൾ എം. എൽ. ഏ. മാരും അടികൊള്ളണമെന്നു വന്നിരിക്കുകയാണ്. കാരണം ജനാധിപത്യ തത്വപ്രകാരം ജനങ്ങൾ അടികൊള്ളുമ്പോൾ ജനപ്രതിനിധികൾ കൂടുതൽ അടികൊള്ളണമെന്നാണ് പോലീസു കണ്ടുപിടിച്ചിട്ടുള്ളത്. അതിനു അവരെ കുററം പറഞ്ഞിട്ട് കാര്യമില്ല. ജനാധിപത്യബോധം കുറെ പോലീസുകാരിലും വന്നു തുടങ്ങിയിട്ടുണ്ട്. സാധാരണ ജനങ്ങളെ അടിച്ചാൽ ജനങ്ങളുടെ പ്രതിനിധികളെ നല്ലവണ്ണം അടിക്കണമെന്നാണ് പോലീസു മനസ്സിലാക്കിയിരിക്കുന്നത്. എം. എൽ. ഏ. മാരെ അടിച്ചാൽ പോലീസുകാർക്ക് ശമ്പളവും ബത്തയും കൂടുതൽ കിട്ടുമെന്നാണ് അവർ മനസ്സിലാക്കിയിരിക്കുന്നത്. എന്ത് ജനാധിപത്യാഭാസമാണ് ഇത്? ബഡ്ജററു അവതരിപ്പിച്ചുകൊണ്ട് നമ്മുടെ ധനകാര്യമന്ത്രി ഇതൊരു സോഷ്യലിസ്ററു ബഡ്ജററാണെന്ന് പറഞ്ഞുകൊണ്ട് എന്തു പ്രസംഗമാണ് ഇവിടെ നടത്തിയത്. സാധുക്കളെ മറന്നുകൊണ്ട് അദ്ധ്യാപകർക്ക് 45 രൂപാ പെൻഷൻ കൊടുക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു അദ്ധ്യാപകൻ ധനകാര്യമന്ത്രി ആയപ്പോൾ അദ്ധ്യാപകർക്ക് കഞ്ഞികുടിച്ച് കിടക്കാമെന്നുള്ള നില വന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഒന്നുംതന്നെ ചെയ്യാൻ കഴിയുകയില്ല. വേദാന്തം ജനങ്ങളോടു പറയുകയും ജനാധിപത്യാഭാസം നടത്തുകയും ചെയ്യുന്നു. സ്പീക്കർ അവിടെ ഇരിക്കുന്നു. സ്പീക്കറെ വിമർശിക്കാൻ ആർക്കും അധികാരമില്ല. കാരണം ഒരാൾ അവിടെ ഇരിക്കണമല്ലോ. എന്നാൽ ആരെങ്കിലും വിമർശനത്തിന് അതീതനാണോ എന്നു ചിന്തിക്കണം. ബഡ്ജററു സെഷനിൽ ഓരോ ദിവസവും ചർച്ച ചെയ്തിട്ട് ഒരു മണിക്ക് ജനാധിപത്യം പരീക്ഷിക്കുകയാണ്. വിശ്വാസം ഉണ്ടോ ഇല്ലയോ എന്നു പരീക്ഷിക്കുകയാണ്. ഇതു നടത്തുന്നതിനുപകരം രാജിവച്ച് വിശ്വാസം ഉണ്ടോ ഇല്ലയോ എന്നു പരിശോധിക്കണം. എന്തിനിതു കാണിക്കുന്നു. സോഷ്യലിസം നടത്താൻ പ്രസംഗിക്കുകയാണ്. ശ്രീ. മുഹമ്മദുകോയയോട് എനിക്ക് പേഴ്സണലായി വളരെ സ്നേഹമാണ്. പക്ഷേ സ്നേഹം കൊണ്ടു കാര്യമില്ല. ശ്രീ. മാധവൻനായർ എന്താണിവിടെ പ്രസംഗിച്ചത്. (സൗന്ദര്യത്തിൽ മുഹമ്മദു കോയ ആരാണ്) അദ്ദേഹം വലിയ സൗന്ദര്യവാനാണ് എന്ന് ശ്രീ. മാധവൻ നായർ പറഞ്ഞു. അദ്ദേഹത്തിന്റെ സ്വന്തം പാർട്ടിയുടെ നേതാവായ ശ്രീ. പി. ആർ. കുറുപ്പാണ് ലോകത്തിൽവച്ചേററവും സൗന്ദര്യമുള്ള ആളെന്നാണ് എന്റെ അഭിപ്രായം. (സഭയിൽ ചിരി) അദ്ദേഹത്തിന്റെ അനുയായിയാണ് അതംഗീകരിക്കാതെ ഏററവും കൂടുതൽ സൗന്ദര്യം മുഹമ്മദുകോയയ്ക്കെന്നു പറയുന്നത്. അതു അദ്ദേഹത്തെ അപമാനിക്കലല്ലേ. (അസംബ്ളി സെക്രട്ടറി ഇപ്പോൾ ഇവിടെയില്ലെ? വാസ്തവത്തിൽ ഇവിടെ കൂട്ടത്തിൽവച്ചു സൗന്ദര്യം അസംബ്ളി സെക്രട്ടറിയാണ്. അസംബ്ളി സെക്രട്ടറിയാണ് ഏററവും വലിയ സുന്ദരൻ എന്നു പറഞ്ഞുകൂടേ? എന്താണ് പറഞ്ഞാൽ, മാധവൻനായർ തിരുവനന്തപുരത്തുകാരനല്ലേ അദ്ദേഹത്തിനു പ്രസംഗിച്ചു കൂടേ അസംബ്ളിസെക്രട്ടറിയാണ് സുന്ദരനെന്ന്. പക്ഷേ ശ്രീ. മാധവൻനായർക്ക് ശ്രീ. കോയയുടെ അടുത്തുതന്നെ പോകണം. അതുകൊണ്ട് കുറെ സൗന്ദര്യം പ്രസംഗിക്കും.) അദ്ദേഹത്തിന്റെ ഷർട്ടാണെങ്കിൽ സർക്കസിൽ റിംഗ്മാസ്ററുടെ വേഷത്തിലാണ് വന്നിരിക്കുന്നത്. എന്തൊരു ഭ്രാന്താണിത്. ഇവിടെ രാജാക്കൻമാരും തൊഴിലാളികളും തമ്മിൽ ഒരു സമരം നടന്നു തിരുവനന്തപുരത്ത്. അതിൽ നിങ്ങളെല്ലാം രാജാവിന്റെ ഭാഗത്തായിരുന്നില്ലേ? വലിയ തൊഴിലാളി പ്രസംഗവും സോഷ്യലിസം പ്രസംഗവുമാണ്. പക്ഷേ ആഭാസകരമായ സോഷ്യലിസമാണ് ഇവിടെ നടത്തുന്നത്. നിങ്ങൾ സോഷ്യലിസ്ററുകാരനല്ല. പുരോഗമനപരമായ ഒരു പരിപാടിപോലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ന്യൂനപക്ഷസമുദായമായ മുസ്ലീം ലീഗുകാരോടു പറഞ്ഞത് നിങ്ങൾ ഒഴിയണം, നിങ്ങൾക്ക് ഇതിൽ കാര്യമില്ലെന്ന്. ഇവിടെ നടന്ന പോലീസ് മർദ്ദനങ്ങളുടെ ഉത്തരവാദിത്വം പോലീസ് ഐ. ജി. ഗോപാലനാണോ. ഗോപാലൻ പറഞ്ഞാൽ കേൾക്കുമോ ഇവിടത്തെ പോലീസുകാർ. ഉദ്യോഗസ്ഥമേധാവിത്വം നടത്തിയ കാലത്ത് 1948—ൽ കാൺഗ്രസ്സുകാരെയാണ് തല്ലിയത്. പിന്നീട് പോലീസുകാർ അടി ഉണ്ടാക്കിയിട്ടില്ല. എന്താണു കാര്യം. ഈ അടി നിങ്ങൾക്കൊന്നും നിറുത്താൻ കഴിയുകയില്ല. ഇത് ബൂർഷ്വാ ഏർപ്പാടാണ്. ശ്രീ. മുഹമ്മദുകോയ പറയുകയാണ് ഞാൻ ശരിപ്പെടുത്തിക്കൊള്ളാമെന്ന്. കുറെ ആളുകൾ പറയുന്നതുകേട്ടു കോൺഗ്രസ്സുകാർക്ക് സ്വാതന്ത്ര്യം കിട്ടിയാൽ പിന്നീട് കമ്മ്യൂണിസം ഉണ്ടാവുകയില്ലെന്ന് കേളപ്പൻ പ്രഖ്യാപിച്ചു. ഇവിടെ വല്ലതും നടന്നോ? കേളപ്പൻ ഇപ്പോൾ ഇവിടെ ഉണ്ടോ ? ഹിററ്ലറെ കാണാനുണ്ടോ, ഇല്ല. അധികാരം കിട്ടിയാൽ എല്ലാം ആയി എന്നില്ല. നാളെ രാവിലെ ഒഴിഞ്ഞുപോകണമെന്ന് പ്രസിഡൻറിന്റെ ഓർഡർ വന്നാൽ അധികാരമില്ല. ഗവർണ്ണർ നല്ലതാണെങ്കിൽ ഒരുകപ്പു ചായയെങ്കിലും കിട്ടും. എന്തായാലും ഒരു നല്ല ഗവൺമെൻറു ഉണ്ടാവുകയില്ല. ഇവിടെ ഇരുന്നിട്ട് ഞാനാണ് ഭരിക്കുന്നതെന്ന് സ്വയം വിചാരിക്കുന്നത് അപകടമാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. മുഹമ്മദുകോയക്ക് അതുണ്ടാവുകയില്ല എന്നാണ് ഞാൻ ധരിച്ചത്. വിദ്യാഭ്യാസവകുപ്പുമാത്രമായിരുന്നപ്പോൾ അദ്ദേഹം നല്ലതായിരുന്നു. പോലീസു വകുപ്പുകൂടി കിട്ടിയപ്പോൾ തകർക്കുകയാണ്. ഇ. എം. എസ്. നമ്പൂതിരിപ്പാടിനു പോലീസു ഭരണം കിട്ടിയപ്പോഴും പോലീസു മേക്കിട്ടു കയറിയാൽ എന്തു ചെയ്യുമെന്നാണ് ചോദിച്ചത്. അച്യുതമേനോൻ എന്തുചെയ്തു? പോലീസു വകുപ്പെടുത്തില്ല. സി. എച്ച്. മുഹമ്മദുകോയയുടെ കൈയിൽ കൊടുത്തു. അടിച്ച് അദ്ദേഹം ഭരണം നടത്തി രക്ഷപ്പെടാൻ പോകുന്നില്ല. വോട്ടെടുത്തു വിശ്വാസം ഉണ്ടോ ഇല്ലയോ എന്നു നോക്കിയാൽ മതി. അച്യുതമേനോനാണെങ്കിൽ പാർലമെൻറിൽ പോയിക്കൂടെ. എത്ര നിസ്സാരം. എന്തായാലും ഈ പ്രമേയത്തിന് വോട്ടുചെയ്യാൻ കഴിയുകയില്ല. ഈ പ്രമേയത്തിന് ജനാധിപത്യവാദികൾ എതിരായി വോട്ടു ചെയ്യും. ഒരു ഗവൺമെൻറു വന്നു. എൻെറ നിയോജകമണ്ഡലത്തിൽ വല്ലതും ഉണ്ടാകുമെന്നു പറഞ്ഞു ഈ പ്രമേയത്തിന് വോട്ടു ചെയ്താൽ അത് ജനാധിപത്യത്തിന് എതിരാകും. ജനാധിപത്യത്തിൻെറ എ, ബി, സി, ഡി ഈ രാജ്യത്തു നടക്കുന്നില്ല. അതുകൊണ്ട് നിങ്ങൾ പ്രമേയം പാസാക്കുമോ, ജനാധിപത്യം നടത്തുമോ? ഇവിടെ എന്താണ് നടക്കുന്നത്. ഒരു പോലീസു രാജ്. ജനങ്ങൾക്ക് പോലീസിൻെറ ആനുകൂല്യംകൊണ്ട് നിൽക്കപ്പൊറുതിയില്ല. ജനങ്ങളുടെ ഉപദേശത്തെപ്പററി നിങ്ങൾ ചിന്തിക്കണം. ഐ. ജി. യോടു പറഞ്ഞു തിരുത്താനുള്ളതു തിരുത്തണം. ഉത്തരവാദപ്പെട്ട ആളെന്ന നിലയിൽ പറയുകയാണ്. 1948-ൽ നാട്ടുകാരെ അടിച്ചാണ് കോൺഗ്രസ് പോയത്. രാജ്യം നശിക്കാൻ പോകുന്നോ? മാർക്സിസ്ററുപാർട്ടി മാത്രമാണോ രാജ്യത്തുള്ളത്. മാർക്സിസ്ററുപാർട്ടിയിൽ വിശ്വസിക്കുന്ന ഒരാളായതുകൊണ്ട് അടിച്ചു. കാൺഗ്രസുകാർ ചെയ്തത് നീ കമ്മ്യൂണിസ്ററാണോ, അല്ല എന്നുപറഞ്ഞാൽ നീ എന്താടാ കമ്മ്യൂണിസ്ററാകാത്തത് എന്നുപറഞ്ഞു. കമ്മ്യൂണിസ്ററാണെന്നു പറഞ്ഞാൽ എന്തിനെടാ കമ്മ്യൂണിസ്ററായത് എന്നു പറഞ്ഞ് അടി. ചേർന്നാലും ചേർന്നില്ലെങ്കിലും അടി. ഇതാണ് ഫാസിസം. ഇതിൽ നിങ്ങൾ കുററക്കാരാണെന്നു ഞാൻ പറയുന്നില്ല. ഇതിൽ പെട്ടുപോയാൽ പിന്നെ അധികാരം കാണിച്ചതുതന്നെ. അതുകൊണ്ടാണ് ബൂർഷ്വാ വിശ്വാസികൾ ജനാധിപത്യ വിശ്വാസികൾ ചേരരുത് എന്നു പറയുന്നത്. ഇന്നിവിടെ ഏകാധിപത്യമാണ്. അതിൻെറ പ്രത്യക്ഷോദാഹരണമാണ് ഇവിടെ കാണുന്നത്. ജനങ്ങളെ ഇവിടെ ഗ്യാലറിയിൽ കയററിയില്ല. ഇവിടത്തെ കാര്യമൊന്നും ജനങ്ങൾ അറിഞ്ഞുകൂടാ, കേട്ടുകൂടാ. എന്താ ജനങ്ങൾ കേട്ടാൽ? ജനങ്ങളില്ലാതെ ജനാധിപത്യമില്ല. അതുകൊണ്ട് ഞങ്ങൾ മൂന്നുനാലു പാർട്ടികൾ ചേർന്ന് ജനാധിപത്യം ഏറെറടുത്തിരിക്കുകയാണ് എന്നാണ് പറയുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട കക്ഷികൾ ആരാണ്. അവരാരും ഈ ഗവൺമെൻറിൽ ഇല്ല. ഞങ്ങളും ജനാധിപത്യത്തിൻെറ ആളുകളാണ്. കെ. പി. ആറിന് വിട്ടുതന്നിരിക്കുന്നു ഭരണം എന്നു പറഞ്ഞാൽ ജനാധിപത്യം ആകുമോ. എല്ലാവർക്കും വീട്ടുകാരുണ്ടാകും, നാട്ടുകാരുണ്ടാകും, സ്നേഹിതൻമാർ കാണും. സി. എച്ച്. മുഹമ്മദുകോയക്കും കാണും. സി. എച്ചിൻെറ ആളുകൾ വിളിച്ച മുദ്രാവാക്യം ഗുണ്ടാ ഗോപാലാ സൂക്ഷിച്ചോ ഇതാണ്. ഐക്യമുന്നണിയുടെ മുദ്രാവാക്യം. പരസ്പരസഹോദരൻമാരായി പ്രവർത്തനം നടത്താൻ ഐക്യമുന്നണിയായി മാറി. ഈർക്കിൽ പാർട്ടി. ഞങ്ങൾ അതിലൊന്നും പങ്കാളികളല്ല. ആദ്യം ഞങ്ങൾ മാർക്സിസ്ററു പാർട്ടിയിൽ ആയിരുന്നു. പിന്നീട് അതിൽനിന്നും വിട്ടുപോയി പുതിയ പാർട്ടി ഉണ്ടാക്കി. ഞങ്ങൾ ഉപദേശിച്ചാൽ അവർ കേൾക്കുകയില്ല. അവരും ഇങ്ങനെയൊക്കെത്തന്നെയാണ് ഭരിച്ചത്. ഞങ്ങൾ പറഞ്ഞാൽ ഇന്നല്ലെങ്കിൽ നാളെ കേൾക്കേണ്ടിവരും. ജനാധിപത്യത്തിൻെറ ആഭാസമാണ് ഇവിടെ നടക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് ജനാധിപത്യം. ജനാധിപത്യപരമായി ഭരണം എങ്ങനെ നടത്തണം. ഒരു ജനാധിപത്യ പരിപാടി ഉണ്ടാക്കി ആ പരിപാടിക്കു ചുറ്റും ജനങ്ങളെ അണിനിരത്തുക. ഇതിൽ വിശ്വസിക്കുന്ന പാർട്ടികൾ പാർട്ടിക്കുള്ളിലും പുറത്തും നിന്നു ഭരിക്കുക. ഇതാണ് ജനസേവനം, ഇതാണ് ജനാധിപത്യം. അല്ലാതെ ഇവിടെ പോലീസുണ്ടെന്നു വിചാരിച്ച് അവരേ ഇറക്കി എന്തും ചെയ്യാമെന്നു വിചാരിക്കരുത്. പണ്ട് 8 രൂപ പോലീസ്, തിരുവനന്തപുരം പോലീസ്, രാജാക്കൻമാരുടെ പോലീസ് ഇതെല്ലാമായിരുന്നു. ഇപ്പോൾ 8 രൂപ പോലീസിന്റെ ശമ്പളം കൂട്ടിയിട്ടുണ്ട്. ശമ്പളം കൂട്ടിയതുകൊണ്ടുമാത്രം പോലീസിന്റെ സ്വഭാവം മാറുകയില്ല. ഒററ പോലീസുമന്ത്രിയും പോലീസുകാരെ ജനാധിപത്യമോ സോഷ്യലിസമോ ഒന്നും പഠിപ്പിച്ചിട്ടില്ല. ശ്രീ. മാധവമേനോൻ പോലീസുമന്ത്രിയായിരുന്ന കാലത്ത് പോലീസുകാരെ വിളിച്ചു പറഞ്ഞു കമ്മ്യൂണിസ്ററുകാരെ തല്ലാം കൊല്ലാം തിന്നാമെന്നു പറഞ്ഞു. അതുപോലെ മാർക്സിസ്ററുപാർട്ടിയെ അടിക്കാം തല്ലാം കൊല്ലാമെന്ന് നിങ്ങൾ പറഞ്ഞു. നമ്പർ വൺ നക്സലൈററ് കെ. പി. ആറിനെ അടിക്കട്ടെ കൊല്ലട്ടെ തിന്നട്ടെ എന്നു നിങ്ങൾ പറഞ്ഞു. അതുപോലെതന്നെ ഇവിടെ വയനാട്ടിന്റെ കാര്യം പറഞ്ഞു. എന്താണ് അവിടെ നടന്നത്. സി. എച്ച്. മുഹമ്മദുകോയക്ക് സമ്മതിക്കാൻ വിഷമമുണ്ട്. അദ്ദേഹം സമ്മതിക്കുകയില്ല അച്യുതമേനോന് അറിയാം. ശ്രീ. അച്യുതമേനോൻ പാർട്ടി സെക്രട്ടറിയായിരുന്ന കാലത്ത് അദ്ദേഹം കണ്ണൂർ ഡിസ്ട്രിക്ടിൽ വന്നാൽ അദ്ദേഹത്തെ ആദരിച്ച് അദ്ദേഹത്തിന്റെ ബാഗ് വാങ്ങിക്കൊണ്ട് പോവുക എന്നുള്ളത് വർഗ്ഗീസിന്റെ ഒരു നിർബന്ധമായിരുന്നു. ഒരു ഉശിരുള്ള വാളന്റിയറായിരുന്നു വർഗ്ഗീസ്. അച്യുതമേനോനെ വളരെ സ്നേഹിച്ചിരുന്ന ഒരു കമ്മ്യൂണിസ്ററു കുടുംബത്തിലെ അംഗമായിരുന്നു വർഗ്ഗീസ്. അങ്ങനെ അതിവിപ്ലവകാരിയായ അദ്ദേഹത്തെ പിടിച്ച് കണ്ണു തുറന്ന് കാണാൻ പാടില്ലാത്ത വിധത്തിലാക്കിയിട്ട് വെടിവച്ചുകൊന്നു എന്നുള്ളത് സത്യമാണ്. സത്യത്തിന് എന്നും 16 വയസ്സാണ്. ഇതു നിങ്ങൾക്ക് മറച്ചു വയ്ക്കാൻ കഴിയുകയില്ല. അന്വേഷണം നടത്താൻ പറഞ്ഞപ്പോൾ നിങ്ങൾ എന്താണു പറഞ്ഞത്. ശവം അലിഞ്ഞുപോയിട്ട് ആണോ അന്വേഷിക്കുന്നത്. കുറെ ദിവസം കഴിഞ്ഞു. 18—ാം തീയതി കഴിഞ്ഞിട്ട് ഒരുമാസത്തോളമായി. ഇനി തെളിയിക്കാൻ ഒക്കുകയില്ലെന്നായിരിക്കും. ഇതിന് തെളിവില്ലാതാക്കുന്നതിനുകൂടി ജനങ്ങളുടെ ഗവൺമെൻറു വന്നാൽ നിങ്ങളുടെ പേരിൽ ചാർജ് ചെയ്യേണ്ടിവരും. ഇന്നല്ലെങ്കിൽ നാളെ അതു വരും. നിങ്ങളോട് അന്വേഷിക്കുമെന്നു പറഞ്ഞപ്പോൾ നിങ്ങൾ പരിഹസിച്ചു. അതുകൊണ്ട് നിങ്ങൾ ജനങ്ങളുടെ പേരിലും ജനാധിപത്യത്തിന്റെ പേരിലും സംസാരിക്കരുത്. അച്യുതമേനോൻ ജനങ്ങളോട് വോട്ടു ചോദിക്കാതെ പോകരുത്. അദ്ദേഹത്തിന് പാർലമെൻറിൽപോകാം. അവിടത്തേക്കാണ് അദ്ദേഹത്തെ തിരഞ്ഞെടുത്തയച്ചത്. ഇവിടെ വേറെ ഏതെങ്കിലും നേതാവിനെ തിരഞ്ഞെടുക്കട്ടെ. പിന്നെ ഇവിടെ ബഡ്ജററു ഡിസ്കഷൻ നടത്തുന്നുണ്ട്. ഓരോ ദിവസവും ഉച്ചയ്ക്ക് ഇങ്ങനെ ഒരു പരീക്ഷണാഭാസം നടത്തേണ്ട ആവശ്യമില്ല. അതുകൊണ്ട് അച്യുതമേനോൻ പാർലമെൻറിൽ പോകണം. ജനാധിപത്യം സംരക്ഷിക്കണം. ഞങ്ങൾ അങ്ങോട്ടേക്കാണ് തിരഞ്ഞെടുത്തയച്ചത്. സോഷ്യലിസവും പറഞ്ഞ് ഭരണത്തിൽ ചേരുക, എന്നിട്ട് ഏതാഭാസവും നടത്തുക ഇതാണ് കാണുന്നത്. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ആളുകളെല്ലാംകൂടി ഈ ഭരണം അവസാനിപ്പിച്ച് എല്ലാവരുംകൂടി ഭരിക്കുന്ന ഭൂരിപക്ഷ ഗവൺമെൻറുണ്ടാക്കാൻ വേണ്ടി ജനാധിപത്യ പരിപാടിയും മാനദണ്ഡവും ഉണ്ടാക്കി അങ്ങനെ ഒരു പുതിയ അപ്രോച്ച് ഉണ്ടാക്കണം. ഇല്ലെങ്കിൽ ജനങ്ങൾ തൃപ്തിപ്പെടാൻ പോകുന്നില്ല. നിങ്ങളെയെല്ലാം ശരിപ്പെടുത്തണമെന്ന് ജനങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കാൻ പോവുകയാണ്. ജനങ്ങൾ ഇന്നല്ലെ

LIBRARY ARCHIVES Kerala Legislative Assembly

കിൽ നാളെ അതു കേരംക്കും. അതുകൊണ്ട് അച്യുതമേനോൻെറ വിശ്വാസ പ്രമേയം പിൻവലിക്കണം. പിൻവലിക്കുന്നില്ലെങ്കിൽ അതിനെ തോൽപ്പിക്കണം. അതിനുവേണ്ടി വോട്ടു ചെയ്യാൻ യാതൊരു വിഷമവുമില്ലെന്ന് വ്യസനസമേതം ഞാൻ പറയുകയാണ്.

ശ്രീ. പി. കെ. രാഘവൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്ന വിശ്വാസപ്രമേയത്തെ പിൻതാങ്ങുന്നതിന് എനിക്ക് വളരെയധികം സന്തോഷവും അഭിമാനവുമാണുള്ളത്. പിന്നിട്ടുപോയ ഏതാണ്ട് നാലരമാസങ്ങരംക്കുള്ളിൽ സഖാവ് അച്യുതമേനോൻെറ നേതൃത്വത്തിലുള്ള ഐക്യകക്ഷി മന്ത്രിസഭ നമ്മുടെ സംസ്ഥാനത്ത് തുടങ്ങി വച്ചതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ പരിഷ്ക്കാരങ്ങരം തൊഴിലാളി കർഷകവിഭാഗത്തിനും അദ്ധ്വാനിക്കുന്ന ജനതയ്ക്ക് ആകെയും അഭിമാനിക്കാൻ വകയുള്ളതാണ്, മാർഗ്ഗദർശനം നൽകുന്നതുമാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. 32 മാസക്കാലം നമ്മുടെ സംസ്ഥാനത്ത് ഭരണാധികാരം കൈവശമിരുന്ന അതേ മാർക്സിസ്ററുകക്ഷി ഇക്കാലമത്രയും അവരുടെ ഭരണാധികാരം ദുർവ്യയം ചെയ്തു എന്നതിന് എത്ര തെളിവുകരം വേണമെങ്കിലും ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അവർ ഭരണാധികാരത്തിൽനിന്നുപോയിട്ട് ഈ ഗവൺമെൻറിൻെറതുടക്കംമുതൽ ഇന്നലെവരെ സ്വീകരിച്ച തകർപ്പൻ സമരരൂപങ്ങരം, ആ സമരങ്ങളുടെ ശോകപര്യവസായിയായ അന്ത്യം എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ നാട്ടിലെ ജനങ്ങരം കണ്ടതാണ്. എന്നിട്ടിപ്പോരം ഏററവും ഒടുവിൽ ഇന്നലെവരെ സ്വീകരിച്ചിരുന്ന സമര മാർഗ്ഗങ്ങളിൽ നിന്നു വ്യത്യസ്തമായി ഈ ഗവൺമെൻറിനെ അട്ടിമറിക്കുന്നതിനുള്ള പുതിയ സമരരൂപങ്ങളുമായി രംഗത്ത് എത്തിയിരിക്കുന്നു. സർ, ഇത് പ്രവൃത്തിയിൽ ആക്കിക്കഴിഞ്ഞതിനുശേഷം ഉത്തരധ്രുവപ്രദേശങ്ങളിൽ ഉണ്ടെന്നു പറയുന്ന കൊക്കിൻെറ ചെളിയിലെ തപസുപോലെയാണ് എനിക്കു തോന്നുന്നത്. കൊക്കിൻെറ കഥ എല്ലാവർക്കും അറിയാമെന്നാണ് തോന്നുന്നത്. എല്ലാം ശരിക്ക് എന്ന് ബോധ്യമാകുമ്പോരം കൊക്ക് ഒരു തപസ്സാരംഭിക്കും. ഒററക്കാലിൽനിന്നുകൊണ്ട് മറുകാലു മടക്കി കണ്ണുമടച്ച് ഒരു തപസ്സാണ്. തപസ്സ് ഏതാണ്ട് പൂർത്തിയാക്കിക്കഴിയുമ്പോരം കൊക്ക് കണ്ണു തുറക്കും. അപ്പോഴാണ് താൻ ചവുട്ടിയിരുന്ന കാല് ചെളിയിൽ ആയിരിക്കുന്നു എന്ന് ബോദ്ധ്യപ്പെടുക. മടക്കിവച്ചിരിക്കുന്ന കാൽ വലിച്ച് മറേറക്കാൽ ഊരാൻ ഒരു ശ്രമം നടത്തും. അപ്പോരം രണ്ടുകാലും ചെളിയിൽ പുതയും. പിന്നെ രണ്ടു കാലും വലിച്ചൂരാനുള്ള ശ്രമം ചെയ്യുന്നത് ചുണ്ടാണ്. അപ്പോഴേക്കും ആ സംരക്ഷണഘടകമായ ചുണ്ടും ചെളിയിലാകും. ഏററവും ഒടുവിൽ ഏക ആശ്രയമായിട്ടുള്ള ചിറകുണ്ട്. ചിറകിനുള്ളിൽ സംഭരിക്കാവുന്ന ശക്തി മുഴുവൻ സംഭരിച്ച് രക്ഷപ്പെടാമോ എന്നു നോക്കും. ഏതാണ്ട് ഈ സ്ഥിതിയിലല്ലേ മാർക്സിസ്ററുപാർട്ടി. സർ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്ന അന്നുമുതൽ ഈ ഗവൺമെൻറിനെ താഴെ ഇറക്കുന്നതിനുവേണ്ടി മാർക്സിസ്ററുപാർട്ടി ജനങ്ങളുടെ പേരിൽ നടത്തിയിട്ടുള്ള സമരങ്ങളുടെ ഫലമെന്തായി. ജനങ്ങരംക്ക് ആവശ്യമില്ലാത്ത ജനങ്ങരം തള്ളിക്കളഞ്ഞ സമര രൂപങ്ങളായിട്ടല്ലേ അതു പ്രത്യക്ഷപ്പെട്ടതു. ഞാൻ ഓരോ സമരത്തിൻെറയും വിശദാംശങ്ങളിലേക്ക് പോകുന്നില്ല. സഖാവ് എ. കെ. ഗോപാലൻ ഈ ഗവൺമെൻറിനെ അധികാരത്തിൽനിന്നു പുറത്താക്കാൻ ഈ രാജ്യത്തെ പതിനായിരക്കണക്കിന് വീറുള്ള ചുറുചുറുക്കുള്ള യുവാക്കൻമാർ അവരുടെ വിരിമാറ് നിറതോക്കിനു മുമ്പിൽ കാട്ടാൻ തയ്യാറാകുമെന്നു പറഞ്ഞു. പതിനായിരക്കണക്കിനു യുവാക്കൻമാർ ഉണ്ടായില്ല സർ. ആഗ്രഹം ഇല്ലാത്തതുകൊണ്ടല്ല. ജനങ്ങരംക്ക് മനസ്സിലായില്ല ഈ സമരങ്ങളുടെ ഉദ്ദേശലക്ഷ്യം. സഖാവ് ഇ. എം. എസ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്പൂതിരിപ്പാട് ബഡ്ജററിന്റെ പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു, പത്മവ്യൂഹത്തിൽ അകപ്പെട്ട അഭിമന്യുവിനെപ്പോലെ പൊരുതി മരിക്കുമെന്ന്. അല്ലാതെ ഉത്തരനെപ്പോലെ ഞങ്ങൾ പിൻതിരിഞ്ഞ് ഓടുക യില്ലെന്ന്.

ശ്രീമാൻ നമ്പൂതിരിപ്പാടിനോടും മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയോടും ഞാൻ ചോദിക്കട്ടെ. ട്രാൻസ്പോർട്ട് കാർപ്പ റേഷനിൽ നടന്ന ആയിരക്കണക്കിന് നിയമനങ്ങളി൴ റിസർവ്വേ
12 NOON ഷൻ തത്വം പാലിക്കാത്തതൊന്നും ഞാൻ ഇപ്പോൾ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നില്ല. ട്രാൻസ്പോർട്ട് സമരത്തിൽ നൂറുശതമാനം ആളുകളെയും അണിനിരത്താൻ നിങ്ങൾക്കുസാധിച്ചു. റിസർ വ്വേഷന്റെ ക്വോട്ടാ പൂർത്തിയാക്കാൻ നിങ്ങൾക്ക് അവിടെ സാധിച്ചു. പക്ഷേ സഖാവ് നമ്പൂതിരിപ്പാടാകട്ടെ, ട്രാൻസ്പോർട്ടു സമരമെന്ന കുരുക്ഷേത്ര ഭൂമിയിൽ നിന്നും പത്മവ്യൂഹത്തിൽ അകപ്പെട്ട അഭിമാന്യുവിനെപ്പോലെ പൊരുതി മരിക്കുന്നതിനുപകരം തങ്ങളുടെ സഖാക്കളുടെ ജീവന് വിലനിശ്ച യിച്ചുകൊണ്ട് ഉത്തരനെക്കാൾ വേഗത്തിൽ ഓടിപ്പോയ ചിത്രമല്ലേ നിങ്ങൾ ഈ നാട്ടിലെ ജനങ്ങളുടെ മുമ്പിൽ വരച്ചുകാണിച്ചത്? എന്താണ് ഇതിന്റെ കാരണം, എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ഇവിടെ ഈ ഗവൺ മെൻറിന് എതിരായിട്ടു നടത്തിയിട്ടുള്ള സമരങ്ങൾ നമ്മുടെ നാട്ടിലെ ബഹു ഭൂരിപക്ഷംവരുന്ന സാധാരണജനങ്ങൾക്ക് മനസ്സിലായില്ല. അവരുടെ കുററ മല്ല അത്. സർ, ഈ ഗവൺമെൻറിനെ തുടക്കംമുതൽ ഇന്നുവരെ എടു ത്തിട്ടുള്ള നടപടികൾ നമ്മുടെ സംസ്ഥാനത്തിലെ തൊഴിലാളിവർഗ്ഗത്തിനും കൃഷിക്കാർക്കും അധ്വാനിക്കുന്നജനതയ്ക്കും ആവേശം നൽകാൻ വകനൽകുന്ന താണ്. സർ, ഈ ഗവൺമെൻറിനെ അധികാരത്തിൽനിന്നും താഴെയിറക്കാൻ നടക്കുന്ന നിഗൂഢശക്തികൾ തൊഴിലാളിവർഗ്ഗത്തിനു മാതൃകകളാക്കാൻ മാർക്സിസ്ററുകമ്മ്യൂണിസ്ററു പാർട്ടി തയ്യാറാകുമോ? ഈ സന്ദർഭത്തിൽ ഏതു ചെകുത്താനെ പിടിച്ചും ഈ ഗവൺമെൻറിനെ മറിക്കുമെന്ന വാക്ക് പ്രായോഗികമാക്കാൻവേണ്ടി വളരെ ത്യാഗംചെയ്യുന്നുണ്ട്. ശ്രീമതി ഗൗരിയമ്മ കഴിഞ്ഞദിവസം ഈ സഭയിൽ പ്രസംഗിച്ചപ്പോൾ നമ്മുടെ സംസ്ഥാനത്തെ ഹരിജനങ്ങളുടെ പേരിൽ വിലപിക്കുന്നതു കേട്ടു. ആ വിലാപകാവ്യം കേട്ടുകൊ ണ്ടിരുന്നപ്പോൾ ചെകുത്താൻ വേദമോതുകയാണോയെന്നു തോന്നിപ്പോയി. പണ്ട് ഒരു ആഢ്യൻ നമ്പൂതിരി തന്റെ ജീവിതകാലമാകെ മനുഷ്യദ്രോഹപരമായ പ്രവൃത്തികൾ ചെയ്തു മരണശയ്യയിലായപ്പോൾ തന്റെ പത്താമത്തെ പുത്രനായ നാരായണനെ കാണാൻ ആഗ്രഹിച്ചു. അദ്ദേഹം മരണശയ്യയിൽ കിടന്നുകൊണ്ട് നാരായണാ എന്നു വിളിച്ചു. അദ്ദേഹത്തെ നരകത്തിലേയ്ക്ക കൂട്ടിക്കൊണ്ടുപോകാൻ കാത്തുനിന്ന കാലൻമാർ ഇതുകേട്ടു പിൻതിരിഞ്ഞുപോയി. എന്നിട്ട് ശ്രീനാരായണൻ ഈ നമ്പൂതിരിക്ക് മോക്ഷം നൽകിയെന്ന് ഒരു കഥയുണ്ട്. അതുപോലെ കഴിഞ്ഞ 32 മാസക്കാലത്തെ ഐക്യമുന്നണി ഗവൺമെൻറ് നമ്മുടെ സംസ്ഥാനത്തെ ഹരിജനങ്ങളെ കൊലചെയ്യുന്ന പണിയല്ലേ നടത്തിയത്. ഇവിടെ ഇരിക്കുന്ന റിസർവ്വേഷൻ മെമ്പറൻമാർക്ക് നെഞ്ചിൽ കൈവച്ചുകൊണ്ട് പറയാൻ കഴിയുമോ ഈ കഴിഞ്ഞ 32 മാസ ക്കാലത്തെ ഭരണത്തിനിടയ്ക്കു പാവപ്പെട്ട ഹരിജനങ്ങൾക്കുവേണ്ടി എന്തെ ങ്കിലും ചെയ്തുവെന്ന്.

ശ്രീ. എം. രാമുണ്ണി: തൈക്കാട്ടുശേരിയിൽ...............

ശ്രീ. പി. കെ. രാഘവൻ: അത് വേറെ കാര്യം. കുളത്തുപ്പുഴയിലെ കാര്യവുമുണ്ട്. ട്രാൻസ്പോർട്ടു സമരത്തിനുവേണ്ടി ശ്രീമാൻമാരായ പി. കെ. കുഞ്ഞച്ചനും സി. കെ. ബാലകൃഷ്ണനും കെ. ഐ. രാജനും അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ചെന്നു കിടന്നപ്പോൾ ഞാൻ വളരെ അത്ഭുതപ്പെട്ടുപോയി. എന്തിനുവേണ്ടിയാണ് നിങ്ങൾ സമരത്തിനുപോയത്. ഈ സംസ്ഥാനത്ത് ട്രാൻസ്പോർട്ടു കാർപ്പറേഷനിൽ നടന്ന നിയമനങ്ങളിൽ ഏതാണ്ട് മൂവായിരത്തോളം നിയമനങ്ങളിൽ 300 എണ്ണം ഹരിജനങ്ങൾക്കു കിട്ടാൻ സാധ്യതയുണ്ടായിരുന്നിട്ടു കിട്ടാതെവന്നപ്പോൾ അതിലെ നിയമനങ്ങൾ പബ്ളിക് സർവ്വീസു കമ്മീഷനു വിട്ടുകൊടുത്തു. അതിനെതിരായിട്ടാണ് നിങ്ങൾ സമരത്തിനുപോയത്. ഈ രാജ്യത്തെ ഹരിജനങ്ങളോട് കാണിച്ച ഏററവും വലിയ അനീതിയാണ് അത്. എന്നിട്ട് ഹരിജനങ്ങളുടെ പേരിൽ വിലപിക്കുകയാണ്. തൈക്കാട്ടുശേരിയിൽ നടന്ന സംഭവത്തിൽ ഞാൻ സന്തുഷ്ടനല്ല. ആ നടന്ന സംഭവത്തിന് ഉത്തരവാദികൾ പലരുമായിരിക്കാം. ശ്രീമതി ഗൗരിയമ്മ കഴിഞ്ഞ 32 മാസക്കാലത്തെ ഭരണത്തിനിടയ്ക്കു ഏതാണ്ട് മുപ്പതിനായിരത്തോളം ഏക്കർ ഭൂമി ഹരിജനങ്ങൾക്ക് പതിച്ചുകൊടുത്തു എന്നു പറയുകയുണ്ടായി. ലജ്ജയില്ലേ, നാണമില്ലേ ഇങ്ങനെ അവാസ്തവ പ്രസ്താവന നടത്താൻ. എവിടെയാണ് കൊടുത്തത്? അതിന്റെ കണക്കുകൾ ഒന്നു നിങ്ങൾക്കു കാണിക്കാൻ കഴിയുമോ? കൊടുത്ത ഭൂമിയുടെ അളവ് ഇവിടത്തെ ഹരിജനങ്ങൾ കേട്ടാൽ അവർക്ക് അത്ഭുതമുണ്ടാകും. ശ്രീമാൻ രാമുണ്ണി അറിയാൻവേണ്ടി പറയുകയാണ്, കുളത്തുപ്പുഴ ഏതാണ്ട് 32 ഏക്കറോളം ഭൂമി റവന്യൂഡിപ്പാർട്ടുമെൻറിന്റെ വകയായിട്ടുണ്ടായിരുന്നു. അതിൽ ഏതാണ്ട് 120, 130 ഓളം ഹരിജനങ്ങൾ പാർത്തിരുന്നു. ഹരിജനങ്ങൾ മാത്രമാണ്. ഈ 32 ഏക്കർ സ്ഥലത്തുനിന്നും ഇവരെ ആകെ ശ്രീമതി ഗൗരിയമ്മ പോലീസിനെ അയച്ച് ഒഴിപ്പിച്ചു. അവരുടെ കൂര ചുട്ടുകരിച്ചു അവരെ നിരവധി കേസ്സുകളിൽ കുരുക്കി. എന്നിട്ട് ആ സ്ഥലം എടുത്ത് മൂന്നു ഏക്കർ വീതം കുറച്ചുപേർക്ക് പതിച്ചു കൊടുത്തു. അതു ഹരിജനങ്ങൾക്കല്ല. എന്നിട്ട് ഇവർ ഹരിജനങ്ങളുടെ പേരിൽ സംസാരിക്കുകയാണ്. അതാണ് എനിക്കു മനസ്സിലാകാത്തത്. എന്റെ നിയോജകമണ്ഡലത്തിൽതന്നെ കന്നുകാലിസംരക്ഷണത്തിനുവേണ്ടി ഒഴിച്ചിട്ടിരുന്ന 117 ഏക്കർ സ്ഥലമുണ്ട്. അവിടെ യാതൊന്നും ചെയ്തിരുന്നില്ല. ആ സ്ഥലം രണ്ടുകൊല്ലക്കാലത്തേയ്ക്ക് ഹരിജനങ്ങൾക്ക് കൃഷി ചെയ്യുന്നതിനുവേണ്ടി കൊടുക്കാൻ അന്നത്തെ കൃഷിവകുപ്പുമന്ത്രി സമ്മതിച്ചു. രണ്ടുകൊല്ലംകഴിയുമ്പോൾ തിരിച്ച് പുല്ലു വച്ചു പിടിപ്പിച്ചു കൊടുക്കാമെന്ന വ്യവസ്ഥയിലാണ് ഹരിജനങ്ങൾക്ക് കൊടുക്കാമെന്നു സമ്മതിച്ചത്. ഈ 117 ഏക്കർ സ്ഥലം രണ്ടുകൊല്ലക്കാലത്തേയ്ക്കു കൃഷിചെയ്യാൻ കൊടുക്കാമെന്നുപറഞ്ഞപ്പോൾ ശ്രീമതി ഗൗരി ചാടിവീണു. ഈ ഭൂമി ഡിപ്പാർട്ടുമെൻറിന് ആവശ്യമില്ലെങ്കിൽ റവന്യൂഡിപ്പാർട്ടുമെൻറിനുവേണം, അതുകൊണ്ട് ആർക്കും കൊടുക്കാൻ പാടില്ലാ എന്നു വിലക്കി. എന്നിട്ട് ഈ 117 ഏക്കറിൽ ഒന്നര ഏക്കർ സ്ഥലം ഹരിജനമല്ലാത്ത മററൊരാൾക്ക് പന്ത്രണ്ടുകൊല്ലക്കാലത്തെ കുത്തകപാട്ടത്തിന് കൊടുത്തിരിക്കുകയാണ് സർ. എവിടെയാണ് ഇവർ ഹരിജനസംരക്ഷണം നടത്തിയിരിക്കുന്നത്?

ഇനി പുതുതായി സ്ഥലംകൊടുത്ത കഥകൾ അറിയാമോ? ശ്രീമാൻ ചന്ദ്രശേഖര ശാസ്ത്രിയുടെ നിയോജകമണ്ഡലത്തിൽ അമ്പലത്തുഭാഗം എന്ന സ്ഥലത്തു പതിച്ചുകൊടുത്തത് ഹരിജനങ്ങൾക്കല്ല. മൂന്നര ഏക്കറിന്റെ വസ്തു ഉടമയ്ക്കുവരെ പതിച്ചുകൊടുത്തിട്ടുണ്ട്. അതു പോലെതന്നെ അമ്പലപ്പുഴ കല്പവള്ളിപടനിലം എന്ന സ്ഥലത്തു പതിച്ചു കൊടുത്തതും ഹരിജനങ്ങൾക്കല്ല. അവിടെയും ഭൂമിയുള്ള ആളുകൾക്കാണ് പതിച്ചുകൊടുത്തത്. സർ ഇങ്ങനെ നോക്കിയാൽ എവിടെയാണ് ഹരിജനങ്ങൾക്കു പതിച്ചുകൊടുത്തത്. അമ്പതുശതമാനം കൊടുത്തു എന്നു പറയുന്ന വെളുത്തുള്ളി കായലിൽ എത്രശതമാനം കൊടുത്തുവെന്നു പറയാൻ ശ്രീമതി ഗൗരിയമ്മയ്ക്കു ധൈര്യമുണ്ടോ? കൊല്ലത്തിനു കിഴക്കുള്ള തട്ടാമല കാളനിയിൽ എത്രഭൂമി ഹരിജനങ്ങൾക്കു കൊടുത്തു വെന്നു പറയാമോ? അങ്ങനെയെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടു ഹരിജനോദ്ധാരണത്തിന്റെ പേരിൽ നടത്തുന്ന പ്രസംഗങ്ങൾ കേട്ടപ്പോൾ ചന്ദ്രഗോളത്തിൽ നിൽക്കുകയാണോ എന്നു തോന്നിപ്പോയി. കേരളഭൂപരിഷ്ക്കരണ നിയമം, മഹത്തായ ആ നിയമം ഈ നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ, മിനിഞ്ഞാന്ന് ഇവിടെ പ്രസംഗം നടത്തിയ ശ്രീമതി ഗൗരിയമ്മ മൂന്നു നാലു ലക്ഷംവരുന്ന കുടികിടപ്പുകാർക്ക് അവരുടെ ഭൂമിയിൽ ഉടമാവകാശം, പട്ടയം കൊടുക്കുന്നതിനെപ്പററി ചിന്തിച്ചില്ല സർ, എന്താണ്, ആ ബില്ലിന്റെ കരടു തയ്യാറാക്കിയ മന്ത്രിക്ക് അത് അറിയാൻ വയ്യാത്തതുകൊണ്ടാണോ, കുടികിടപ്പുകാർക്ക് അവർക്ക് അവകാശപ്പെട്ട ഭൂമിയിൽ പട്ടയം കൊടുക്കേണ്ടത് ആവശ്യമാണെന്ന് അറിയാൻ വയ്യാത്തതുകൊണ്ടാണോ അങ്ങനെ ചെയ്തത്. പതിനാറു കിലോമീററിനുള്ളിൽ അവന് വേറേ ഭൂമിയുണ്ടെങ്കിൽ അവന്റെ കുടികിടപ്പവകാശം നഷ്ടപ്പെടുത്തണമെന്ന് ആ ബില്ലിന്റെ കരടിൽ എഴുതിവച്ചിട്ടില്ലേ? അതു തൊഴിലാളി വർഗ്ഗസ്നേഹത്തിന്റെ മകുടോദാഹരണമാണ്. അങ്ങനെ ഈ കഴിഞ്ഞ കാലമത്രയും ഹരിജനങ്ങളുടെ പേരിൽ അധികാരത്തിൽവന്ന ഗവൺമെന്റിന്—ഹരിജനങ്ങളിൽ 90 ശതമാനവും മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ പിന്നിലുണ്ടെന്നു വിശ്വസിക്കുന്ന ആളാണ് ഞാൻ—അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞില്ല. അപ്പുറത്തും ഏതാനും ആളുകൾ ഉണ്ടായിരുന്നില്ലേ? അവർ അറിയിച്ചില്ലേ? എന്നിട്ട് അവർക്കു വേണ്ടി ഒന്നും ചെയ്യാതെ അവർക്ക് പരമാവധി ദ്രോഹം ചെയ്തുവച്ചിട്ട് അധികാരം കളഞ്ഞ് തിരിച്ചുവന്നിട്ട് മരിക്കാൻപോയ ബ്രാഹ്മണനെപോലെ മോക്ഷം വാങ്ങിക്കാനാണോ ഭാവം? ഈ നാട്ടുകാരെ, പാവപ്പെട്ടവരെ, സാധാരണജനങ്ങളെ, തൊഴിലാളികളെ തങ്ങൾക്കു വിധേയരാക്കി കൊടിയും പിടിപ്പിച്ച് എന്നും കൊണ്ടുനടക്കാൻ പററുന്ന ഉപകരണങ്ങളാക്കി ഇനിയെങ്കിലും കാണാതിരിക്കണമെന്നു മാത്രമേ ഈ പ്രശ്നത്തെപ്പററി എനിക്ക് പറയാനുള്ളു. മറിച്ച് ഈ സംസ്ഥാനത്തെ കർഷകത്തൊഴിലാളികളിൽ നിർണ്ണായകഭാഗമായ ഹരിജനങ്ങളുടെ പ്രശ്നങ്ങളോട് ഈ ഗവൺമെൻറു സ്വീകരിച്ചിരിക്കുന്ന സമീപനം ഞങ്ങളെപ്പോലുള്ള പ്രവർത്തകരെ സമാധാനിപ്പിക്കാൻ സഹായിക്കുന്നതാണ്.

സർ, ട്രാൻസ്പോർട്ടിലെ പ്രശ്നം ഒരു ചെറിയ പ്രശ്നമായി എടുക്കരുത്. നമ്മുടെ വ്യവസായസ്ഥാപനങ്ങളിലേയും പൊതുമേഖലാസ്ഥാപനങ്ങളിലേയും നിയമനങ്ങൾ പബ്ളിക് സർവ്വീസു കമ്മീഷനു വിട്ടുകൊടുക്കാൻ തയ്യാറാണെന്നു പറഞ്ഞാൽ കൂടുതൽ വിപ്ലവം വേണ്ട സർ, പത്തുശതമാനം അവർക്ക് കിട്ടാനുള്ളത് കിട്ടുമെന്നുള്ളത് ഉറപ്പാണ്. സർ, ഈ ഗവൺമെൻറു വന്നതിനുശേഷം വിതരണംചെയ്ത ഭൂമിയിൽ അധികവും ഹരിജനങ്ങൾക്കാണ് ലഭിച്ചതെന്ന കാര്യത്തിൽ ഞാൻ സന്തുഷ്ടനാണ്. ഗവൺമെൻറു എത്രവേഗത്തിലാണ് ഈ കാര്യത്തെ സമീപിക്കുന്നത്? തീർച്ചയായും ട്രാൻസ്പോർട്ടിലെ നിയമനങ്ങൾ പബ്ളിക്സർവ്വീസു കമ്മീഷനു വിട്ടുകൊടുത്തതുകൊണ്ട് ഈ 614 പേരെ പകരം എടുക്കുമ്പോൾ അതിൽ 61 ഹരിജനങ്ങൾ ഉണ്ടാകും. എന്നാൽ ഇപ്പോൾ അതിൽ എത്ര ഹരിജനങ്ങൾ ഉണ്ടായിരുന്നു. വെറും എട്ടേ എട്ട് ആളുകൾ. അത് ആരൊക്കെയെന്ന് ഞാൻ ഇപ്പോൾ പറയുന്നില്ല. ആ എട്ടു പേരുടെ കാര്യം ഞാൻ പറയുന്നില്ല. അപ്പോൾ നിലവിലിരിക്കുന്ന ഐക്യമുന്നണിയെ നിലനിറുത്തേണ്ടത്, നിലനിൽക്കേണ്ടത് ഈ രാജ്യത്തെ സാധാരണ ജനങ്ങളുടെ തൊഴിലാളികളുടെ പാവപ്പെട്ടവരുടെ ആവശ്യമാണു സർ, മരണശയ്യയിൽ വീണ്കഴിഞ്ഞതിനുശേഷം മോക്ഷംനേടാനാണ് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി ശ്രമിക്കുന്നതെങ്കിൽ എനിക്ക് ഒന്നും പറയാനില്ല. പാവപ്പെട്ടവർ ഏതായാലും ഈ ഗവൺമെൻറിന്റെകൂടെയാണ്. ഇതു കൈവശംവച്ചുകൊണ്ട് ഇനി ആളുകളെ പിടിക്കാനുള്ള ശ്രമത്തിൽ മുന്നോട്ടു പോകരുതെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ഇന്നലെ കോഴിക്കോട്ടുവച്ചു ശ്രീമാൻ ശിവരാമഭാരതി അവസാനമായി ഒരു ബദൽമന്ത്രിസഭയുടെ രൂപീകരണത്തെ പററി പറയുകയുണ്ടായി. ഇന്ന് അദ്ദേഹം അത് ഇവിടെ ആവർത്തിക്കുകയും ചെയ്തു. എനിക്ക് എന്റെ ബഹുമാനപ്പെട്ട സുഹൃത്തുക്കളോട് പറയാനുള്ളത് ഈ ബദൽ മന്ത്രിസഭ ഉണ്ടാക്കാനുള്ള ശ്രമം ഇനിയും കൈവശംവച്ചേയ്ക്കണമോ? അതിനുവേണ്ടി തുന്നിയ ഉടുപ്പുകൾ തൽക്കാലം മാററിവയ്ക്കുന്നതല്ലേ നല്ലത്? ഈ മന്ത്രിസഭയെ മറിച്ചിട്ട് ബദൽമന്ത്രിസഭയ്ക്കു നടക്കുമ്പോൾ ആലിപ്പഴമാണ് ഞാൻ ഓർമ്മിക്കുന്നത്. ശ്രീമാൻ എം. കെ. ജോർജ് ഇപ്രകാരം പറഞ്ഞതിൽ എനിക്ക് വിഷമമുണ്ട്. അദ്ദേഹത്തിന്റെ മൂന്നുദിവസത്തിനുമുമ്പുള്ള പ്രസംഗം എന്റെ മുമ്പിലുണ്ട്. ഈ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന 32 മാസക്കാലത്തെ ഭരണത്തിന്റെ ദുരന്തഫലങ്ങൾ എത്ര സമർത്ഥമായാണ് അദ്ദേഹം വിവരിച്ചത്. അതു കഴിഞ്ഞ് പത്തു പന്ത്രണ്ടു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ചിത്രം ആകെ മാറിമറിഞ്ഞുപോയിരിക്കുന്നു. എത്ര വിപ്ലവബോധം. ആ ബോധത്തിന്റെ മുമ്പിൽ നമസ്ക്കാരം. ഈ ഗവൺമെൻറിനെ നിലനിറുത്താൻ ഈ രാജ്യത്തെ സാധാരണജനങ്ങൾ ഉണ്ടാകുമെന്ന ഉറപ്പോടുകൂടി വിശ്വാസപ്രമേയത്തെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. വിൽസൺ: സർ, ഇന്ന് 6 മണിക്ക് ഈ രാജ്യത്തെ ജനങ്ങളുടെ മന:സ്സാക്ഷിയെസംബന്ധിച്ചു ഒരു വിധിയെഴുത്തു നടക്കാൻപോകുകയാണ്. അതിനു നിദാനമായിട്ടുള്ള ഇന്നത്തെ മുഖ്യമന്ത്രിയുടെ വിശ്വാസപ്രമേയത്തെസംബന്ധിച്ചുള്ള ചർച്ചയാണ് നാം ഇന്നു നടത്തികൊണ്ടിരിക്കുന്നത്. വിശ്വാസപ്രമേയത്തിന് അനുകൂലമായും പ്രതികൂലമായും പല മെമ്പർമാരും ഇവിടെ സംസാരിക്കുകയുണ്ടായി. ഇന്ന് ഈ രാജ്യത്തിന് നേരിടേണ്ടിയിരിക്കുന്ന ഈ പ്രതിസന്ധിയെ നിഷ്പക്ഷമായി വിലയിരുത്തി ഈ വിശ്വാസപ്രമേയത്തെ അനുകൂലിക്കണമോ പ്രതികൂലിക്കണമോ എന്നുള്ളതിനെ സംബന്ധിച്ച് ഞാൻ വളരെ ഗൗരവമായി ചിന്തിക്കാൻ ശ്രമിച്ചു. ഈ ഗവൺമെൻറു അധികാരത്തിൽവന്നതിനുശേഷം ഈ ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ ഈ രാജ്യത്തു നടന്നിട്ടുള്ള ഭരണകാര്യങ്ങൾ ഓരോന്നോരോന്നായി ഞാൻ പരിശോധിച്ചുനോക്കി. വിശ്വാസമുണ്ടോ എന്നു പരിശോധിക്കാൻ ഇന്നത്തെ മുഖ്യമന്ത്രിയെ പ്രേരിപ്പിച്ച സാഹചര്യത്തെയും ഞാൻ വിലയിരുത്തിനോക്കി. ഇതെല്ലാമായിട്ടും ഈ മന്ത്രിസഭയിൽ വിശ്വാസമില്ലെന്നു പ്രഖ്യാപിക്കാനുള്ള കാരണം കണ്ടെത്താൻ എനിക്കു സാധിച്ചില്ല സർ. ഐക്യമുന്നണിഗവൺമെൻറു അധികാരത്തിൽവന്നകാലത്ത് ഈ സംസ്ഥാനത്തുണ്ടായ മന്ത്രിസഭ ഈ രാജ്യത്തെ ജനങ്ങളുടെ പ്രശ്നം കൈകാര്യംചെയ്യുന്ന വിഷയത്തിൽ വളരെ ലാഘവബുദ്ധിയോടുകൂടി പ്രവർത്തിച്ചതിന്റെ ഫലമായി ഐക്യമുന്നണിയിൽത്തന്നെ വളരെ നികൃഷ്ടവും നീചവുമായ പ്രവണതകൾ വളർന്നു പൊങ്ങുകയും അതിൽ ഏററവും പ്രധാനമായി അഴിമതി എന്നു പറയുന്ന കരാളസർപ്പം രാജ്യത്തെ മുഴുവൻ വിഴുങ്ങുന്ന രംഗങ്ങളുണ്ടാകുകയുമാണു ചെയ്തത്. ആ അഴിമതിയുടെ വർദ്ധനവിന്റെ ഫലമായി ഗവൺമെൻറു പതിക്കുകയും ചെയ്തു. വളരെ ശക്തമായ പിന്തുണയോടുകൂടി ജനങ്ങൾ തിരഞ്ഞെടുത്തയച്ച ഭരണനേതാക്കൻമാർ ജനങ്ങളെ അനാഥമായി വിട്ടിട്ട് ഓടിരക്ഷപ്പെടുന്ന രംഗമാണ് ഉണ്ടായത്. ഈ അവസരത്തിൽ ഐക്യമുന്നണിയിലെ മററു കക്ഷികൾ ചേർന്ന് ജനങ്ങളുടെ അഭിലാഷത്തിനൊത്ത നിലയിൽ ജനങ്ങളോടു ചെയ്ത വാഗ്ദാനത്തെ പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും അതിന്റെ ഫലമായിട്ടു 3 മാസംമുൻപു ഒരു മന്ത്രിസഭ ഇവിടെ ഉണ്ടാകുകയും ചെയ്തു. പലർക്കും അതിന്റെ സ്വഭാവത്തെ സംബന്ധിച്ചും ആരെല്ലാം പിന്താങ്ങുന്നു എന്നുള്ളതിനെ സംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ചും അഭിപ്രായവ്യത്യാസങ്ങളുണ്ടായി. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ മന്ത്രിസഭയെ ആരു പിന്താങ്ങുന്നു എന്നുള്ളത് പ്രശ്നമേ അല്ല. ഞാൻ ഈ ഗവൺമെന്റിനെ വിലയിരുത്താൻ ശ്രമിച്ചിട്ടുള്ളത് ഈ ഗവൺമെന്റിന്റെ ചെയ്തികൾ വച്ചുകൊണ്ടാണ്. ഈ ഗവൺമെന്റു വന്നശേഷം കഴിഞ്ഞകാലങ്ങളിൽ ഇവിടത്തെ ഭരണാധികാരികൾ നിഷേധിച്ച പല ജനകീയാവകാശങ്ങളും നിഷ്പക്ഷമായി ഈ രാജ്യത്തെ ഓരോ പൗരനും പ്രയോജനപ്പെടുത്തത്തക്കനിലയിൽ പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഉദ്യോഗനിയമനങ്ങളിലായാലും ശരി മററു ജനകീയപ്രശ്നങ്ങൾ കൈകാര്യംചെയ്യുന്നതിലായാലുംശരി കഴിഞ്ഞ ഗവൺമെന്റ് പാസാക്കിയിട്ടുള്ള നിയമങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിലായാലുംശരി പരിപൂർണ്ണ നിഷ്പക്ഷതപാലിക്കുകയും രാഷ്ട്രീയ ചേരിതിരിവുകളൊന്നും നോക്കാതെ ഈ രാജ്യത്തെ പൗരൻമാർക്ക് തുല്യാവകാശം അംഗീകരിക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയുമാണ് ചെയ്തിട്ടുള്ളത്...............

ശ്രീ. ഇ. എം. ജോർജ്: സർ, ഒരു ചോദ്യം.............

മി. ചെയർമാൻ ബഹുമാനപ്പെട്ട മെംബർ വഴങ്ങുന്നില്ല.

ശ്രീ. പി. പി. വിൽസൻ: അങ്ങനെ മൂന്നുമാസം മാത്രം പ്രായമുള്ള ഈ ഗവൺമെന്റു അധികാരത്തിൽ വന്നതിനുശേഷം ഇവിടെ എന്തെല്ലാം നടന്നു സർ? എന്തെല്ലാമാണ് ഇവിടെ നടന്നത്? നമ്മുടെ ഗവൺമെന്റുപോയതിനുശേഷം മറെറാരു ഗവൺമെന്റുണ്ടാകുകയില്ലെന്നും അഥവാ ഉണ്ടായാൽത്തന്നെ നമ്മുടെ ഗവൺമെന്റുമാത്രമേ ഉണ്ടാകുകയുള്ളൂവെന്നും അതൊന്നും സാധിക്കുന്നില്ലെങ്കിൽ ഒരു പുതിയ തിരഞ്ഞെടുപ്പല്ലാതെ മററു മാർഗ്ഗമൊന്നുമില്ലെന്നുമുള്ള ആലോചനകളും കണക്കുകൂട്ടലുകളുമൊക്കെ തെററിപ്പോയതിന്റെ പ്രതികാരമെന്നുള്ള നിലയിൽ ഈ ഗവൺമെന്റിനെ ഇരുത്തിപ്പൊറുപ്പിക്കാൻ പ്രതിപക്ഷം സമ്മതിച്ചിട്ടില്ല സർ. പല പ്രഖ്യാപനങ്ങൾ നടന്നു. പല സമരങ്ങൾ നടത്തി. പ്രഖ്യാപനങ്ങളെപ്പററി പറയുമ്പോൾ പഴയ തിരുവിതാംകൂറിലെ ജനകീയനേതാവിന്റെ പ്രതീകം എന്നുള്ള നിലയിൽ നമ്മുടെ സെക്രട്ടേറിയേററിന്റെ മുമ്പിൽ നിൽക്കുന്ന വേലുത്തമ്പിദളവയുടെ കാര്യമാണു ഓർമ്മവരുന്നതു. അദ്ദേഹം പത്തുപതിനെട്ടു സായിപ്പൻമാരെ പച്ചയ്ക്കു കൊന്നു പള്ളാത്തുരുത്തിയാററിൽ താഴ്ത്തിയതിനുശേഷം വിജയഭേരിയുമായി നടക്കുന്ന സന്ദർഭത്തിൽ ഇതേപ്പററി അന്വേഷിക്കാൻ അധികാരമുള്ള ബ്രിട്ടീഷു നേതാവു വരുന്നു എന്നു കേട്ടു. അപ്പോൾ വടക്കുനിന്നു പ്രയാണം ആരംഭിച്ചു. ആ പ്രയാണത്തിൽ കുണ്ടറ എത്തിയപ്പോൾ അദ്ദേഹം ഒരു പ്രഖ്യാപനം നടത്തി. അതാണു ചരിത്രപ്രസിദ്ധമായ കുണ്ടറവിളംബരം. ആ കുണ്ടറവിളംബരം ജനങ്ങൾ കേട്ടു. പക്ഷേ ചെവിക്കൊണ്ടില്ല. അതനുസരിച്ചു പ്രവർത്തിക്കാൻ ജനങ്ങൾ തയ്യാറായില്ല. കാരണം അദ്ദേഹത്തിന്റെ പ്രവൃത്തിയോടു യോജിക്കാൻ ജനങ്ങൾക്കു കഴിഞ്ഞിരുന്നില്ല എന്നുള്ളതാണു. എന്നാൽ അന്നു ഒരു ധീരൻ ജീവിച്ചിരുന്നു. അനന്തപത്മനാഭൻ വലിയരയൻ എന്നുള്ള സമർത്ഥനായ ഈ ധീരൻ ചെമ്പിൽ മഹാരാജാവിന്റെ നാവികപ്പടയുടെ നേതാവായിരുന്നു. മെക്കാളെപ്രഭു വരുന്നുണ്ട്, മാർഗ്ഗതടസ്സമുണ്ടാക്കണം, യാതൊരു കാരണവശാലും തിരുവിതാംകൂറിലേയ്ക്കു കടക്കാൻ അനുവദിക്കരുതെന്നായിരുന്നു വേലുത്തമ്പിയുടെ നിർദ്ദേശം. ആ ധീരൻ ഈ നിർദ്ദേശം വളരെ ഭംഗിയായി നിർവ്വഹിച്ചു. മൂന്നുപ്രാവശ്യം മെക്കാളെപ്രഭുവിന്റെ പ്രവേശനശ്രമം പരാജയപ്പെടുത്തി. അപ്പോൾ കരമാർഗ്ഗം ഒരു ദൂതനെ മഹാരാജാവിന്റെ അടുക്കലേയ്ക്കു വിവരം അറിയിച്ചു. മഹാരാജാവു ചെമ്പിൽ അരയനെ അറസ്ററു ചെയ്തു. എന്നിട്ടു എന്തു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു ചെമ്പിൽ അരയൻ? അദ്ദേഹത്തെ കൈയും കാലും ചങ്ങലക്കിട്ടു പള്ളാത്തുരുത്തിയിൽ മെക്കാളെപ്രഭു ഇരിക്കുന്ന പാലസിൽ കൊണ്ടുവന്നു ആളാണെങ്കിൽ നല്ല ദീർഘകായനാണു. അതായതു നമ്മുടെ ടി. വി. തോമസിനെക്കാൾ വരും. നല്ല കരിംകറുപ്പുനിറം. മുടി വട്ടത്തിൽ വെട്ടിയിട്ടു കെട്ടി ഒരുവശത്തേയ്ക്കിട്ടിരിക്കുന്നു. കാതിൽ സ്വർണ്ണവളയം. നെററിയുടെ ഒത്തമദ്ധ്യത്തു ഒരു വെള്ളപ്പൊട്ടു, അതിനകത്തു ചുവന്നപൊട്ടു. പുളിയിലക്കരയൻ മുണ്ടു, അതുപോലെയുള്ള നേര്യതു. ഇതുമൊക്കെയെണിഞ്ഞു കൈയിലും കാലിലും ചങ്ങലയുമിട്ടു അദ്ദേഹത്തെ പ്രഭുവിൻെറ മുമ്പിൽ കൊണ്ടുവന്നു. അപ്പോൾ ഒരു സായിപ്പു അദ്ദേഹത്തെ പിടിച്ചു മുമ്പോട്ടു തള്ളി. അദ്ദേഹം തലകുത്തിവീണു. സടകുടഞ്ഞെണീററു ആ ധീരൻ തൻെറ ചങ്ങലയണിഞ്ഞ കൈകൾ പുറകോട്ടുവലിച്ചു.ചങ്ങലകൾ പൊട്ടി. എന്നിട്ടു സായിപ്പിൻെറ കഴുത്തിനു പുറകിൽ ഒററ ഇടി. സായിപ്പു മാക്രിവീഴുന്നതു പോലെ കമഴ്ന്നുവീണു. പ്രഭു എന്തു ചെയ്തു? അദ്ദേഹം എഴുന്നേററു വന്നു ''നിങ്ങൾ ഒരു ധീരനാണു നിങ്ങളെ ഞാൻ വെറുതേവിട്ടിരിക്കുന്നു'' എന്നു പറഞ്ഞു. എന്നാൽ ജനങ്ങളുടെ നേതാവായ വേലുത്തമ്പിദളവ വിളംബരമൊക്കെ കഴിഞ്ഞു ജനങ്ങൾ അതു നടത്തുന്നില്ലെന്നു കണ്ടപ്പോൾ പോയി ആത്മഹത്യ ചെയ്തു. അതുപോലെ സംഭവിക്കാതിരുന്നതു നമ്മുടെ രാജ്യത്തിൻെറ ഭാഗ്യം. അങ്ങനെ പല വിപ്ലവങ്ങളും പല വിളംബരങ്ങളും ഈ രാജ്യത്തു നടത്തി. ആ വിളംബരങ്ങളൊന്നും ജനങ്ങൾ ചെവികൊണ്ടില്ല. ഇപ്പോൾ ജനങ്ങൾ അങ്ങനെ ചെയ്തു ഇങ്ങനെ ചെയ്തു എന്നൊക്കെ പറയുന്നതു വെറും കുട്ടിവിപ്ലവമാണു. മുറിവിപ്ലവമാണ്. സാഹസിക പ്രവർത്തനങ്ങളാണ്. ഇതു ഉത്തരവാദിത്വമുള്ള ഒരു പ്രതിപക്ഷത്തിനു യോജിച്ചതല്ല. സർ, എനിക്കു അവരുടെ വികാരങ്ങൾ മനസ്സിലാക്കാൻ സാധിക്കും. ജനങ്ങളെ അധഃപ്പതിപ്പിക്കാനുള്ള പ്രവണത ഉണ്ടെന്നും ഞാൻ മനസ്സിലാക്കുന്നുണ്ട്. സർ, ഒരു ക്രിസ്ത്യാനിയേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം ക്രിസ്തുവായിരുന്നു. അദ്ദേഹത്തെ തൂക്കിക്കൊന്നു. അതോടുകൂടി ക്രിസ്തുമതം അവസാനിച്ചു എന്നു വിശ്വസിക്കുന്ന ആളാണു ഞാൻ. ക്രിസ്തുവിൻെറ പേരിൽ ആണയിടുന്നവരൊന്നും യഥാർത്ഥ കൃസ്ത്യാനികളല്ല. മഹാത്മാരായ മാർക്സും ലെനിനും സാധാരണ ജനങ്ങൾക്കു സംഭാവന ചെയ്യുന്ന സിദ്ധാന്തവുമായിട്ടു ഒരു പൊരുത്തവുമില്ലാത്ത പ്രവർത്തങ്ങളിലേയ്ക്കു ജനങ്ങളെ നയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരെ രക്ഷിക്കാനല്ല മാർക്സിസ്ററുകാർ തുനിഞ്ഞത്. മറിച്ചു അവരെ നശിപ്പിക്കാനും അവരുടെ സംഘടിതശക്തിയെ ഇല്ലാതാക്കാനും വേണ്ടി കരുതിക്കൂട്ടി ചെയ്യുന്ന നടപടികളായിമാത്രമേ ഞാൻ അതിനെ കണക്കാക്കുന്നുള്ളു. നമ്മുടെ ഐക്യമുന്നണിഗവൺമെൻറിൻെറ കാലത്തു എനിക്കൊരു വലിയ പ്രതീക്ഷയുണ്ടായിരുന്നു; വലിയ വിപ്ലവകാരികളുടെ നേതൃത്വത്തിൽ നടക്കുന്ന ഈ ഭരണം ജനങ്ങളുടെയും ഗവൺമെൻറിൻെറയും ഇടയിൽനിൽക്കുന്ന മദ്ധ്യവർത്തികളെ ഒഴിവാക്കി ഈ രാജ്യത്തെ അജയ്യമായ ഒരു ശക്തിയായി വളർത്തിയെടുക്കുമെന്നു. അതിനുപകരം ഇവിടെ നടന്നതു ഉദ്യോഗസ്ഥൻമാരെ നിയമിക്കലും അതിൽത്തന്നെ കഠിനമായ അഴിമതിക്കു വിധേയമായ പ്രവർത്തനത്തിനു നികൃഷ്ടമായ നടപടിസ്വീകരിക്കലുമൊക്കെയായിരുന്നു. അങ്ങനെ അധഃപതിച്ചുപോയ ഒരു ഭരണകൂടം ഇന്നു പ്രതിപക്ഷമായായി ഇരുന്നുകൊണ്ട് ഈ മൂന്നുമാസംപ്രായമായ ഗവൺമെൻറിൻെറ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ എനിക്കു ലജ്ജ തോന്നുന്നു സർ. ക്രിസ്ത്യാനികൾ കൃസ്തുവിനെച്ചൊല്ലി ആണയിടുന്നതുപോലെയാണു മാർക്സിസ്ററുകാർ മാർക്സിനെയും ലെനിനെയുംചൊല്ലി ആണയിടുന്നതു. ഞാൻ ക്രിസ്തുമതക്കാരനാണു. എന്നാൽ കൃസ്തുവിനുശേഷം ക്രിസ്തീയജീവിതം അകന്നുപൊയ്ക്കൊണ്ടിരിക്കുന്നതായാണു ഞാൻ വിശ്വസിക്കുന്നതു. അധരസേവനംകൊണ്ടു മാത്രം

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തെ സേവിക്കാൻ സാധിക്കുകയില്ല. അതുകാരണം ഈ രാജ്യം സാമൂഹ്യമായി അധ:പതിച്ചിരിക്കുകയാണ്. ആ അധ:പതനത്തിന്റെ കാരണക്കാരായ ആളുകളെ ഈ രാജ്യത്തുനിന്നു നീക്കാനുള്ള ധീരകൃത്യം നിർവ്വഹിക്കാൻ എന്റെ മാർക്സിസ്ററുസ്നേഹിതൻമാർ മുന്നോട്ടുവന്നിരുന്നെങ്കിൽ ഞാൻ അവരെ സല്യൂട്ടു ചെയ്യുമായിരുന്നു. ഞങ്ങൾ അതിന്റെ മുൻപന്തിയിലെ പടയാളികളായിരിക്കുമായിരുന്നു. മറിച്ചു ഈ രാജ്യം ഒരുതരം സാമൂഹ്യവിരുദ്ധശക്തികൾക്കു അഴിഞ്ഞാടുന്നതിനുള്ള രംഗമായി മാററിയാൽ ശ്രീമാൻ മുഹമ്മദുകോയയും അദ്ദേഹം കൈകാര്യം ചെയ്യുന്ന പോലീസുവകുപ്പും എന്തുചെയ്യണം? സർ, ഞാൻ ഒരുതരത്തിലുള്ള വധത്തെയും ഇഷ്ടപ്പെടുന്നില്ല. പോലീസുവധം ആയാലും ശരി, രാഷ്ട്രീയവധമായാലും ശരി ഞാൻ അതിനെ ഇഷ്ടപ്പെടുന്നില്ല. ജനാധിപത്യസമ്പ്രദായത്തിൽ രാഷ്ട്രീയ കൊലയ്ക്കും പോലീസുകൊലയ്ക്കും അംഗീകാരമില്ല. പക്ഷേ കൊല ചെയ്യിപ്പിച്ചേ അടങ്ങു എന്നുള്ള സമീപനത്തോടുകൂടി ഒരു ഭരണകൂടത്തെ നേരിട്ടാൽ ചിലസാഹചര്യങ്ങളിൽ അറിയാതെതന്നെ വെടിയുണ്ട ,പൊഴിഞ്ഞുപോയാൽ അതിൽ ക്ഷമിക്കണമെന്നുമാത്രമേ എനിക്കു പറയാനുള്ളു. അങ്ങനെയുള്ള യാദൃഛിച്ചികസംഭവങ്ങൾ ഈ രാജ്യത്തുണ്ടാക്കി അച്യുതമേനോൻ ഗവൺമെൻറു വഞ്ചകഗവൺമെൻറാണു, മർദ്ദിതഗവൺമെൻറാണു വ്യഭിചാരഗവൺമെൻറാണു എന്നു മുദ്രയടിച്ചാൽ എന്താണു യാഥാർത്ഥ്യമെന്നുള്ളതു ഈ രാജ്യത്തെ ജനങ്ങൾക്കറിയാം. ഇങ്ങനെയൊക്കെ പറഞ്ഞാൽ അതു ഗവൺമെൻറു സമ്മതിക്കേണ്ടേ? ജനങ്ങളുടെ ഹൃദയത്തുടിപ്പിനെ പ്രതിഫലിപ്പിക്കാനാണു ഞാൻ ഇവിടെ വരുന്നത്. അതെന്താണെന്നു എനിക്കു നല്ലപോലെ അറിയാം. അതു മനസ്സിലാക്കി പ്രവർത്തിക്കുകയാണു എന്റെ ചുമതല. ആ ചുമതല നിറവേററുന്ന കാര്യത്തിൽ ഞാൻ ഒരിക്കലും പിന്നോക്കം പോകുകയില്ലെന്നു ഉറപ്പിച്ചുപറയുകയാണ്. അച്യുതമേനോൻ ഗവൺമെൻറിനെ നശിപ്പിച്ചു താഴെക്കളയാൻ വ്യാമോഹിക്കുന്നതു തെററാണ്. ഈ ഗവൺമെൻറിനെ ഇല്ലാതാക്കാനുള്ള ഒരു നിർദ്ദേശവുമായി ഒരു കൂട്ടം ആളുകൾ മുന്നോട്ടുവന്നിട്ടുണ്ട്. ഉത്തരവാദിത്വമുള്ള ഒരു പ്രതിപക്ഷമെന്നുള്ള നിലയിൽ പത്തമ്പതു അംഗങ്ങളുള്ള ഒരു രാഷ്ട്രീയകക്ഷി ഒരു ബദൽഗവൺമെൻറിനു നേതൃത്വം കൊടുത്തിരുന്നുവെങ്കിൽ അതു മനസ്സിലാക്കാൻ സാധിക്കും. ജനാധിപത്യസമ്പ്രദായത്തിൽ ഭരിക്കുന്ന കക്ഷിയെ താഴത്തിട്ടു പ്രതിപക്ഷ കക്ഷി അധികാരത്തിൽവരുന്നതു സ്വാഭാവികമാണ്. എന്നാൽ ഇവിടെ അതിനു തയ്യാറാകുന്നുണ്ടോ? ഇപ്പോൾ ഒരു പാമ്പാട്ടിയുടെ പ്രവർത്തന സ്വഭാവത്തിൽകൂടി പ്രവർത്തിക്കാൻ ശ്രമിക്കുകയാണ്. അതു തെററാണ്. വലിയ മൂർഖൻപാമ്പിനെ പിടിച്ചു വിഷപ്പല്ലുമാത്രമല്ല എല്ലാ പല്ലുകളും പറിച്ചെടുത്തു തെരുവുകൾതോറും നടന്നു നല്ല നാദസ്വരം ഊതുമ്പോൾ ആടാനും തട്ടുമ്പോൾ കുടയ്ക്കകത്തു കയറാനും കാണിക്കുന്ന തരത്തിലുള്ള ശ്രമങ്ങൾ സാഹസമാണ്. എന്റെ ചില സ്നേഹിതൻമാർ, ശത്രുക്കളും മിത്രങ്ങളുമായിരിക്കുന്ന ആളുകൾ പാമ്പാട്ടിയുടെ കൈയിൽ ഉള്ള പാമ്പിനെ പോലെ ഊതുമ്പോൾ ആടാനും തട്ടുമ്പോൾ അകത്തു കയറി തല വലിക്കാനും മാത്രമുള്ള ഉപകരണങ്ങളാകാൻ പരിശ്രമം നടത്തിയതു വളരെ ലജ്ജാകരമാണെന്നേ പറയുന്നുള്ളൂ. ആരെയും വ്രണപ്പെടുത്തണമെന്നു എനിക്കു ഉദ്ദേശമില്ല. നമ്മുടെ മുഖ്യമന്ത്രി അച്യുതമേനോൻ സ്വീകരിച്ച നടപടി ഏററവും ജനാധിപത്യപരമായ നടപടിയാണ്. തന്റെ ഈ ഗവൺമെൻറിന്റെ പ്രവർത്തനം വളരെ അപകടകരമായ സാഹചര്യത്തിൽ കൂടി നടക്കുന്ന ഈ അവസരത്തിൽ, ധനാഭ്യർത്ഥന മാററിവെച്ചു ഇങ്ങനെ ഒരു പ്രമേയം കൊണ്ടു വന്നതു ഏററവും ഉചിതമായി. ബഡ്ജററു അവതരിപ്പിച്ചിരിക്കുന്ന അവസരത്തിൽ ഗവൺമെൻറിനു പിന്തുണ നൽകാൻ, ഈ ധനാഭ്യർത്ഥനയ്ക്കു അനുകൂലമായി വോട്ടുചെയ്യാൻ കടമപ്പെട്ട ആളുകൾ ചേരിമാറിയതിനെ തുടർന്നു

2/3026/MC.

LIBRARY ARCHIVES Kerala Legislative Assembly

ഇതു പ്രസ്താകുമോ എന്നു നേരിയ സംശയം തോന്നിയ സന്ദർഭത്തിൽ ഏററവും ധീരമായി ശ്രീ. അച്യുതമേനോൻ എടുത്തിരിക്കുന്ന ഈ നടപടിയെ ഞാൻ അനുകൂലിക്കുന്നു. ഈ നടപടിയെ ഞാൻ വളരെയേറെ അനുമോദിക്കുന്നു. ഈ നടപടിയിൽ അദ്ദേഹം കാണിച്ച ധീരതയെ ഞാൻ അങ്ങേയററം അനുമോദിക്കുന്നു. മാത്രമല്ല, അതിനു അങ്ങേയററത്തെ വിജയവും നേർന്നു കൊണ്ടു ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പുരുഷോത്തമൻപിള്ള: സർ, ഞാൻ ഈ വിശ്വാസപ്രമേയത്തെ പിന്താങ്ങുകയാണ്. വെറും നാലരമാസം പ്രായമുള്ള അച്യുതമേനോൻ ഗവൺമെൻറു ഈ വിശ്വാസപ്രമേയം അവതരിപ്പിച്ചിരിക്കുന്ന സാഹചര്യത്തെ സംബന്ധിച്ച് ഞാൻ വിശദീകരിക്കേണ്ട കാര്യമില്ല. 1967-ൽ ഐക്യമുന്നണി പുറപ്പെടുവിച്ച ഒരു തിരഞ്ഞെടുപ്പ് വാഗ്ദാനപത്രികയുടെ അടിസ്ഥാനത്തിൽ മൽസരിച്ച് ഈ സഭയിൽ വന്നിട്ടുള്ളതാണ് ബഹുഭൂരിപക്ഷം അംഗങ്ങളും. 1967-ൽ ഐക്യമുന്നണി പ്രകടനപത്രികയുടെ അടിസ്ഥാനത്തിൽ മൽസരിക്കുമ്പോൾ അങ്ങനെ പറഞ്ഞിട്ടുള്ളവർ ധരിച്ചിരുന്നത് പരിപാടികളുടെ അടിസ്ഥാനത്തിൽ ഉള്ള യോജിപ്പ് ആണ് അതെന്നും, ഈ ഐക്യമുന്നണിയുടെ ആത്മാവിന്റെ പരിപാടികൾ കൂട്ടിച്ചേർത്തതുകൊണ്ടാണ് സ്വാഗതം ചെയ്തത് എന്നുമാണ്. അങ്ങനെ രൂപീകരിച്ച ആ ഐക്യമുന്നണിയുടെ തിരഞ്ഞെടുപ്പു വിജ്ഞാപനത്തിൽ നൽകിയിരുന്ന വാഗ്ദാനങ്ങൾ പാലിക്കേണ്ട കാര്യത്തിൽ ഇന്നു അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർ അവലംബിച്ച നിലപാടിനെ സംബന്ധിച്ചൊന്നും ഈ അവസരത്തിൽ വിശദമായി പറയാൻ ഞാനാഗ്രഹിക്കുന്നില്ല. സർ, ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങളും ഐക്യമുന്നണിയെ അധികാരത്തിലേയ്ക്കു കൊണ്ടുവന്ന നമ്മുടെ സംസ്ഥാനത്തെ ജനതയും ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടതും കഴിഞ്ഞ മന്ത്രിസഭാരൂപവൽക്കരണത്തിനുശേഷം ഐക്യമുന്നണിയുടെ പ്രകടനപത്രിക തുറന്നു നോക്കാനും അതിൽ നൽകിയിരുന്ന വാഗ്ദാനങ്ങൾ പരിശോധിക്കാനും തയ്യാറാകാത്ത പ്രതിപക്ഷത്തിരിക്കുന്ന എന്റെ സ്നേഹിതൻമാരെസംബന്ധിച്ച് ഞാൻ ഒന്നും പറയുന്നില്ല. സർ, ഈ ഐക്യമുന്നണിയുടെ ആത്മാവ് ഐക്യമുന്നണിയുടെ പരിപാടികളായിരുന്നുവെങ്കിൽ ഈ ഐക്യ മുന്നണി നിലനിന്നു കാണാൻ അപ്പുറത്തിരിക്കുന്നവർ ആഗ്രഹിച്ചിരുന്നുവെങ്കിൽ ഇന്നത്തെ ഈ സാഹചര്യം ഈ രാജ്യത്തു ഉണ്ടാകുമായിരുന്നു എന്നു ഞാൻ കരുതുന്നില്ല. നിങ്ങൾ ഈ രാജ്യം ഭരിച്ചമുപ്പത്തിയൊന്നുമാസം ഐക്യമുന്നണിയുടെ പരിപാടികൾ നടപ്പിലാക്കുന്നതിൽ കുററകരമായ അനാസ്ഥ കാണിച്ചു എന്നു മാത്രമല്ല, നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരിക്കലും കേട്ടുകേൾവി ഇല്ലാത്ത രീതിയിൽ അഴിമതിയുടെ ഘോഷയാത്ര നടന്നുവെന്ന് കമ്മ്യൂണിസ്ററു പ്രസ്ഥാനത്തിൽ വിശ്വസിച്ചിരുന്ന ഈ രാജ്യത്തെ ജനങ്ങളെക്കൊണ്ട് പറയിപ്പിക്കാൻ നിങ്ങൾ സാഹചര്യം ഉണ്ടാക്കാൻ ഇടയായതിൽ എനിക്ക് അത്യധികമായ ഖേദം ഉണ്ട്. സർ, അങ്ങനെയുള്ള ആളുകൾ, ഐക്യമുന്നണി പൊളിച്ചു പുറത്തുപോയ ആളുകൾ ഇന്നു ഞങ്ങളെ നോക്കി ഐക്യമുന്നണിയെ പൊളിച്ചവർ നിങ്ങളാണെന്ന് പരിഹസിക്കുമ്പോൾ അതെല്ലാം ഈ രാജ്യത്തെ ജനങ്ങൾ വിശ്വസിക്കുമെന്നു ഞാൻ കരുതുന്നില്ല. 1967 മാർച്ചുമാസം 6-ാം തീയതി ശ്രീമാൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ഉള്ള മന്ത്രിസഭ രൂപം കൊണ്ടതിനു ശേഷം അതിന്റെ ഭരണകാലഘട്ടമായ 31 മാസക്കാലം മാത്രമല്ല, അതിനുശേഷം ഇന്നോളം മാർക്സിസ്ററുപാർട്ടിയും ഐക്യമുന്നണിയോടുള്ള അതിന്റെ സമീപനവും എന്താണെന്ന് വ്യക്തമായി പഠിക്കാൻ നമ്മുടെരാജ്യത്തെ ജനതയ്ക്കു കഴിഞ്ഞിട്ടുണ്ട്. അതിൽനിന്നും ഒരു കാര്യം വ്യക്തമാണ്. ഒരു ഐക്യമുന്നണി പ്രസ്ഥാനത്തെ മുന്നോട്ടു കൊണ്ടുപോകാൻ മാർക്സിസ്ററുപാർട്ടിക്ക് കേരളത്തിലെന്നല്ല ഇൻഡ്യയിലെങ്ങും കഴിയുകയില്ലെന്ന് വ്യക്തമാക്കപ്പെട്ടു. ഐക്യ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണിയിലെ ഘടകകക്ഷികളെ എത്രത്തോളം കക്ഷികളായി പരിഗണിക്കാൻ, തങ്ങൾ വലിയ കക്ഷിയാണെങ്കിലും അതിലെ ചെറിയ കക്ഷികളെ അതോടൊപ്പം പരിഗണിക്കുവാൻ മാർക്സിസ്റ്റുപാർട്ടി തയ്യാറാവുകയില്ലെന്ന് അത് വ്യക്തമാക്കി കഴിഞ്ഞിരിക്കുകയാണ്. അതിന്റെ ഉദാഹരണങ്ങളും അതുമായി ബന്ധപ്പെട്ട സംഭവങ്ങളും ഒന്നും ഈ അവസരത്തിൽ ഞാൻ വിശദീകരിക്കുന്നില്ല. അതുകൊണ്ട് ഐക്യമുന്നണിയെ പൊളിച്ചവർ ഞങ്ങൾ ആണെന്ന് പറഞ്ഞ് പരിഹസിക്കുമ്പോൾ നിങ്ങൾ ഒരു പ്രാവശ്യമെങ്കിലും ഐക്യമുന്നണിയുടെ തിരഞ്ഞെടുപ്പ് വാഗ്ദാനപത്രിക ഒന്ന് പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞങ്ങൾചെയ്യുന്നതെല്ലാം തെററ് എന്നു പറയുന്നതിനുപകരം ആ വാഗ്ദാനങ്ങൾ പരിപാലിക്കപ്പെടുന്നതിൽ എത്രദൂരം മുന്നോട്ടുപോകാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ഒരു ആത്മപരിശോധന നടത്തുവാൻ അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാരോട് ഞാൻ അപേക്ഷിക്കുകയാണ്. സർ, മാർക്സിസ്ററുപാർട്ടിയെ സംബന്ധിച്ചിടത്തോളം അവസരവാദപരമായ നയം സ്വീകരിച്ചിരിക്കുന്ന രാഷ്ട്രീയകക്ഷിക്ക് ഈ വിശ്വാസപ്രമേയത്തെ എതിർക്കാൻ കഴിയുകയില്ലെന്ന് ഞങ്ങൾക്കറിയാം. അവസരവാദപരമാണ് മാർക്സിസ്ററു പാർട്ടിയുടെ നയം എന്ന് പറയുവാൻ ചില കാരണങ്ങൾ ഉണ്ട്. സർ, കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് അന്നത്തെ മുഖ്യമന്ത്രിയുടെ അവകാശാധികാരങ്ങൾ സഹമന്ത്രിമാർ ചോദ്യം ചെയ്യുന്നു എന്നുള്ള ആക്ഷേപം ഞാൻ അന്ന് കേട്ടിട്ടുണ്ട്. അന്ന് നമ്മൾ ഒന്നായിരുന്നുവെങ്കിലും ആ ആക്ഷേപങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ഇന്നു പശ്ചിമബംഗാളിൽ കാണുന്നത് എന്താണ്? മാർക്സിസ്ററുപാർട്ടിയുടെ പ്രമുഖനായ നേതാവ് ശ്രീമാൻ ജ്യോതിബാസു, മുഖ്യമന്ത്രി അജയമുക്കർജിയുടെ അധികാരത്തെ ചോദ്യം ചെയ്തു. അതുപോലെ തന്നെ കേരളത്തിൽ മാർക്സിസ്ററുപാർട്ടി ഉൾപ്പെടാത്ത ഐക്യമുന്നണി ഉണ്ടായാൽ അതെല്ലാം പിന്തിരിപ്പൻ ശക്തികളുടെ പാർട്ടിയായിപ്പോകും അതിൽ വിപ്ലവം പോരാ എന്ന് ആക്ഷേപിക്കും, പക്ഷെ പശ്ചിമബംഗാളിൽ പഴയ ഐക്യമുന്നണിയുടെ പങ്കാളിയായിരുന്ന ഘടകകക്ഷികളിൽ പലതിനെയും അവഗണിച്ചുകൊണ്ട് അവിടെ ഒരു കൂട്ടുകെട്ട് ഉണ്ടാക്കണമെന്ന് ശ്രീമാൻ ജോതിബാസു ആലോചിക്കുന്നതുകൊണ്ട് അതിൽ വിപ്ലവം ദർശിക്കുവാൻ അപ്പുറത്തിരിക്കുന്നവർക്ക് കഴിയും. അതുകൊണ്ട് ഈ ഒററ ഉദാഹരണം ചൂണ്ടിക്കാണിച്ചുകൊണ്ട് അവസരവാദപരമായ നയം കൈക്കൊണ്ടിരിക്കുന്ന രാഷ്ട്രീയകക്ഷി എന്നുള്ള നിലയിൽ ഇന്ന് മാർക്സിസ്ററുപാർട്ടി കേരളത്തിൽ മാത്രമല്ല, പശ്ചിമബംഗാളിൽ മാത്രമല്ല, ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളിലും നിലകൊള്ളുന്നുണ്ട്.

അപ്പുറത്തുനിന്ന് പ്രസംഗിച്ച ചില സ്നേഹിതൻമാർ ഈ വിശ്വാസപ്രമേയത്തെ പരാജയപ്പെടുത്തി ഒരു പുതിയ മന്ത്രിസഭ രൂപീകരിക്കുന്നതിനെസംബന്ധിച്ചു കഴിഞ്ഞ ആറു ദിവസങ്ങളായി നമ്മുടെ തലസ്ഥാന നഗരിയിൽ നടക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ഞങ്ങൾക്കെതിരായും ചില ആരോപണങ്ങൾ ഉന്നയിച്ചു. സർ, കഴിഞ്ഞ ആറു ദിവസങ്ങളായി എന്താണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്? നമ്മുടെ സഭയിലെ നോമിനേറഡ് മെമ്പറായ ശ്രീ. എസ്. പി. ലൂയിസിന്റെ നേതൃത്വത്തിൽ ഒരു പുതിയ മന്ത്രിസഭ രൂപീകരിക്കുന്നതിനുള്ള ശ്രമം മാർക്സിസ്ററു പാർട്ടി ആരംഭിച്ചില്ലെ? എത്ര അപഹാസ്യമായ ഒരു ശ്രമമാണ് അതെന്ന് എന്റെ സ്നേഹിതൻമാർ ആലോചിക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. സർ, അപ്പുറത്തിരിക്കുന്നവർ ഒരു പുതിയ മന്ത്രിസഭ രൂപീകരിക്കുന്നതിന് സ്വീകരിച്ചിരുന്ന കാര്യങ്ങളെസംബന്ധിച്ച് എന്റെ അറിവിൽപ്പെട്ട കാര്യങ്ങളെല്ലാം പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ചില മന്ത്രിമാർ ഇരിപ്പുണ്ട്. ഇന്ന് ഈ ഗവൺമെൻറിനെ അധികാര ഭ്രഷ്ടമാക്കിയതിനുശേഷം നാളെ വേറൊരു മന്ത്രിസഭ രൂപവൽക്കരിച്ച് ഈ മന്ത്രികസേരകളിൽ ഇരിക്കുവാൻ ആഗ്രഹിക്കുന്നവർ അപ്പുറത്ത് ഇരിപ്പുണ്ട്. അപ്പുറത്തിരിക്കുന്നവർക്കു സാധിക്കുമോ.... അങ്ങനെയൊന്നും ഈ രാജ്യത്തു സംഭവിക്കാൻ പോകുന്നില്ല. മന്ത്രി പദവിയെ സ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന ആളുകൾ ഏതാനും മണിക്കൂറുകൾകൂടി മന്ത്രിമാരായി അവിടെ കഴിയുമെന്ന് ഞങ്ങൾക്കറിയാം. പക്ഷെ ഈ രാജ്യം ഭരിക്കുവാൻ അവർക്കു കഴിയുമെന്ന് ഞങ്ങൾ കരുതുന്നില്ല. സർ, മററൊരുകാര്യം ഈ വിശ്വാസപ്രമേയം ചർച്ചചെയ്യുന്ന അവസരത്തിൽ വളരെ ഹീനമായ ഒരു ചർച്ച മാർക്സിസ്ററുപാർട്ടിയുടെ നേതൃത്വത്തിൽ അഴിച്ചുവിട്ടിരിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു. ഈ മന്ത്രിസഭയിലെ ഒരു മന്ത്രിയെസംബന്ധിച്ച് ചില തെററായ പരാമർശനങ്ങൾ ഇവിടെ കേൾക്കുകയുണ്ടായി. സർ, നമ്മുടെ സംസ്ഥാനത്ത് അനവധി ദിനപത്രങ്ങൾ ഉണ്ട്. പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള പത്രങ്ങൾക്ക് കിട്ടാത്ത ഒരു വാർത്ത ഇവർക്ക് കിട്ടിയിരിക്കുന്നു ഒരു പത്രത്തിൽ നിന്ന്. ആ പത്രത്തിലെ വാർത്ത ഉദ്ധരിച്ചുകൊണ്ട് ഈ സഭയിൽ ഒരു അംഗം പ്രസംഗിക്കുന്നു. സർ, ഇതുപോലുള്ള ഒരു പത്രത്തിലെ വാർത്ത ഉദ്ധരിച്ചുകൊണ്ട് നമ്മുടെ നിയമസഭയിലെ പ്രമുഖനായ ഒരംഗം പ്രസംഗിച്ചതിൽ എനിക്ക് ഖേദം ഉണ്ട്. ഈ മന്ത്രി സഭയിലെ ഏതു മന്ത്രിയെപ്പററി എന്ത് ആരോപണവും ഉന്നയിക്കുവാൻ അരയുംതലയും മുറുക്കി നിൽക്കുന്ന അപ്പുറത്തിരിക്കുന്നവർക്ക് എന്തുപറയുവാനും മടിയില്ലെന്ന് എനിക്കറിയാം. പക്ഷേ സംഭവം എന്താണ്? ഒരു നുണ പറഞ്ഞാൽ ഒരു നുണ പ്രചരിപ്പിച്ചാൽ അര നിമിഷമെങ്കിലും ജീവിക്കാൻ കഴിയുന്ന നുണയായിരിക്കണം വിദഗ്ധമായി പ്ലാൻ ചെയ്ത നുണയായിരിക്കണം. പക്ഷെ അവിദഗ്ധമായി പ്ലാൻചെയ്ത നുണയാണ് ഇത്. അങ്ങനെയുള്ള പ്രചാരവേല നടത്തിയതുകൊണ്ട് എന്തെങ്കിലും നേടാൻ കഴിയുമെന്നു നിങ്ങൾ കരുതുന്നുണ്ടോ? ഈ കഴിഞ്ഞ നാലരമാസമായി ഇവിടെ ഒരു ചലനം സൃഷ്ടിക്കാൻ ഈ ഗവൺമെൻറിനു കഴിഞ്ഞിട്ടുണ്ട്. കാർഷികരംഗത്തും അതുപോലെ മററു പല രംഗങ്ങളിലും വളരെ നല്ല കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എത്രയോ ആയിരം ആളുകൾക്ക് പട്ടയം നൽകി; എത്രയോ ആയിരം ആളുകൾക്ക് ഭൂമി നൽകി. 31 മാസക്കാലംകൊണ്ട് നിങ്ങൾക്കു ചെയ്യാൻ കഴിയാതിരുന്ന കാര്യങ്ങൾ കഴിഞ്ഞ നാലരമാസംകൊണ്ട് ഈ രാജ്യത്തു ചെയ്യാൻ കഴിഞ്ഞ ഈ ഗവൺമെൻറിനെയും ഈ ഗവൺമെൻറിനെ പ്രതിനിധീകരിക്കുന്ന മന്ത്രിയേയും തേജോവധംചെയ്യാനും സ്വഭാവഹത്യ ചെയ്യാനുമുള്ള ശ്രമമാണ് ഇത്. ഇതുപോലുള്ള സ്വഭാവഹത്യ നടത്തി എന്തെങ്കിലും നേടാൻ കഴിയുമെന്നു നിങ്ങൾ കരുതുന്നുണ്ടോ? അതുകൊണ്ട് ഇങ്ങനെയുള്ള പ്രചാരവേല നിങ്ങൾ ചെയ്യരുതെന്നും ഇങ്ങനെയുള്ള പ്രചാരവേലയ്ക്കു നേതൃത്വം നൽകരുതെന്നും ഞാൻ അപേക്ഷിക്കുന്നു.

പിന്നെ ഒരു കാര്യം. മർദ്ദനത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. സർ സി. പി. യുടെ കാലത്തെ മർദ്ദനത്തെ അതിശയിക്കുന്ന മർദ്ദനമാണിവിടെ നടക്കുന്നതെന്ന് ആക്ഷേപമുണ്ടായി. സർ സി. പി. യുടെ മർദ്ദനക്കാലത്ത് വയലാർ—പുന്നപ്രയിൽ വെടിവയ്പ്പുനടത്തിയപ്പോൾ മരിച്ചുവീണ അനേകമാളുകളുടെ ശരീരങ്ങൾ പെട്രോളൊഴിച്ചു തീകത്തിച്ചു. ആ സർ സി. പി. മർദ്ദനത്തിൻെറ കാര്യത്തിൽ മാർക്സിസ്ററുകാർക്കു കപ്പം തരേണ്ടതല്ലേ എന്നു ഞാൻ ചോദിക്കുകയാണ്. നിങ്ങൾ മുപ്പത്തൊന്നുമാസക്കാലം ഭരിച്ചതു ഞങ്ങൾക്കറിയാം. അന്നു നിങ്ങൾ നടത്തിയ മർദ്ദനങ്ങളും വെടിവയ്പ്പുകളും അറിയാം. അതിനുശേഷം ഈ ഗവൺമെൻറു വന്നശേഷം നിങ്ങൾ പൊതുജനങ്ങളുടെ നേരെ നടത്തിയ അക്രമങ്ങളുടെയും മർദ്ദനങ്ങളുടെയും കഥയും ഞങ്ങൾക്കറിയാം. നിരപരാധികളുടെ നേരെ ആസിഡു

LIBRARY ARCHIVES Kerala Legislative Assembly

ബോംബുകളെറിഞ്ഞു; അവരെ ജീവനോടെ പെട്രോളൊഴിച്ചു തീകത്തിച്ചു കൊന്നു ആ നിങ്ങൾക്ക് സർ സി. പി. രാമസ്വാമി അയ്യർ കപ്പം തരേണ്ടതാണ്. അതുകൊണ്ട് മർദ്ദനങ്ങളെ സംബന്ധിച്ച് ഒരു കാര്യവും പറയാൻ അപ്പുറത്തിരിക്കുന്നവർക്ക് അവകാശമുണ്ടെന്നു ഞാൻ കരുതുന്നില്ല.

സർ, ഈ വിശ്വാസപ്രമേയം അവതരിപ്പിക്കേണ്ടിവന്ന സാഹചര്യത്തെപ്പറ്റി വളരെയേറെ വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. നാലരമാസക്കാലമായി നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഇന്നോളം ഉണ്ടായിട്ടില്ലാത്തവിധം പല നല്ല കാര്യങ്ങൾ ചെയ്യാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇൻഡ്യയിലെ മറ്റൊരു സംസ്ഥാനത്തും ഇന്നുവരെ ചെയ്യാൻ കഴിയാതെയിരുന്ന ഭൂപരിഷ്ക്കരണനടപടികൾ സ്വീകരിക്കാൻ അച്യുതമേനോൻഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റു നിലനിൽക്കണമെന്ന് ഈ രാജ്യത്തെ ജനങ്ങളാഗ്രഹിക്കുന്നു. ഈ ഗവൺമെന്റു നിലനിന്നുകാണാനാഗ്രഹിക്കുന്ന ഈ രാജ്യത്തെ ജനങ്ങൾ തങ്ങളുടെ സംപൂർണ്ണമായ പിൻതുണ ഈ ഗവൺമെന്റിനു നൽകുമെന്നു ഞങ്ങൾക്കുറപ്പുണ്ട്. വിശ്വാസപ്രമേയത്തെ അനുകൂലിച്ചുകൊണ്ടു ഞാൻ ഉപസംഹരിക്കുന്നു.

Mr. Chairman: Order, Order. The House will now adjourn and meet again at 3 p. m. today.

The Assembly rose at 12.48 p. m. and reassembled at 3 p. m. with Mr. Speaker in the Chair.

3 P.M.] **Mr. Speaker**: Mr. S. P. Luiz, you can speak for five minutes.

Shri S. P. Luiz: Sir, I want a few minutes more.

Mr. Speaker: You have only five minutes. But let me see.

Shri S. P. Luiz: Sir, I have already made it very clear on the floor of this House though it is most unfortunate as far as I am concerned—that I cannot support this Government in view of the very sad conditions of my community and in view of the fact that the several promises made by the Government starting with the Chief Minister, saying that the matter will be looked into, have not been fulfilled. I cannot find my way to support this Government, in spite of the voluminous allegations, very filthy allegations thrown at me by the Government and the ruling party. Sir, I am sure that most of the Min'sters have assured me, some even in writing, that the grievances of the Anglo-Indian Community would be set right. When I saw them a few days back, it was said that the matter was being held up purely because of the Kumara Pillai Commission Report, I may make my further statements on th's.

The Kumara Pillai Commission, as I observed, whatever may be reported by him or observed by him, has given a blank cheque to the Government to ratify. Kumara Pillai has made a mistake in the report as I have already indicated. In the conclusion he has said, we do not intend to lay down any inflexible rule for the Governmet to follow. The laying down of criteria for the assessment of socially and educationally backward classes is a complex problem dependent upon many circumstances which may vary

LIBRARY ARCHIVES Kerala Legislative Assembly

from State to State and even from place to place. Also on this point, we do not propose to lay down any hard and fast rule and it is for the State to consider the matter and to decide it in a manner which is consistent with the requirements of Article 15.

Sir, as such the hands of the Government are absolutely free. It is upto them to do the needful. Most of the Ministers have spoken and some have even written to say that the matter will be set right soon; but unfortunately until this moment, it has not been set right and hence I am placed in a delicate position.

Further Sir, I have observed one or two references of a so-called Anglo-Indian stating that the Anglo-Indians oppose what I do. They do not yet know what I have done at the moment. Whether we are to support or oppose the Government is a matter entirely left to me. I have the mandate of my community and do not wish to have the mandate of any man, who professes to be an Anglo-Indian. I understand, he is an advocate and he has been promised employment in Government Service. If such things happen, it is unfortunate. But I do not heed such statements coming from persons of my community.

Unfortunately, I could not follow the debates here because I could not be present here as I was not keeping well. I understand from the papers—the Janayugam of the Communist Party of India—that many allegations have been raised against me, one such allegation being that I have spent about Rs. 2000 and odd in the Mascot Hotel in Room. No. 29 to lure Government admirers to my way of thinking-and may I say-even to sabotage the Government. I here produce the Bills of Mascot Hotel, Room No. 29 for the relevant dates starting from 16-3-1970 to date. The total bill comes to about Rs. 500 of which the liquor content is Rs. 141. I wish my good friend, the Editor of the Janayugom will copy this and swallow his own tablets. He is always accustomed to publish lies in a most degenerate fashion. Some time ago, he took the occasion to say that I am an American Agent. As I wished to pursue it, I sent a registered notice to him for defamation. Unfortunately that magnificent paper of the great Communist Party did not have the courtesy to reply to it and to explain it further.

Sir, I am an admirer of democracy and I wish to be associated with democratic Governments. I have a lot of contacts with the democratic countries in the interest and promotion of my line of education viz., Aeronautical Engineering. A large number of students, Kerala students have also gone to foreign countries for studies relating to Aeronautical Engineering. I do not wish to say more except that if the Communist Party, wishes to paint me black, they can do so. It is their dignified privilege to do so. But please be assured from now that I might also turnround.

Mr. Speaker: Your time is up.

Shri S. P. Luiz : Sir, I have to point out so many allegations. It is very unfortunate that such a catastrophe should happen in this State. I have been even before alleged of having conspired to break the original

LIBRARY ARCHIVES Kerala Legislative Assembly

United Front. Well I ask you now, who did break it? How did it happen? Some are here and some are there. How did it happen?

Further more Sir, in this circle of vicious events and vicious thinking it does happen that many things are over looked-the fate of the country, the fate of the people are totally eclipsed—for the simple reason that many want to hold power at their command. I am told that a few more Ministers are going to come. Well and good for the admirers.

It was attributed of me that I am behind this entire campaign in order to become a Minister, I stoutly deny it. I have told all my friends that I have never had the aspiration to become a Minister and I may say that that is the last thing that I would like to be. In the allegations made by Mr. T. V. Thomas, he has made me the Police Minister, in the ministry to be formed. I must emphasise that I cannot support this Government even here or elsewhere or any other time unless the most serious damage done to my community is rectified.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ജോർജ് തോമസ്: മി. സ്പീക്കർ സർ, കഴിഞ്ഞ വെള്ളിയാഴ്ചയും അതിനുശേഷം രണ്ടുദിവസത്തെ ഇടവേളയും കഴിഞ്ഞ് ഇന്നും ഇവിടെ നടന്ന ചർച്ചകൾ ഞാൻ ശ്രദ്ധിച്ചു. സർ, ഈ വിശ്വാസപ്രമേയത്തെപ്പററി നടന്ന ചർച്ചകളിലെ ഒട്ടുവളരെ പരാമർശങ്ങൾ ഈ ഗവൺമെൻറിൻെറ നടപടികളെപ്പററിയോ എന്തുകൊണ്ട് ഈ വിശ്വാസപ്രമേയത്തിന് പിൻതുണനൽകണമെന്നുള്ളതിനെപ്പററിയോ ആയിരുന്നല്ലൊ. മിക്കവാറും കോൺഗ്രസ്സിനോടുള്ള വ്യംഗ്യമായ ഒരു താക്കീതും ഒട്ടേറെ അഭ്യർത്ഥനയുമായിരുന്നു ആ പ്രസംഗങ്ങളിൽ ഞാൻ കേട്ടത്. സർ, എന്തായിരുന്നു ഈ അഭ്യർത്ഥന? മാർക്സിസ്ററുകെണിയിൽ കോൺഗ്രസ്സു ചാടരുത് എന്നായിരുന്നു അത്. ആ അഭ്യർത്ഥനയുടെ ഉദ്ദേശശുദ്ധിയെ, സർ, ഞാൻ ചോദ്യംചെയ്യുന്നില്ല. അപ്പുറത്തിരിക്കുന്ന എൻെറ സ്നേഹിതൻമാർക്ക് കോൺഗ്രസ്സിനോടുള്ള ഈ പുതിയ പ്രേമം എന്തിനാണെന്ന് കേരളത്തിലെ ജനങ്ങൾക്കു നല്ലവണ്ണമറിയാം. ശ്രീ. ടി. വി. തോമസ്സിൻെറ ഇപ്പോഴത്തെ പുതിയ പ്രേമഭാജനം കോൺഗ്രസ്സാണെന്ന് അദ്ദേഹത്തിൻെറ പ്രസംഗം കേട്ടപ്പോൾ എനിക്കു തോന്നി. ആരാണ് ഈ അഭ്യർത്ഥന നടത്തിയത്? ഈ ഗവൺമെൻറിൻെറ കവാടങ്ങൾ മാർക്സിസ്ററു പാർട്ടിക്കുവേണ്ടി തുറന്നിട്ടിരിക്കുന്നുവെന്നു പറയുന്ന അച്യുതമേനോൻെറ പാർട്ടി; ഒരു കാൽ മാർക്സിസ്ററുകവാടത്തിലും മറേറ കാൽ കുഞ്ഞുമുന്നണിയുടെ—ഇപ്പോൾ ആ പേര് അന്വർത്ഥവുമായിട്ടുണ്ട്.—കവാടത്തിൽ അറച്ചറച്ചും വച്ചിരിക്കുന്ന ആർ. എസ്. പി. ഇങ്ങനെയുള്ള പാർട്ടികൾ, കോൺഗ്രസ്, മാർക്സിസ്ററുകെണിയിൽ വീഴരുതെന്നു പറയുമ്പോൾ എനിക്കു വിസ്മയം തോന്നുന്നു. കഴിഞ്ഞ രണ്ടുമൂന്നു മാസം മാർക്സിസ്ററു തൊഴുത്തിലെ പശുക്കുട്ടികളായിരുന്നശേഷം, പുല്ലും കച്ചിയും തിന്നു കൊഴുത്തു തടിച്ചശേഷം കോൺഗ്രസ്സിൻെറ നേർക്കു തിരിഞ്ഞ്, കോൺഗ്രസ് മാർക്സിസ്ററുകെണിയിൽ വീഴരുതെന്നു പറഞ്ഞാൽ കേരളത്തിലെ ജനങ്ങൾക്ക് അതിൻെറ അർത്ഥം മുഴുവനായി മനസ്സിലാകും. പക്ഷേ അതിൻെറ ആത്മാർത്ഥതയെ അവർ ചോദ്യംചെയ്യുകയില്ലേ എന്നു ഞാൻ സംശയിക്കുകയാണ്.

സർ, ഈ വിശ്വാസപ്രമേയം ഇവിടെ അവതരിപ്പിച്ചുകഴിഞ്ഞശേഷം കേരളത്തിൽ ഒരു പുതിയ സിദ്ധാന്തം തന്നെ—കേരളത്തിലെ ജനാധിപത്യവ്യവസ്ഥയിൽ ഒരു പുതിയ സിദ്ധാന്തംതന്നെ—രൂപപ്പെട്ടതായി തോന്നുന്നു, ഭരണാധികാരത്തിരത്തിലിരിക്കുന്ന കക്ഷി വിശ്വാസപ്രമേയമവതരിപ്പിച്ചാൽ അതു പാസാക്കാനുള്ള ചുമതല പ്രതിപക്ഷത്തിൻേറതാണ്

എന്നുള്ളതാണ് ആ സിദ്ധാന്തം. ഈ അസംബ്ലിയിൽ നടന്ന പ്രസംഗങ്ങളും പുറത്തു നടക്കുന്ന പ്രസ്താവനകളും, കത്തുകളും കമ്പികളും മുഖപ്രസംഗങ്ങളും ഒക്കെ ഞാൻ ശ്രദ്ധിച്ചുവായിച്ചപ്പോൾ തോന്നിയത്, ഗവൺമെന്റിനെ ഒരു വിഷമസന്ധിയിൽനിന്നു രക്ഷിക്കേണ്ട ഭാരംമുഴുവനും, പ്രതിപക്ഷത്തിരിക്കുന്ന കക്ഷികൾക്കാണെന്നാണ്. ഈ നിലയിലാണ് ഈ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന പരാമർശങ്ങൾ മുഴുവൻ ഉണ്ടായത്. കഴിഞ്ഞ രണ്ടുമൂന്നു ദിവസം കേരളത്തിൽ നടന്ന സംഭവങ്ങൾ നോക്കിയാൽ ഒരു കാര്യം വ്യക്തമാകും. നരകത്തിലും സ്വർഗ്ഗത്തിലുമുള്ള എല്ലാ ശക്തികളേയും, ഈ ഗവൺമെന്റിനെ താങ്ങിനിറുത്തുന്നതിനുവേണ്ടി അഴിച്ചുവിട്ടിരിക്കുന്നു എന്നുള്ളതു പരമാർത്ഥമാണ്. കേരളത്തിലെ കഴിഞ്ഞ രണ്ടുദിവസത്തെ രാഷ്ട്രീയ ചക്രവാളത്തിൽ ഒന്നു നോക്കി, ഈ ഗവൺമെന്റിനെ താങ്ങിനിറുത്തിക്കൊള്ളണമെന്നു പറയുന്ന ശക്തികളെ ഒന്നു വിശകലനം ചെയ്യുമ്പോൾ, ആ ഒരു കാരണംകൊണ്ടുതന്നെ ഒരുപക്ഷേ ഇത് അധികനാൾ നിൽക്കാൻ അർഹമില്ല എന്ന് എന്നെപ്പോലുള്ളവർക്കു തോന്നിയിട്ടുണ്ടെങ്കിൽ ആരും അത്ഭുതപ്പെടേണ്ടതില്ല. ആ വശത്തെക്കുറിച്ച് അധികം സംസാരിക്കാൻ ഈയവസരം ഞാൻ ഉപയോഗിക്കുന്നില്ല.

1969 ഒക്ടോബർമാസത്തിൽ ഇവിടെ ഒരു രാഷ്ട്രീയപ്രതിസന്ധിയുണ്ടായി. അന്നു ഭരിച്ചിരുന്ന ഘടകകക്ഷികൾ തമ്മിൽ പിണങ്ങി; വാക്കേറ്റമായി; (കൈയേറ്റമായോ എന്നറിഞ്ഞുകൂടാ), എങ്കിലും അതായിരുന്നു സ്ഥിതിവിശേഷം, അന്നു ഭരിച്ചിരുന്ന ഘടകകക്ഷികൾ—അന്നും ഇന്നും പ്രധാന ഘടകക്ഷികൾ; കേരള കാൺഗ്രസ്സുമാത്രമേയുള്ളു ഇല്ലായിരുന്നത്—തമ്മിൽ വാക്കണവും വഴക്കുമായി കഴിഞ്ഞുകൂടി. അതായിരുന്നു നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയുടെ രാജിയിൽ അവസാനിച്ചത്. അങ്ങനെ ഒരു ഒന്നാംകിട പ്രതിസന്ധി സംജാതമായി. ആ രാഷ്ട്രീയപ്രതിസന്ധിയിൽനിന്ന് കേരളത്തെയും കേരളത്തിലെ ജനങ്ങളേയും രക്ഷിക്കേണ്ട ചുമതല, ഭാരം, വന്നുകൂടിയത് ഇൻഡ്യൻനാഷണൽ കാൺഗ്രസ്സിലാണ്. അന്ന് ഒരു രാഷ്ട്രീയപ്രതിസന്ധിയിൽനിന്ന് കേരളത്തെ രക്ഷിക്കാൻ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്—ഞാൻ വിശ്വസിക്കുന്നത്—ഒരു വലിയത്യാഗം അനുഷ്ഠിച്ചു. ആ രാഷ്ട്രീയമായ ത്യാഗമായിരുന്നു, നിരുപാധികമല്ലാത്ത പിൻതുണ നൽകാമെന്നു ഞങ്ങൾ പറഞ്ഞത്. ആ നിലയിലാണ് കേരളത്തെ രാഷ്ട്രീയമായ ഒരു പ്രതിസന്ധിയിൽനിന്നു രക്ഷിച്ചത്. അതുകഴിഞ്ഞ് മൂന്നുനാലു മാസമായി അച്യുതമേനോന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഭരിക്കുന്നു. ഇപ്പോൾ വീണ്ടും മാർച്ച്മാസത്തിൽ, വിശ്വാസപ്രമേയാവതരണത്തിലവസാനിച്ച ഒരു രാഷ്ട്രീയപ്രതിസന്ധി ഉണ്ടായിരിക്കുകയാണ്. ഈ രാഷ്ട്രീയ പ്രതിസന്ധി സംഘടനാകാൺഗ്രസ്സാണ് ഇവിടെ ഉണ്ടാക്കിയതെന്ന് അപ്പുറത്തിരിക്കുന്ന ചില സ്നേഹിതൻമാർ പറഞ്ഞു. പുറത്തു പ്രചണ്ഡമായ പ്രചരണം നടത്തുകയും ചെയ്തു. സംഘടനാകോൺഗ്രസ് എന്തോ അവിഹിതമായ വേഴ്ചകൾ ചെയ്തു, അതിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയമായ പ്രതിസന്ധി ഉടലെടുത്തിരിക്കുന്നു എന്നൊക്കെ. വാസ്തവത്തിൽ, ഞാൻ അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാരോടു ചോദിക്കുകയാണ്. സംഘടനാകാൺഗ്രസ്സാണോ ഈ രാഷ്ട്രീയപ്രതിസന്ധി ഉദ്ഘാടനംചെയ്തത്? അല്ലെന്നുള്ളതല്ലേ പരമാർത്ഥം? നിങ്ങളുടെയിടയിൽത്തന്നെയുണ്ടായ വഴക്കുകളും ഡിഫെക്ഷനുകളും ഐ. എസ്. പി. കർക്കങ്ങളും, 'ശേഷനും കുഞ്ഞും' 'കുഞ്ഞും ശേഷനും' പ്രശ്നങ്ങളും—ഇതൊക്കെയല്ലേ ഈ മാർച്ചുമാസത്തിൽ ഉദ്ഘാടനംചെയ്യപ്പെട്ട രാഷ്ട്രീയപ്രതിസന്ധിയുടെ കാരണങ്ങൾ? സംഘടനാകാൺഗ്രസ് ഇക്കാര്യത്തിൽ അങ്ങേയറ്റം നിരപരാധിയാണെന്ന് വളരെ ആത്മാർത്ഥമായി ഈയവസരത്തിൽ പറയാൻ ഞാൻ ധൈര്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ രാഷ്ട്രീയ പ്രതിസന്ധിക്ക് ഉത്തരവാദി ഞങ്ങളല്ല. പറഞ്ഞു പരത്തിയത് എങ്ങനെയെങ്കിലും പരിഹരിക്കണമെന്നും അതിന് ഞങ്ങൾ സംഭാവന ചെയ്യണമെന്നും. അതാണ് രാജ്യത്തുടനീളം ഉണ്ടായ രാഷ്ട്രീയ സാഹചര്യത്തിന്റെ രത്നചുരുക്കം. രാഷ്ട്രീയമായ പ്രതിസന്ധിയിൽ നിന്നും കേരളത്തെ രക്ഷിക്കാനും ഈ മന്ത്രിസഭയെ രക്ഷിക്കാനുമുള്ള സംഭാവന സംഘടനാകോൺഗ്രസ് ചെയ്യണമെന്ന് പൊതുജനങ്ങൾ ആഗ്രഹിക്കുന്നുവെന്നുവരികിൽ അതിന് ചെറിയ ഒരു സംഭാവന ചെയ്യുവാൻ കോൺഗ്രസ് മടിക്കുകയില്ല. ആ സ്ഥിതിവിശേഷമാണ് ഇവിടെയുള്ളത്. പക്ഷെ ഒരു കാര്യം ഈ അവസരത്തിൽ അനുസ്മരിപ്പിക്കേണ്ടത് എന്റെ കർത്തവ്യമാണ്. എന്റെ ഓർമ്മ നവംബർ 1-ാംതീയതിയിലേക്ക് മടങ്ങിപോകുകയാണ്. നേരത്തെ സുചിപ്പിച്ചതുപോലെ 1969 നവംബർ 1-ാം തീയതി ഇവിടെ രാഷ്ട്രീയ പ്രതിസന്ധി ഉണ്ടായ അവസരത്തിൽ ആ പ്രതിസന്ധിയിൽനിന്നും കേരളത്തെ രക്ഷിക്കുന്നതിന് കോൺഗ്രസു മുന്നോട്ടു വന്ന അവസരത്തിൽ ശ്രീ. അച്യുതമേനോൻ മുഖ്യമന്ത്രിയായതിനുശേഷം ഒരു പ്രഖ്യാപനം ചെയ്തു. അദ്ദേഹം പറഞ്ഞത് കോൺഗ്രസിന്റെ പിൻതുണ ഉണ്ടെങ്കിലേ മന്ത്രിസഭയെ നിലനിറുത്തുവാൻ കഴിയൂഎങ്കിൽ ഈ മന്ത്രിസഭയുമായി മുന്നോട്ടുപോകുകയില്ലെന്നാണ്. കോൺഗ്രസിന്റെ പിൻതുണ ഉണ്ടെങ്കിൽ മാത്രമേ മുന്നോട്ടു പോകാൻ കഴിയുകയുള്ളൂവെങ്കിൽ ഈ മന്ത്രിസഭയുമായി മുന്നോട്ടുപോകുകയില്ലെന്ന്. ഞാൻ എന്റെ തൊട്ടടുത്തിരിക്കുന്ന സ്നേഹിതനെ ഒരു കോൺഗ്രസ്സുകാരനായി പരിഗണിച്ചിട്ടില്ലെങ്കിലും ഒരു 'ഇന്ദിരാ കമ്മ്യൂണിസ്റ്റായി' പരിഗണിക്കുകയാണ്. കോൺഗ്രസിന്റെ പിൻതുണകൊണ്ടുമാത്രമേ ഈ മന്ത്രിസഭ നിലനിൽക്കുകയുള്ളൂവെന്ന് ഇനിയും അങ്ങേയ്ക്ക് ബോദ്ധ്യമായില്ലെങ്കിൽ അതിന് കേരളത്തിലെ ജനങ്ങൾ എന്തുചെയ്യണം. ഇനി ഇതിൽ കൂടുതൽ ബോദ്ധ്യമാകാൻ എന്തു ചെയ്യണം? വിശ്വാസപ്രമേയാവതരണത്തിന്റെ സാഹചര്യത്തോടുകൂടി തന്നെ ഈ ഗവൺമെൻറിന്റെ അടിസ്ഥാനശില ഇളകിയെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കഴിഞ്ഞനിയമസഭാസമ്മേളനത്തിൽ, ഒരു പക്ഷെ ഈ നിയമസഭാസമ്മേളനത്തിൽത്തന്നെ ഈ വസ്തുത മറച്ചുവയ്ക്കാൻ മടിച്ചിട്ടില്ല. ഈ ഗവൺമെൻറിന്റെ ഉറപ്പ് അടിസ്ഥാനമുണ്ടെന്നു തോന്നുന്നില്ല. അതിനുള്ള കാരണം ഈ മന്ത്രിസഭയിൽത്തന്നെയുള്ള ഡിഫക്ഷൻ കാരണമാണ്. ശ്രീ. ടി. കെ. ദിവാകരൻ അതിന്റെ സാക്ഷിയായി നിൽക്കുകയാണ്. അതു മാത്രമല്ല പത്രത്തിൽ കണ്ടിട്ടുള്ള വാർത്തകൾ ശരിയാണെങ്കിൽ ഈ മന്തിസഭ നിലനിറുത്തുന്നതിനുവേണ്ടി നിങ്ങൾ സഹിക്കേണ്ട ത്യാഗങ്ങൾ ഈ ഗവൺമെൻറിനെ കെട്ടിയുറപ്പിക്കുന്നതിനായി അവകാശപ്പെടുവാൻ സാദ്ധ്യമല്ല. ഈ ഗവൺമെൻറിന് നിലനിൽപ്പില്ല, അതിന്റെ അടിസ്ഥാനശിലതന്നെ തകർന്നിരിക്കുന്നുവെന്നുള്ളതിന്റെ പ്രതീകമാണ്. ഞാൻ ചോദിക്കട്ടെ അഴിമതിയാരോപണത്തെപ്പററി ഈ നിയമസഭയിൽ ഉണ്ടായ അഭിപ്രായപ്രകടനത്തിനുശേഷം അന്വേഷണ ഉത്തരവ് ഇടുകയും, ആ അന്വേഷണ ഉത്തരവു ഹൈക്കോടതിയിൽന്നിന്നും തള്ളപ്പെടുകയും ചെയ്തു. അതിനുശേഷം ഒരു മാന്യൻ അന്വേഷണസംരംഭവുമായി മുന്നോട്ടു വരികയും വളരെ ആലോചിക്കാതെ ഇവിടത്തെ മുഖ്യമന്ത്രി അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. പെട്ടന്ന് ആ അന്വേഷണ ഉത്തരവ് പിൻവലിച്ചതായി പത്രത്തിൽക്കാണുകയുണ്ടായി. മാത്രമല്ല ഇവിടെക്കേൾക്കുന്ന വാർത്തകൾ ശരിയാണെങ്കിൽ അതൊന്നും വിശ്വസിക്കാതെ പോകട്ടെ—പുതിയ മന്ത്രി കസേരകൾക്ക് ഓർഡർ ഇട്ടിരിക്കുകയാണ്. എങ്കിൽ മാത്രമേ മന്ത്രിസഭ നിലനിൽക്കുകയുള്ളൂ. എന്റെ സ്നേഹിതൻ ശ്രീ. കെ. ടി. ജോർജിന് എങ്ങനെ ഈ മന്ത്രിസഭയെ പിൻതാങ്ങി സംസാരിക്കാനാവും? ശ്രീ. പി. പി. വിൽസന് എങ്ങനെ ഈ മന്ത്രിസഭയ്ക്കനുകൂലമായി കൈപൊക്കാൻ കഴിയും എന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

സംശയിക്കുകയാണ്. ഈ മന്ത്രിസഭയെ നിലനിറുത്തുന്നതിന് ഇങ്ങനെയുള്ള ഏർപ്പാടുകളിൽ ചെന്നു ചാടരുത്. ഇങ്ങനെയുള്ള വില കൊടുക്കരുത്. ഞാൻ കൂടുതലായി ഈ പുതിയ സാഹചര്യത്തിൽ ഒന്നും പ്രസംഗിക്കുന്നില്ല. എന്നെ സംബന്ധിച്ച് ഈ വിശ്വാസപ്രമേയം ഈ മന്ത്രിസഭയെ സംബന്ധിച്ചിടത്തോളം ഒരു പോസ്റ്റു ഡേറ്റഡ് ഡെത്ത് വാറണ്ട് ആണെന്ന് മുന്നറിയിപ്പു നൽകുകയാണ്. ആ മുന്നറിയിപ്പ് എല്ലാ അർത്ഥത്തിലും മനസിലാക്കി മുന്നോട്ടു പോകുകയാണെങ്കിൽ ഒരു പക്ഷെ ഏതാനും ആഴ്ചകൾ കൂടി ഈ മന്ത്രിസഭയ്ക്ക് ആയുസ്സ് കാണുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള വിശ്വാസപ്രമേയം നമ്മുടെ സംസ്ഥാനനിയമസഭയുടെ ജനാധിപത്യ കീഴ്വഴക്കം വച്ചു പരിശോധിച്ചാൽ സ്വാഗതാർഹമായ ഒരു നടപടിയാണെന്ന് കാണാൻ സാധിക്കും. ഈ നടപടിയെ പ്രതിപക്ഷത്തുള്ളവർ അധികാരത്തിൽ കടിച്ചുതൂങ്ങിനിൽക്കാനുള്ള ഒരു വെമ്പലായി വ്യാഖ്യാനിച്ചുകാണുന്നത്, തങ്ങൾ ചെയ്ത ചെയ്തികൾ മനസ്സിൽ വച്ചുകൊണ്ടാണ്. ഇന്നത്തെ പ്രതിപക്ഷ നേതാവ് ഈ സംസ്ഥാനത്തു മുഖ്യമന്ത്രിയായിരുന്നപ്പോൾ അതിലെ എട്ടു മന്ത്രിമാരും രാജിവച്ച് ഘടകകക്ഷികൾ മന്ത്രിസഭയിൽനിന്നും വിട്ടുപോയതിനുശേഷവും, ആ സാഹചര്യത്തിലും തന്റെ സഹമന്ത്രിമാരുടെ പേരിലുള്ള അഴിമതിയന്വേഷണം നടത്താതിരിക്കുകയും , ഈ സംസ്ഥാനത്തെ ജനങ്ങളുടെ വിശ്വാസം ഇല്ലെന്നും ഈ സഭയുടെ വിശ്വാസം ഇല്ലെന്നും അതു കൊണ്ട് രാജിവയ്ക്കണമെന്നും അന്ന് പ്രതിപക്ഷത്തിരുന്നുകൊണ്ട് ഞാൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞത് ''ഒരു അവിശ്വാസപ്രമേയം കൊണ്ടുവരൂ'' എന്നാണ്. സഹമന്ത്രിമാർ എട്ടുപേരും രാജിവച്ചപ്പോൾ താനും രാജിവച്ചുപോകുകയോ അതല്ലെങ്കിൽ ഒരു വിശ്വാസപ്രമേയം ഇവിടെ അവതരിപ്പിച്ച് വിശ്വാസവോട്ടു തേടുകയോ ചെയ്യാതെ അധികാരത്തിൽ കടിച്ചു തൂങ്ങിനിൽക്കാൻ വെമ്പൽ കാണിച്ചത് കേരളസംസ്ഥാനത്തിലെ ജനങ്ങൾ മറന്നുപോയിട്ടില്ല. അതിന്റെ പ്രതീകമായി, സാക്ഷിയായി ശ്രീ. ചന്ദ്രസേനൻ ഇപ്പോൾ ഇവിടെ ഇരിക്കുന്നുണ്ട്. അവസാനനിമിഷം വരെയും അധികാരത്തിലിരിക്കാൻ അധികാരത്തിൽ തുടരാൻ ശ്രമം നടത്തിയ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്, ഒരു നിമിഷം പോലും ഈ മന്ത്രിസഭയിൽ വിശ്വാസമില്ലെങ്കിൽ അധികാരത്തിൽ തുടരാൻ ഈ സഭയുടെ വിശ്വാസവോട്ടു തേടുന്നതിനുവേണ്ടി വിശ്വാസപ്രമേയം അവതരിപ്പിച്ച ഇവിടത്തെ മുഖ്യമന്ത്രിയെ അധികാരത്തിൽ കടിച്ചു തൂങ്ങിനിൽക്കാനുള്ള വെമ്പലാണെന്നു പറഞ്ഞാൽ, അതിനെപ്പറ്റി എനിക്ക് പറയുവാനുള്ളത് വരുന്നവരെയെല്ലാം തൃപ്തിപ്പെടുത്തുന്ന ഒരു സ്ത്രീ സ്വന്തം കാമുകനെ മാത്രം വച്ചു തൃപ്തിപ്പെടുന്ന സ്ത്രീയെ വ്യഭിചാരിണി എന്നു വിളിക്കുന്നതുപോലെയാണ്. ഏതായാലും ഒരു നല്ല കീഴ്വഴക്കം സൃഷ്ടിച്ചതിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു. വിശ്വാസപ്രമേയം ഇവിടെ അവതരിപ്പിക്കാൻ ഇടയായ സാഹചര്യത്തിലേക്കൊന്നും ഞാൻ ഇപ്പോൾ കടക്കാൻ ആഗ്രഹിക്കുന്നില്ല. പിന്നെ ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ തുടരണമെന്നുള്ളത് ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ ഇന്നത്തെ ആവശ്യമാണ്. അക്കാരണത്താലാണ് ഞാനും എന്റെ പാർട്ടിയും യാതൊരു കലവറയും കൂടാതെ ഈ വിശ്വാസപ്രമേയത്തെ അനുകൂലിക്കുവാൻ തീരുമാനിച്ചത്. അങ്ങനെ വിശ്വാസപ്രമേയത്തെ അനുകൂലിക്കുവാൻ തീരുമാനിക്കുമ്പോൾ സ്വന്തം താൽപ്പര്യം മനസ്സിൽ വച്ചുകൊണ്ട് വിലയിരുത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് മാററം വരുത്തുകയും ചെയ്യേണ്ട ഗതികേട് എനിക്ക് ഉണ്ടായിട്ടില്ല. കേരളത്തിലെ ജനങ്ങളുടെ വികാരം മനസിലാക്കിയ ഒരാളെന്നുള്ള നിലയിൽ അതനുസരിച്ച് പ്രവർത്തിക്കാനും മാനിക്കാനും തയാറാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ജനങ്ങളുടെ വികാരത്തെ മാനിച്ചുകൊണ്ട് പ്രവർത്തിക്കും. അതുകൊണ്ടാണ് ഇതിനുമുമ്പിരുന്ന മന്ത്രിസഭയെ പുറം തള്ളിയതിനുശേഷം എന്റെ പാർട്ടി ഈ ഗവൺമെൻറിന് പിൻതുണ നൽകാൻ തീരുമാനിച്ചത്. പിന്നെ എന്നെ കോൺഗ്രസായിട്ടു അച്യുതമേനോൻ അംഗീകരിക്കുകയില്ലെന്ന് തോന്നിയ ഡോക്ടർ എന്നെ കോൺഗ്രസ്സായിട്ട് അംഗീകരിക്കാൻ തയാറായില്ലെന്ന് പറഞ്ഞു. ഡോക്ടർ എന്നെ ഇന്ദിരാ കമ്മ്യൂണിസ്ററായി ചിത്രീകരിച്ചിരിക്കുകയാണ്. ഞാൻ അക്കാര്യത്തിൽ അദ്ദേഹത്തെ വേദനിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹം രാഷ്ട്രീയ രംഗത്ത് ഒരു ശിശുവാണ്. അദ്ദേഹത്തിന് ഈ സംസ്ഥാനത്തിന്റെ രാഷ്ട്രീയ ചരിത്രത്തെക്കുറിച്ചോ ഇൻഡ്യയുടെ സ്വാതന്ത്ര്യസമരകാലത്തെക്കുറിച്ചോ ഇൻഡ്യയുടെ രാഷ്ട്രീയ ചരിത്രത്തെക്കുറിച്ചോ വലിയ നിശ്ചയമൊന്നുമില്ല. അദ്ദേഹം പഠിച്ചിട്ടുള്ളത് അമേരിക്കൻ ചരിത്രവും അതിന്റെ പശ്ചാത്തലവുമാണ്. അതുകൊണ്ട് അദ്ദേഹം എന്നെ ഇന്ദിരാ കമ്മ്യൂണിസ്ററായി വിശേഷിപ്പിച്ചതിൽ എനിക്ക് കുണ്ഠിതം ഇല്ല. അതെല്ലാം അദ്ദേഹത്തിന്റെ വിവരമില്ലായ്മകൊണ്ടു പറയുകയാണ്. സ്വന്തമായി പരിപാടിയില്ലാത്തവർക്ക് മററുള്ളവരെ എന്തെങ്കിലും പറഞ്ഞ് ആക്ഷേപിക്കണമല്ലോ? സാധാരണ എല്ലാവരേയും ആക്ഷേപിക്കുന്ന വാക്കാണ് 'കമ്മ്യൂണിസ്ററ്' എന്നുള്ളത്. കേരളത്തിലെ ജനങ്ങൾ ഇത് വളരെയധികം കേട്ടിട്ടുണ്ട്. ഈ അവസരത്തിൽ ഇതിനെപ്പററി കൂടുതൽ ഒന്നും പറയാൻ ഞാൻ മുതിരുന്നില്ല. കേവലം ഒരു വാക്കുപയോഗിച്ച് ഭീഷണിപ്പെടുത്തിയാൽ കേരളത്തിലെ ജനങ്ങൾ സംതൃപ്തരാകുകയില്ലെന്നും അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ സംതൃപ്തരാകുകയുള്ളൂവെന്നും ഒന്നിലധികം തവണ തെളിയിച്ചു. അതുകൊണ്ടുമാത്രമാണ് ജനങ്ങളുടെ വികാരത്തെ മാനിച്ചു പ്രവർത്തിക്കണമെന്നുള്ള നിലപാട് ഞങ്ങൾ സ്വീകരിച്ചത്. അച്യുതമേനോൻ മന്ത്രിസഭയ്ക്ക് പിൻതുണ നൽകാൻ തീരുമാനിച്ചത് കഴിഞ്ഞ 32 മാസക്കാലത്തെ ശ്രീ. ശങ്കരൻനമ്പൂതിരിപ്പാടിന്റെ ദുർഭരണത്തിൽനിന്നും ആശ്വാസം കിട്ടാൻ വേണ്ടിയാണ്. ആ കാലഘട്ടത്തിൽ ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ജീവിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം ഉണ്ടായി. കിട്ടിയ സാഹചര്യം ഉപയോഗിച്ച് ഈ ഗവൺമെൻറിനെ തകർക്കാൻവേണ്ടി വടിപൊക്കികൊണ്ട് മുന്നോട്ടു നടന്ന സമയത്താണ് ഡോക്ടർ അദ്ദേഹത്തിന്റെ നിലപാട് മാററാൻ തയാറായത്. കഴിഞ്ഞ 32 മാസത്തെ ദുഷിച്ച ഭരണത്തിൽനിന്നും രക്ഷിക്കാൻ വന്ന ഈ ഗവൺമെൻറിനെ തകർക്കാൻ ശ്രമിച്ചാൽ അതിനെ ചെറുക്കാൻ ഈ രാജ്യത്തിലെ ജനങ്ങൾ തയാറാകും. കാരണം ആ 32 മാസക്കാലത്തെ ഭരണംകേരളത്തിലെ ജനങ്ങൾക്ക് മറക്കാൻ സാധിക്കുകയില്ല. ഈ രാജ്യത്തെ മനുഷ്യനെ രണ്ടായിതരംതിരിച്ചു, ഈ രാജ്യത്തെ സാമ്പത്തിക ഭാരം വർദ്ധിപ്പിച്ചുകൊണ്ട് ഈ രാജ്യത്തു ജനങ്ങളെ സൗകര്യമായി കിടന്നുറങ്ങാൻ സമ്മതിക്കാതെ വിദ്യാർത്ഥികളേയും യുവാക്കളേയും, തൊഴിലാളികളേയും മൃഗീയമായി മർദ്ദിച്ച്—മർദ്ദിച്ചത് പോലീസ് മാത്രമല്ല ഗോപാലസേനയും ഉൾപ്പെടും,—അങ്ങനെ ഈ രാജ്യത്തെ ജനങ്ങൾ പൊറുതിമുട്ടിയാണ് ആ ഗവൺമെൻറിനെ തള്ളിയിടുന്നതിനും ഒരു പുതിയ ഗവൺമെൻറു രൂപീകരിക്കുന്നതിനും തയാറായത്. പാർട്ടി പ്രവർത്തകൻമാർ മററാരെയെങ്കിലും കയ്യേററം ചെയ്താൽ ചോദിക്കാൻ സാധിക്കാത്ത ഒരു സാഹചര്യം ഉണ്ടായിരുന്നു. അതിലെല്ലാം വീർപ്പു മുട്ടിയ ജനങ്ങൾ—ആ ഭീകരഭരണത്തിൽനിന്നും രക്ഷപ്പെടുവാൻ വേണ്ടി മുന്നോട്ടു വന്നവരെ ഞാൻ അഭിനന്ദിക്കുകയാണ്. ആദുഷ്ടഭരണത്തിൽനിന്നും രക്ഷനേടാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഇവിടെ തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെൻറുണ്ടാകണമെന്നാഗ്രഹിച്ചു. ഞാനും എൻെറ സ്നേഹിതൻ ഡോക്ടറും കൂടി ഒരുമിച്ചിരുന്നാലോചിച്ചു. ഞങ്ങളുടെ ആഗ്രഹം ഭാഗികമായിട്ടെങ്കിലും സഫലീകരിക്കാൻ സാധിച്ചില്ല. ഈ ഗവൺമെൻറിന് എൻെറ പാർട്ടി പിൻതുണ നൽകാൻ തീരുമാനിച്ചത് നാലാം പഞ്ചവൽസരപദ്ധതിക്ക് അവസാന രൂപം കൊടുക്കുന്ന കാലയളവിൽ ഈ സംസ്ഥാനത്തിൻെറ വിഹിതം കണക്കു പറഞ്ഞു വാങ്ങിക്കാൻ വീറോടുകൂടി വാദിക്കുന്നതിന് ജനപ്രതിനിധികളുടെ ഒരു സർക്കാർ ഉണ്ടാകണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ്. ഹതഭാഗ്യയായ കേരളത്തിന് ഒന്നും രണ്ടും മൂന്നും പഞ്ചവൽസരപദ്ധതികളിൽ അർഹിക്കുന്ന പങ്ക് വാങ്ങിക്കാൻ സാധിച്ചിട്ടില്ല. നാലാംപഞ്ചവൽസരപദ്ധതിയിലെങ്കിലും അതിൻെറ വിഹിതം കണക്കു പറഞ്ഞു വാങ്ങിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഞങ്ങളുടെ പാർട്ടി ഈ ഗവൺമെൻറിനെ പിൻതാങ്ങാൻ തീരുമാനിച്ചത്. അച്യുതമേനോൻ മന്ത്രിസഭയ്ക്ക് ഞങ്ങളുടെ പാർട്ടിയുടെ പിൻതുണ വേണ്ടെന്നു പറഞ്ഞിട്ടും അദ്ദേഹത്തിൻെറ സൻമനസ്സിനു വേണ്ടിയല്ല, കേരളത്തിലെ ജനങ്ങൾക്കു വേണ്ടിയാണ് ഈ ഗവൺലെമൻറിന് പിൻതുണ നൽകാൻ ഞങ്ങളുടെ പാർട്ടി തീരുമാനിച്ചത്. ഈ സാഹചര്യത്തിൽ പ്രതിപക്ഷത്തുനിന്നും ഭീകരമർദ്ദനം നടത്തുന്ന പോലീസ് രാജ് അവസാനിപ്പിക്കണമെന്നു വാദിക്കുന്നുണ്ടെങ്കിലും പോലീസ് ഡിമാൻറ് ഒരു പോരം പോലും ഡിമാണ്ടു ചെയ്യാതെ പാസാക്കികൊടുത്തതിനു ശേഷം, 21—ാംതീയതി നാഷണൽ ഡെവലപ്പുമെൻറു കൗൺസിലിൻെറ മീററിംഗ് കൂടാൻപോകുന്ന അവസരത്തിൽ കേരളത്തിലെ ജനങ്ങളെ പ്രതിനിധീകരിച്ച് അവിടെ ചെന്നു കേരളത്തിൻെറ വിഹിതം കണക്ക് പറഞ്ഞു വാങ്ങിക്കാൻ സമ്മതിക്കാതെ, കേരളത്തിലെ ജനങ്ങളോട" ഇക്കാര്യത്തിൽ സൻമനസ്സുപോലും കാണിക്കാൻ തയാറാകാതെ ഈ ഗവൺമെൻറിനെ ഇറക്കിവിടാൻ ശ്രമിച്ച പ്രതിപക്ഷത്തുള്ള ആളുകളോടു കേരളത്തിലെ ജനത ഒരു കാലത്തും പൊറുക്കുകയില്ല എന്നോർമ്മിപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇൻഡ്യയിലെ മററു പല സംസ്ഥാനങ്ങളിലേയും ഗവൺമെൻറ് അവരുടേതായ വിലപേശാനുള്ള സന്ദർഭം ഉണ്ടാക്കുമ്പോൾ നിർഭാഗ്യമെന്നുതന്നെ പറയട്ടെ കേരളത്തിന് അതിനുള്ള സന്ദർഭംപോലും കിട്ടാതെപോയിരിക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിനു വിലങ്ങുതടിയായി നിൽക്കുന്നവർക്ക് ഈ വിശ്വാസപ്രമേയം പാസാക്കുന്നതിൽ വേദനയുണ്ടാക്കുമെന്ന് എനിക്കറിയാം. കേരളത്തിലെ ജനങ്ങൾ ഇക്കാര്യം ഒരിക്കലും മറക്കുകയില്ല. പഞ്ചവൽസരപദ്ധതികളുടെ വിഹിതം കിട്ടുന്നതിന് ഒരു ഗവൺമെൻറുണ്ടാകണമെന്നുള്ള ആഗ്രഹത്തോടുകുടിയാണ് ഈ ഗവൺമെൻറിന് പിൻതുണ നൽകിയത്. മാത്രമല്ല ഈ സംസ്ഥാനത്ത് നിയമത്തിൻെറ വാഴ്ച ഉണ്ടാകണമെന്നുള്ള ആഗ്രഹവും ഉണ്ടായിരുന്നു. പലേ ആക്ഷേപങ്ങളും അതേപ്പററിയുണ്ട്. ചില സ്ഥലങ്ങളിൽ പോലീസ് ചെയ്യുന്നത് ശരിയാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. അത് ഒരു പാർട്ടിയും ഒരു കാലത്തും അവകാശപ്പെടുകയില്ല. പോലീസ് കൈകാര്യം ചെയ്യുന്നത് അത്ര എളുപ്പമുള്ള ഒരു കാര്യമല്ല. ഒരച്ഛൻ തന്നെ, തൻെറ കൊച്ചോമന മകളെപ്പോലും വടികൊണ്ട് തല്ലുമ്പോൾ ചിലപ്പോൾ അൽപ്പം പൊട്ടിപ്പോയി എന്നുവരും. മർദ്ദനം എന്നു പറയുന്നതിനു കുറെ പരിധിയുണ്ട്. അതുപോലെ പോലീസ് മർദ്ദനവും ചിലപ്പോൾ കുറെ കൂടിപ്പോയിയെന്നു വന്നേക്കാം. അതുകൊണ്ട് എല്ലായിടത്തും പോലീസ് ഭീകരമർദ്ദനം നടത്തുന്നുവെന്നു പറഞ്ഞത് ശരിയല്ല. ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ വളരെയധികം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണിത്. മുമ്പുണ്ടായിരുന്ന സാഹചര്യം ഈ സംസ്ഥാനത്തു നിന്നും വിട്ടുപോയിട്ടുണ്ട്. കുത്തിയവൻെറ പേരിൽ നടപടികൾ എടുക്കുമെന്നും

LIBRARY ARCHIVES Kerala Legislative Assembly

കാര്യം പറയാമെന്നും ആശ്വാസം കിട്ടുമെന്നുമുള്ള ബോധം ജനങ്ങൾക്ക് ഉണ്ടായിരിക്കുകയാണ്. എന്നു വിചാരിച്ച് മുഴുവനും ആയിട്ടില്ല. സംസ്ഥാനത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നു പാർട്ടി നോക്കാതെ പോലീസ് സ്റ്റേഷനിൽപ്പോയി പരാതി പറയാമെന്നുള്ള ഒരു ബോധം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്.

എന്നാലും പല പോരായ്മകളുമുണ്ട്. തൊഴിൽ സമരങ്ങളിൽ തൊഴിലാളികളുടെ അവകാശങ്ങളെ അടിച്ചമർത്താൻ പോകുന്ന പോലീസിനെ ദയാദാക്ഷിണ്യം കൂടാതെ ശിക്ഷിക്കുക മാത്രമല്ല അതിനപ്പുറവും ചെയ്യാം. നേരെമറിച്ചു രാഷ്ട്രീയമായ ആധിപത്യം വച്ചുകൊണ്ടു കയ്യേററം ചെയ്യുന്ന വരെ നിലയ്ക്ക് നിറുത്താൻ പോലീസ് വേണ്ട നടപടികളെടുക്കണം. ഇന്നലെപ്പോലും എനിക്ക് കിട്ടിയ അറിവനുസരിച്ച്, തൃശിവപേരൂരി നടുത്ത് നെടുപുഴ എന്ന സ്ഥലത്ത് ഏതാനും മാർക്സിസ്ററുകാർവന്ന് ഒരു കാൺഗ്രസ് അനുഭാവിയെ കുത്തി. അത് അന്വേഷിക്കാൻ ചെന്ന പോലീസുകാരെ അന്വേഷിക്കേണ്ടെന്നു പറഞ്ഞ് അവർ തടഞ്ഞു. അവ രിൽ കുറച്ചു സ്വാധീനമുള്ള പോലീസുകാർ പഴയകാലത്തെ സ്വാധീനമുപ യോഗിച്ചുകൊണ്ട് ഈ കത്തുകൊണ്ട തൊഴിലാളിയുടെ കുടുംബക്കാരെ മർ ദ്ദിക്കാൻ മുതിർന്നിരിക്കുകയാണ്. ഞാൻ ചിത്രത്തിന്റെ രണ്ടു വശവും വയ്ക്കുകയാണ്. ഈ ഒരു സാഹചര്യം എങ്ങനെ പോലീസിനകത്ത് ഉണ്ടായി? കഴിഞ്ഞ 32 മാസക്കാലത്തെ ഭരണത്തിനിടയ്ക്ക് പോലീസിനകത്ത് ചില പുഴുക്കുത്തുകൾ കടന്നുകൂടിയിട്ടുണ്ട്. അതു സൂക്ഷിക്കണം. നിയമത്തിന്റെ വാഴ്ച നടക്കണം. ഈ സംസ്ഥാനത്തു സമാധാനപരമായ ജീവിതം നടക്കണമെന്നുള്ളതുകൊണ്ടാണ് ഈ ഗവൺമെന്റിനെ സഹായിക്കു ന്നത്. വളരെയധികം കൊട്ടിഘോഷിച്ചുകൊണ്ടുനടക്കുന്ന ഭൂപരിഷ്കരണ നിയമത്തെ സംബന്ധിച്ചിടത്തോളം ഇപ്പുറത്തിരിക്കുന്ന പ്രതിപക്ഷ ഉപ നേതാവു വളരെയധികം ആവേശം കൊള്ളാറുണ്ട്. അത് എനിക്കു മനസി ലാക്കാം. 32 മാസക്കാലം ഭരിച്ചിട്ടും ഭൂമിയുടെ ഉടമസ്ഥാവകാശം കുടി യാൻമാർക്കും കുടികിടപ്പുകാർക്കും കൊടുക്കാതെ നിയമത്തിന്റെ ചില സാങ്കേതിക വശങ്ങൾ പറഞ്ഞ് അവനെ കബളിപ്പിച്ച ആളുകളാണ് ഇവർ. ഇപ്പോൾ പാസാക്കിയ നിയമത്തെക്കുറിച്ച് എന്താണ് അഭിപ്രായമെന്നു ചോദി ച്ചാൽ അതിൽ ചിലതു ഭരണഘടനാ വിരുദ്ധമാണെന്നാണു പറയുന്നത്. ഈ നിയമം ഭരണഘടനാവിരുദ്ധമാണോ അല്ലയോ എന്ന് നോക്കാതെ പാസായ നിയമം നടപ്പാക്കാൻ ഈ ഗവൺമെൻറ് കാണിച്ചതായ ശുഷ്കാന്തി അഭിനന്ദനാർഹമാണ്. കാർഷിക പരിഷ്കരണ നിയമം യാതൊരു വിധത്തിലുള്ള കാലതാമസവും കൂടാതെ നടപ്പാക്കണമെന്നുള്ള കാര്യത്തിൽ എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം നിർബന്ധമുണ്ട്. അതുകൊണ്ടു തന്നെയാണ് ഈ ഗവൺമെൻറ് തുടരണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നത്. സമയക്കുറവുകൊണ്ട് ഞാൻ ആ കാര്യങ്ങളെപ്പററി വിശദീകരിക്കുന്നില്ല. ഇന്നു പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് ഈ ഗവൺമെൻറിനെ എങ്ങനെയെങ്കിലും ഒന്നു അവസാനിപ്പിക്കണമെന്നാണ് ആഗ്രഹം. അവസാനിപ്പിക്കുന്നതിന് മൂന്നുനാലു മാസത്തെ ഭരണം നോക്കിയില്ലേ. അധികാരമേറെറടുത്ത തിന്റെ പിറേറദിവസം തുടങ്ങിയതാണ്. ഞങ്ങൾ പ്രതിപക്ഷത്തിരുന്ന അവസരത്തിൽ അന്നു മുഖ്യമന്ത്രിയായിരുന്ന ഇ. എം. എസ്. നമ്പൂതിരി പ്പാടിനോട് പറഞ്ഞു, 1967–ലെ തിരഞ്ഞെടുപ്പിന്റെ വിധി മാനിക്കാൻ ഞങ്ങൾ തയ്യാറാണെന്ന് ആ തിരഞ്ഞെടുപ്പിന്റെ വിധി മാനിച്ചുകൊണ്ട് നല്ല കാര്യങ്ങൾ ചെയ്യുക, അതിന് സാവകാശം തരും, പിൻതുണ നൽകു മെന്നു പറഞ്ഞു. അത് ഉണ്ടായില്ല. അതുണ്ടാകാത്തതിന്റെ ഫലമായി അതിന്റെ ഫലം അവർ അനുഭവിക്കേണ്ടിവന്നു. അതുകൊണ്ടാണ് കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ ജനങ്ങൾ വേഗത്തിൽ അവരെ ഇറക്കി പറഞ്ഞയച്ചത്. യാതൊരു വിധത്തിലുള്ള വിമോചന സമരവും സംഘടിപ്പിക്കാതെ അവരെ ഇറക്കിവിട്ടു. ജനങ്ങളുടെ വികാരത്തിന്റെ ഫലമായി അവരെ ഇറക്കിവിടാൻ സാധിച്ചു. ഇന്നു അവർ ചെയ്യുന്നത് ഈ ഗവൺമെന്റ് അധികാരമേറ്റെടുത്ത ഉടൻതന്നെ പല വിധത്തിലുള്ള സമരങ്ങളിൽക്കൂടി ഈ ഗവൺമെന്റിനെ താഴെയിറക്കുതിനുള്ള പ്രവർത്തനങ്ങളാണ്. ജനങ്ങളുടെ പ്രശ്നങ്ങൾക്കു വേണ്ടിയിട്ടുള്ള സമരമായിരുന്നെങ്കിൽ മനസ്സിലാക്കാം. സമരം എന്താണ്? ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ട്രാൻസ്പോർട്ട് സമരം നിരപരാധികളെ ചുട്ടുകരിക്കുന്ന സമരമുറകളാണ്. കമ്മ്യൂണിസ്റ്റുകാരായ ആളുകളെ പോലീസ് മർദ്ദനത്തിനു വിധേയരാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് അന്വേഷിക്കുകയാണ്. ഇവരുടെ ഭരണകാലത്ത് പോലീസ് മർദ്ദനമുണ്ടായിട്ടില്ലേ? വിദ്യാർത്ഥികളും യുവാക്കളും ഇന്നും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഭരണമെന്നു കേൾക്കുമ്പോൾ ഞെട്ടുകയാണ്. നിരപരാധികളെ തല്ലിച്ചതച്ച ഭരണമാണ്; ആളുകളെ വെടിവച്ചുകൊന്ന ഭരണമാണ്. ഞാൻ ഡാക്ടർ ജോർജ്ജുതോമസ്സിനോട് ചോദിക്കുകയാണ്, ഈ ഗവൺമെന്റിനെ മറിച്ചിട്ടുകൊണ്ട് മറ്റൊരു ഗവൺമെന്റുണ്ടാക്കാൻ അദ്ദേഹത്തിന്റെ പാർട്ടി പിൻതുണ നൽകുമെന്നു പറഞ്ഞല്ലോ, ഏതു ഗവൺമെന്റാണെന്നു അറിയാമോ? ശിവരാമഭാരതി സ്വപനം കാണുന്ന ഗവൺമെന്റാണ്. ആ സ്വപ്നം കാണുന്ന ഗവൺമെന്റിലെ ആളുകൾ വെളിയിൽ പറയുകയാണ്, 32 മാസക്കാലം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി തുടർന്ന പോലീസ് നയംതന്നെ തുടരുമെന്ന്. ഡാക്ടർ ജോർജ്ജുതോമസ് ഞങ്ങളുമായി തോളോടുതോൾ ചേർന്നുകൊണ്ട് ആ ഗവൺമെന്റിനെ അവസാനിപ്പിക്കാൻ ശ്രമിച്ചു. അദ്ദേഹം ശിവരാമഭാരതി മുഖ്യമന്ത്രിയായി ആ നയംതന്നെ പിൻതുടരുമെന്നു പറയുന്ന ഗവൺമെന്റിനു പിൻതുണ നൽകുമെന്നു പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നു മനസ്സിലാക്കാൻ സാധിക്കുന്നില്ല. തീർച്ചയായും അദ്ദേഹം അതിൽനിന്നു പിൻമാറുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ജനങ്ങളുടെ സമ്മർദ്ദത്തിനെതിരായി വളരെയൊന്നും മുന്നോട്ടുപോകാൻ സാധിക്കുകയില്ല. ഇന്ദിരാകാൺഗ്രസല്ലാ, ഇന്ദിരാ കമ്മ്യൂണിസ്റ്റാണെന്നാണ് അദ്ദേഹം ഞങ്ങളെ ചിത്രീകരിച്ചത്. അദ്ദേഹത്തിനു ഞങ്ങളെ അങ്ങനെ പറയേണ്ട ഗതികേട് ജനങ്ങൾ വരുത്തിച്ചതിൽ ഞാൻ സന്തോഷിക്കുകയാണ്. ഇന്നലെ രാത്രിപോലും അദ്ദേഹം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി നേതാക്കളായ സി. എച്ച്. കണാരനും അഴിക്കോടൻ രാഘവനുമായി ചേർന്നുകൊണ്ട് ഈ ഗവൺമെന്റിനെ മറിച്ചിടാൻ നീക്കം നടത്തിയതു ഞാൻ കാണാത്തതല്ല. ഈ കൂട്ടുകെട്ട് കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ട്. ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ സമാധാനജീവിതം തകർത്തു ജനദ്രോഹപാർട്ടികളുമായിയോജിച്ച് അവരോടു തോളോടുതോൾ ചേർന്ന് ഈ ഗവൺമെന്റിനെ മറിക്കാൻ ശ്രമിക്കുന്നത് കേരളത്തിലെ ജനങ്ങൾ പൊറുക്കുകയില്ലെന്നുള്ളതു വ്യക്തമാണ്. ആ ഒരൊറ്റ കാരണം കൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ തുടരണമെന്നു ഞങ്ങളാഗ്രഹിക്കുന്നത്. ഒന്നാമതു പഞ്ചവൽസരപദ്ധതിയുടെ വിഹിതം നമുക്ക് കിട്ടുമെന്ന് ആഗ്രഹിച്ചു. അതുപോലെതന്നെ നിയമത്തിന്റെ വാഴ്ച ഉണ്ടാകണമെന്ന് ആഗ്രഹിച്ചു. മനുഷ്യരെ രണ്ടായി തരംതിരിക്കാതെയുള്ള ഒരു ഭരണം വേണമെന്ന് ആഗ്രഹിച്ചു.—ഭൂപരിഷ്ക്കരണ ഭേദഗതി നിയമം നടപ്പിലാക്കണമെന്നു വിചാരിച്ചു. അങ്ങനെ പലതും ഈ സംസ്ഥാനത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നടപ്പിലാക്കണം. ഇവർ ചെയ്യുന്നതു മുഴുവൻ ശരിയാണെന്നു ഞാൻ പറയുകയല്ല. ഈ മാറിയ പരിത:സ്ഥിതിയിൽ അതൊക്കെ ചിന്തിക്കണമെന്നു മാത്രമേ പറയുന്നുള്ളൂ. ഇതാണ് എനിക്ക് ഡോക്ടർ ജോർജ്ജു തോമസിനോടും സഹപ്രവർകരോടും അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എന്റെ സ്നേഹിതൻ ഡോക്ടർ സുകുമാരൻ മുസ്ലീംലീഗിനോട് ഒരു അഭ്യർത്ഥന നടത്തുകയുണ്ടായി. വല്ലാത്ത ഒരു അഭ്യർത്ഥന. മുസ്ലീംലീഗിനെ രക്ഷിച്ചത് ഇ. എം. എസ്. ആണെന്നാണ് അദ്ദേഹം പറഞ്ഞത്. മുസ്ലീംലീഗിനെ ജനങ്ങളെല്ലാം തള്ളിയ സമയത്ത് ഇ. എം. എസ്. ആണ് അവരെ ഉദ്ധരിക്കാൻ ശ്രമിച്ചതെന്ന്. 1961—ൽ ഇ. എം. എസ്. അന്നത്തെ കെ. പി. സി. സി. പ്രസിഡന്റായിരുന്ന ശ്രീ. സി. കെ. ഗോവിന്ദൻ നായർക്ക് എഴുതിയ കത്ത് ഇപ്പോഴും ഫയലിലുണ്ട്. മുസ്ലീംലീഗുമായിട്ടുള്ള ബന്ധം വേർപെടുത്തിയാൽ നിങ്ങളുടെ പാർട്ടിയുമായി ഐക്യം ഉണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാമെന്നാണ് നമ്പൂതിരിപ്പാട് അന്ന് കത്തെഴുതിയത്. യാതൊരുഗതിയുമില്ലാതെ വന്നപ്പോഴാ എനിക്കും എന്റെ യജമാനനുംകൂടി 1035—നു വേണ്ടി കുട്ടുപിടിച്ച പാർട്ടികൾ ഇതു പറയുന്നതിൽസഹതാപമാണ്. ഞങ്ങളാണു മുസ്ലീംലീഗിന്റെ രക്ഷിതാക്കളെന്നുപറഞ്ഞ് നടക്കുന്നതുകാണുമ്പോൾ സഹതാപം തോന്നുകയാണ്. ഞങ്ങൾ മുസ്ലീംലീഗിനെ വിമർശിച്ചിട്ടുണ്ട്. കാലത്തിന്റെ മാററം അനുസരിച്ച് അവരുടെ പരിപാടികളിലുണ്ടായിട്ടുള്ള മാററങ്ങൾ കാണാൻ ഞങ്ങൾ തയ്യാറാണ്. അവരെ വിമർശിച്ചതിൽ തന്നെ പല മാററങ്ങളുമുണ്ടായിട്ടുണ്ട്. ഭൂപരിഷ്ക്കരണ നിയമത്തിന്റെ കാര്യത്തിലും യൂണിവേഴ്സിററി ബില്ലിന്റെ കാര്യത്തിലും അവരെ സംബന്ധിച്ചിടത്തോളം പല മാററങ്ങളും ഉണ്ടായിട്ടുണ്ട്. ആ മാററം കാണാൻ തയ്യാറാകണം. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിലെ എല്ലാ മതസ്ഥരും ഒരുപോലെയാണ്. ഏതു മതത്തിൽപ്പെട്ടവരായാലും വിശേഷിച്ചു ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന സ്ഥലത്ത് ഓടിയെത്തുകയും അവരുടെ അവകാശങ്ങൾ സംരക്ഷിച്ചു കൊടുക്കുകയും ചെയ്യുക എന്നുള്ളതാണ് ഞങ്ങളുടെ പാർട്ടിയുടെ അംഗീകൃതനയം. അതിനുവേണ്ടി പൊരുതുകയും ചെയ്യും. ഈ സാഹചര്യത്തിൽ ഈ ഗവൺമെൻറ് ഇവിടെ തുടർന്നു ഭരിക്കേണ്ടത് ഈ സംസ്ഥാനത്തിന്റെ ആവശ്യമാണ്. അതല്ലാതെ അച്യുതമേനോന്റെ പാർട്ടിയോടോ മററു പാർട്ടികളോടോ ഉള്ള പ്രത്യേക മമതകൊണ്ടല്ല ഞാനിതുപറയുന്നത്. ഇവിടെത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ സംസ്ഥാനത്തിന്റെ ഇന്നത്തെ പ്രത്യേക പരിത:സ്ഥിതിയിൽ ഈ മന്ത്രിസഭ കുറേക്കാലം കൂടി തുടരണമെന്നുള്ള ആശയാണുള്ളത്. കേരളത്തിലെ ജനങ്ങളുടെ ആ ആഗ്രഹത്തേയും അഭിലാഷത്തേയും മാനിച്ചുകൊണ്ട് അവരുടെ പ്രതിനിധിയെന്നുള്ള നിലയിൽ ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, ഈ വിശ്വാസപ്രമേയം അവതരിപ്പിക്കാനിടയായ സാഹചര്യങ്ങളെക്കുറിച്ചും ഈ വിശ്വാസപ്രമേയത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചും സംസാരിക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. വിശ്വാസപ്രമേയം അവതരിപ്പിച്ചതു ജനാധിപത്യപരമായ കീഴ്വഴക്കങ്ങൾക്ക് ഒരു മാതൃകയാണെന്നുള്ള തരത്തിൽ അപ്പുറത്തുള്ള പല ബഹുമാനപ്പെട്ട മെമ്പറൻമാരും സംസാരിക്കുകയുണ്ടായി. നേരേമറിച്ച് ജനാധിപത്യപരമായ കീഴ്വഴക്കങ്ങളുടെ വളരെ നഗ്നമായ ലംഘനമാണിത് എന്നാണ് എനിക്കു പറയാനുള്ളത്. എന്തുകൊണ്ടെന്നാൽ ബഡ്ജററ് അവതരിപ്പിച്ചുകഴിഞ്ഞാൽ ആ ബഡ്ജററിനെക്കുറിച്ചുള്ള ചർച്ച തുടങ്ങിയാൽ, ആ ചർച്ചയുടെ ഭാഗമായിട്ട് വോട്ടെടുക്കേണ്ടുന്ന സമയം വരുമ്പോൾ, ആ വോട്ടെടുപ്പിൽ ഏതെങ്കിലും ഒരു ദിവസത്തെവോട്ടിൽ തോററുപോകുമെന്ന് കരുതിയിട്ട് ആ സമയത്തു ചില സൂത്രപ്പണികൾ എടുക്കുകയെന്നുള്ളത് ജനാധിപത്യത്തിന്റെ നല്ല കീഴ്വഴക്കമാണെന്നു ഞാൻ മനസ്സിലാക്കിയിട്ടില്ല. ഇവിടെയുണ്ടായിട്ടുള്ളത് എന്താണ്? 18—ാം തീയതി കാലത്ത് അന്ന് വോട്ടെടുപ്പു നടന്നാൽ ഗവൺമെൻറ് പൊളിയുമെന്നുള്ള ഭയം വന്നു.

LIBRARY ARCHIVES Kerala Legislative Assembly

അപ്പുറത്തിരിക്കുന്ന ചില ബഹുമാനപ്പെട്ട മെമ്പറൻമാർ തന്നെ ഈ കാര്യത്തെ സംബന്ധിച്ചു സൂചിപ്പിക്കുകയുണ്ടായി. ഞങ്ങളുടെ ഭാഗത്ത് അന്ന് രണ്ടുമൂന്നു പേർ ഉണ്ടായിരുന്നില്ലെന്ന് അവർതന്നെ ഇവിടെ സമ്മതിച്ചിട്ടുണ്ട്. അന്നു മഹാബലബണ്ടാരിയും എം. എൻ. ഗോവിന്ദൻ നായരും കുഞ്ഞു സാഹിബും ഉണ്ടായിരുന്നില്ല. ആ ദിവസം വോട്ടെടുപ്പു നടത്തിയിരുന്നെങ്കിൽ തോൽക്കുമായിരുന്നു. അതാണ് കാരണം. ജനാധിപത്യത്തിന്റെ നടപടിക്രമങ്ങളിൽ വിശ്വാസമുണ്ടെന്നു നിങ്ങൾ അവകാശപ്പെടുന്നുണ്ടെങ്കിൽ, എന്നെസംബന്ധിച്ചിടത്തോളം ഞാൻ അവകാശപ്പെടുന്നുണ്ട്. അതിന് എനിക്കു നിങ്ങളുടെ സർട്ടിഫിക്കററും വേണ്ട; നിങ്ങൾ പറയുന്നതനുസരിച്ചാണെങ്കിൽ ജനാധിപത്യത്തിന്റെ നടപടി ക്രമമനുസരിച്ച് സാധാരണയായി ഗവർണ്ണറുടെ പ്രസംഗവും ബഡ്ജററിനെസംബന്ധിച്ചുള്ള വോട്ടെടുപ്പും, ആ വോട്ടെടുപ്പിൽ എന്തെല്ലാം കാര്യങ്ങളാണു പോൾ ചോദിക്കേണ്ടതെന്നുള്ളത് ഭരണകക്ഷിക്കാർ ഇന്നും ഡിക്ടേററ് ചെയ്തു, ഏതു സമയത്തും പോൾ ചോദിക്കുന്നതിന് പ്രതിപക്ഷത്തിന് അവകാശമുണ്ട് അങ്ങനെ പോൾ ചോദിച്ചു. തോററാൽ അതു തോൽവിയായിട്ട് അംഗീകരിക്കുകയും വേണം. ഇതാണ് ജനാധിപത്യത്തിന്റെ നടപടിക്രമം. എന്നാൽ വളരെ വ്യക്തമായ ഭൂരിപക്ഷമുള്ള ഒരു ഗവൺമെൻറാണെന്നു വരുകിൽ അങ്ങനെ തോററുപോയാൽ, ഒരു പക്ഷേ യാദൃശ്ചികമായി നടന്നതാണെന്നു പറഞ്ഞിട്ട് വിശ്വാസവോട്ട് ചോദിക്കുക എന്നുള്ള സംപ്രദായമുണ്ട്. എന്നാൽ ഇതു വരെ തോററുപോകുമെന്നു മുൻകൂട്ടി കണ്ടുകൊണ്ട് അതിൽ നിന്ന് ഒഴിയാൻ വേണ്ടി വിശ്വാസപ്രമേയം അവതരിപ്പിക്കുകയെന്നുള്ള നടപടിക്രമമില്ല. അതിനുംപുറമേ ഈ ഗവൺമെൻറുണ്ടായ സാഹചര്യം, ഈ ഗവൺമെൻറ് ഇത്രയും കാലം പ്രവർത്തിച്ചിട്ടുള്ള സാഹചര്യം, ഈ ഗവൺമെൻറ് ഇപ്പോൾ ഈ പ്രതിസന്ധിയെ അതിജീവിക്കുന്നതിനുവേണ്ടി കാണിക്കുന്ന മരണപ്പിടച്ചിൽ ഇതിന്റെയെല്ലാം സാഹചര്യത്തിൽ നിന്നു വേണം ഈ വിശ്വാസവോട്ടെടുപ്പിനെ കാണേണ്ടത്. എന്താണ് വസ്തുത? ഈ ഗവൺമെൻറിന് ഈ നിയമസഭയിൽ വ്യക്തമായ ഭൂരിപക്ഷമുണ്ടോയെന്നു ചോദിക്കുന്ന അവസരങ്ങളിലെല്ലാം നിയമസഭയിൽ കാണിച്ചുതരാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത്. എന്തുകൊണ്ട്? ഇന്നയിന്നവരുടെ വോട്ട് ഉണ്ടാകുമെന്ന് ഉറപ്പിച്ചു പറയാൻ നിവൃത്തിയില്ല. ഉറപ്പിച്ചു പറയുന്നവരുടെ വോട്ടുണ്ടെന്നു പറഞ്ഞാൽ വേറെ ചില കുഴപ്പമുണ്ട്. അതാണ് ബുദ്ധിമുട്ട്. കോൺഗ്രസിന്റെ വോട്ടോടുകൂടി നിലനിൽക്കുകയാണെന്ന് പറയാമോ? അതു പറയാൻ വിരോധമില്ലാത്തചില പാർട്ടികളുണ്ട്. പക്ഷേ വിരോധമുള്ള പാർട്ടികളുമുണ്ട്. ഇപ്പോൾ ആ വിരോധം നീങ്ങാൻ തുടങ്ങിയിരിക്കുകയാണ്. അച്യുതമേനോൻ സത്യപ്രതിജ്ഞ ചെയ്ത ഉടനെ ഒരൊററ പ്രഖ്യാപനം നടത്തി. കാൺഗ്രസുകാർ അതു വായിച്ചു, രണ്ടു കാൺഗ്രസുകാരും അതു വായിച്ചതാണ്. കാൺഗ്രസ്സിന്റെ വോട്ടോടുകൂടിയേ നിലനിൽക്കാൻ വഴിയുള്ളു എന്നു വന്നാൽ ആ നിമിഷം രാജിവയ്ക്കുമെന്നാണു പ്രഖ്യാപനം. കാൺഗ്രസ്സിന്റെ വോട്ടുകൂടാതെ നിലനിൽക്കാൻ സാദ്ധ്യമല്ലെന്ന് ഈ സഭയിൽ ഗവർണറുടെ പ്രസംഗം സംബന്ധിച്ചുള്ള വോട്ടെടുപ്പിൽ വ്യക്തമായില്ലേ? 73 വോട്ടിനെതിരായിട്ട് 55 വോട്ടേ കിട്ടിയുള്ളൂ എന്നു ബഹുമാനപ്പെട്ട അച്യുതമേനനോൻ പറഞ്ഞു. 73—ൽ നിന്ന് 9 കിഴിച്ചാൽ എത്രയാണ്. 64. ആ 9 പ്രതിപക്ഷത്തായാലോ? അപ്പോൾ 64 സമമായി. അതാണ് ഞാൻ പഞ്ഞത് കാൺഗ്രസ്സിന്റെ പിൻതുണ കൂടാതെ. കാൺഗ്രസ്സിന്റെ പാസിററീവ് സപ്പോർട്ടില്ലാതെ നിലനിൽക്കാൻ സാദ്ധ്യമല്ലെന്ന്. സപ്പോർട്ടില്ലെന്നു പറഞ്ഞാൽ ന്യൂട്രാലിററി ആയിക്കൊള്ളണമെന്നാണെങ്കിൽ അങ്ങനെ കരാർ ചെയ്തിട്ടുണ്ടെന്നും ആ കരാറിന്റെ അടിസ്ഥാനത്തിലാണ് നിൽക്കുന്നതെന്നും ഇനി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ട് ആക്ഷേപമില്ല. അതുപറഞ്ഞാൽ കൊള്ളാമെന്നുണ്ട്— സി. എച്ച്. മുഹമ്മദ്കോയയ്ക്ക്. അതു പറഞ്ഞാൽ വിഷമമുണ്ടെന്നാണ് ദിവാകരന്. എന്തു ചെയ്യാം? എന്നെ കുററം പറഞ്ഞിട്ടു കാര്യമില്ല. കാൺഗ്രസ് എതിർത്തു വോട്ട് ചെയ്താൽപ്പോലും അതിജീവിക്കാൻ കഴിയുമെന്നുള്ള സ്ഥിതിയിലേ നിലനിൽക്കുകയുള്ളൂ എന്നാണ് ആ പറഞ്ഞതിന്റെ അർത്ഥം. അല്ലെങ്കിൽ അല്ലെന്നു പറയണം. ആരോ പറഞ്ഞതല്ലോ കയ്യാലപ്പുറത്തെ കഥ. നമ്മുടെ മന്ത്രിസഭ കയ്യാലപ്പുറത്തെ തേങ്ങയല്ലേ? കാൺഗ്രസ് പിൻതുണയുണ്ടോ എന്നു ചോദിച്ചാൽ ഉണ്ട്, ഇല്ലേയെന്നു ചോദിച്ചാൽ ഇല്ല. ആർ. എസ്. പി. മന്ത്രിസഭയിലില്ലേ എന്നു ചോദിച്ചാൽ ഇല്ല. ഭരണകക്ഷിയല്ലേ എന്നു ചോദിച്ചാൽ അതേ. അങ്ങനെയൊക്കെയായിട്ടും കാൺഗ്രസ്സിനെ ഒഴിച്ചുനിറുത്തിയാൽത്തന്നെയും ഈ മന്ത്രിസഭ നിലനിൽക്കണമെങ്കിൽ ഈ മന്ത്രിസഭ രൂപം കൊണ്ടതിൽ പിന്നീട് മററു പാർട്ടികളിൽനിന്നുവന്ന മൂന്നു ആളുകളുടെകൂടെ വോട്ടുവേണ്ടേ? എസ്. എസ്. പി. യിൽനിന്നുവന്ന രണ്ടു ആളുകൾ, മാർക്സിസ്ററുപാർട്ടിയിൽ നിന്നുവന്ന ഒരാൾ. അതുകൂടിയല്ലേ 64. ഈ 73—ൽ 61 ആണ് മന്ത്രിസഭ രൂപീകരിച്ച സമയത്തു കാൺഗ്രസ്സിനെ ഒഴിച്ച് നിങ്ങളുടെ കൂടെയുള്ളത്. ശരിയാണോ? അതിന്റെ അർത്ഥം പലപ്പോഴും ഇങ്ങനെ മാറി മാറി വരുന്നതായ സാഹചര്യം, അതേക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. ചില പാർട്ടിയിൽനിന്നു ചിലർ അങ്ങോട്ടുപോകും, ചിലർ ഇങ്ങോട്ടു പോകും, ഇങ്ങനെയെല്ലാം വന്നുകൊണ്ടിരിക്കുന്നുണ്ട്. അപ്പോഴാണ് കാലുമാററത്തെക്കുറിച്ച് വലിയ ധാർമ്മികരോഷം കൊള്ളുന്നത്. ഈ ധാർമ്മികരോഷം അപ്പുറത്തുള്ള ബഹുമാനപ്പെട്ട മെമ്പറൻമാർ പറയുന്നതു കേട്ടപ്പോൾ അൽഭുതം തോന്നി. നവംബർ ഒന്നാം തീയതിക്കുശേഷം പ്രതിപക്ഷ കക്ഷികളിൽ നിന്നു ചിലർ നിങ്ങളുടെ ഭാഗത്തുവന്ന സമയത്ത് എവിടെ പോയിരുന്നു ഈ ധാർമ്മികരോഷം? ഇതിന്റെ കാര്യത്തിലും പുതുതായി ഒരു ഒറിജിനാലിററി കാണിച്ചതല്ല. നിങ്ങളുടെ അഖിലേൻഡ്യാ നേതാക്കൻമാരിൽനിന്ന്, ചവാനെപ്പോലുള്ളവരിൽനിന്നു കണ്ടുപഠിച്ചതാണ്. ചവാനെപ്പോലുള്ളവർക്ക് 1967 വരെ കാലുമാററത്തിൽ സങ്കടമായിരുന്നു. അന്നു മററു പാർട്ടികളിൽനിന്നു വലിയ കോൺഗ്രസിലേക്കായിരുന്നു കാലുമാററം. 1967—ൽ കുറെ തോററപ്പോൾ പ്രവാഹം മറിച്ചാകാൻ തുടങ്ങി. അപ്പോൾ പറഞ്ഞു, അയ്യോ കാലുമാററം എന്നു പറഞ്ഞാൽ മഹാപാതമാകുന്നു, അതു കൂടാതെ കഴിക്കാൻ മാർഗ്ഗങ്ങളുണ്ടോ എന്നുള്ളതിനെസംബന്ധിച്ച് ആലോചിക്കണമെന്ന്. അതിനുവേണ്ടി ചവാന്റെ ചെയർമാൻഷിപ്പിൽ ഒരു കമ്മിററി പാർലമെൻറിലുണ്ടാക്കി. അതുപോലെ തന്നെയാണ് നിങ്ങളും. അതുപോലെ കാലുമാററം എന്നുള്ളതു നിങ്ങൾക്കെതിരായിയിട്ട് വരാൻ തുടങ്ങിയപ്പോഴാണ് ധാർമ്മികരോഷം. അതെല്ലെങ്കിൽ നിങ്ങൾ നേരത്തെപറഞ്ഞതുപോലെ എസ്. എസ്. പി. മുഴുവനല്ലെങ്കിലും കുറേ പേരും, മാർക്സിസ്ററുപാർട്ടിയിൽനിന്നു പത്തു പന്ത്രണ്ടു പേരും നിങ്ങളുടെകൂടേ വന്നു കോൺഗ്രസ് പിൻതുണയില്ലാതെ തന്നെ ഭരിക്കുന്നതിനു വേണ്ട ഭൂരിപക്ഷം കിട്ടുമെന്ന് ഉറപ്പുകൊടുത്തല്ലേ ഈ മന്ത്രിസഭ രൂപീകരിച്ചത്. ഇത്രലജ്ജയില്ലാതെ, സങ്കോചമില്ലാതെ, മററു പാർട്ടികളിൽ നിന്ന് കാലുമാറി വരുന്നവരുടെ പിൻതുണയോടുകൂടിയാണ് ഭരിക്കാൻ പോകുന്നതെന്നു പറഞ്ഞിട്ടുള്ള ഒരു മന്ത്രിസഭ ഇതിനുമുൻപ് ഉണ്ടായിട്ടുണ്ടോ? അങ്ങനെയുള്ള ഒരു മന്ത്രിസഭ പറയുന്നത് എന്താണ്. നിയമസഭയെ നേരിടാമെന്നാണ്. നിയമസഭയെ നേരിടുകയെന്നു പറഞ്ഞാൽ നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടി ആ വിളിച്ചുകൂട്ടിയ സമ്മേളനത്തിലെ നടപടിക്രമം അനുസരിച്ചുള്ള വോട്ടെടുപ്പിൽ തോററാൽ രാജിവയ്ക്കാൻ തയ്യാറാണെന്നാണ് അതിന്റെ അർത്ഥം. ഗവർണ്ണറുടെ പ്രസംഗം

2/3020/MC.

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ള വോട്ട്, ബഡ്ജററിൽ വോട്ടിംഗ് ഓൺ ഡിമാൻറിനെ സംബന്ധിച്ച് പത്തു ദിവസം നടക്കുന്ന വോട്ട്, അപ്രോപ്രിയേഷൻ ബില്ലിനെസംബന്ധിച്ചുള്ള വോട്ട് ഇതെല്ലാം നിർണ്ണായകമായ വോട്ടുകളാണ്. ആ വോട്ടെടുക്കുന്നദിവസം നിങ്ങളുടെ ഭാഗത്തുനിന്ന് ആരെങ്കിലും ഹാജരില്ലാതെ പോയാൽ അതിൻെറ വില നിങ്ങാം കൊടുക്കണം. ഞങ്ങളുടെ ഭാഗത്ത് ആരെങ്കിലും ഇല്ലാതായാൽ അതിൻെറ വില ഞങ്ങാം കൊടുക്കണം. അതുകൊണ്ടു ഞാൻ ഓർക്കുന്നു, 1957—59 കാലത്തു രണ്ടേകാൽ മാസത്തോളം നിയമസഭായോഗങ്ങളുടെ ഇടയ്ക്കുള്ള ബഡ്ജററ് സമ്മേളനം വരുന്ന അവസരങ്ങളിൽ ഓരോ നിമിഷവും നോക്കിയാണ് ഇരുന്നിരുന്നത്. അതൊക്കെയാണ് ജനാധിപത്യമര്യാദ. ഈ മര്യാദ അനുസരിച്ച് ഒരു ദിവസം നടക്കാൻ പോകുന്ന ബഡ്ജററിൻെറ വോട്ടിംഗിൽ തോററുപോകുമെന്നു കണ്ടിട്ടു അതിൽ നിന്നു രക്ഷപ്പെടുന്നതിനുള്ള ഉപായമായിട്ടാണ്വിശ്വാസവോട്ട് അവതരിപ്പിച്ചിട്ടുള്ളതെന്നാണ് എൻെറ പോയിൻറ്. ഈ വിശ്വാസവോട്ട് സാധാരണഗതിയിലുള്ള ജനാധിപത്യ കീഴ്വഴക്കമനുസരിച്ചുള്ള വിശ്വാസവോട്ടല്ല. ഈ നിയമസഭയുടെ അഭിപ്രായം എതിരായി വരുന്നുവെന്ന് കണ്ടപ്പോാം കാററു മറിച്ചു വീശിക്കുന്നതിനു വേണ്ടിയിട്ടുള്ള ഉപായമായിട്ടാണ് കൊണ്ടുവന്നിരിക്കുന്നത്. ഈ ആറ് ദിവസത്തിനകത്തു എന്തെല്ലാം നടത്താം അതെല്ലാം നടത്തിയിട്ട് രക്ഷപ്പെടാൻ കഴിയുമോ എന്നു നോക്കിക്കൊണ്ടുള്ള രക്ഷപ്പെടൽ ആണ്. ഈ ആറു ദിവസം നടത്തിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം മസ്ക്കററുഹോട്ടലിലെ മുറിയുടെ കാര്യം ഇവിടെ പറഞ്ഞു. ഞാൻ അതുപോലെയുള്ള മുറികാം നോക്കിയിട്ടില്ല. ആരോക്കെ ഏതെല്ലാം മുറികളിലാണെന്നു നോക്കിയിട്ടില്ല. പക്ഷേ ഇന്നു കാലത്ത് പത്രറിപ്പോർട്ടുകളിൽ വന്നിട്ടുള്ള സംഗതി ശരിയാണെങ്കിൽ, ശരിയല്ലെന്നു വിചാരിക്കാൻ യാതൊരു ന്യായവുമില്ല; ശരിയാണെന്നുണ്ടെങ്കിൽ ഈ പണി നടത്തിച്ചാണ് നിങ്ങാം രക്ഷപ്പെടാൻ പോകുന്നതെന്നുണ്ടെങ്കിൽ അതു വലിയ രക്ഷപ്പെടലൊന്നുമായിരിക്കുകയില്ല. ഏതായാലും നല്ല കണക്കിനുനോക്കി വേണ്ട സമയത്തു വേണ്ട രീതിയിൽ കച്ചവടം നടത്തിയിട്ട് അതിൻെറ ലാഭമടിച്ച ശ്രീ. കുഞ്ഞിനെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അതുകൊണ്ടുതന്നെ അപ്പുറത്തുള്ള ബഹുമാനപ്പെട്ട മെമ്പർമാർ ഇനിമേലിൽ അഴിമതിയുടെ കാര്യം പറഞ്ഞുകൊണ്ടു ദയവു ചെയ്ത് വരരുത്.

അടുത്തത് എനിക്കു ചില ചോദ്യങ്ങാം ചോദിക്കാനുണ്ട്. അതിലൊരു ചോദ്യം എന്താണെന്ന് വച്ചാൽ ഈ ഗവൺമെൻറു പോയാൽ പ്രസിഡൻറു ഭരണമല്ലേ? വല്ലാത്ത ചോദ്യം. അതു നിങ്ങാം ചോദിക്കേണ്ട കാര്യമെന്താണ്? ഇതും പാർലമെൻററി ജനാധിപത്യ കീഴ്വഴക്കങ്ങാക്ക് എതിരാണ്. ഈ ഗവൺമെൻറ് നിലനിൽക്കണമോ വേണ്ടയോ എന്നുള്ളചോദ്യം, ആ ചോദ്യത്തിനു നിലനിൽക്കേണ്ട, നിലനിൽക്കാൻ പാടില്ലയെന്നുള്ള ഉത്തരം കിട്ടിയാൽ എന്തുവേണമെന്നുള്ളതു പിന്നീടാണ് വരുന്നത്. അതിനെക്കുറിച്ച് ഇപ്പോാം എന്തിനാണ് പറയുന്നത്. ഇപ്പോാം പറയുന്നത്, ഞാനാവർത്തിക്കുകയാണ്, ആളുകളെ ഭീക്ഷണിപ്പെടുത്താനാണ്. ആളുകളെ ഭീക്ഷണിപ്പെടുത്താൻ വേണ്ടിയിട്ടു മാത്രമല്ല. ഞാൻ ഇതും ആവർത്തിക്കുകയാണ്. ഗവർണ്ണർ നീതിപൂർവ്വം പ്രവർത്തിക്കുകയില്ലെന്നുള്ള കുററാരോപണം കൂടിയാണ്. ഒരു മന്ത്രിസഭ മറിഞ്ഞാൽ ആ സാഹചര്യത്തിൽ എങ്ങനെ പോയാലും പാർട്ടിനേതാക്കൻമാരെ ഓരോരുത്തരെയായി വിളിച്ച് സംസാരിക്കേണ്ട ചുമതല ഗവർണ്ണർക്ക് ഉണ്ട്. അങ്ങനെ സംസാരിക്കുന്ന അവസരത്തിൽ 50 ശതമാനത്തിൽ ഒന്ന് കൂടുതൽ എണ്ണം വരുന്ന മെമ്പറൻമാരുടെ പിൻതുണയോടുകൂടി മന്ത്രിസഭ രൂപീകരിക്കാൻ തയ്യാറായി ഒരാാം വരുകയാണെങ്കിൽ അദ്ദേഹത്തെകൊണ്ട് മന്ത്രിസഭ രൂപീകരിക്കപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടേണ്ട ചുമതല ഗവർണ്ണർക്കുണ്ട്. അതാണ് ജനാധിപത്യം. അതാണ് ജനാധിപത്യമെന്നിരിക്കെ ഈ മന്ത്രിസഭ പോയാൽ വേറൊരു മന്ത്രിസഭ വരുകയില്ലെന്ന് പറയുന്നത് ഗവർണ്ണർ നീതിപൂർവ്വം പ്രവർത്തിക്കുകയില്ലെന്നു പറയുന്നതിന് സമമാണ്. അങ്ങനെ ഗവർണ്ണർ ആവശ്യപ്പെടുമ്പോൾ മുഖ്യമന്ത്രിയായിട്ടു വരുന്ന ആൾ ഏററവും വലിയ പാർട്ടിയുടെ ആളായിക്കൊള്ളണമെന്നു നിർബന്ധമില്ല. എന്തുകൊണ്ട് ഞാൻ മന്ത്രിസഭ രൂപീകരിക്കുമെന്നു പറയുന്നില്ലെന്ന് ബഹുമാനപ്പെട്ട പി. ആർ. കുറുപ്പ് ചോദിച്ചപ്പോൾ എനിക്കു അത്ഭുതം തോന്നി. പി. ആർ. കുറുപ്പിന് അറിയുകയില്ലേ. അദ്ദേഹത്തിന്റെ സ്വന്തം പാർട്ടിയിലെ ഒരാൾ ഭൂരിപക്ഷമൊന്നും ഇല്ലാതിരുന്ന കാലത്ത് മുഖ്യമന്ത്രിയായി ഭരണം നടത്തിയത്. ഇന്ന് ഈ മന്ത്രിസഭയുടെ സ്ഥിതി എന്താണ്? ഞങ്ങൾ മന്ത്രിസഭയിലിരിക്കുകയില്ല, എങ്കിലും ഞങ്ങൾ ഭരണകക്ഷിയാണ്. ഭരണകക്ഷിമാത്രമല്ല ഞങ്ങളിൽ ഒരാളാണു സഭാനേതാവ്. ഇതും പാർലമെൻററി ജനാധിപത്യത്തിന്റെ ചരിത്രത്തിൽ ഒരു റിക്കാർഡാണെന്നാണ് എനിക്കു തോന്നുന്നത്. സഭാംഗമല്ലാത്ത ഒരു മഖ്യമന്ത്രി, മുഖ്യമന്ത്രിയല്ലാത്ത സഭാനേതാവ് ഇതൊക്കെ ഒരു പുതിയ കീഴ്വഴക്കം തന്നെയാണ്. ഇങ്ങനെയെല്ലാം നടന്നിട്ടുള്ള ഒരു സംസ്ഥാനത്തിൽ, മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടി മന്ത്രിസഭ രൂപീകരിക്കാൻ തയ്യാറാകണം. അല്ലെങ്കിൽ മന്ത്രിസഭയുണ്ടാകുകയില്ലെന്ന് പറയുന്നത്, ഒന്നുകിൽ വിവരക്കേടാണ്, അല്ലെങ്കിൽ ആളുകളെ ഭീക്ഷണിപ്പെടുത്തലാണ്. ഇതെല്ലാം പറഞ്ഞ ബഹുമാനപ്പെട്ട മെമ്പറൻമാർ മഹാപണ്ഡിതൻമാരായതുകൊണ്ടു രണ്ടാമത്തേതാണെന്നാണ് ഞാൻ വിചാരിക്കുന്നത്. പിന്നെ വേറൊരു ചോദ്യം, ഈ മന്ത്രിസഭയെ ഇപ്പോൾ മറിച്ചിടുന്നതിന്റെ ഫലമായി നാലാംപദ്ധതി മുഖേന കേരളത്തിന് അർഹമായ 'പങ്കു കിട്ടുന്നതു കിട്ടാതിരിക്കുകയല്ലേ ചെയ്യുന്നതെന്ന്. ഇതാണ് ചോദ്യം. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഇതു ബഹുമാനപ്പെട്ട കരുണാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മററൊരു മെമ്പറുമാണ് പറഞ്ഞത്. ആ പാർട്ടിക്കാർ ഇതു പറയുന്നതിലാണ് എനിക്ക് അത്ഭുതം. ശ്രീ. കരുണാകരൻ പറഞ്ഞു, കേരളത്തിന്റെ ദൗർഭാഗ്യത്തിന് ഇതേവരെയുള്ള പദ്ധതികൾ മുഴുവൻ തയ്യാറാക്കുന്ന അവസരങ്ങളിൽ കേരളത്തിൽ ജനകീയ പാർട്ടികളുടെ ഭരണം ഉണ്ടായിട്ടില്ലെന്ന്. ആരാണ് ആ സ്ഥിതി വരുത്തിയത്? നിങ്ങളല്ലേ? രണ്ടാം പദ്ധതിക്കാലത്ത് മന്ത്രിസഭയില്ലാതിരുന്നത് നിങ്ങളുടെയിടയിലുള്ള വഴക്കുകൊണ്ടാണ്. അതിന് എന്നെ കുററം പറഞ്ഞിട്ടെന്താണ്. മൂന്നാം പദ്ധതി തയ്യാറാക്കുന്ന സമയത്തും നിങ്ങളുടെ കുഴപ്പംകൊണ്ടാണ് ഇവിടെയൊരു മന്ത്രിസഭയില്ലാതെ പോയത്. അല്ലാതെ ഞങ്ങളുടെ കുഴപ്പമല്ല. അങ്ങനെയിരിക്കുമ്പോൾ നാലാംപദ്ധതിയുടെ കാര്യത്തിൽ മന്ത്രിസഭയില്ലാതാകുന്നത് എന്തുകൊണ്ടാണ്. ഈ സംസ്ഥാനത്ത് ന്യായമായി സാധാരണഗതിയിൽ രൂപീകരിക്കേണ്ടതായ ഒരു മന്ത്രിസഭയില്ലാത്ത സാഹചര്യമുണ്ടാക്കിയത് ഞങ്ങളല്ല. ഈ മന്ത്രിസഭ നേരത്തെ ഞാൻ പറഞ്ഞതുപോലെ സാധാരണഗതിയിൽ ജനാധിപത്യ കീഴ്വഴക്കമനുസരിച്ചു രൂപീകരിക്കപ്പെട്ട ഒരു മന്ത്രിസഭയാണോ? അല്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഭൂരിപക്ഷം നിയമസഭാംഗങ്ങളുടെ പിൻതുണ രേഖാമൂലം എഴുതിക്കൊടുത്ത് ഉണ്ടാക്കിയിട്ടുള്ള ഒരു മന്ത്രിസഭയല്ല. അങ്ങനെയിരിക്കുമ്പോൾ ഈ മന്ത്രിസഭ തുടരുന്ന നയങ്ങളെ സംബന്ധിച്ച് ഞങ്ങൾക്കു അഭിപ്രായവ്യത്യാസമുണ്ട്. ആ അഭിപ്രായവ്യത്യാസം ശ്രീ. കരുണാകരനും ജോർജുതോമസിനും ഉണ്ടാകണമെന്നില്ല. ഉണ്ടാകണമെന്നു ഞാൻ നിർബന്ധിക്കുന്നുമില്ല. ഞങ്ങൾക്കു അഭിപ്രായവ്യത്യാസമുണ്ട്. ആ അഭിപ്രായവ്യത്യാസമുള്ള അവസരത്തിൽ, ഈ ഗവൺമെൻറ് ഒരു ദിവസമെങ്കിലും നിലനിൽക്കുന്നത് ആപത്താണെന്നു ഞങ്ങൾക്കു ബോദ്ധ്യമുള്ള അവസരത്തിൽ ഒരു പ്രതിപക്ഷമെന്നുള്ള നില

LIBRARY ARCHIVES Kerala Legislative Assembly

യിൽ ഞങ്ങൾക്കു പ്രവർത്തിക്കാനുള്ള അധികാരമുണ്ട്. ആ അധികാരമുപയോഗിച്ച് ഞങ്ങൾ പ്രവർത്തിക്കുന്നതിന്റെ ഫലമായി നിങ്ങൾ മറിഞ്ഞുവീഴുന്നെങ്കിൽ അതിനു ഞങ്ങളാണോ ഉത്തരവാദികൾ? ഞങ്ങളുടെ അഭിപ്രായം നിങ്ങൾക്കു തീറെഴുതി തരണമെന്നാണോ?

ഈ മന്ത്രിസഭ അനുവർത്തിച്ചുപോരുന്നതായിട്ടുള്ള നയപരിപാടികൾ രാജ്യത്തിന് ആപത്താണെന്നാണ് ഞങ്ങളുടെ വിശ്വാസം. അതനുസരിച്ച്
4 P.M. ഒരു ദിവസമെങ്കിൽ ഒരു ദിവസം മുമ്പേ ഈ മന്ത്രിസഭ താഴത്തിറങ്ങണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഞങ്ങൾ മറച്ചു വയ്ക്കുന്നില്ല. ഞങ്ങൾ പിൻതാങ്ങി പ്രതിപക്ഷമേയല്ല; ശരിക്കുള്ള പ്രതിപക്ഷമാണ്, അങ്ങനെ ഇരിക്കുമ്പോൾ പ്രതിപക്ഷം ചെയ്യുന്നതുപോലെ ഈ മന്ത്രിസഭയെ താഴത്തിറക്കാൻ സൗകര്യം കിട്ടിയാൽ അതുപയോഗിക്കും. ഉപയോഗിക്കാതിരിക്കുമോ? നിങ്ങൾ ഉപയോഗിച്ചില്ലേ? ഉപയോഗിച്ചു. അതേപ്പററി ഞങ്ങൾ വല്ല കുററവും പറഞ്ഞോ. നിങ്ങൾക്കു ന്യായമായിട്ടുള്ള അവകാശം ഉപയോഗിച്ചു എന്നേ ഞങ്ങൾ കരുതിയുള്ളു. അതിൽ അവരുപെട്ടതിനെപ്പററി ഞങ്ങൾ ആക്ഷേപിച്ചു. വിശേഷിച്ചും ഈ കുറുമുന്നണി അല്ലെങ്കിൽ കുഞ്ഞുമുന്നണി ഉണ്ടാക്കിയതിനെപ്പററി അതിന്റെ ചരിത്രത്തിലേക്കൊന്നു കടക്കണം. ബഹുമാനപ്പെട്ട അച്യുതമേനോൻ പറഞ്ഞു ഒക്ടോബർ 24–ാം തീയതി ഈ സഭയിൽ ഭൂരിപക്ഷം അന്നത്തെ ഗവൺമെൻറിന് ഉണ്ടായിട്ടുപോലും രാജി വയ്ക്കുകയാണ് ചെയ്തതെന്ന്. ഇത്ര സത്യവിരുദ്ധമായിട്ടുള്ള ഒരു പ്രസ്താവന ബഹുമാനപ്പെട്ട അച്യുതമേനോൻ ചെയ്യുമെന്ന് ഞാൻ കരുതിയില്ല. വസ്തുത എന്താണു സർ.

ശ്രീ. സി. അച്യുതമേനോൻ: രാജിവച്ചു എന്നുമാത്രമേ ഞാൻ പറഞ്ഞുള്ളു.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: നിയമസഭയിൽ ഭൂരിപക്ഷം ഉണ്ടായിരുന്നു എന്നു പറഞ്ഞു. അത് അച്യുതമേനോന് സാധാരണ പററാറില്ല. അദ്ദേഹത്തിന് ഓർമ്മത്തെററു പററിയതാണോ? അദ്ദേഹം പറഞ്ഞതാണ്. എന്തായിരുന്നാലും വസ്തുത എന്താണു സർ. ഒക്ടോബർ 14–ാം തീയതി നാലു പാർട്ടികളുടെ പ്രതിനിധികൾ കൂടി എനിക്കൊരു കത്തു തന്നു. എന്താണ്, ഇന്നയിന്ന വ്യവസ്ഥകൾ അംഗീകരിച്ചില്ലെങ്കിൽ ഞങ്ങളുടെ പിൻതുണ നിങ്ങൾക്കുള്ളതു പിൻവലിക്കും. ഇത് എഴുതിത്തന്നതാണ്. അതിനെസംബന്ധിച്ച് ഞാൻ വളരെ കാര്യമായി ആലോചിച്ചു. ആലോചിച്ചിട്ട് ആ വ്യവസ്ഥകൾ എനിക്കു സ്വീകാര്യമല്ലെന്ന് ഈ സഭയിൽവച്ചുതന്നെ പറഞ്ഞു. വേറെ എവിടെയുമല്ല. അതു കഴിഞ്ഞിട്ട് അതിനെസംബന്ധിച്ച് ചർച്ച വയ്ക്കുന്നു. ബഹുമാനപ്പെട്ട കരുണാകരൻ പറഞ്ഞതുപോലെ വിശ്വാസപ്രമേയം അവതരിപ്പിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടപ്പോൾ അതല്ല അവിശ്വാസപ്രമേയം അവതരിപ്പിച്ചുകൊള്ളൂ എന്ന് ഞാൻ പറഞ്ഞു എന്നുള്ളതല്ല പ്രശ്നം. പ്രശ്നം എന്റെ പ്രസ്താവനയെ സംബന്ധിച്ച് ചുരുങ്ങിയ സമയത്തെ ചർച്ച വന്ന അവസരത്തിൽ എന്റെ പ്രസ്താവന ചർച്ച ചെയ്യുകയും ആ ചർച്ചയെത്തുടർന്ന് എന്തെങ്കിലും മോഷൻ അവതരിപ്പിച്ച് എനിക്കെതിരായി പാസായാൽ ഞാൻ രാജിവയ്ക്കാമെന്നു പറഞ്ഞതാണ്. അതാണുണ്ടായത്.

ശ്രീ. കെ. കരുണാകരൻ: അതുപോലെ ശ്രീ. നമ്പൂതിരിപ്പാടിനും ഓർമ്മക്കുറവിന്റെ പിശകുണ്ട്. അദ്ദേഹം അതിനു മുമ്പത്തെ യോഗത്തിലാണ് പറഞ്ഞത് അവിശ്വാസപ്രമേയം കൊണ്ടുവരാൻ. 17–ാം തീയതിയിലെ യോഗത്തിൽ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: 17—ാം തീയതിയാണ് ഇതൊക്കെ നടന്നത്. 17—ാം തീയതിയാണ് എന്റെ പ്രസ്താവനയും ഇതൊക്കെ തന്നെയും. എന്നിട്ട് ഈ ചർച്ചയ്ക്കിടയ്ക്കു ഈ നാലു പാർട്ടികളുടെയും നേതാക്കൻമാർ, അതിൽ ആർ. എസ്. പി. നേതാക്കൻമാർമാത്രം കുറച്ചൊന്നു സ്വരം മാററി. ബാക്കിയുള്ളവരെല്ലാം പോളീഷ്ഡായിട്ടാണ് സംസാരിക്കുക എങ്കിലും ഉള്ളു മററതുതന്നെയാണ്. അവർ പറഞ്ഞത് എന്താണ്. നിങ്ങൾക്ക് നിയമസഭയിൽ പിൻതുണ നഷ്ടപ്പെട്ടിരിക്കുന്നു എന്തുകൊണ്ട് രാജിവയ്ക്കുന്നില്ല എന്നാണ്, ബഹുമാനപ്പെട്ട കരുണാകരൻ സാക്ഷിയാണ്. അതാണ് പറഞ്ഞത്. എന്നുമാത്രമല്ല അതിനു ഞാൻ പറഞ്ഞത് ഈ സഭയുടെ പിൻതുണ എനിക്കു നഷ്ടപ്പെട്ടു എന്ന് ഈ സഭ രേഖപ്പെടുത്തിയാൽ ആ നിമിഷത്തിൽ ഞാൻ രാജിവയ്ക്കുമെന്നാണ്. അതാണ് ജനാധിപത്യകീഴ്വഴക്കമെന്നാണ് ഞാൻ മനസിലാക്കിയിട്ടുള്ളത്. അപ്പോഴാണെങ്കിൽ അവരോട് ആലോചിച്ചില്ല, അതുകൊണ്ട് പിൻതുണ പിൻവലിച്ചു എന്നു പറഞ്ഞിട്ട് എന്നെക്കൊണ്ട് രാജി വയ്പിക്കണം. പക്ഷേ ഈ സഭയിൽ വന്നു വോട്ടു രേഖപ്പെടുത്താൻ കുറച്ചു മടി. കരുണാകരൻ മുതൽ ദിവാകരൻവരെയുള്ളവർ ഒരേ മാതിരി എഴുന്നേററു നിൽക്കുന്നത് എനിക്കൊന്നു കാണണം. ആ സമയത്ത് ബഹുമാനപ്പെട്ട ശ്രീ. ടി. വി. തോമസ് ചോദിച്ചു, മരിച്ചവരെ തൂക്കിക്കൊല്ലണോ എന്നോ മറേറാ. അതിന്റെ അർത്ഥം ഈ നിയമസഭയിൽ പിൻതുണ നഷ്ടപ്പെട്ടിരിക്കുന്നു എന്നതാണ്. ഇപ്പോൾ അച്യുതമേനോൻ പറയുകയാണ് നിയമസഭയിൽ ഭൂരിപക്ഷമുണ്ടായിട്ടു പോയി രാജിവച്ചു എന്നു. അതുമാത്രമല്ല ബഹുമാനപ്പെട്ട ടി. വി. തോമസിന്റെ പ്രസംഗത്തിൽ ഒരു വാചകം അദ്ദേഹം പറഞ്ഞിട്ടുണ്ട്. നിയമസഭാ റിക്കാർഡ് കിട്ടാത്തതുകൊണ്ട് അദ്ദേഹത്തിന്റെ പാർട്ടിയുടെ അഖിലേൻഡ്യാ പത്രമായിട്ടുള്ള ന്യൂഏജ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഞാൻ വായിക്കാം:

'It is took a period of twenty years' hard effort to fight and defeat the congress, I don't think even a period of five years would be too much to defeat the Marxists who are incessantly following anti-people policies.'

പോളിസി ഡിക്ലറേഷനാണ്. 1967—ലെ തിരഞ്ഞെടുപ്പുകാലത്ത് കോൺഗ്രസിനെ തോൽപ്പിക്കണമെന്നു പറഞ്ഞുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളെല്ലാംകൂടി വോട്ടു ചോദിച്ചു, വോട്ടു വാങ്ങി ഭൂരിപക്ഷം നേടി. അതു കഴിഞ്ഞിട്ട് ഇപ്പോൾ വന്നു പറയുന്നത് കോൺഗ്രസിനെഅല്ല തോൽപ്പിക്കേണ്ടത്, തോൽപ്പിക്കേണ്ടത് മാർക്സിസ്ററ് കമ്മ്യൂണിസ്ററുപാർട്ടിയെ ആണെന്നാണ്. ആ നിലപാടിലേക്ക്—അധ:പതിച്ചു എന്നു ഞാൻ പറയുന്നില്ല, ഒരു പക്ഷേ അധ:പതനമല്ല, ഉപരിപതനമായിരിക്കാം—നിങ്ങൾ മാറി എന്നുണ്ടെങ്കിൽ ഞാൻ ചോദിക്കുകയാണ് നിങ്ങൾ കാലുമാററത്തെപ്പററി പറയുന്നുണ്ടല്ലോ? ഇതിലും വലിയ കാലുമാററമുണ്ടോ? അഭിപ്രായങ്ങൾ മാററിക്കൂടേ? തീർച്ചയായിട്ടും മാററാം. അഭിപ്രായം മാററുന്ന കാര്യത്തിൽ എന്റെ സാമർത്ഥ്യത്തെപ്പററി ശ്രീ. പി. ആർ. കുറുപ്പ് പറയുന്നതു കേട്ടു. ഞാൻ ചോദിക്കുകയാണ്, എം. എൻ. ഗോവിന്ദൻനായരോട്, സി. എച്ച്. മുഹമ്മദുകോയയോട്, പി. ആർ. കുറുപ്പിനോട്, ദിവാകരനോട് നിങ്ങളുടെ പാർട്ടി ചെയ്തതിൽ കൂടുതൽ കാലുമാററം ആരെങ്കിലും ഇവിടെ നടത്തിയിട്ടുണ്ടോ എന്ന്. നിങ്ങളുടെ ഈ മന്ത്രിസഭയുടെ ഉൽഭവംതന്നെ കാലുമാററത്തിൽനിന്നാണ്. എന്താണ് കാലുമാററം? കാൺഗ്രസിനെതിരായിട്ടുണ്ടാക്കിയിട്ടുള്ള മുന്നണി മാർക്സിസ്ററു പാർട്ടികൂടി ഉൾപ്പെടുന്ന മുന്നണി ആ മുന്നണിക്ക് ഭൂരിപക്ഷം കിട്ടിയിട്ട് പിന്നീട് മറിച്ച് മാർക്സിസ്ററുപാർട്ടിക്കെതിരായിട്ട് കോൺഗ്രസിന്റെ കൂട്ടുകൂടിയിട്ട് ഒരു മുന്നണി ഉണ്ടാക്കി. അതിനു നിങ്ങൾക്ക് അവകാശമില്ലേ? അവകാശമുണ്ട്. പക്ഷേ അതു ചെയ്യുന്നതിനുമുമ്പ് വോട്ടർമാ

LIBRARY ARCHIVES Kerala Legislative Assembly

രോട് ഒരിക്കൽക്കൂടി ചോദിക്കണം. മഹാജനങ്ങളെ, ഞങ്ങൾക്കു തെററു പററി യിരിക്കുന്നു, ഞങ്ങൾ മുമ്പു കരുതിയത് കോൺഗ്രസാണ് ഞങ്ങളുടെ ശത്രു എന്നാണ്, എന്നാൽ ഇപ്പോൾ അതല്ല മാർക്സിസ്ററു പാർട്ടിയാണ് ഞങ്ങളുടെ ശത്രു. ഞങ്ങൾ കോൺഗ്രസിനെ തോൽപ്പിക്കുന്നതിനുവേണ്ടി മാർക്സിസ്ററു പാർട്ടിയുമായി കൂട്ടുകൂടണമെന്ന് വിചാരിച്ചത് തെററായിരുന്നു. മാർക്സിസ്ററുകാരെ തോൽപ്പിക്കാൻ കോൺഗ്രസുമായിട്ടാണ് കൂട്ടുകൂടേണ്ടത് എന്നു പറഞ്ഞുകൊണ്ട് ജനങ്ങളെ സമീപിക്കണം, എന്നിട്ട് ഭൂരിപക്ഷം കിട്ടിയാൽ ഭരിക്കണം. ശ്രീ. കരുണാകരൻ പറയുന്നതുകേട്ടു, 1967—ൽ ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ അവർ ക്രിയാത്മകമായ പ്രതിപക്ഷമായിരുന്നു എന്ന്. 60—ൽ ഞങ്ങളും ചെയ്തു സാർ അത്. 60—ലെ തിരഞ്ഞെടുപ്പിൽ നിങ്ങൾ ജയിച്ചു, ഞങ്ങൾ തോററു. ഞങ്ങൾ തോററ പാർട്ടിക്കാരായി ഇരുന്നു. അന്ന് ഈ സഭയിൽ 'I will allow you to stew in your own juite.'

എന്നു ഞങ്ങൾ പറഞ്ഞതാണ്. അതുതന്നെ നടക്കുകയും ചെയ്തു. ആ കഥയിലേക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷേ ഇവിടെ അത്തരത്തിൽ എന്തെങ്കിലും ഉണ്ടോ? ഇത്തരത്തിൽ ജനങ്ങളോട് ആദ്യം പറഞ്ഞതിന് വിപരീതമായി ചെയ്യുന്ന അവസരത്തിൽ കാലുമാറുന്ന അവസരത്തിൽ ജനങ്ങളോടു ചോദിക്കാതെ ഒരു മന്ത്രിസഭ ഉണ്ടാക്കി. ആ മന്ത്രിസഭ ഉണ്ടാക്കുമ്പോൾത്തന്നെ അതിന് വ്യക്തമായ ഭൂരിപക്ഷം ഉണ്ടെങ്കിൽ കുറെയെങ്കിലും ആശ്വസിക്കാം. ഉണ്ടോ? അതുമില്ല. അങ്ങനെ ഭൂരിപക്ഷമില്ലാതെയുള്ള ഒരു മന്ത്രിസഭ, ആ മന്ത്രിസഭ ഭരണകക്ഷിയിൽ നിന്ന് മൂന്നുനാലുപേർ പോയി എന്നു ഞാൻ കാണുന്നു എന്ന് ബഹുമാനപ്പെട്ട അച്ചുതമേനോൻ പറഞ്ഞു. പ്രതിപക്ഷത്തുനിന്ന് അവിടെ വന്ന ചിലർ മാറിയതുമൊക്കെ ഉൾപ്പെടുന്നതാണ് അത് അല്ലേ? അന്ന് പ്രതിപക്ഷത്തുനിന്ന് അവിടെ വരുന്ന അവസരത്തിൽ യാതൊരു ആക്ഷേപവും ഇല്ല. നേരേമറിച്ച് ഭരണകക്ഷിയിൽ നിന്ന് പ്രതിപക്ഷത്തേക്ക് പോയാൽ വലിയ പാപമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇത്ര അടിസ്ഥാനമില്ലാതെ വ്യക്തമായ ഭൂരിപക്ഷമെന്ന് പറയത്തക്കതായ ഒരു സ്ഥിതിവിശേഷമില്ലാതെ രൂപം കൊണ്ട ഒരു മന്ത്രിസഭ ആ മന്ത്രിസഭ എന്തു കാരണവശാൽ ആയാലും ശരി അതിന് ഭൂരിപക്ഷം നഷ്ടപ്പെട്ടു കഴിഞ്ഞുവെന്നും ഒരു ദിവസത്തെ വോട്ടെടുപ്പിൽ തോററുപോകുമെന്ന് കാണുന്ന അവസരത്തിൽ ആ തോൽവിയിൽ നിന്ന് താൽക്കാലികമായി രക്ഷപ്പെടാനും പിന്നീട് പല ഉപായങ്ങളും ഉപയോഗിച്ച് നിലനിൽക്കാനും ഈ കഴിഞ്ഞ അഞ്ചാറു ദിവസങ്ങളിലായി നടന്നത് എന്തൊക്കെയാണ്. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ആരൊക്കെ എന്തൊക്കെ പറഞ്ഞു, ആരെക്കൊണ്ടെല്ലാം എന്തെല്ലാം ചെയ്യിച്ചു. വലിയ ആക്ഷേപമുണ്ടായിരുന്നത് ഞങ്ങളും സിൻഡിക്കേററുകാരും കൂടി ആലോചിക്കുന്നു എന്നാണ്. ഞങ്ങൾ ആലോചിച്ചു നിങ്ങൾ ആലോചിച്ചില്ലേ? ഡോക്ടർ ജോർജുതോമസുമായിട്ടും, ശ്രീ ടി. ഒ. ബാവയുമായിട്ടും എല്ലാം നിങ്ങൾ ആലോചിച്ചില്ലെ? അപ്പോൾ ഈ മന്ത്രിസഭയെ നിലനിറുത്താൻ വേണ്ടിയിട്ട് ഡാക്ടർ ജോർജുതോമസ് തരുന്ന സഹായം, അതു ജനാധിപത്യം ഈ മന്ത്രിസഭയെ മറിച്ചിടുന്ന കാര്യത്തിൽ ഡോക്ടർ ജോർജുതോമസിന്റെ പാർട്ടിയും എന്റെ പാർട്ടിയും കൂടി സഹകരിച്ചാൽ അതു ജനാധിപത്യവിരുദ്ധവും.

ഇതു പറയുമ്പോഴാണ് ചെകുത്താൻ പദപ്രയോഗത്തിന്റെ കാര്യത്തെക്കുറിച്ച് ഒരു സംഗതി പറയാനുള്ളത്. സാധാരണ പ്രസംഗങ്ങളിൽ അലങ്കാരപ്രയോഗങ്ങൾ ധാരാളം ഉണ്ടാകാറുണ്ട്. ബഹുമാനപ്പെട്ട ടി. വി. പ്രയോഗിക്കാറുള്ള അലങ്കാരപ്രയോഗങ്ങളെല്ലാം അതിന്റെ ശരിക്കുള്ള അക്ഷരാർ

LIBRARY ARCHIVES Kerala Legislative Assembly

ത്ഥത്തിൽ വ്യാഖ്യാനിക്കുകയാണെങ്കിൽ അതിന്റെ കഥ ഞാൻ പറയണമോ? മൂരിക്കുട്ടന്റെയും പശുക്കളുടെയും കാര്യത്തിലാണ് അദ്ദേഹം എത്തുന്നത്. അതെല്ലാം അലങ്കാരഭാഷയിലല്ലാതെ ശരിക്കുള്ള അർത്ഥത്തിൽ ഉപയോഗിച്ചാൽ സ്ഥിതി എന്തായിരിക്കും. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഉണ്ടായത് എന്താണ്? ഉണ്ടായത് അത്ര വളരെ പ്രചണ്ഡമായ പ്രചരണമാണ്. കോൺഗ്രസിന്റെ കൂട്ടുകൂടി മുൻമന്ത്രിസഭയെ മറിച്ചിട്ടു എന്നാക്ഷേപിക്കുന്ന മാർക്സിസ്ററുപാർട്ടിക്ക് ഇപ്പോഴത്തെ മന്ത്രിസഭയെ മറിച്ചിടാൻ കാൺഗ്രസ്സിന്റെ കൂട്ടുപിടിക്കാൻ കഴിയുമോ എന്നുള്ളതാണ് ചോദ്യം. ഈ ചോദ്യം അവരുടെയെല്ലാം പ്രസംഗങ്ങളിൽ ധാരാളം വന്നുകൊണ്ടിരുന്നു. ആ സമയത്തു ഞാൻ പറഞ്ഞു, ഈ മന്ത്രിസഭയെ താഴത്തിറക്കുന്ന കാര്യത്തിൽ അഭിപ്രായഐക്യത്തിന്റെ പ്രശ്നമല്ല താഴത്തിറക്കണമെന്നുള്ള കാര്യത്തിൽ യോജിപ്പുണ്ടോ അതുമതി എന്നു പറയുന്ന അവസരത്തിലാണ് മറെറല്ലാ കാര്യങ്ങളിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിലും, മറെറല്ലാകാര്യങ്ങളിലും ഏററുമുട്ടലും വഴക്കുകളും, അടിപിടിയും ഉണ്ടെങ്കിലും വളരെ ജനദ്രോഹകരമായി പ്രവർത്തിക്കുന്ന ഗവൺമെൻറിനെ താഴത്തിറക്കുന്നതിനോടു യോജിക്കും, യോജിച്ചിട്ടുണ്ട്, ഈ സഭയിൽ ചെയ്തിട്ടുണ്ട്. ഈ സഭയിൽ അതു നടന്നിട്ടുണ്ട്. 64—ൽ എന്താണ് നടന്നത്. 64—ൽ അന്നത്തെ ശങ്കർ മന്ത്രിസഭയ്ക്കെതിരായി ആരെല്ലാം കൂടിയാണ് വോട്ടുചെയ്തത്. ബഹുമാനപ്പെട്ട കുഞ്ഞിന്റെ പ്രമേയത്തിനനുകൂലമായി വോട്ടു ചെയ്തതിൽ എന്റെ പാർട്ടിയുണ്ട്, അച്ചുതമേനോന്റെ പാർട്ടിയുണ്ട്,—അന്ന് ഞങ്ങൾ രണ്ടായിക്കഴിഞ്ഞിരുന്നു—മുഹമ്മദുകോയയുടെ പാർട്ടിയുണ്ട്, കെ. എം. ജോർജിന്റെ പാർട്ടി അന്നൊരു പാർട്ടിയായി ഉരുത്തിരിഞ്ഞുകഴിഞ്ഞിരുന്നില്ല. എങ്കിൽ അതിലേക്കുള്ള തുടക്കമാണ്. ബഹുമാനപ്പെട്ട പി. ആർ. കുറുപ്പിന്റെ പാർട്ടിയുണ്ട്. പി. ആർ. കുറുപ്പിന്റെ പാർട്ടി എന്നു പറഞ്ഞതിന് അദ്ദേഹം വളരെ വേദനിക്കേണ്ടതാണ്. ചിലപ്പോൾ അതു പറയുന്നതിൽ വേദനയുണ്ടാകും.

അവരുടെ പാർട്ടിയുടെ പേര് കൊല്ലംതോറും മാറിക്കൊണ്ടിരിക്കുകയാണ്. 1967-ലെ തിരഞ്ഞെടുപ്പിനുശേഷം മൂന്നുകൊല്ലമായി, ആ പാർട്ടിയുടെ പേര് മൂന്നുതവണ മാറി. 1967—ൽ സംയുക്തസോഷ്യലിസ്ററായിരുന്നു, 1968 ആയപ്പോൾ കേരളസംയുക്തമായി, ഇപ്പോൾ ഇൻഡ്യൻ സോഷ്യലിസ്ററാണ്. ഇപ്പോൾ ഒന്നുകൂടി പേരുമാറേണ്ടഘട്ടമായിരിക്കുന്നുവെന്നാണ് എനിക്കു തോന്നുന്നത്; എന്തോ അറിഞ്ഞുകൂട. അപ്പോൾ അന്നത്തെ പാർട്ടി പേരെന്തായിരുന്നുവെന്നു പറയാൻ ഞാൻ വലിയ ഒരു റിസർച്ച് നടത്തേണ്ട, അതുകൊണ്ടു പറയുന്നില്ല. ഈ പാർട്ടികളെല്ലാംകൂടി ഒരുമിച്ച് വോട്ടുചെയ്ത്, അങ്ങനെ വോട്ടുചെയ്തിട്ട് ശ്രീ. ശങ്കറെ താഴത്തിറക്കുകയും ചെയ്തു. അന്ന് ബഹുമാനപ്പെട്ട മുഹമ്മദുകോയയുടേയും ബഹുമാനപ്പെട്ട ജോർജിന്റെയും പാർട്ടികളെപ്പററി ബഹുമാനപ്പെട്ട അച്യുതമേനോന്റെ പാർട്ടി എന്താണ് കരുതിയിരുന്നതെന്ന് ഞാൻ ഒന്നു വായിച്ചു കേൾപ്പിക്കാം. ഇത് അവരുടെ ബാംബേകാൺഗ്രസ്സിൽ പാസ്സാക്കിയിട്ടുള്ള പ്രമേയത്തിന്റെ ഒരു ഭാഗമാണ്: 'The Kerala Congress' ബ്രാക്കററിൽ ബദൽ കാൺഗ്രസ് എന്നുകൂടി പറഞ്ഞിട്ടുണ്ട്. വ്യസനമുണ്ടെങ്കിൽ എന്നോടല്ല പറയേണ്ടത് അവരോടാണ്; 'and the Muslim League apart from the fact that they seek to divide the people in the name of religion and caste, their role had always been very reactionary......' ഞാൻ പറയുന്നതല്ല, ദേഷ്യപ്പെടരുത്. ഇങ്ങനെയാണ് അവരുടെ പ്രമേയത്തിൽനിന്ന് ഞാൻ ഉദ്ധരിച്ചപ്പോൾ ബഹുമാനപ്പെട്ട ജോർജിനും മാണിക്കും എന്നോട് വെറുപ്പുതോന്നുകയാണ്. '....whether it be in the matter of Land Reforms, Education Act or State-trading in food-grains.' രണ്ടുപേർക്കും ബാധകമാണോ? 'That is why the Kerala State Council of our party will have no truck with

LIBRARY ARCHIVES Kerala Legislative Assembly

reactionary, communal groups, such as Muslim League and the Kerala Congress. The Seventh Congress of the Party endorses ആ അഭിപ്രായം തെറ്റോ ശരിയോ എന്നുള്ളതിലേക്ക് ഞാൻ കടക്കുന്നില്ല. ഞാൻ ഇപ്പോൾ ചൂണ്ടിക്കാണിക്കുന്നതെന്താണെന്നുവച്ചാൽ ഈ അഭിപ്രായമുള്ള ബഹുമാനപ്പെട്ട അച്യുതമേനോന്റെ പാർട്ടിയും ഈ അഭിപ്രായത്തിനു വിധേയമായിട്ടുള്ള രണ്ടു പാർട്ടികളും കൂടി യോജിച്ച് വോട്ടു ചെയ്തു എന്നുള്ളതാണ് കാര്യം. ശങ്കർ മന്ത്രിസഭയെ താഴത്തിറക്കുന്നതിനു വേണ്ടി, ഇങ്ങനെയുള്ള Land Reforms, Education Act, State-trading in Foodgrains—ഈ പ്രശ്നങ്ങളോടെല്ലാം, reactionary stand എടുക്കുന്ന രണ്ടുപേരും ഒരുമിച്ച് വോട്ടുചെയ്തു. ഇതുപോലെ രണ്ടു മന്ത്രിസഭയെ തകർത്ത അച്യുതമേനോന്റെ മന്ത്രിസഭയ്ക്കെതിരായിട്ട് ബഹുമാനപ്പെട്ട ജോർജ് തോമസിന്റെ പാർട്ടിയും എന്റെ പാർട്ടിയും തമ്മിൽ യാതൊരു പൊരുത്തവുമില്ല. എന്റെ സംശയം അവരുടെ പാർട്ടിയും അവരുടെ കൂട്ടുകാരുംകൂടി കേന്ദ്രത്തിൽ വേഗം വന്നുപോയാൽ പിന്നെ ഞങ്ങളുടെ പാർട്ടിയെ നിയമവിരുദ്ധമാക്കുമെന്നാണ്. സ്വതന്ത്രാപാർട്ടി ഇങ്ങനെ ഒരു പ്രമേയം ഇപ്പോൾത്തന്നെ പാസ്സാക്കി കഴിഞ്ഞു. അതുകൊണ്ട് അവരെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് യാതൊരു വ്യാമോഹവുമില്ല. എന്നാൽ ഇന്ന് ഇവരെ ഒന്നുതാഴെ ഇറക്കാൻവേണ്ടി ഞങ്ങൾ ശ്രമിക്കുന്നു. ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ മുൻകാലത്തെല്ലാം ഞങ്ങളുടെ ശ്രമത്തിനെ എതിർത്തുതോൽപ്പിക്കാൻ ബഹുമാനപ്പെട്ട കരുണാകരന്റെ കൂടെ നിന്നിരുന്ന ഡോക്ടർ ജോർജ് തോമസ് കുറച്ചൊന്നു മാറിയിട്ടുണ്ടെങ്കിൽ കുറച്ചേമാറിയിട്ടുള്ളൂ, മുഴുവനും മാറിയിട്ടില്ല—ഞങ്ങൾക്ക് എന്താണ് സങ്കടപ്പെടാനുള്ളത്. ഈ സംഗതികൾ വിവരിക്കുന്ന കൂട്ടത്തിലാണ് ഞങ്ങൾ ഏതു ചെകുത്താനുമായും കൂട്ടുകൂടി ഈ മന്ത്രിസഭയെ മറിച്ചിടുമെന്നുപറഞ്ഞത്. അദ്ദേഹം ചെകുത്താനാണ്, ഞാൻ ദൈവമാണ് എന്നൊക്കെ പറഞ്ഞാൽ പാദാരവിന്ദം എന്നുകേട്ടാൽ വട്ടത്തിലുള്ള കാല് എന്നർത്ഥമുണ്ടോ? അതുപോലെ തന്നെ ചന്ദ്രനെപ്പോലെ നിൻമുഖം എന്നു പറഞ്ഞാൽ മുഖത്തു കറുപ്പുണ്ടാകണമെന്നില്ലല്ലോ. ഇത്രയും അലങ്കാരപ്രയോഗത്തിലുള്ള വസ്തുതകൾ എന്താണെന്നുവച്ചാൽ ഈ ഗവൺമെന്റിനെ താഴത്തിറക്കുന്നതിന് ആരുവന്നാലും ഞങ്ങൾ സ്വാഗതം ചെയ്യും. താഴത്തിറക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ഞങ്ങൾ നടക്കുന്നത്. അതോടൊപ്പംതന്നെ താഴത്ത് ഇറക്കിക്കഴിഞ്ഞാൽ പിന്നെയുള്ള കാര്യംഎന്താണെന്ന് ആലോചിക്കേണ്ടതാണ്. നിങ്ങളൊക്കെ കാണിച്ചുതന്നിട്ടുണ്ടല്ലോ മുമ്പ്. ശങ്കറെ താഴത്തിറക്കിയതിനുശേഷമുള്ള എലക്ഷന് തൊട്ടോളിൻ തൊട്ടുകൂടാ എന്നല്ലേ അന്നുപറഞ്ഞത്. അന്ന് ആ രീതിയിലൊക്കെയാണ് കാര്യങ്ങൾ നടന്നത്.

അവസാനമായിട്ട് എനിക്ക് ഈ ഗവൺമെന്റിന്റെ നല്ല കാര്യങ്ങളെസംബന്ധിച്ചാണ് പറയാനുള്ളത്. ഈ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളെ സംബന്ധിച്ചു പറഞ്ഞപ്പോൾ, ഈ രാജ്യത്തെ നിക്ഷിപ്തതാൽപ്പര്യക്കാരെല്ലാം ഈ ഗവൺമെന്റിന് എതിരായിട്ടു വന്നിട്ടുണ്ടെന്ന് ആ ഭാഗത്തുള്ള ബഹുമാനപ്പെട്ട മെമ്പറൻമാർ പറയുന്നതുകേട്ടു. അതിന്റെ ഉള്ളിലേക്കുപോകാൻ സമയമില്ലാത്തതുകൊണ്ട് ഒരൊററകാര്യംമാത്രമേ പറയുന്നുള്ളൂ. ബഹുമാനപ്പെട്ട അച്യുതമേനോനോട് ഹൃദയത്തിൽ കൈവച്ചുകൊണ്ട് പറയാൻ ഞാനാവശ്യപ്പെടുകയാണ്. 1959-ൽ അന്നത്തെ മന്ത്രിസഭയെ ഇറക്കുന്നതിനുവേണ്ടി ഇവിടെ പ്രവർത്തിച്ചിട്ടുള്ള എല്ലാ ശക്തികളുടേയും അനുഗ്രഹാശിസ്സുകളോടെയല്ലേ അങ്ങ് അധികാരസ്ഥാനത്ത് ഇരിക്കുന്നത്? ഒററചോദ്യമേയുള്ളൂ. അമേരിക്കക്കാരും ബ്രിട്ടീഷ്തോട്ടക്കാരുമൊക്കെയാണ്ഞങ്ങളുടെ സഹായികളെന്നുപറയുന്ന നിങ്ങൾ മലയാളമനോരമ, മാതൃഭൂമി മുതലായ മലയാളപത്രങ്ങളും നിങ്ങൾതന്നെ Jute press എന്നുവിളിക്കുന്ന ഇൻഡ്യയിലെ പ്രധാനപ്പെട്ട മൊണോപ്പളി പ്രസ്സും ഒന്നു

എടുത്തു നോക്കുക. അതു ഞങ്ങളുടെ മന്ത്രിസഭ പോയതിനെയും നിങ്ങളുടെ മന്ത്രിസഭ വന്നതിനേയും സ്വാഗതം ചെയ്യുകയാണ്. ഇന്നുതന്നെ ഈ മന്ത്രിസഭയെ താഴത്തിറക്കുന്നതിനുള്ള ശ്രമത്തെ പരാജയപ്പെടുത്താനല്ലേ ഈ പത്രങ്ങൾ നിൽക്കുന്നത്? എന്തിന് ഏറെ—ഈ അടുത്ത സന്ദർഭത്തിൽപോലും ബഹുമാനപ്പെട്ട മുഹമ്മദുകോയയോടു ചോദിക്കുകയാണ്; ജനസംഘം മുസ്ലീംലീഗിന്റെ ബന്ധുവായിക്കഴിഞ്ഞോ? ഈ രണ്ടുദിവസംമുമ്പ് ജനസംഘത്തിന്റെ അഖിലേൻഡ്യാ ജനറൽ സെക്രട്ടറി ശ്രീ. പരമേശ്വരൻ ഈ മന്ത്രിസഭനിലനിൽക്കേണ്ടതിന്റെ ആവശ്യകതയെപ്പററി എന്താണു പറഞ്ഞത്. ഇത്രയേറെ നിങ്ങളാൽ ആക്ഷേപിക്കപ്പെടുന്ന സിൻഡിക്കേററ്—ജനസംഘം—സ്വതന്ത്രാ പാർട്ടികളുടെയെല്ലാം പിൻതുണയോടെയല്ലേ നിങ്ങൾ അധികാരത്തിൽ വന്നത്. ഇന്നുപോലും അവരുടെയെല്ലാം സഹായത്തോടെയല്ലേ നിങ്ങൾ നിലനിൽക്കുന്നത്? സിൻഡിക്കേററിനെസംബന്ധിച്ചും ജനസംഘത്തെസംബന്ധിച്ചും ശ്രീമാൻ കരുണാകരൻ ഒരു ചോദ്യം ചോദിക്കുന്നതുകേട്ടു. അതുകേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ഹിതേന്ദ്രദേശായിയുടെ ഗവൺമെൻറിനെ മറിച്ചിട്ടാൽ സ്വതന്ത്രാ ഗവൺമെൻറിനു പിൻതുണനൽകണമെന്നു പറഞ്ഞതാണ് നിങ്ങളുടെ പ്രസിഡൻറ്.

ശ്രീ. കെ. കരുണാകരൻ: അതു തിരുത്തിയതറിഞ്ഞില്ലേ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇല്ല ഇല്ല. ജഗജ്ജീവൻറാം തിരുത്തിയതു ഗുജറാത്തിലെ സ്വതന്ത്രക്കാർ മുഴുവനും പഴയ കാൺഗ്രസ്സുകാരായിരുന്നു എന്നാണ്. അപ്പോൾ ഇവിടത്തെ പറമ്പിത്തറമാസ്ററും മററും ഡാക്ടർ ജോർജുതോമസിനെപ്പററി പറയേണ്ട. അദ്ദേഹം രാഷ്ട്രീയ ശിശുവല്ലേ? ആരാണു? അവരോടു എന്താണു ഇത്ര വൈരം. നിങ്ങൾ എന്താണെന്നു ഞാൻ പറയുന്നില്ല. വേറെ വിധത്തിലും പറയുന്നില്ല. പക്ഷേ അദ്ദേഹം ഈ സ്വതന്ത്രാഗവൺമെൻറിനെ പിൻതാങ്ങുമെന്നു പ്രഖ്യാപിച്ചതു പ്രസിഡൻറുഭരണം ഒഴിവാക്കാൻവേണ്ടിയാണെന്നാണു പറഞ്ഞത്. പ്രസിഡൻറുഭരണം ഒഴിവാക്കാനാണെങ്കിൽ ഞങ്ങളുടെകൂടെ വന്നുകൂടെ. അങ്ങനെ പ്രസിഡൻറുഭരണമൊഴിവാക്കണമെന്നാണെങ്കിൽ ഞങ്ങൾക്കു പിൻതുണ തന്നുകൂടെ? ഞങ്ങൾ ആവശ്യപ്പെടുന്നില്ല ഇപ്പോൾ. നിങ്ങൾ ഞങ്ങൾക്കു പിൻതുണ നൽകുന്നുണ്ടെന്നു പറഞ്ഞാൽ.........

ശ്രീ കെ. കരുണാകരൻ: രൂപീകരിക്കാൻ പ്ലാനുണ്ടോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: രൂപീകരിക്കുന്നതിന്റെ കാര്യം ഇതു വീണിട്ടു പറയാം. ഏതായാലും ഒരുകാര്യം ഇപ്പോൾ തന്നെ പറയാം. നിങ്ങൾ പിൻതുണതരുന്നുണ്ടെന്നുകണ്ടാൽ ഞങ്ങളുടെ പോക്കിനു എന്തോ തെററുണ്ടാകും. അങ്ങനെ നിങ്ങൾ ഇപ്പോൾ പറയുന്നതു വളരെ നല്ല കാര്യങ്ങൾ ചെയ്യാൻ ഈ ഗവൺമെൻറു പിൻതിരിപ്പൻമാരുമായി ഏററുമുട്ടുകയാണു, പിൻതിരിപ്പൻമാരുമായി ഏററുമുട്ടുന്ന ഒരു ഗവൺമെൻറാണു ഇത് എന്നൊക്കെയാണ്. ആരെ പററിക്കാനാണു ഇതൊക്കെ പറയുന്നത്? അതുകൊണ്ടു ഈ വക കാര്യങ്ങളൊന്നും പറഞ്ഞിട്ടു അർത്ഥമില്ല. ചെയ്ത നല്ല കാര്യങ്ങൾ പറഞ്ഞുകൊള്ളണം. അതിനെക്കുറിച്ചു അധികം വിവരിക്കുന്നില്ല സമയമില്ലാത്തതുകൊണ്ട്.

ഒരുകാര്യം പറയാം. ധർമ്മംതന്നില്ലെങ്കിലും വേണ്ടില്ല പട്ടിയെവിട്ടു കടിപ്പിക്കാതിരുന്നാൽമതി. ശ്രീ. മുഹമ്മദുകോയയോടു പ്രത്യേകിച്ചും പറയുകയാണ്. ഈ കഴിഞ്ഞ നാലരമാസക്കാലത്തു ഞാൻ ചോദിക്കുകയാണു നിങ്ങൾക്കു നാണമില്ലേ? ഈ നാലരമാസക്കാലത്തു കേരളത്തിൽ നടന്നിട്ടുള്ളതു ഇതിനുമുമ്പു ഏതെങ്കിലും കാലത്തു നടന്നിട്ടുണ്ടോ? ശങ്കറുടേയും ടി. കെ.

2/3026/MC.

LIBRARY ARCHIVES Kerala Legislative Assembly

നാരായണപിള്ളയുടെയും കാലത്തു നടന്നതിലൊക്കെ ഞങ്ങൾക്കു ആക്ഷേപമുണ്ട്. ഇപ്പോൾ നടന്നതും മുമ്പു നടന്നതും തമ്മിൽ തട്ടിച്ചുനോക്കാൻ നിങ്ങൾക്കു നാണമില്ലേയെന്നു ഞാൻ ചോദിക്കുകയാണ്. ഇത്രയും ഹീനമായ പോലീസു മർദ്ദനങ്ങൾ മാത്രമല്ല ഗുണ്ടാമർദ്ദനങ്ങൾ ഇതിനുമുമ്പു നടന്നിട്ടുണ്ടോ? ഞങ്ങൾ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ ആഭ്യന്തരമന്ത്രിയുടെ മുമ്പിൽവച്ചല്ലേ ശ്രീമാൻ പൗലോസിനെ കൊന്നത്? അതിനെപ്പററി പറയാൻ തുടങ്ങിയാൽ സമയമില്ല. അതിനെയെല്ലാം മറച്ചുപിടിക്കാൻ വേണ്ടിമാത്രം നല്ലകാര്യങ്ങൾക്കു നിക്ഷിപ്തതാൽപര്യക്കാർ എതിരാണെന്നു പറയുന്നതു കേൾക്കുമ്പോൾ നാണമാകുന്നു. സമയമില്ലാത്തതുകൊണ്ടു ഞാൻ കൂടുതലൊന്നും പറയുന്നില്ല. ഈ പ്രമേയത്തെ വളരെ ശക്തിയായി ഞാൻ എതിർക്കുന്നു.

ഓർഡർ ഓർഡർ. തൽക്കാലം നമുക്കു കാപ്പികുടിക്കുന്നതിനുവേണ്ടി പിരിയാം. We will meet at 4.45 p. m.

(The Assembly rose for coffee at 4.28 p. m. and reassembled at 4.45 p. m. with Shri Alexander Parambithara in the Chair).

<u>ചെയർമാൻ:</u> ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിക്ക് മറുപടി പറയാം.

വിദ്യാഭ്യാസവും അഭ്യന്തരവും മന്ത്രി (<u>ശ്രീ. സി. എച്ച്. മുഹമ്മദുകോയ</u>): മിസ്ററർ ചെയർമാൻ സർ, വമ്പന്റെ പിമ്പാകാ എന്നൊരു പഴംചൊല്ലുണ്ട്. പ്രഗത്ഭനായ പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിനു ശേഷമാണ് അങ്ങ് എന്നെ സംസാരിക്കുവാൻ ക്ഷണിച്ചത്. അതിനാൽ എനിക്ക് അൽപ്പം സങ്കോചമില്ലാതില്ല. എങ്കിലും ഇന്നും കഴിഞ്ഞ ദിവസവും നടന്ന വാദപ്രതിവാദങ്ങളിൽ ഉന്നയിക്കപ്പെട്ട ചില സംഗതികളിലേക്ക് വെളിച്ചം വീശിക്കൊണ്ട് സർക്കാരിനു വേണ്ടി ഏതാനും വാക്കുകൾ പറയുവാൻ എനിക്ക് ആഗ്രഹം ഉണ്ട്. ഈ പ്രമേയാവതാരകനും നമ്മുടെ ഗവൺമെൻറിന്റെ നേതാവുമായ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ബാക്കിയുള്ള കാര്യങ്ങൾക്കെല്ലാം ഔദ്യോഗികമായ, ആധികാരികമായി മറുപടി പറയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ആസിഡ് ബോംബ് തൊട്ട് അമേദ്യം വരെ ആവനാഴിയിലെ നീറുന്നതും നാറുന്നതുമായ എല്ലാ പടക്കോപ്പുകളും എടുത്ത് പയററി പരാജയപ്പെട്ടതിനു ശേഷം മദ്യത്തിന്റെയും മദിരാക്ഷിയുടെയും മാദകമായ പശ്ചാത്തലത്തിൽ നടത്തിയ 'ഓപ്പറേഷൻ ട്രോപ്പിംഗ്' എന്ന നാടകത്തിന്റെ തലേന്നാൾ ആണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ സന്ദർഭോചിതമായ ഈ പ്രമേയം ഈ സഭയിൽ അവതരിപ്പിച്ചത്. അങ്ങനെയൊരു അസുലഭ കാലഘട്ടത്തിലാണ് ഇപ്പോൾ സഭയിൽ ചർച്ചയ്ക്ക് വിധേയമായ പ്രമേയം ആലോചനയ്ക്കു വന്നത്. മുഖ്യമന്ത്രി ആണത്തത്തോടുകൂടിതന്നെ ഇങ്ങനെയൊരു പ്രമേയം അതവതരിപ്പിച്ചു. ആണത്വം തനിക്കു മാത്രമെ ഉള്ളുവെന്ന് അവകാശപ്പെടുന്ന പ്രതിപക്ഷത്തിന്റെ ഉപനേതാവ് ഒഴിച്ച് ബാക്കി ഈ സഭയിലെ എല്ലാ അംഗങ്ങളും ഈ നിലപാട് ശരിവയ്ക്കുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചിരുന്നത്. എന്താണ് സർ, ഇവിടത്തെ പശ്ചാത്തലം നോക്കണം. കുറുമുന്നണിയെ പരിഹസിക്കുന്നവർ 'കുറു കുറു' മുന്നണി ഉണ്ടാക്കാൻ വേണ്ടി പരിശ്രമിക്കുകയാണ്. ആയാറാമിനേയും ഗയാറാമിനെയും' ആക്ഷേപിച്ചുനടന്ന ആളുകൾ ആയാറാംമാരെയും ഗയാറാംമാരെയും, പെട്രോമാക്സ് വിളക്കും വച്ച് തവളപിടിക്കുന്നവരെപോലെ, പിടിച്ചു പാതിരാവിൽ കാവൽ നിൽക്കുകയാണ്. അങ്ങനെയുള്ള ഘട്ടത്തിൽ പിന്നെ, മുഖ്യമന്ത്രി ഡിമാൻറ് അവതരിപ്പിക്കുകയാണോ വേണ്ടത്? അതുപോലെതന്നെ ഈ ഗവൺമെൻറിന് നിയമസഭയിൽ ഒരു പിൻബലമി

LIBRARY ARCHIVES Kerala Legislative Assembly

ല്ലെന്ന് പറഞ്ഞുപരത്തപ്പെടുകയും ഗവൺമെന്റിനെ അനുകൂലിച്ച മെമ്പറൻമാരിൽ പലരെയും തങ്ങളുടെ ചാക്കിൽ കിട്ടിയിരിക്കുന്നു എന്നു പ്രതിപക്ഷം അഭിമാനം കൊള്ളുകയും ചെയ്യുന്നസന്ദർഭത്തിൽ ഗവൺമെന്റിന് പിൻബലമുണ്ടോ, ഇല്ലയോ എന്ന് അറിഞ്ഞതിനു ശേഷം മാത്രമേ ഒരു ഗവൺമെന്റ് അവരുടെ സാധാരണ നിലയിലുള്ള സാമ്പത്തിക ഡിമാന്റുകളുമായും മററു ദൈനംദിന പ്രവർത്തനങ്ങളുമായും മുന്നോട്ടു പോകുകയുള്ളു എന്നുള്ളതാണ് പരമാർത്ഥം. ആ നിലയിൽ മുഖ്യമന്ത്രി ഈ സഭയുടെ വിശ്വാസമുണ്ടെന്ന് രേഖപ്പെടുത്തിക്കിട്ടിയാൽ അല്ലാതെ ബാക്കിയുള്ള ഡിമാന്റുകൾ അവതരിപ്പിക്കുകയില്ലെന്നു പറഞ്ഞു. ഇത് ജനാധിപത്യവിരുദ്ധമാണെന്ന് ശ്രീ. ഇ. എം. എസിന്റെ കാഴ്ചപ്പാടിനോട് നിർഭാഗ്യവശാൽ എനിക്ക് യോജിപ്പ് ഇല്ല. ഇങ്ങനെ വിശ്വാസം ചോദിക്കുന്ന പ്രമേയങ്ങൾ ഈ സഭയയിലെ മുൻഗാമികൾതന്നെ കൊണ്ടുവന്നിട്ടുണ്ട്. തിരു–കൊച്ചി നിയമസഭയിലെ ശ്രീ. എ. ഐ. ജോണും ശ്രീ. ചാഴിക്കാടനും ഇതേപോലെ അവതരിപ്പിച്ച സന്ദർഭം ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ രണ്ടു ഉപതിരഞ്ഞെടുപ്പിൽ ഭരണകക്ഷി പരാജയപ്പെട്ടപ്പോൾ ശ്രീ. രാജഗോപാലാചാരി ഇതുപോലെയുള്ള ഒരു പ്രമേയം കൊണ്ടുവരികയും നമ്പൂതിരിപ്പാടിന്റെ ഗ്രൂപ്പ് ഇവിടെ ഉന്നയിച്ചതുപോലെ ഒരു പോയിന്റ് ഓഫ് ഓർഡർ മി. നാരായണക്കുറുപ്പ് ഉന്നയിക്കുകയും ഇന്നത്തെ സ്പീക്കർ അതു തള്ളിക്കളയുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. പി. ആർ. ഗോപാലൻ: ബഡ്ജററ് സെഷൻ കാലത്താണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഡ്ജററ് സെഷൻ കാലത്താണ്. ഇങ്ങനെയുള്ള ഒരു സ്ഥിതിയിൽ ഇങ്ങനെയൊരു പ്രമേയം കൊണ്ടുവന്ന് വിശ്വാസമുണ്ടോ ഇല്ലയോ എന്ന് തീരുമാനിച്ച ശേഷമല്ലാതെ ബഡ്ജററ് അവതരിപ്പിക്കുന്നതിന് ന്യായമില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു തോന്നി. അത് ജനാധിപത്യ വിരോധമാണോ സർ? ഇവിടെ ഇങ്ങനെയുള്ള ഒരു പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രികൊണ്ടുവരികയും ആ പ്രമേയം സഭയിൽ അവതരിപ്പിക്കുകയും ചെയ്തതിനുശേഷം ഇവിടെ നടന്ന സംഭവവികാസത്തെക്കുറിച്ചും ആളുപിടിത്തത്തെക്കുറിച്ചും സമ്മർദ്ദങ്ങളെക്കുറിച്ചും ഒന്നും ഞാൻ പറയുന്നില്ല. അതെല്ലാം തിരുവനന്തപുരത്തു അങ്ങാടിപ്പാട്ടായ സംഗതിയാണ്. അത് എല്ലാവർക്കും നല്ലതുപോലെ അറിയാവുന്ന സംഗതിയാണ്. ഞാൻ അതേപ്പററിയൊന്നും വിശദമായി പറയുവാൻ ആഗ്രഹിക്കുന്നില്ല. പത്രങ്ങളിൽ അച്ചടിച്ചു വന്നു എന്നുള്ള കാരണംകൊണ്ടു മാത്രം വാർത്തകളുടെ സത്യാസത്യാവസ്ഥയെക്കുറിച്ചറിയാതെ അതു ഉദ്ധരിച്ചു ഇങ്ങനെ ശകാരിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നത്, വളരെ തെററായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. ഇങ്ങനെയൊരു തീരുമാനമെടുത്തതിനുശേഷം ഗവൺമെന്റ് ഒരുപാട് കമ്മിററികൾ രൂപീകരിച്ചു എന്നും ആ കമ്മിററികളിൽ പലർക്കും അംഗത്വം കൊടുത്തു എന്നും ഒക്കെയുള്ള പ്രചാരവേലകൾ ഇവിടെ വരുകയുണ്ടായി. എന്നു മാത്രമല്ല, ചില അന്വേഷണ നടപടികൾ പിൻവലിച്ചുവെന്നും പ്രസ്താവിക്കപ്പെടുകയുണ്ടായി. അതൊന്നും ശരിയല്ലെന്നാണു എനിക്ക് പറയാനുള്ളത്. ചില കേട്ടു കേൾവികളെ ആസ്പദമാക്കി ഇങ്ങനെ ആളുകളെ ആക്ഷേപിക്കുന്നത് തെററാണ്. ശ്രീ. പി. കെ. കുഞ്ഞിസാഹിബിനെ തരംതാഴ്ത്തുവാൻ വേണ്ടി നമ്പൂതിരിപ്പാടും അദ്ദേഹത്തിന്റെ കൂട്ടാളികളും കൂടി ആരംഭിച്ച ശ്രമത്തിന്റെ ഒടുവിലത്തെ കണ്ണിയായിമാത്രമേ ഇതിനെ ഞാൻ കാണുന്നുള്ളൂ. അതേപ്പററി കൂടുതൽ വിവരം അറിയേണ്ടവർ കോടതി രേഖകളും മററും പരിശോധിച്ചാൽ മതി എന്നെ എനിക്കു പറയുവാനുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ഇവിടെ ചില ആരോപണങ്ങൾ ഉണ്ടായി. ശ്രീമാൻ ഉമ്മൻ എന്ന പോലീസ് ഉദ്യോഗസ്ഥനെ സംബന്ധിച്ച് അദ്ദേഹത്തിന് അനർഹമായ പ്രമോഷൻ കൊടുത്തു എന്നതിന്റെ പേരിൽ ആരോപണമുണ്ടായി. വാസ്തവത്തിൽ തീരെ അവാസ്തവമായ പ്രസ്താവനയാണതെന്ന് പറയാൻ എനിക്ക് ആഗ്രഹം ഉണ്ട്. ഇപ്പോൾ ഡി. വൈ. എസ്. പി. മാരിൽ ഏററവും സീനിയർ ആണ് മിസ്ററർ ഉമ്മൻ എന്നതാണ് പരമാർത്ഥം. അദ്ദേഹത്തിന്റെ പേരിൽ ഒരു അഴിമതി ആരോപണമോ, അതുപോലുള്ള യാതൊരു ആരോപണമോ ഉണ്ടായിരുന്നിട്ടില്ലെന്നതാണ് വസ്തുത. ഒരു താക്കീതുപോലും നൽകത്തക്കവിധത്തിൽ ഉള്ള ഒരു ആരോപണം അദ്ദേഹത്തിന്റെ പേരിൽ മുമ്പ് ഉണ്ടായിരുന്നില്ല. എനിക്ക് അതു സംബന്ധിച്ച് പറയുവാനുള്ളത്, പറയാം. നമ്മുടെ രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ച് എന്തുവേണമെങ്കിലും ചർച്ചചെയ്യാം, അതേയവസരത്തിൽ ഈ നിശബ്ദജീവികളായ ഉദ്യോഗസ്ഥൻമാരുടെ പേർ ഇങ്ങനെ നിയമസഭയിൽ വലിച്ചുകൊണ്ടുവന്ന് അവരെ ആക്ഷേപിക്കുകയും അവരുടെ സ്വഭാവഹത്യ നടത്തുകയും ചെയ്യുന്നത് കഷ്ടമായിരിക്കും.

സർ, പിന്നെ ഇവിടെ കാര്യമായ ആരോപണങ്ങൾ ഉണ്ടായത് പോലീസ് അക്രമണങ്ങളെക്കുറിച്ചും മർദ്ദനങ്ങളെക്കുറിച്ചും ആണ്. ഈ സംഗതികളുടെ വസ്തുതകളെക്കുറിച്ച്, ഞാൻ പലതവണ പറഞ്ഞിട്ടുണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്, ബഹുമാനപ്പെട്ട ആർ. എസ്. പി. യുടെയും അതുപോലെതന്നെ ഭരണകക്ഷിയിലെ മററു കക്ഷികളുടെ നേതാക്കൻമാരും പറഞ്ഞിട്ടുണ്ട്. ഏതൊരു സാഹചര്യത്തിലാണ് പോലീസ് ഇവിടെ പ്രവർത്തിച്ചിരുന്നതെന്നും എന്തു വിധത്തിലുള്ള എതിർപ്പുകളെയും പ്രക്ഷോഭണങ്ങളെയും ആണ് പോലീസിന് നേരിടേണ്ടിവന്നതെന്നും നിയമസമാധാനം അപകടത്തിലാക്കുന്നതിന് കരുതികൂട്ടി, അപ്പുറത്തിരിക്കുന്ന സ്നേഹിതൻമാർ എന്തുമാത്രം പരിശ്രമിച്ചിരുന്നുവെന്നും നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെയുള്ള പരിതസ്ഥിതിയിൽപോലും എന്റെ വിനീതമായ അഭിപ്രായം പോലീസ് കഴിയുന്നിടത്തോളം സംയമനം പാലിക്കണമെന്നാണ്. പോലീസ് അതിരു വിട്ട് പ്രവർത്തിക്കരുത് എന്നാണ്. നിയമസമാധാനം പാലിക്കുവാനുള്ള പ്രവർത്തനം നടക്കുമ്പോൾ ചിലപ്പോൾ നിരപരാധികളായ ആളുകൾ പോലീസ് മർദ്ദനത്തിനും വെടിവയ്പ്പിനും വിധേയമായിപ്പോകും. ഇങ്ങനെയുള്ള നിരപരാധികളായ ആളുകൾ മുമ്പും ഇങ്ങനെയുള്ള മർദ്ദനത്തിനും വെടിവയ്പ്പിനും വിധേയമായിട്ടുണ്ട്. ഇപ്പോൾ ചെയ്ത സംഗതികളെ നീതികരിക്കാൻ വേണ്ടി പറയുകയല്ല. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്നപ്പോഴും അദ്ദേഹവും ഞങ്ങളെല്ലാവരുംകൂടി ഭരണം നടത്തിയിരുന്നപ്പോഴും, ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിന്റെ കക്ഷിയിൽപ്പെട്ട നേതാക്കൻമാർ മററുചില സംസ്ഥാനങ്ങളിൽ ഭരണം നടത്തിയിരുന്ന കാലത്തുമൊക്കെ നിരപരാധികളായ ആളുകൾ കൊല്ലപ്പെട്ടിട്ടുണ്ട്. കൽപ്പിച്ചുകൂട്ടിയാണ് കൊല ചെയ്തതെന്നു പറയുവാൻ ഒരിക്കലും ഞാൻ തയ്യാറാവുകയില്ല. ഇവിടെ നിന്നു വിളിച്ചാൽ വിളികേൾക്കുന്ന കടപ്പുറത്ത് ഒരു ഗർഭിണിയായ മൽസ്യത്തൊഴിലാളി നമ്പൂതിരിപ്പാടിന്റെ കാലത്തുണ്ടായ വെടിവയ്പ്പിൽ മരിച്ചില്ലെ? ശ്രീമാൻ ദിവാകരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു. എല്ലാവരും സത്യവാചകം ചൊല്ലുന്നതിനു മുമ്പായി പുന്നപ്രയിലെ രക്തസാക്ഷി മണ്ഡപത്തിൽ പോകുകയുണ്ടായി. ശ്രീ. ദിവാകരൻ വേറെ ഒരു രക്തസാക്ഷി മണ്ഡപത്തിൽകൂടി പോകുകയുണ്ടായി. അത് ചന്ദനത്തോപ്പിൽ ശ്രീ. ഇ.എം. എസിന്റെ ഭരണകാലത്ത് വെടിവയ്പ്പിൽ മരിച്ചആളുടെ രക്തസാക്ഷിമണ്ഡപമാണ്. ഇങ്ങനെയുള്ള സംഭവങ്ങൾ കൽപ്പിച്ചുകൂട്ടി നമ്പൂതിരിപ്പാടിന്റെ നിർദ്ദേശം കിട്ടിയിട്ട് ആരെങ്കിലും വെടിവച്ചതാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുവാൻ ഞാൻ ആളല്ല. ഞാൻ അങ്ങനെയൊന്നും പറയുകയില്ല. അന്നു നടന്നതുപോലെയുള്ള ചില സംഭവങ്ങൾ ഇന്നും ഉണ്ടായിട്ടുണ്ട്. എത്ര ആത്മസംയമനം പാലിച്ചാലും ഉണ്ടാകും. ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിനറിയാമല്ലൊ, പുതിയ ഗവൺമെൻറ് വന്നാലും പഴയ ഫയലുകൾ അവരുടെ മുമ്പിൽ വരുമെന്ന്, ആ ഫയലുകളിൽ കഴിഞ്ഞ കാലത്തെ ഗവൺമെൻറ് ചെയ്ത അതേ നടപടികൾ എടുക്കുവാനാണ് ഞങ്ങളും ശ്രമിക്കുന്നത്. അന്ന് പ്രതിപക്ഷത്ത് വളരെ ദുർബലമായ അഹിംസയിൽ വിശ്വാസമുള്ള ഒരു കക്ഷിയാണ് ഇവിടെ ഉണ്ടായിരുന്നത്. സർ, ഈ ഗവൺമെൻറു വന്നതിനുശേഷം ചില വെടിവയ്പുകളും നിർഭാഗ്യസംഭവങ്ങളും ഉണ്ടായിട്ടുണ്ട്. കൂടാതെ കഴിക്കാൻ അങ്ങേയററം ശ്രമിച്ചും ഒഴിവാക്കാവുന്ന ഏതെങ്കിലുംസംഭവങ്ങൾ പോലീസ് ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിനെ ന്യായീകരിക്കുവാൻ ഞാൻ ശ്രമിക്കുന്നില്ല. അങ്ങനെ ന്യായീകരിക്കേണ്ട ആവശ്യവുമില്ല. അങ്ങനെയുള്ള സംഭവങ്ങളിൽ പോലീസിനെ നീതീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പാലക്കാട്ടും കോഴിക്കോട്ടും 1–12–1969–ൽ നടന്ന ലാത്തിച്ചാർജിനെ സംബന്ധിച്ചും വെടിവയ്പ്പിനെ സംബന്ധിച്ചും ജുഡീഷ്യൽ എൻകയറി നടക്കുന്നുണ്ട്. ആലപ്പുഴ ഡിസ്ട്രിക്ടിലെ കൈനകരിയിൽ ചെറുകാലികായലിൽ നടന്ന വെടിവയ്പ്പിനെ സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ട്. പാണ്ടനാട്ടു നടന്ന ഏററവും നിർഭാഗ്യകരമായ സംഭവത്തെ സംബന്ധിച്ചും അന്വേഷണം നടക്കുന്നുണ്ട്. അതിനുപുറമെ ചിലകേസുകളിൽ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനെകൊണ്ടും അന്വേഷണം നടത്തുന്നുണ്ട്. പഴയ ഗവൺമെൻറ് ചെയ്ത പല കാര്യങ്ങളും നിഷ്കൃഷ്ടമായി ഞങ്ങൾ പിൻതുടരുകയാണ് ചെയ്യുന്നത്. നെടുമങ്ങാട് ഒരു സരസമ്മ എന്ന സ്ത്രീയെ മർദ്ദിച്ചതിനെ സംബന്ധിച്ച് തിരുവനന്തപുരം ആർ. ഡി.. ഒ. അന്വേഷണം നടത്തുന്നുണ്ട്. എം. എ. അലക്സാണ്ടർ, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, പൂജപ്പുര , എന്ന ഒരിൻസ്പെക്ടരുണ്ട്. അദ്ദേഹത്തിൻെറ മേൽ വന്ന ആരോപണത്തെ സംബന്ധിച്ചും അന്വേഷണം നടത്തുന്നുണ്ട്. കനകക്കുന്ന് ഔട്ട്പോസ്ററിൽ 10-11-69-ൽ നടന്ന സംഭവത്തെ സംബന്ധിച്ചും അന്വേഷണം നടത്തുന്നുണ്ട്. പെരിനാട് ഈസ്ററ് പോലീസ്സ്റേറഷൻ സബ് ഇൻസ്പെക്ടറെ സംബന്ധിച്ച് കൊല്ലം ആർ. ഡി. ഒ. അന്വേഷണം നടത്തുന്നുണ്ട്. അതുപോലെ തന്നെ ഇബ്രാഹിംകുട്ടി, കാൺസ്ററബിൾ പൂയപ്പള്ളി എന്നിവരെ സംബന്ധിച്ചും അന്വേഷണം നടത്തുന്നുണ്ട്. എറണാകുളം സൗത്ത് പോലീസ് നടത്തിയ അതിരു കവിഞ്ഞ പ്രവർത്തനങ്ങളെ സംബന്ധിച്ച് എൻെറ പ്രിയപ്പെട്ട സ്നേഹിതൻ, ശ്രീ. ഗംഗാധരൻ നടത്തിയ പരാതിയുടെ അടിസ്ഥാനത്തിൽ ഫോർട്ടുകൊച്ചി ആർ. ഡി. ഒ. യുടെ കീഴിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയില്ല എന്നേയുള്ളു. അതുപോലെ ബഹുമാനപ്പെട്ട നമ്പീശൻ മർദ്ദനത്തിന് വിധേയനായ വളരെ ഖേദകരമായ സംഭവത്തെക്കുറിച്ച് തൃശ്ശൂർ ആർ. ഡി. ഒ. യെകൊണ്ട് അന്വേഷണം നടത്തുന്നുണ്ട്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: ഈ ഗവൺമെൻറിൻെറ നയം എന്ന നിലയിലും നിർദ്ദേശം എന്ന നിലയിലും സി. ആർ. പി. നടത്തിയ മർദ്ദനങ്ങളെസംബന്ധിച്ച് ഈ ഗവൺമെൻറിൻെറ നയം നടപ്പിലാക്കാൻ ബാധ്യസ്ഥനായ ഒരു ആർ. ഡി. ഒ. യെകൊണ്ട് അന്വേഷിപ്പിച്ചാൽ എന്തു തെളിയാനാണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ ആദ്യമെ പറഞ്ഞു ഈ മാതിരിയുള്ള അന്വേഷണങ്ങൾ റവന്യൂഉദ്യോഗസ്ഥൻമാരെകൊണ്ട് നടത്തിച്ചാൽ ഫലമുണ്ടാകുമെന്നാണ് ഗവൺമെൻറു വിചാരിക്കുന്നതെന്ന്. ഫലം

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലായെങ്കിൽ വേറെ വിധത്തിൽ ചെയ്യാവുന്നതാണ്. ഫലം ഉണ്ടാകുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ ടി. വി. തോമസ്:—ചെത്തുതൊഴിലാളികളെ അടിച്ചതിനെ

5 p. m.] പ്പററി ആർ. ഡി. ഒ. അല്ലേ അന്വേഷിച്ചത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതെ, അങ്ങനെയാണ്.

ശ്രീമതി കെ. ആർ. ഗൗരി: വില്ലേജാഫീസറെക്കൊണ്ടു അന്വേഷിപ്പിച്ചാൽമതിയെന്നു പറഞ്ഞതാണ് ആർ. ഡി. ഒ. യെക്കൊണ്ട് അന്വേഷിപ്പിച്ചത്.

ശ്രീ.സി. എച്ച്. മുഹമ്മദുകോയ: സർ, ശ്രീ എ. എസ്. പുരുഷോത്തമനെ എറണാകുളത്തുവച്ചു മർദ്ദിച്ചതിനെക്കുറിച്ചുള്ള കേസിനെ സംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ട്.

അതുപോലെ, തിരൂരിൽനിന്നുള്ള ആവലാതിയെസംബന്ധിച്ച് മലപ്പുറം ഡിസ്ട്രിക്റ്റ് കളക്ടർ അന്വേഷണം നടത്തുന്നുണ്ട്. ചിലതിലൊക്കെ റിപ്പോർട്ടു പൂർത്തിയായിട്ടില്ല എന്നുമാത്രമേയുള്ളൂ.

തലശ്ശേരി ഹെഡ്ലോഡ് വർക്കേഴ്സിന്റെ മേലുള്ള പോലീസ് എക്സസ്സിനെസംബന്ധിച്ച് സബ്ഇൻസ്പെക്ടറുടെ പേരിൽ അന്വേഷണം നടത്തുന്നുണ്ട്.

അതുപോലെതന്നെ, ശ്രീ തണ്ടാരെ വിലങ്ങുവച്ചുവെന്ന് അദ്ദേഹം ആരോപണം നടത്തുകയുണ്ടായി; പ്രാഥമികമായ വിശദമായ അന്വേഷണം നടത്തിയിട്ടില്ലെങ്കിലും ആ കാര്യം വളരെ കഠോരമായി തോന്നിയതുകൊണ്ട് ഹെഡ്കാൺസ്ററബിളിനെ ഗവർമ്മെൻറ് ഡിസിപ്ലിനറി ആക്ഷന് പ്രാരംഭമായി സസ്പെൻഷനിൽ വച്ചിട്ടുണ്ട്.

ആലപ്പുഴെ എ. ആർ. പി. യാതൊരു പ്രകോപനവും കൂടാതെ അന്യായമായി പെരുമാറിയെന്ന് ശ്രീ. അച്യുതാനന്ദന്റെ ആരോപണമുണ്ടായി; പ്രൈമാഫേസി അതു ശരിയാണെന്ന് അന്വേഷണത്തിൽ മനസ്സിലായി; അതിന്റെ ഫലമായി 4 കാൺസ്ററബിൾമാരെ സസ്പെൻഷനിൽ വച്ചിട്ടുണ്ട്; നടപടിയെടുത്തുവരികയാണ്.

തൃശ്ശൂർ ഡിസ്ട്രിക്ടിൽ സബ് ഇൻസ്പെക്ടർ ഒരു ലോറി ഡ്രൈവറെ അടിച്ചു എന്നു പരാതിയുണ്ടായപ്പോൾ എൻക്വയറിയിൽ പ്രൈമാഫേസി കേസുണ്ടെന്നു തോന്നിയതുകാരണം സർക്കിൾ ഇൻസ്പെക്ടറെ സസ്പെൻഷനിൽവച്ചിട്ടുണ്ട്.

സർ, ഇങ്ങനെ അനേകമനേകം സംഗതികൾ പ്രത്യേകംപ്രത്യേകമായി പറയാനുണ്ട്; അവയെല്ലാം ഞാൻ പറയുന്നില്ല. ഞാൻ പറയുന്നത്, ചില മർദ്ദനങ്ങൾ നടന്നിട്ടുണ്ട്, നടക്കത്തക്ക ചില സാഹചര്യങ്ങളുണ്ടായിട്ടുണ്ട്; ഒരു പരിതഃസ്ഥിതിയിലും അന്യായമായി പോലീസ് പെരുമാററുതെന്നും ആരെയും ലോക്കപ്പിൽവച്ചു മർദ്ദിക്കരുതെന്നും ന്യായമായി പെരുമാറണമെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ നിർദ്ദേശങ്ങളൊക്കെയുണ്ടായിട്ടും എന്തെങ്കിലും വീഴ്ച വന്നുപോയതായി ആരോപണങ്ങളുണ്ടായപ്പോൾ ആ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി കല്പന പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു വ്യത്യാസം മാത്രം ഉള്ളത് മുൻപ് ഇത്രയൊക്കെ സംഭവങ്ങളില്ല, വളരെ ചുരുക്കസംഭവങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നതാണ്. ഇന്ന് ചിലർ ഇത്തരം സംഭവങ്ങൾ ഉണ്ടാകുകയും ഉണ്ടാക്കുകയും ഉണ്ടാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു എന്നുള്ളതാണ് പരമാർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു സംഗതി ഈ കാര്യങ്ങളെക്കുറിച്ചു പറയുമ്പോഠം ചിന്തിക്കേണ്ടതായിട്ടുണ്ട്. ഈ രാജ്യത്താകമാനം ഇന്ന് മർദ്ദനങ്ങളും ആക്രമണങ്ങളും രാഷ്ട്രീയപ്രതിയോഗികളെ വകവരുത്താനുള്ള പരിശ്രമങ്ങളും പാർട്ടിക്കാർ നടത്തുന്നില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷമെംബർമാർക്കുപോലും അവരുടെ ഹൃദയത്തിൽ കൈവച്ചുകൊണ്ട് പറയാൻകഴിയുകയില്ല. ഇവിടെ ഞാൻ അതിനെസംബന്ധിച്ചിടത്തോളം ഒരു ലോഘുലേഖ ഉണ്ടാക്കാനും മാത്രമുള്ള വിവരങ്ങഠം കൊണ്ടുവന്നിട്ടുണ്ട്. സർ, നമ്മുടെ സമയം വളരെ പരിമിതമാണല്ലൊ, ആ സമയം ഇതിനുവേണ്ടിമാത്രം വിനിയോഗിക്കുന്നതു ശരിയായിരിക്കുകയില്ല. എങ്കിലും ഞാൻ ഇതിൽ കുറെ ഒന്നു ബദ്ധപ്പെട്ടു വായിക്കുകയാണെങ്കിൽ, കുറെ കാര്യങ്ങഠം മനസ്സിലാകും:

22—1—70 ൽ ചാക്ക വർക്ക്ഷാപ്പിൽവച്ച് ആസിഡ് ബോംബ് എറിഞ്ഞ സംഭവത്തിൽ 5 മഹിളാമണികളടക്കം 16 പേർക്കു പരിക്കേൽക്കുകയും പൊള്ളലേൽക്കുകയും ചെയ്തിട്ടുണ്ട്. (തിരുവനന്തപുരം ജില്ലയിലേതുമാത്രമാണ് വായിക്കുന്നത്) 11—3—70 ൽ ഇതുപോലുള്ള ഒരു സംഭവത്തിൽ വേദനായകം എന്ന ഒരു കാൺഗ്രസ്സുകാരനെ അടിച്ചു. ഈ ജില്ലയിൽ ഇതുപോലുള്ള സംഭവത്തിൻെറ പേരിൽ 4 മാർക്സിസ്ററുകാരുടെ പേരിൽ കേസെടുത്തിട്ടുണ്ട്. ആലപ്പുഴജില്ലയിൽ നടന്ന അക്രമത്തെപ്പററി ഇവിടെ പലരും പലതും പറഞ്ഞു. നിങ്ങഠം മാർക്സിസ്ററുകാർ ആരെയും നോവിക്കാത്ത ശാന്തജീവികളായി നിലകൊള്ളുകയാണോ? അങ്ങനെയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. പക്ഷേ പറയുന്നതു കേട്ടാൽ തോന്നും അഹിംസയിൽ വിശ്വസിക്കുന്നവരായി ആകെ ഉണ്ടായിട്ടുള്ളത് ബുദ്ധഭഗവാൻ, അശോകൻ, നമ്പൂതിരിപ്പാട് ഇങ്ങനെ കുറേപ്പേർമാത്രമാണെന്ന്; മാർക്സിസ്ററുപാർട്ടി അക്രമം കാണിക്കുന്നില്ലേ?

കായംകുളത്ത് 1—11—69-ൽ രണ്ടു ബസ്സുകഠം ഇവർ കത്തിച്ചുകളഞ്ഞു. ഒന്നു നിശേഷം കത്തിച്ചുകളഞ്ഞു.

6-11-69-ൽ കായംകുളത്ത് കർഷകത്തൊഴിലാളികളുടെ വീട് ആക്രമിച്ചു, കല്ലെറിഞ്ഞ് 5 പേർക്കു പരിക്കു പററി.

5-1-69 ൽ-കുത്തിയതോടു് രാജപ്പക്കർത്താവിൻെറ കൊപ്രാക്കളെം കത്തിച്ചു കളഞ്ഞു.

അന്നുതന്നെ പുന്നപ്രയിലെ ഒരു സി. പി. ഐ. ക്കാരനെ ഇരുമ്പുവടി കൊണ്ടടിച്ചു.

7—1—69-ൽ മാരാരിക്കുളത്ത് ഒരു കോൺഗ്രസ്സുകാരനെ അടിച്ചു.

പിറേറന്ന് അരീപ്പറമ്പു സുകുമാരൻ എന്ന കാൺസ്ററബിളിനെ കുത്തി.

പുളികുന്നത്തു ജോണി എന്നയാളിൻെറ ബോട്ടു 100 മാർക്സിസ്ററുകാർ ചേർന്ന് നശിപ്പിച്ചു.

8—1—70—ൽ വഴിയമ്പലത്ത് ഇബ്രാഹിംകുട്ടി എന്നകോൺഗ്രസ്സുകാരനെ കുത്തിക്കൊന്നു; ആലപ്പുഴ ആശുപത്രിയിൽക്കിടന്ന് അയാഠം മരിച്ചു.

12—1—70-ൽ മംഗലാപുരം കായലിൽ ഒരു ബോട്ടാക്രമിച്ചു; ഐക്യമുന്നണി ജാഥയായി പോയവരെ ആക്രമിച്ചു 3 പേർക്കു പരിക്കേൽപ്പിച്ചു.

അതിൻെറ തലേന്നു തണ്ണീർമുക്കത്ത് ഒരു ടാക്സി നശിപ്പിച്ചു. അതിനുള്ളിലിരുന്ന കാൺഗ്രസ്സുകാരനെ അടിച്ചു.

അതിൻെറയും തലേന്നു പാണ്ടനാട്ടുവച്ച് മത്തൻ എന്നയാളെ ആക്രമിച്ചു.

15—1—70 ന് 50 മാർക്സിസ്ററുകാർ കുന്നുമ്മേൽ ആൻജോതോമസ് എന്നയാളിൻെറ വീടാക്രമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

17–1–70–ന് ഒരുസംഘംമാർക്സിസ്ററുകാർ വെട്ടിക്കവലയിൽ ഇരുമ്പു വടികളുമായി ആക്രമണം നടത്തി ഒരു സംഘംകോൺഗ്രസ്സുകാരെ പരിക്കേൽപ്പിച്ചു.

21–1–70–ൽ രാത്രി പന്തളത്തിനടുത്ത് മാന്തുറ പാലം ഡൈനാമൈററു വച്ച് കേടുവരുത്തി.

20–1–71–ൽ രാത്രി പുതിയവിള എന്ന സ്ഥലത്ത് ഭാസ്കരൻ എന്നയാളുടെ വീടു തീവച്ചു നശിപ്പിച്ചു.

21–1–70–ന് പത്മനാഭൻ എന്ന സി. പി. ഐ. പ്രവർത്തകൻെറ വീടു തീവച്ചതിന് ഒരു കേസ് ഹരിപ്പാട് പോലീസ് രജിസ്ററർചെയ്തു.

നല്ലപാടം എന്ന സ്ഥലത്ത് പുന്നപ്രയിലെ ഒരു കോൺഗ്രസ്സുകാരനെ ഇരുമ്പുവടികൊണ്ടടിച്ച് അവശനാക്കി തോട്ടിൽ ഇട്ടേച്ചുപോയി...........

സർ, ഞാൻ ഇതു മുഴുവൻ വായിക്കുന്നില്ല, എത്രമാത്രം സംഭവങ്ങളാണുണ്ടായിരിക്കുന്നത്; ആലപ്പുഴജില്ലയിലേതുതന്നെ മുഴുവൻ തീർന്നിട്ടില്ല. അന്വേഷണത്തിനു വിധേയമായതുകൊണ്ട് കൂടുതലൊന്നും പറയുന്നില്ല.

29–1–70–ന് പള്ളിപ്പാട്ടെകോൺഗ്രസ്സുകാരെ ആക്രമിച്ച് 4 പേർക്കു പരിക്കേൽപ്പിച്ചു.

4–2–70–ൽ ജേക്കബ്തോമസ് എന്നയാളെ അടിച്ചതിനെപ്പററി കേസെടുത്തിട്ടുണ്ട്.

1–2–70–ൽ 2 മാർക്സിസ്ററുകാർ 2 ഐ. എൻ. ടി. യു. സി. ക്കാരെ അടിച്ചു.

11–2–70–ൽ പൊന്നാനിയിലെ സെയ്നുദീൻെറ മസാലപ്പൊടിയും 100 കെട്ടു വൈക്കോലും കത്തിച്ചുകളഞ്ഞു.

16–2–70––ൽ കായംകുളത്തുവച്ച് മുനിസിപ്പൽ വൈസ്ചെയർമാൻ നാരായണനെ ആക്രമിച്ചു, അയാളുടെ നേരെ കല്ലെറിഞ്ഞു.

17–2–70–ൽ ഉഴുവയിലെ ഒരു കോൺഗ്രസ്സ് പ്രവർത്തകനെ ആക്രമിച്ചു.

രാമചന്ദ്രക്കുറുപ്പ് എന്ന കോൺഗ്രസ്സ് പ്രവർത്തകൻെറ കളങ്ങൾ നശിപ്പിച്ചു.

22–2–70–ൽ രണ്ടു മാർക്സിസ്ററുകാർ ചേർന്ന് ഒരു സി. പി. ഐ. പ്രവർത്തകനെ അടിച്ചു.

പഠനാട്ടെ കാര്യം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്, അതുകൊണ്ട് അതിനെപ്പററി പറയുന്നില്ല.

ജോസഫ് എന്ന കോൺഗ്രസ്സുകാരനെ 5 മാർക്സിസ്ററുകാർ ചേർന്ന് ആക്രമിച്ച് പരിക്കേൽപ്പിച്ചു.

ഇനി കോട്ടയം ജില്ലയിലെ സംഭവങ്ങളുണ്ട്; ഇങ്ങനെ ഓരോ ജില്ലയിലുമുണ്ട്. കണ്ണൂർജില്ലയിൽ ഉണ്ടായിട്ടുണ്ട്; അവിടെ ഞങ്ങളുടെ ഭരണപാർട്ടിയുടെ പ്രവർത്തകൻമാരെ കൊന്നിട്ടുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങൾ മറുഭാഗത്തുനിന്നുണ്ടാക്കിയിട്ടുണ്ട്. അങ്ങനെയൊക്കെ അക്രമങ്ങൾ അഴിച്ചുവിടുകയും വീടുകൾ കത്തിക്കുകയും പ്രവർത്തകരെ അടിക്കുകയും ചെയ്യുമ്പോൾ എന്തു വേണം? അതൊക്കെ അന്യോന്യം ഉണ്ടായിട്ടുണ്ട്. അങ്ങനെയൊക്കെ ഉണ്ടാകുമ്പോൾ കണ്ടില്ല കേട്ടില്ല എന്നു നടിച്ചാൽ ഈ രാജ്യത്തുണ്ടാകാവുന്ന സംഭവങ്ങൾ എന്തായിരിക്കും? അങ്ങനെയുള്ള സ്ഥിതിവിശേഷമുണ്ടാക്കുമ്പോൾ പോലീസ് ഇടപെട്ടിട്ടുണ്ട്; പോലീസിന് നോക്കിയിരിക്കാൻപററുകയില്ല. മർദ്ദനത്തിനു വിധേയരായവർക്കും രക്ഷ നൽകാൻ കേസെടുത്തിട്ടുണ്ട്. മാർക്സി

LIBRARY ARCHIVES Kerala Legislative Assembly

സ്ററുകാരുടെ പേരിൽ കേസെടുത്തിട്ടുണ്ട്; മാർക്സിസ്ററുകാരല്ലാത്ത വരുടെ പേരിൽ കേസെടുത്തിട്ടുണ്ട്. ചില കൊലപാതകികളെ പിടിച്ചി ട്ടുണ്ട്; ചിലരെ പിടികിട്ടിയിട്ടില്ല. ഈ കാര്യങ്ങളിൽ നിഷ്പക്ഷമായ ഒരു നിലപാടു സ്വീകരിക്കാൻ പോലീസ് പരിശ്രമിച്ചിട്ടുണ്ട്. പക്ഷേ പോലീ സുകാർ ഇക്കാര്യത്തിൽ യാതൊരുതരത്തിലുള്ള പാകപ്പിഴയും കാണിച്ചിട്ടി ല്ലെന്നും അവർക്കു തെററൊന്നും പററിപ്പോയിട്ടില്ലെന്നും ഞാൻ പറയുന്നില്ല. ചിലയിടങ്ങളിൽ മാർക്സിസ്ററുകളുടെ പൂർവകാലബന്ധങ്ങൾക്കു വിധേ യമായി പോലീസുകാർ ന്യായമായിട്ടല്ലാതെ പെരുമാറിയിരിക്കാം. ചിലയിട ങ്ങളിൽ പോലീസുകാർ മററു പാർട്ടിക്കാരുടെ നിയന്ത്രണത്തിനു വിധേയമായി പ്പോയതുമൂലം മാർക്സിസ്ററു സ്നേഹിതൻമാരുടെ ആവലാതിയനുസരിച്ചു പ്രവർത്തിച്ചില്ലെന്നും വരാം. ഇവിടെ ഒരു സത്യം പറയേണ്ടതുണ്ട്: രണ്ടു ഭാഗത്തുനിന്നും ആവലാതികൾ ഉണ്ടായിട്ടുണ്ട്. മർദ്ദിക്കപ്പെട്ട ആളുകൾക്ക് സംരക്ഷണം നൽകാൻ പോലീസ് ഇടപെട്ടിട്ടുണ്ട്. നാട്ടിലാകെ മർദ്ദ നവും അക്രമവും കുഴപ്പങ്ങളുമുള്ള ഒരന്തരീക്ഷം വരുമ്പോൾ പോലീസ് അന്വേഷിക്കുകയും സംഭവസ്ഥലത്തുപോകുകയും നിരപരാധികളായ, മർദ്ദ നത്തിനു വിധേയരായ, ആളുകൾക്കു പരിരക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. പോലീസ് മർദ്ദനത്തെക്കുറിച്ച് ആവലാതിയുണ്ടായാൽ അന്വേഷിക്കുകയും പ്രൈമാഫേസി കേസിന്റെ ലാഞ്ഛനയെങ്കിലും ഉള്ളിടത്ത് ഉദ്യോഗസ്ഥൻ മാരെ സസ്പെൻറുചെയ്യുകയും ചെയ്തിട്ടുണ്ട്. അതിന്റെയൊക്കെ വലിയ പട്ടിക എന്റെ കൈയിലുണ്ട്; അതു മേശപ്പുറത്തു വയ്ക്കാൻ തയ്യാറാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് വ്യക്തമായ വസ്തുതകൾ സഭയെ മന സ്സിലാക്കാൻ ഞാൻ ഈയവസരമുപയോഗിക്കുകയാണ്. പക്ഷപാതപര മായോ അന്യായമായോ ഏതെങ്കിലും വിഭാഗത്തോടു പെരുമാറിയിട്ടില്ല. ഏതെ ങ്കിലും വിഭാഗത്തോടു പക്ഷപാതം കാണിച്ചിട്ടുണ്ടെന്ന് മാർക്സിസ്ററു പാർട്ടിയിലെ സ്നേഹിതൻമാർ തുരുതുരെ ആരോപണമുന്നയിക്കുകയാണ്. അങ്ങനെയുള്ള ആരോപണങ്ങളെ, ഈ ഗവമെൺൻറിന്റെ മേൽ പ്രത്യേകിച്ചും എന്റെമേൽ—കരിവാരിത്തേയ്ക്കാനുള്ള പരിശ്രമത്തിന്റെ ഒരു ഭാഗമെന്ന നില യിൽ മാത്രമേ പരിഗണിക്കാൻനിവൃത്തിയുള്ള. ബഹുമാനപ്പെട്ട കുഞ്ഞമ്പു വിനെപ്പോലുള്ളവർവളരെ ആവേശത്തോടുകൂടി ഉന്നയിച്ച അത്തരം ആരോപണ ങ്ങളെ ഞാൻ വളരെ ശക്തിയായി നിഷേധിക്കുകയാണ്. ചില അവസരത്തിൽ നടന്ന സംഭവങ്ങൾ ബഹുമാനപ്പെട്ട കുഞ്ഞമ്പു കാണാത്തതായിട്ടുണ്ട്. അവർക്കു ഭൂരിപക്ഷമുള്ള സ്ഥലങ്ങളിൽ ഭരണകക്ഷിക്കാരുടെ പാർട്ടിയിൽപ്പെട്ട പ്രവർത്തകർക്കും ഭരണകക്ഷിയിൽപ്പെട്ട പാർട്ടികളുടെ അനുഭാവികൾക്കും ഉണ്ടായ അരക്ഷിതാവസ്ഥയെപ്പററി എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? അത്ത രം അക്രമങ്ങളെ തള്ളിപ്പറഞ്ഞിട്ടുണ്ടോ? രണ്ടുഭാഗത്തുമുള്ളവർ ചേർന്ന്, സമാധാനപരമായ ഒരന്തരീക്ഷം ഉണ്ടാക്കണം, അതിനുവേണ്ടി പരിശ്രമിക്കണം എന്നതിനുപകരം, അത്തരം അക്രമങ്ങളെ തള്ളിപ്പറയാൻ തയ്യാറല്ലെന്നാണ് ഇ. എം. എസ്. പറഞ്ഞത്. വാസ്തവത്തിൽ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് എന്തൊരു ''ഭയങ്കരൻനമ്പൂതിരിപ്പാടാണ്'' എന്ന് അപ്പോൾ ഞാൻ ആലോചി ച്ചുപോയി. ഈമാതിരിയുള്ള അക്രമങ്ങളെ നിരുൽസാഹപ്പെടുത്താൻ അദ്ദേ ഹത്തിനു കഴിയും; അദ്ദേഹത്തിന്റെ വാക്കുകൾ അനുസരിക്കാൻ ഇന്ന് ഈ രാജ്യത്ത് ഒരു വലിയ വിഭാഗമാളുകൾ ഉണ്ട്. പക്ഷേ ''അതിനെ നിരുൽസാ ഹപ്പെടുത്താൻ ഞാനൊന്നും പറയുകയില്ല, എങ്ങനെയെങ്കിലും ഈ ഗവൺമെ ൻറിനെ എതിർക്കാനുള്ള സന്ദർഭങ്ങൾ ഉപയോഗിക്കും'' എന്നുള്ള വാദവുമായി അദ്ദേഹം മുന്നോട്ടു പോയത് തെററാണെന്നാണ് എന്റെ അഭിപ്രായം.

സർ, ഞാൻ അവസാനിപ്പിക്കാനാഗ്രഹിക്കുകയാണ്. ഇവിടെ ഇപ്പോ ഴുണ്ടായതുപോലെയുള്ള സ്ഥിതിയുണ്ടായാൽപ്പിന്നെ ഒരു ഗവൺമെൻറ് ഇവിടെ ഉണ്ടാകുകയില്ല, നമ്മുടെ പദ്ധതികളെല്ലാം അപകടത്തിലായിപ്പോകും.

LIBRARY ARCHIVES Kerala Legislative Assembly

എന്ന സൂചന ശ്രീ. ബേബിജോണിനെപ്പോലുള്ളയാളുകരം ഇവിടെ നൽകിയപ്പോരം അതിനെ ചിലർ എതിർക്കുകയുണ്ടായി. പക്ഷേ ഒരു ബദൽ മന്ത്രിസഭയുണ്ടാക്കാൻ ആരു തയ്യാറാകും? ആരും വരികയില്ല. നമ്പൂതിരിപ്പാടു മന്ത്രിസഭയുണ്ടാക്കുകയില്ല എന്നു പറഞ്ഞു. പിന്നെ രൂപീകരിക്കേണ്ടത് എസ്. എസ്. പി. അല്ലേ? അതിന്റെ കാര്യം നമുക്കറിയാം; ഐക്യമുന്നണിയുടെ മാനിഫെസ്റ്റോ ഉണ്ടാക്കാൻ തന്നെ നാം അനുഭവിച്ച പേററുനോവു ചില്ലറയാണോ? അഖിലേന്ത്യാനേതൃത്വം ഇടപെട്ടിടപെട്ട്, ''ഇതിനെ മാനിഫെസ്റ്റോ എന്നു പറയാൻ പാടില്ല'', ഇതിനെ...........മറെറന്തോ എന്നുവേണം പറയാൻ എന്നൊക്കെ ഒരോന്നു പറഞ്ഞതു നമുക്കറിഞ്ഞുകൂടേ? 'ഉണ്ടിരുന്ന നായർക്ക് ഒരു വിളി തോന്നി' എന്നു പറയാറില്ലേ, അതുപോലെ അങ്ങനെയിരിക്കുമ്പോരം മധുലിമായേയ്ക്കു ഒരു 'വിളി' തോന്നിപ്പോയാൽപ്പിന്നെ അബുസാഹിബിന്റെ കാര്യം തന്നെയല്ലേ? അഖിലേന്ത്യാ ലെവലിൽ ഇതിനെ സപ്പോർട്ടുചെയ്യുന്ന എസ്. എസ്. പി. ക്കാരുണ്ട്, എതിർക്കുന്ന എസ്. എസ്. പി. ക്കാരുമുണ്ട്. ഇതൊക്കെ ഒന്നു കലങ്ങിത്തെളിഞ്ഞുവരുമ്പോരം എന്തുതീരുമാനമെടുക്കുമെന്ന കാര്യത്തിൽ തികഞ്ഞ അനിശ്ചിതാവസ്ഥയാണുള്ളത്. പിന്നെ നമ്പൂതിരിപ്പാട് പിന്നിൽനിന്നുകൊണ്ട്—മുന്നിൽ വരാൻ കഴികയുകയില്ല—കുറവൻമാർ കുരങ്ങിനെ കളിപ്പിക്കുന്നതുപോലെ സ്വതന്ത്രൻമാരെ കൂട്ടിച്ചേർത്ത് കളിപ്പിക്കാമെന്നാണ്. കുറവൻമാർ കുരങ്ങിനെ കളിപ്പിക്കുമ്പോരം കുരങ്ങ് കളിക്കുന്നത് കുരങ്ങിന്റെ സംസ്കാരവും കുരങ്ങിന്റെ 'മാനിഫെസ്റ്റോയും' ഒക്കെ അനുസരിച്ചുള്ള കളിയാണോ—അതെല്ലാം കുറവന്റെ സംസ്കാരവും കുറവന്റെ മാനിഫെസ്റ്റോയും 'അനുസരിച്ചുള്ള കളിയാണെന്നു നമുക്കറിയാം. നാം കാണാറില്ലേ, 'കളിയെടി കാമാക്ഷീ' കുട്ടിപ്പെണ്ണേ' എന്നു പറഞ്ഞ് കളിപ്പിക്കുന്നത്. അതുപോലെ കളിയെടി കാമാക്ഷി കുട്ടിപ്പെണ്ണേ എന്നു പറയുമ്പോരം കളിക്കുന്നമന്ത്രിസഭയല്ലേ ഉണ്ടാക്കാൻപോകുന്നത്: അങ്ങനെയുള്ള മന്ത്രിസഭയ്ക്കുവേണ്ടി ആത്മാഭിമാനവും അന്തസ്സും ഉള്ള ആർക്കും ഇവരുടെ കൂടെ അധികം നിൽക്കാൻ കഴിയുമെന്നു ഞാൻ വിചാരിക്കുന്നില്ല. അങ്ങനെയുള്ള ഒരു മന്ത്രിസഭയുടെ പിതൃത്വം ഏറെറടുക്കാൻപോലും സാധ്യമല്ലെന്നാണ് നമ്പൂതിരിപ്പാടു പറയുന്നത്. 'ഞാനാണ് അതിന്റെ പിതാവ്' എന്നു പറഞ്ഞ് മുൻപോട്ടു വരാൻപോലും തയ്യാറാകാതെ, പെണ്ണിനെ വേറെയാരെക്കൊണ്ടെങ്കിലും കല്യാണംകഴിപ്പിച്ച് അതിന്റെ പിതൃത്വം വേറെയാർക്കെങ്കിലും കൊടുക്കാമെന്നല്ലേ തീരുമാനിച്ചിരിക്കുന്നത്: അങ്ങനെ ഭാവനയിലിരിക്കുന്ന മന്ത്രിസഭയിലെ മുഖ്യമന്ത്രിമാരെക്കൊണ്ട് ഈ തിരുവനന്തപുരം പട്ടണം നിറഞ്ഞിരിക്കുകയല്ലേ സർ? ഇങ്ങനെയുള്ള അനിശ്ചിതാവസ്ഥയിൽ, മന്ത്രിസഭ ഉണ്ടായി എന്നും വരാം ഉണ്ടായില്ലെന്നും വരാം എന്നുള്ള നിലയിൽ, മന്ത്രിസഭ പോയാൽ പ്രസിഡൻറുഭരണം വരാൻ സാധ്യതയുണ്ടെന്നു ബേബിജോൺ പറഞ്ഞുപോയാൽ ഗവർണറെ അപമാനിക്കലായി: ഗവർണ്ണറോട് ഇപ്പോഴെങ്കിലും കൂറും ബഹുമാനവും തോന്നിയതിൽ മാർക്സിസ്ററുപാർട്ടിക്കാരെ ഞാൻ അഭിനന്ദിക്കുകയാണ്. സർ, , ഇവിടെ നടന്ന സംഭവങ്ങരം കാണാതെ കണ്ണുംചിമ്മിനിന്ന് ഗവർണർ പ്രസംഗം മുഴുവൻ വായിച്ച രംഗം നാം ഇന്നും ഓർക്കുന്നില്ലേ? അദ്ദേഹത്തിന് ഇതിലും കൂടുതൽ ഇനി ഒരഭിമാനവും വേണ്ട, അത്രയ്ക്ക് അഭിമാനം അദ്ദേഹത്തിനു ലഭിച്ചുകഴിഞ്ഞു: ചിലർ അദ്ദേഹത്തെ 'അളിയ' നാക്കി ; ചിലർ 'കുരങ്ങൻ' ആക്കി; അങ്ങനെ എന്തെല്ലാം ബഹുമതികളും സ്ഥാനപ്പേരുകളുമാണ് അദ്ദേഹത്തിനു ലഭിച്ചത്: സർ, അങ്ങനെ അദ്ദേഹത്തിനു സ്ഥാനപ്പേരും മഹത്വവും ഉണ്ടാക്കിക്കൊടുത്തനാടകം എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത ഒന്നാണ്: ഇനി കുറെ അപമാനം അദ്ദേഹം സഹിച്ചാൽത്തന്നെ എന്താണുസർ: വിശ്വനാഥന്റെ ജീവിതകാലത്തേക്കു മുഴുവനും വേണ്ട അഭിമാനം അദ്ദേഹത്തിന് അന്നു കിട്ടിക്കഴിഞ്ഞില്ലേ? അതുകൊണ്ട് ആമാതിരികാര്യങ്ങരം പറഞ്ഞാൽ പ്രയോജനമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറു ചെയ്ത നല്ല കാര്യങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചു മനസ്സിലാക്കിയിട്ടാണ് അവർ ഇതൊക്കെ പറയുന്നത്. മുൻ ഗവൺമെൻറ് രാഷ്ട്രീയസമ്മർദ്ദത്തിനു വഴങ്ങി കോഴിക്കോട് സ്റ്റോറേജിൽ വച്ചിരുന്ന അനേകം നല്ല കാര്യങ്ങൾ നടപ്പാക്കാൻ ഈ ഗവൺമെൻറ് ധീരതയോടുകൂടി മുന്നോട്ടുവന്നതുകൊണ്ട് ഈ ഗവൺമെൻറിനെ നശിപ്പിക്കണമെന്ന ആഗ്രഹമുണ്ടായിട്ടാണ് ഇതൊക്കെ പറയുന്നതെന്ന് നമുക്കറിയാം. അവർ ഇങ്ങനെ പറയുന്നതു നമുക്കു മനസ്സിലാക്കാം, കാരണം ഈ ഗവൺമെൻറ് കുറേദിവസം തുടർന്നാൽ തങ്ങളുടെ കാലിൻെറ അടിയിലെ മണ്ണ് പൊയ്പ്പോകും എന്ന് മാർക്സിസ്റ്റുകാർക്കറിയാം. അതുകൊണ്ട് ബുദ്ധിമാനായ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്, അത്രത്തോളം ബുദ്ധിമാൻമാരെന്നു പറഞ്ഞുകൂടാത്തവേറെ ചിലരുമായി കൂട്ടുകൂടിക്കൊണ്ട്, മന്ത്രിസഭ അവസാനിച്ചശേഷം വീണ്ടും ഒരു ചാൻസുണ്ടാക്കിക്കൊടുക്കാമെന്ന എലിക്കെണി വച്ച് കുഞ്ഞെലികളെ കെണിയിലാക്കാൻ നോക്കുകയാണ്. അതുകൊണ്ട് അവരോട് തള്ളയെലി എന്ന നിലയിൽ എനിക്കു പറയാനുള്ളത് ഇതാണ്: പ്രിയപ്പെട്ട കുഞ്ഞെലികളെ, അപ്പക്കഷണം തിന്നാൻ വേണ്ടി നിങ്ങൾ പോയി ആ കെണിയിൽ വീണാൽ പിന്നെ, കെണിവച്ചയാളിൻെറ ദയയ്ക്കു നിങ്ങൾ വിധേയരായിപ്പോകും. അതിനാൽ , 'തള്ളയെലിയും കുഞ്ഞും.' എന്ന കഥ എല്ലാവരും ഓർമ്മിക്കണം എന്നു വിനയപൂർവ്വം ഉപദേശിച്ചുകൊണ്ട് എൻെറ പ്രസംഗം അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. ടി. കെ. ദിവാകരൻ:</u> സർ, ഇവിടെ രണ്ടു ദിവസമായി നടന്നുവരുന്ന ചർച്ചയ്ക്ക് മിക്കവാറുമുള്ള കാര്യങ്ങളിൽ ഗവൺമെൻറു ഭാഗത്തുനിന്നും മറുപടി പറഞ്ഞു കഴിഞ്ഞു. ഇന്നു പ്രതിപക്ഷനേതാവു ഇവിടെ പ്രസംഗിക്കാൻ ഉദ്ദേശിച്ചത് പ്രസംഗിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിലാണ് അദ്ദേഹം പ്രസംഗിച്ചതെന്ന് അദ്ദേഹത്തിൻെറ പ്രസംഗം കേട്ടപ്പോൾ തോന്നി. എന്തു കൊണ്ടെന്നാൽ പഴയ കാര്യങ്ങൾ അല്ലാതെ പുതിയതായിഒന്നും പറയാൻ അദ്ദേഹത്തിന് ഇല്ലായിരുന്നുവെന്നുള്ളതുകൊണ്ടുമാത്രമാണ്. പിന്നെ എന്തെങ്കിലും അദ്ദേഹത്തിൻെറ പ്രസംഗത്തിനു മറുപടി പറയേണ്ടതുണ്ടെങ്കിൽ പ്രധാനമായിട്ടുള്ളത് മറ്റൊരു ഗവൺമെൻറു രൂപീകരിക്കാൻ ഇടയായ സാഹചര്യത്തെപ്പറ്റിയാണ്. സഖാവ് അച്യുതമേനോൻെറ നേതൃത്വത്തിൽ ഒരു ഗവൺമെൻറു രൂപീകരിക്കാൻ ഇടയായ സാഹചര്യത്തെപ്പററി—അദ്ദേഹം ഉന്നയിച്ച സംശയങ്ങൾക്കും ചോദ്യങ്ങൾക്കും സമീപകാലത്ത് സഖാവ് ജ്യോതിബാസു മറുപടി പറഞ്ഞിട്ടുണ്ട്. നിയമസഭയിൽ ഭൂരിപക്ഷം തെളിയിച്ചുകൊള്ളാം, നിങ്ങൾക്ക് എവിടെനിന്നെല്ലാം സഹായം കിട്ടും, ബംഗ്ലാ കോൺഗ്രസിൽനിന്നും സഹായം കിട്ടും, സി. പി. ഐ. യിൽ നിന്നും സഹായം കിട്ടും മററു കക്ഷിയിൽ നിന്നും കുറെയാളുകൾ കാലുമാറിവരുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. ഈ മറുപടി സഖാവ് ജ്യോതിബാസു നൽകിയിട്ടുള്ളതുകൊണ്ട് ഞാൻ ആ ഭാഗത്തേയ്ക്കും കടക്കുന്നില്ല.

പിന്നൊന്ന് അദ്ദേഹം പറഞ്ഞത് വിശ്വാസപ്രമേയം കൊണ്ടുവന്നത് മൂന്നുനാലും ദിവസത്തേക്കുള്ള ഒരു സൂത്രപണിക്കുവേണ്ടിയാണെന്നും, അതു ജനാധിപത്യ വിരുദ്ധമാണെന്നും ആണ്. തിരുവനന്തപുരത്തു 18—ാം തീയതി ഉണ്ടായിരുന്നു ലഹരി നിറഞ്ഞ അന്തരീക്ഷത്തിൽനിന്നും മുക്തമായ സാഹചര്യത്തിൽ അവരുടെ നേതാവായ ശ്രീ. എ. കെ. ഗോപാലൻ ഈ വിശ്വാസപ്രമേയം ജനാധിപത്യപരമാണെന്നു ഡൽഹിയിൽ വച്ചു പറഞ്ഞിട്ടുള്ളതുകൊണ്ട് —അതിനും മറുപടി പറയണമെന്ന് ഞാനാഗ്രഹിക്കുന്നില്ല. പിന്നെ അദ്ദേഹം ചില പുതിയ സിദ്ധാന്തങ്ങൾ അവതരിപ്പിക്കുകയുണ്ടായി. ഇവിടെ ഉണ്ടെന്ന് അദ്ദേഹം കരുതിയതും അദ്ദേഹത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

മനോരാജ്യത്തിൽ ഉണ്ടായിരുന്നതും, എന്നാൽ സിൻഡിക്കേററിന്റെ ഹിതം എന്താണെന്ന് അറിയാൻ വയ്യാത്തതുമായ ഒരു സാഹചര്യത്തിൽ ഒരു മന്ത്രിസഭ ഉണ്ടാക്കേണ്ടതിന്റെ ന്യായീകരണം നൽകുന്നതിന് അദ്ദേഹം ശ്രമിക്കുകയുണ്ടായി.

സർ, ഈ അവസരത്തിൽ ഇങ്ങനെയുള്ള മന്ത്രിസഭയ്ക്ക് ഇടയായ സാഹചര്യത്തിലേയ്ക്ക് അങ്ങനെ ആ വഴിക്ക് ചിന്തിക്കാൻ പ്രേരിപ്പിച്ച രാഷ്ട്രീയമായ സാഹചര്യത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. 35 മാസങ്ങൾക്കുമുമ്പു ഒരു ഐക്യമുന്നണി രൂപീകരിച്ചു. ആ ഐക്യമുന്നണി ഭാരതത്തിന്റെ ആശാദീപമാണെന്ന് ഉയർത്തിപിടിക്കുകയും, അതിന്റെ വിധാതാവായ അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. ശങ്കരൻനമ്പൂതിരിപ്പാട് 1972—ൽ ഇൻഡ്യയുടെ പ്രധാനമന്ത്രിയായിത്തീരുമെന്നുവരെ ഇമേജ്ജുണ്ടായിരുന്ന അദ്ദേഹം ഈ നിലയിൽ ഏതാനും രാഷ്ട്രീയ ഭാഗ്യാന്വേഷികളെ പിൻതാങ്ങേണ്ട നിലയിലേക്ക് അധഃപതിച്ച കാരണങ്ങൾ എന്തൊക്കെയാണെന്ന് ശാന്തമായി ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ''വിണ്ണവർ ഗംഗ'' യ്ക്കുപോലും ഇത്തരത്തിലുള്ള ഒരു അധഃപതനം ഉണ്ടായിട്ടില്ല. എത്രയോ ഉന്നതമായ പദവിയിലാണ് അങ്ങും അങ്ങയുടെ രാഷ്ട്രീയ പ്രസ്ഥാനവും നിന്നത്. എന്നാൽ ഇന്ന് അങ്ങയുടേയും അങ്ങയുടെ രാഷ്ട്രീയ പാർട്ടിയുടേയും നയത്തിന്റെ സ്വാഭാവികമായ ഫലം ഇന്ന് എവിടെ നിൽക്കുന്നു? കുഞ്ചൻനമ്പ്യാർ ഒരു അൽഭുത കഥാപാത്രത്തെ സൃഷ്ടിച്ചിട്ടുണ്ട്. ആ അൽഭുത കഥാപാത്രം

''പാണ്ടൻനായുടെ പല്ലിനു ശൗര്യം
പണ്ടേപ്പോലെ ഫലിക്കുന്നില്ല
പണ്ടിവനൊരു കടിയാലൊരു പുലിയെ
കണ്ടിച്ചതു ഞാൻ കണ്ടറിയുന്നേൻ''.

അങ്ങനെ ഒരു പുലിയെ കടിച്ചാൽ കൊല്ലാൻ കഴിവുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനം ഇന്ന് ''വെള്ളൂ വാവാ എന്നു വിളിച്ചാൽ '' പള്ള തുറന്നു പറന്നു വരും'' എന്നുള്ള സ്ഥിതിവിശേഷം എങ്ങനെയുണ്ടായി? ഒരു എം. എൽ. എ. അങ്ങോട്ടു കാലുമാറി എന്നറിഞ്ഞാൽ അർദ്ധരാത്രിയായാലും അയാളുടെ വീട്ടിൽ കാറുമായി ഓടിയെത്തുകയോ നടന്നെത്തുകയോ ചെയ്യുന്ന രാഷ്ട്രീയ സാഹചര്യം ഇന്നുണ്ടായത് ഓർക്കണം. ഇക്കാര്യം നിങ്ങൾ വളരെ ഗൗരവമായി ആലോചിക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. സർ, ഞാൻ വളരെ വികാരപരമായി ചോദിക്കുകയാണ്. ഇവിടെ ശ്രീ. ചന്ദ്രസേനൻ ചില പ്രഖ്യാപനങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞത്, രാഷ്ട്രീയ പാർട്ടികളെ കണ്ടു, അവരുടെ ഭരണം കണ്ടുമടുത്ത ജനങ്ങൾ ഇതാ സ്വതന്ത്രൻമാരെ നിങ്ങൾ ഭരണം ഏറെറടുക്കണമെന്ന് ആവശ്യപ്പെടുകയും, അതനുസരിച്ച് അവരുടെ പോളിററു ബ്യൂറോ തീരുമാനം എടുത്തിരിക്കുകയാണെന്നും ആണ്—ഞാൻ ചിരിക്കാനല്ല പറയുന്നത്—ഞാൻ ഇവിടെ ഇരിക്കുന്ന എല്ലാ എം. എൽ. എ. മാരോടും ചോദിക്കുന്നു, നാം ഇവിടെ എത്തിയത് എങ്ങനെയാണ്? അനേകം കൊല്ലങ്ങളായി നടന്നു വരുന്ന സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ആകെത്തുകയാണ് ഇവിടെ ഇരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനവും ഇവിടെ ഇരിക്കുന്ന എം. എൽ. എ. മാരും. സാമ്പത്തിക സാമൂഹ്യ രാഷ്ട്രീയ അസമത്വങ്ങൾക്കെതിരായി വിവിധ പ്രസ്ഥാനങ്ങളിൽ നേതാക്കൻമാർ അതാതുകാലത്തു നൽകിയിട്ടുള്ള പരിപാടികളെ ആവേശപൂർവ്വം ഏറെറടുത്തു പൊതുജനസമരം നയിച്ച് എത്തിയിട്ടുള്ള ആളുകളാണ് ഇവിടെ ഇരിക്കുന്നവർ. കാർഷികലഹളയുടേയും, മലബാർ ലഹളയുടേയും, നമ്പൂതിരിയെ മനുഷ്യനാക്കാൻ ശ്രീ. ഇ. എം. എസ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്പൂതിരിപ്പാട് നടത്തിയ സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനങ്ങളിൽ കൂടിയും സാമൂഹ്യ അവശത അനുഭവിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങളുടെ നേരെയുണ്ടായിരുന്ന അയിത്താചാരണത്തിനെതിരായി ശ്രീനാരായണഗുരു നടത്തിയ സാമൂഹ്യ പ്രക്ഷോഭണത്തിലൂടേയയും, സാമൂഹ്യ പരിഷ്കരണ വിപ്ലവം നടത്തിയിട്ടുള്ളതും, പരിഷ്കരണ പ്രവർത്തനങ്ങളിൽക്കൂടി കോൺഗ്രസിൻെറ കീഴിൽ ദേശീയ പ്രസ്ഥാനത്തിൻെറ കീഴിൽ പ്രവർത്തിക്കുകയും പങ്കെടുക്കുകയും എല്ലാം ചെയ്തതിൻെറ ഫലമായിട്ടാണ് നാം ഇവിടെ എത്തിയിട്ടുള്ളത്. ഒരു പഞ്ചായത്തു മെമ്പർപോലും ആകാമെന്ന അഭിലാഷം തൊട്ടുതീണ്ടിയിട്ടില്ലാത്ത ത്യാഗശീലരായ അംഗങ്ങളെ അപ്പുറത്തു ഞാൻ കാണുന്നുണ്ട്. അതുപോലെതന്നെ ഇപ്പുറത്തും കണ്ടെന്നു വരും. അന്നും ഇന്നും രാഷ്ട്രീയ പ്രസ്ഥാനത്തെ ആക്ഷേപിക്കുന്നവരുണ്ട്. ഈ സാഹചര്യത്തിൽ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി എങ്ങനെ എത്തി? വയലാർ, പുന്നപ്ര, ചന്ദനതോപ്പ്, ഓളിയ, മൊറാഴ തുടങ്ങി സമീപകാലത്തു ഉണ്ടായിട്ടുള്ള പാണ്ടനാട്, കൈനകരിവരെയുള്ള സമരങ്ങളിൽ രാഷ്ട്രീയ പ്രസ്ഥാനത്തിൻെറ കൊടിയും പിടിച്ചുകൊണ്ട് തെററായോ ശരിയായോ എന്നു നോക്കാതെ പാർട്ടികളുടെ അണികളിൽ ചെന്നതാണ്. ആ ആളുകളിൽ ഒരാൾ എഴുന്നേററുനിന്നു പറയുന്നത് രാഷ്ട്രീയ പാർട്ടികൾ അവരെല്ലാം ചെയ്തത് തെററായിരിക്കുന്നു, അതുകൊണ്ട് ഞങ്ങളെപ്പോലെയുള്ള സ്വതന്ത്രൻമാരെ പിൻതാങ്ങുക എന്ന്. രാഷ്ട്രീയ പാർട്ടികളാണ്, ഈ രാജ്യത്ത് ജനങ്ങളെ നയിച്ചിട്ടുള്ളത്. അല്ലാതെ സർവ്വത്ര സ്വതന്ത്രൻമാരല്ല. അങ്ങനെയിരുന്ന ആളുകൾ രാഷ്ട്രീയമായി ഏതെങ്കിലും കാരണത്താൽ ഒരു ദിവസം മാറി സ്വതന്ത്രനായി ഇരുന്നു കൊണ്ടു മററു രാഷ്ട്രീയ പാർട്ടികളെ ആക്ഷേപിക്കുകയും അവരുടെ രാഷ്ട്രീയ പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന പോളിററു ബ്യൂറോ പുഛരിച്ചു പറയുമ്പോൾ അതുകേട്ടു ചിരിക്കുന്ന, ഇങ്ങനെയുള്ള 'രണ്ടാംപന്തു'കൾക്ക് പിൻതുണ നൽകുന്ന ഗതികേടിലേക്ക് തൻെറ രാഷ്ട്രീയ പാർട്ടിയെ സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് നയിച്ചിരിക്കുകയാണ്. എല്ലാ രാഷ്ട്രീയ പാർട്ടികളും രാഷ്ട്രീയപാർട്ടി എന്നുള്ളതിലപ്പുറം, രാഷ്ട്രീയ പ്രസ്ഥാനത്തിനപ്പുറം ഇല്ലെന്നു വിശ്വസിക്കുന്ന എല്ലാ ആളുകളും ഒരുമിച്ച് ഈ സ്വതന്ത്രൻമാരുടെ കൈകളിലേക്ക് ഭരണാധികാരം കൊടുക്കുക എന്നുള്ളത് രാഷ്ട്രീയമായും തെററായ വിശൂന്യമായ നിഷേധാത്മകമായ നയം സ്വീകരിക്കുന്നതിനെ എതിർക്കുകയല്ലേ വേണ്ടത്.

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിനോടു ചോദിക്കുകയാണ് അങ്ങു ഈമാതിരി കാലഘട്ടത്തിൽ ഏതെങ്കിലും രാഷ്ട്രീയപ്രസ്ഥാനത്തിലെ പ്രതിനിധികളെയാണ് സ്വാഗതം ചെയ്യുന്നതെങ്കിൽ മനസിലാക്കാം. പക്ഷെ സർ, കൃഷ്ണപക്ഷത്തെ ചന്ദ്രനെപ്പോലെ ക്ഷയിച്ചു ക്ഷയിച്ചു പതിനെട്ടിൽ തുടങ്ങി നാലിൽ വന്നു നിൽക്കുന്ന എസ്. എസ്. പി. ക്ക് ഇന്ന് വല്ല നേതൃത്വവും ഉണ്ടോ? വല്ല പരിപാടിയും ഉണ്ടോ? ശ്രീ. ശിവരാമഭാരതി പല പരിപാടികളുമായിട്ടാണ് കോഴിക്കോട്ടുനിന്നും ബസ് കയറിയത്, അതല്ലെങ്കിൽ ട്രെയിൻ കയറിയത്. അദ്ദേഹം തിരുവനന്തപുരത്തു എത്തിയപ്പോൾ സിൻഡിക്കേററാകുന്ന ഗജവീരൻ ആ താമര പിഴുതുകളയുകയും ഈ നിലാവ് ഒടുങ്ങുമെന്നും സുപ്രഭാതം ആഗമനമാകുമെന്നുംകണ്ടിരുന്ന മനോരാജ്യം തകർത്തുകളയുകയും ചെയ്തിരിക്കുകയാണ്. ആ താമര പിഴുതുകളഞ്ഞ സിൻഡിക്കേററാകുന്ന ഗജവീരനോടാണ് എനിക്ക് ആക്ഷേപമുള്ളത്. ഈ പരിതഃസ്ഥിതിയിലേക്ക് നിങ്ങളുടെ രാഷ്ട്രീയ പ്രസ്ഥാനത്തെ എത്തിക്കണമോയെന്ന് ഗൗരവപൂർവ്വം ആലോചിക്കണം. രാഷ്ട്രീയ പാർട്ടികൾക്ക് തെററുകളും കുറവുകളും ഉണ്ടാകും. രാഷ്ട്രീയപാർട്ടികൾക്ക് തെററു പററിയിട്ടുമുണ്ട്. എന്നു വിചാരിച്ച് തങ്ങൾക്ക് ഭരണാധികാരം തരണമെന്നുള്ള അഭിപ്രായങ്ങൾക്ക് രാഷ്ട്രീയപ്രേരണ നൽകുന്നത് രാഷ്ട്രീയ പ്രസ്ഥാനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചേർന്നതാണോ? ഇൻഡ്യയിൽ ഈമാതിരിയുള്ള ചിന്താഗതികൾക്ക് പ്രേരണ നൽകുകയും, പ്രോൽസാഹനം നൽകുകയും ചെയ്യുന്നത് ഇൻഡ്യയിലെ അദ്ധ്വാനിക്കുന്ന കർഷകത്തൊഴിലാളി വിഭാഗങ്ങളുടെ രാഷ്ട്രീയ പ്രസ്ഥാനത്തിന് സഹായകരമാണോ എന്നാണ് എനിക്ക് ചോദിക്കുവാനുള്ളത്. അങ്ങ് ഒരു കാലത്തും ഈ സ്ഥിതിയിൽ എത്തരുതേ. കാരണം എങ്ങനെയാണ് ഈ പരിതഃസ്ഥിതി ഉണ്ടായത്? ഒക്ടോബർ 17—ാം തീയതി എന്താണ് അങ്ങ് ഇവിടെ പ്രസ്താവിച്ചത്? അദ്ദേഹത്തിന്റെ പ്രഖ്യാപനം ഇതാണ്:—''ഏതെങ്കിലും തരത്തിൽ അധികാരത്തിൽ തുടരുന്നതിന് മററു പലയിടത്തും അംഗീകരിച്ചിട്ടുള്ളതുപോലെ കുൽസിത മാർഗ്ഗങ്ങൾ ഞാൻ ഏതായാലും അംഗീകരിക്കാൻ ഉദ്ദേശിക്കുന്നില്ല''. എന്നാൽ ഞാൻ അന്ന് പ്രസംഗിച്ചപ്പോൾ അന്നു ഞാൻ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ, 'എന്റെ പാർട്ടിയുടെ അഭിപ്രായം എന്തുതന്നെയായിരുന്നാലും' എന്നുള്ളത് വ്യംഗ്യം ആകുമോ എന്നു ചോദിക്കുകയുണ്ടായി. അന്നു ഞാൻ പറഞ്ഞു തങ്ങളുടെ പാർട്ടിക്ക് ഒരു അഭിപ്രായം ഉണ്ട്. അന്നു ഞാൻ പറഞ്ഞ വ്യംഗ്യം ഇന്ന് ഏകദേശം യാഥാർത്ഥ്യമായിരിക്കുകയാണെന്നുള്ളതിന്റെ സൂചനയാണ് ഈ 18—ാം തീയതി നിയമസഭയിൽ പ്രകടിപ്പിച്ചുകളയാമെന്നുള്ള വ്യാമോഹം ഉണ്ടായത്. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇവിടെ എത്തിയതിനുശേഷം ഒരു പ്രമേയം പാസാക്കി ആ ഗവൺമെൻറു രാജി വയ്ക്കേണ്ട പരിതഃസ്ഥിതി ഉണ്ടായി. അന്ന് അത് എങ്ങനെ ഉണ്ടായി? പ്രധാനമായും മററു ഘടകകക്ഷികൾ ഇന്നത് ചെയ്യണമെന്ന് പറയുന്നതിനെ ഭീഷണിയായും അന്ത്യശാസനമായും എടുത്ത തെററായ നടപടികളുടെ ഫലമായിട്ടാണ് പ്രമേയം അന്ന് ഇവിടെ പാസാകുന്നതിന് ഇടയായത്. മററു കക്ഷികൾ പറയുന്നതിനെ അന്ത്യശാസനമായും ഭീക്ഷണിയായും എടുത്തുകൊണ്ട് ഐക്യമുന്നണിയെ നയിച്ച തെററായ നയത്തിന്റെ ഫലമായിട്ടുണ്ടായ ഭരണസ്തംഭനം ഒഴിവാക്കുന്നതിനുവേണ്ടി ഇവിടെ ഒരു ഗവൺമെൻറു രൂപീകരിച്ചു. അത് രൂപീകരിക്കാനുള്ള രാഷ്ട്രീയ സാഹചര്യത്തിൽ അത് ശരിയാണെന്നു മാർക്സിസ്ററുപാർട്ടി സമ്മതിക്കുന്നു. ഒരു ഗവൺമെൻറു ഉണ്ടായാൽ ഏതെങ്കിലും പാർട്ടികൾക്ക് മന്ത്രിസഭ രൂപീകരിക്കാനുള്ള അവകാശത്തെ ചോദ്യം ചെയ്യുന്നില്ല, തടസ്സപ്പെടുത്തുന്നില്ല എന്നുള്ളതു നാലഞ്ചു മാസങ്ങൾക്കുശേഷമാണ് മാർക്സിസ്ററു പാർട്ടിക്ക് മനസിലാക്കാൻ സാധിച്ചത്. ഇന്നത്തെ സാഹചര്യത്തിൽ ഈ ഗവൺമെൻറു ഉണ്ടായത് ശരിയാണെന്ന് അവർ അംഗീകരിച്ചിട്ടുണ്ട്. ഇന്ന് അവർ സ്വീകരിച്ചിരിക്കുന്നത് ആ മാർഗ്ഗമല്ല. വേറെ മാർഗ്ഗങ്ങൾ സ്വീകരിച്ചിരിക്കുകയാണ്. ആളുകളുടെ വികാരം ഇളക്കിവിട്ട്, ഏതെങ്കിലും രീതിയിൽ അധികാരത്തിൽ വന്ന ശ്രീ. വെല്ലിംഗ്ടന്റേയും, പരേതനായ ശ്രീ. മത്തായിമാഞ്ഞൂരാന്റേയും നേതൃത്വം സ്വയം സ്വീകരിച്ചിരിക്കുകയാണ് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി. ഇപ്പോൾ അവർ രൂപീകരിച്ചിരിക്കുന്ന മാർഗ്ഗം എന്താണ് പൊതുജനസമരങ്ങളിൽ കൂടി ഈ ഗവൺമെൻറിനെ എതിർക്കുക എന്നുള്ളതാണ്. പൊതുജനസമരം തുടങ്ങി തങ്ങളുടെ വഴിക്കനുസരണമായി നടത്തി. പക്ഷെ നിങ്ങളുടെകൂടെ നിന്ന സഹോദരപാർട്ടികളിൽനിന്നും ആ പൊതുജനസമരത്തിന് വെറും അധരസേവനമല്ലാതെ, അനുഭാവപ്രകടനമല്ലാതെ എന്തു നിങ്ങൾക്ക് കിട്ടി? ഒരുവാളൻറിയറെപോലും ആ രംഗത്തേക്ക് അയയ്ക്കാൻ ഉള്ള മനോഭാവം പോലും ഇല്ലാതായിരുന്നനിങ്ങളുടെ സഹോദരപാർട്ടികൾ നിങ്ങൾ നടത്തിയ പൊതുജന സമരങ്ങളിൽ അധരസേവനവും അനുഭാവപ്രകടനവും നടത്തിയതിനപ്പുറം വല്ലതും ചെയ്തോ? മാത്രമല്ല ഇപ്പോൾ പല രീതിയിലും പിൻമാറാനുള്ള സാഹചര്യമുണ്ട്.

അപ്പോൾ അങ്ങനെ ബഹുജനസമരങ്ങളിലേക്കു പോയി. അതിന്റെ പരാജയപാഠങ്ങൾ മനസിലാക്കി ഈ ഗവൺമെൻറിനെ മറിക്കുന്നതിന് ആ മാർ

ഗ്ഗം ശരിയല്ല, നിങ്ങൾ നേരത്തെ സ്വീകരിച്ച ചാക്കിന്റെ മാർഗ്ഗമാണ് ശരിയെന്ന അഭിപ്രായം പരീക്ഷീണനായ അങ്ങയുടെ മുൻപിൽ, ആ സമരരംഗത്തുണ്ടായ പരാജയങ്ങളിൽനിന്നു പരിക്ഷീണമായ മാർക്സിസ്റ്റു പാർട്ടിയുടെ മുമ്പിൽ ഈ ചാക്കു വിദഗ്ധൻമാർ കൊണ്ടുവരികയുണ്ടായി. എന്നാൽ അതൊന്നു പരീക്ഷിച്ചുനോക്കാമെന്നു വിചാരിച്ച് അതിന്റെ മുൻപിൽ മൗനസമ്മതം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഈ രംഗത്തു നേരത്തെ അനുഭവമുള്ള പാർട്ടിക്കാർ മുൻകൈയെടുത്ത്. സമരത്തിനു കഴിവില്ലാത്തവർ, സമരത്തിന് ഒരു വാളൻറിയറെപ്പോലും കൊണ്ടുവരാൻ കഴിവില്ലാത്തവർ ഒരാഴ്ചക്കാലമായി എന്ത് ആവേശത്തോടുകൂടി എന്ത് ഉൽസാഹത്തോടുകൂടി, വില്ലിയും ജോണിയും, പ്രവർത്തന നിരതരായിരുന്നതെന്ന് ആലോചിച്ചു നോക്കണം. അതിന്റെ മുമ്പിൽ വഴി തുറന്നുകൊടുക്കുകയാണ് ചെയ്തത്. ദൈവദൂതൻമാർ കടന്നു ചെല്ലാൻ അറയ്ക്കുന്ന മാർഗ്ഗങ്ങളിൽ ചെകുത്താൻ ഓടിക്കേറുമെന്ന് ബൈബിളിൽ ഒരു വാക്യമുണ്ട്. അതുപോലെ ചെകുത്താൻ രാഷ്ട്രീയ ചിന്താഗതി ഒരു പ്രസ്ഥാനത്തിനകത്ത് എപ്പോഴാണോ സ്വാധീനം ചെലുത്താൻ കഴിഞ്ഞത് അപ്പോൾ ബോധപൂർവ്വം എസ്. എസ്. പി. യും അതുപോലെ തന്നെ അന്ന് ഏറെക്കുറേ അരസമ്മതത്തോടുകൂടി അടുത്തെത്തിയ ജോർജ്ജു തോമസും വില്ലിയും എല്ലാം ഉഷാറായി പ്രവർത്തിച്ചുതുടങ്ങി. ഒരു പ്രസ്ഥാനത്തിനു സ്വന്തമായി പ്രവർത്തിക്കാനുള്ള കർമ്മനിരതശക്തി നശിച്ച അവസരത്തിൽ ചെകുത്താൻ രാഷ്ട്രീയം ഉപയോഗിക്കാൻ, ചാക്ക് രാഷ്ട്രീയം ഉപയോഗിക്കാൻ പററുന്നതെന്നു കണ്ടുകൊണ്ട് അതിനുള്ള ശ്രമം നടത്തി. താൽക്കാലികമായ രാഷ്ട്രീയബാന്ധവങ്ങൾ ചിലപ്പോൾ വിചിത്രമായ കിടക്കറ സഖാക്കളെ ഉണർത്താറുണ്ട്. നൈമിഷികമായുണ്ടാകുന്ന വികാരവിക്ഷോഭങ്ങളും വികാരസംയമനവും താൽക്കാലിക രാഷ്ട്രീയ ബാന്ധവങ്ങളും കിടക്കറബന്ധങ്ങളും സൃഷ്ടിക്കും. ഒരു പക്ഷേ അവിശുദ്ധമായ മാർഗ്ഗങ്ങളിലൂടെയും, കൂട്ടുകൂടാൻ പാടില്ലാത്ത മാർഗ്ഗങ്ങളിലൂടേയും, എല്ലാക്കാലത്തും നിഷേധിക്കപ്പെടുന്ന ചില മാർഗ്ഗങ്ങളുണ്ട്, ആ മാർഗ്ഗങ്ങളിലൂടെ ചരിച്ചു രാഷ്ട്രീയ ശരീരത്തിൽ ബാധിക്കുന്ന വിഷാണുക്കൾ, അതു രാഷ്ട്രീയ ശരീരത്തിൽനിന്നു തുടച്ചുമാററുന്നതിന് ദീർഘകാലം പ്രവർത്തിയെടുക്കേണ്ടിവരും. കഴിഞ്ഞ ഒരുഴ്ചക്കാലമായി ഇവിടെ നടന്നത് അതാണ്. ഈ ഒരാഴ്ചക്കാലമായി ഇവിടെനടന്നത്, എല്ലാക്കാലത്തും നമ്മുടെ രാഷ്ട്രീയ ശരീരത്തിൽനിന്ന് രാഷ്ട്രീയമായ ഉഷ്ണത്തെ മാററേണ്ടത് ആരോഗ്യകരമായ രാഷ്ട്രീയ ജീവിതത്തിൽ താൽപ്പര്യമുള്ള ആളുകളുടെ കടമയാണ്. അങ്ങനെയുള്ള രോഗാണുക്കൾ രാഷ്ട്രീയശരീരത്തിൽ ബാധിക്കുന്നതിനും താൽക്കാലിക ദാമ്പത്യബന്ധത്തിനും അറിഞ്ഞോ അറിയാതെയോ ഇൻഡ്യയിലെ തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിന്റെ മുമ്പിൽ നിന്നു നേതൃത്വം നൽകേണ്ട മാർക്സിസ്ററുകമ്മ്യൂണിസ്ററുപാർട്ടി കൈകെട്ടി നിന്നുകൊടുത്തു എന്നുള്ളത് ആക്ഷേപകരമാണ്. ആകാര്യത്തിൽ ഹൃദയവേദനയോടുകൂടിയുള്ള ഒരഭ്യർത്ഥന മാത്രമാണുള്ളത്. ഈ രാഷ്ട്രീയ പരിതസ്ഥി എങ്ങനെയുണ്ടായി? 1967—ൽ ഇൻഡ്യയിൽ ആശാദീപം ഉയർത്തിപ്പിടിച്ച ഐക്യമുന്നണി നേതാവ്—സഖാവ് ഈ എം. എസ് നമ്പൂതിരിപ്പാട് 35 മാസം കഴിഞ്ഞ് ഒരു സോഷ്യലിസ്ററ് സംവിധാനത്തിലുള്ള ഒരു ഗവൺമെൻറിനെ പുറത്താക്കേണ്ടിവരുന്ന സ്ഥിതിയിലേക്കെത്തിയ സാഹചര്യമെന്താണ്? അതുപോലെതന്നെ സിൻഡിക്കേററ് കോൺഗ്രസ്സുമായി ബാന്ധവമുണ്ടാക്കി. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയെ അവസാനമായി കണ്ടെത്തണമെങ്കിൽ അത് ശ്രീമാൻ ജോർജ്ജ്തോമസ്സിന്റെ ജൂബായിലോ, അല്ലെങ്കിൽ ലൂയിസിന്റെ ട്രൗസറിന്റെ പാക്കററിലോ അന്വേഷിക്കേണ്ടസ്ഥിതിയിലേക്ക് രാഷ്ട്രീയ കാര്യങ്ങൾ എത്തിച്ചത് എത്ര മാത്രം ശരിയാണെന്ന് ആലോചിക്കണം. രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേരെ കൊഞ്ഞനം കാട്ടിക്കൊണ്ട് സ്വതന്ത്രൻമാർ രക്ഷകൻമാരായി വന്നിരിക്കുന്ന പരിതസ്ഥിതി എങ്ങനെയുണ്ടായി എന്നു ആലോചിക്കണം. ഇന്നലെ ഇവിടെ ഒരു സ്വതന്ത്ര എം. എൽ. എ. പ്രസംഗിക്കുന്നതുകേട്ടു, പീററപോലീസുകാർ എം. എൽ. എ. മാരെ തല്ലുന്നുവെന്ന്. അദ്ധ്യാപകന്റെ അദ്ധ്യാപകനായ ഡബിൾ ഡിഗ്രിയുള്ള ഒരു എൽ. എൽ. എ. നാലാംക്ലാസ് വിദ്യാഭ്യാസയോഗ്യതപോലുമില്ലാത്ത പീററപോലീസുകാർ എം. എൽ. എ. മാരെ തല്ലുന്നതിൽ അമർഷംകൊള്ളുന്നതുകണ്ടു. ഡബിൾഡിഗ്രിയുള്ളവരും ഇല്ലാത്തവരുമായ എം. എൽ. എ. മാരേയും മാററനേകായിരം ആളുകളുയേും യാതൊരു കാരണവുമില്ലാതെ പോലീസു മർദ്ദിച്ചിട്ടുണ്ടെങ്കിൽ അതിൽ നിർവ്യാജമായ ഖേദമുണ്ട്. അത് ഒഴിവാക്കേണ്ടത് ആവശ്യമാണ്. അതേയവസരത്തിൽ ഡബിൾഡിഗ്രിക്കാരനും അതുപോലെതന്നെ അദ്ധ്യാപകരുടെ അദ്ധ്യാപകനുമായ ഈ എം. എൽ. എ. വേറൊരു കാര്യംകൂടി പറഞ്ഞു. എന്നെ ചാക്കിടാൻ വന്നപ്പോൾ ഞാൻ അങ്ങോട്ട് ചാക്കിട്ടു; മുഖ്യമന്ത്രിയാകുന്ന ചാക്ക്. ഇതു എന്താണ്? രാഷ്ട്രീയത്തിലുള്ള ഈമാതിരി ആളുകളെക്കാൾ നാലാംക്ലാസ് വിദ്യാഭ്യാസയോഗ്യതപോലുമില്ലാത്ത പീററപോലീസുകാരെയാണ് ഞാൻ കൂടുതൽ ബഹുമാനിക്കുന്നത്. ഡബിൾ ഡിഗ്രിക്കാരനും, അദ്ധ്യാപകന്റെ അദ്ധ്യാപകനുമായ, മുഖ്യമന്ത്രിക്കുവേണ്ടി ചാക്കുമായി നടക്കുന്ന എം. എൽ. എ. യെ എനിക്കു പുഛമാണ്. ആ വന്നിരിക്കുന്ന മാററങ്ങൾ, മാറിയ പരിതസ്ഥിതികൾ ഇതെല്ലാം കണക്കിലെടുക്കണം. ഈ ഗവൺമെൻറു നവംബർ ഒന്നാംതീയതി ഉണ്ടായി. നവംബർ ഒന്നാംതീയതി ഉണ്ടാക്കികഴിഞ്ഞതിനുശേഷം ഇൻഡ്യയിലെ രാഷ്ട്രീയരംഗത്തുണ്ടായിരുന്ന പൊതുവായ ചലനങ്ങൾ മാററങ്ങൾ എന്താണെന്നുള്ളത് നോക്കണം. ശത്രുവർഗ്ഗത്തിന്റെ ഇടയിലൊന്നും നാം കരുതിയിരിക്കുന്ന, ശത്രുവർഗ്ഗത്തിന്റെ രാഷ്ട്രീയപ്രസ്ഥാനംമെന്നു നാം കരുതിയിരിക്കുന്ന കാൺഗ്രസ്സിനുള്ളിൽ താൽക്കാലികമായുണ്ടായിരിക്കുന്ന അഭിപ്രായഭിന്നതകൾ, ആ അഭിപ്രായഭിന്നതകൾ എത്ര ചെറുതും താൽക്കാലികമാണെങ്കിലും, തൊഴിലാളിവർഗ്ഗത്തിനുപയോഗിക്കാൻ കഴിയുമോ എന്നുള്ളതിനെപ്പററി ഈ നിയമ സഭയിലെ തൊഴിലാളിവർഗ്ഗ പാർട്ടികൾ പ്രത്യേകമായി ആലോചിക്കണം. മാറിവരുന്ന പരിതസ്ഥിതികളിൽ ശത്രുവർഗ്ഗത്തിന്റെ ഇടയിലുണ്ടായിരിക്കുന്ന ചെറുതും താൽക്കാലികവുമായ ഭിന്നതകൾ ഉപയോഗപ്പെടുത്താനുള്ള ബുദ്ധിപൂർവ്വകമായ പ്രവർത്തനം സംഘടിപ്പിക്കാനുള്ള അവധാനതയോടുകൂടി പ്രവർത്തിക്കേണ്ട കഴിവാണു നമുക്കുണ്ടായരിക്കേണ്ടത്. അതിനെ ലക്ഷ്യമായിട്ട് കാണാതെ മററു രംഗങ്ങളിലേക്കു കടന്നുചെന്ന്, മററുമാർഗ്ഗങ്ങളിലേക്ക് തിരിഞ്ഞു നോക്കുന്നു എന്നുള്ളത് തെററാണ്. തെററായ ആ കാഴ്ചപ്പാടിന് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി സമീപകാലത്തെങ്കിലും അൽപ്പമായിട്ടെങ്കിലും അറിഞ്ഞോ അറിയാതെയോ പ്രോൽസാഹനം നൽകിയിട്ടുണ്ടെന്നുള്ളതിൽ അഗാധമായ ഖേദം എനിക്കും എന്റെ പ്രസ്ഥാനത്തിനുമുണ്ട്. അപ്പുറത്തിരിക്കുന്ന ത്യാഗശീലരായ ആളുകളെ ഞാൻ കാണുന്നുണ്ട്. മന്ത്രിയാകാമെന്നു വിചാരിച്ചും. എം എൽ. എ. ആകാമെന്നു വിചാരിച്ചും രാഷ്ട്രീയപ്രസ്ഥാനത്തിൽ വന്നിട്ടുള്ള ആളുകളല്ല അവർ. അവരെയെല്ലാം ഒരു ദിവസം സുപ്രഭാതത്തിൽ ഈ തെററായ രാഷ്ട്രീയ നയത്തിന്റെ ഫലമായിട്ട് രാഷ്ട്രീയ ബാദ്ധ്യതയില്ലാത്ത ഏതാനും ആളുകളെ ചുമക്കേണ്ടിവരുന്ന രാഷ്ട്രീയ തീരുമാനത്തിലേക്കു നിങ്ങളെത്തിച്ചത് വളരെയധികം ഖേദകരമായിപ്പോയിയെന്നു മാത്രമേ എനിക്ക് ആ കാര്യത്തിൽ പറയാനുള്ള.

ഇവിടെ പ്രസിഡണ്ടുഭരണം വരുമെന്നു പറഞ്ഞപ്പോൾ അതു ഭീഷണിയാണെന്നു പറഞ്ഞു. സ്വതന്ത്രൻമാരെ ഭീഷണിപ്പെടുത്താനാണെന്നു പറഞ്ഞു. അത് ഒന്നുകൂടി അപഗ്രഥിച്ചുനോക്കിയാൽ യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സ്വതന്ത്രൻമാരെ അപമാനിക്കലാണെന്നു ബോദ്ധ്യമാകും.. ഇവിടെ പ്രസിഡൻറു ഭരണം വരുമെന്നു പറഞ്ഞാൽ സ്വതന്ത്രൻമാർ കക്ഷി മാറാതിരിക്കും, അല്ലെങ്കിൽ 300 രൂപ കാണിച്ച് അതു നഷ്ടപ്പെട്ടുപോകുമെന്നു പറഞ്ഞ് ഭീഷണിപ്പെടുത്തുകയാണ് ചെയ്യുന്നത്, ഇതാണ് സഖാവ് നമ്പൂതിരിപ്പാടിൻെറ വ്യാഖ്യാനം. സ്വതന്ത്രൻമാരെ ഭീഷണിപ്പെടുത്തുന്നു എന്നു പറയുന്നതിൻെറ പിന്നിലുള്ള അവസ്ഥയെന്താണ്? നിങ്ങൾ 300 രൂപ കണ്ടോ എന്നു പറഞ്ഞു വിരട്ടുകയാണ്. ഇങ്ങനെ വ്യാഖ്യാനിച്ചതു വളരെയധികം തെററായിപ്പോയി, സ്വതന്ത്രൻമാരെ അപമാനിക്കലായിപ്പോയി. സ്വതന്ത്രൻമാരെ ഇങ്ങനെ അപമാനിക്കുന്ന ഈ മനോഭാവം ശരിയല്ല. പ്രസിഡൻറു ഭരണം വന്നേക്കുമെന്നു പറഞ്ഞു ഭീഷണിപ്പെടുത്തുന്നതും ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ സ്വതന്ത്രൻമാരെ ഇങ്ങനെ അപമാനിക്കാതിരിക്കാനുള്ള മനോഭാവമെങ്കിലും കാണിക്കണം. ബദൽമന്ത്രിസഭ താൽക്കാലികമായി ഉണ്ടാക്കിക്കൊടുത്ത് സ്വതന്ത്രൻമാരെ ആവാഹിക്കാനുള്ള മനോഭാവം ഒരു കാലത്തും ഉണ്ടാകരുത്. ഈമാതിരിയുള്ള ദുഷിച്ച വികാരങ്ങൾ ഒരു രാഷ്ട്രീയപ്രസ്ഥാനത്തിനകത്ത് താൽക്കാലികമായി കടന്നുകൂടിയത് അവസാനിപ്പിച്ച് കുറേക്കൂടി ആരോഗ്യകരമായ രാഷ്ട്രീയ കീഴ്വഴക്കം ഉപയോഗിക്കുന്നതിന്, രാഷ്ട്രീയമായ ധാരണ വരുത്തുന്നതിന് ഈ കഴിഞ്ഞ ദിനങ്ങളിലെ അനുഭവങ്ങൾ സാക്ഷ്യമായിരിക്കട്ടെ എന്നു ഞാൻ ആശിക്കുകയാണ്. ആ അനുഭവ പാഠങ്ങളിൽനിന്ന് കുറേക്കൂടി ആരോഗ്യകരമായ രാഷ്ട്രീയം കേരളത്തിനു പ്രദാനം ചെയ്യാനുള്ളഅവസരം ഈ വിശ്വാസപ്രമേയം മൂലം ഉണ്ടായി എന്നാണ് ഞാൻ കരുതുന്നത്. അതിനുള്ള അവസരമുണ്ടാക്കിത്തന്നതിനു, പരോക്ഷമായ ഒരു സമ്മതം ഇന്നലെ കൊടുത്തതിന് ശ്രീ. ജോർജ്ജുതോമസിനോട് ആ കാര്യത്തിൽ പ്രത്യേകമായ നന്ദിയുണ്ട്. മാർക്സിസ്ററു പ്രസ്ഥാനത്തെ മൊത്തമായി സിൻഡിക്കേററിൻെറ പടിവാതുക്കൽ കിട്ടുമെന്നുള്ള ഒരു അവസരം രാഷ്ട്രീയരംഗത്ത് കാണിച്ചുകൊടുത്തതിന്, ആ ബുദ്ധിയെങ്കിലും കാണിച്ചുകൊടുത്തതിന് ഡാക്ടർ ജോർജ്ജുതോമസ് പ്രത്യേകം അഭിനന്ദനമർഹിക്കുന്നു. ഏതായാലും ഈ വിശ്വാസപ്രമേയത്തെ എല്ലാ കക്ഷികളും പൂർണ്ണമായി പിൻതാങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): സ്പീക്കർ സർ, 11 മണിക്കൂറോളം നീണ്ടുനിന്ന വാദപ്രതിവാദം അവസാനിക്കുന്ന ഈ അവസരത്തിൽ സുദീർഘമായി പ്രസംഗിക്കണമെന്നു എനിക്കാഗ്രഹമില്ല. അതിന് അവസരമുണ്ടെന്ന് തോന്നുന്നില്ല. അതിന് സമയവുമില്ല. അതുകൊണ്ട് ഒന്നു രണ്ടുകാര്യങ്ങൾ വ്യക്തമാക്കണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു. പരാമർശിക്കേണ്ട പല കാര്യങ്ങളും ഇവിടെ പരാമർശിക്കപ്പെടുകയും. വിശദമാക്കപ്പെടുകയും ചെയ്തുകഴിഞ്ഞു. പക്ഷേ ഒന്നു രണ്ടു കാര്യങ്ങൾ ആവർത്തനമാണെങ്കിലും എടുത്തു പറയുകയാണ്. ഒരു കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചതാണ്. പ്രതിപക്ഷനേതാവ് മാത്രമല്ല, ആ ഭാഗത്തിരിക്കുന്ന മിക്കവാറും എല്ലാ ആളുകളും ഉന്നയിച്ചതാണ്. മുൻപുണ്ടായിരുന്ന ഐക്യമുന്നണിയെ തകർത്ത് മറെറാരു മുന്നണി ഉണ്ടാക്കിയത് ഞങ്ങളാണ്, അങ്ങനെ വഞ്ചന നടത്തിയെന്നാണ് പറഞ്ഞത്. വാസ്തവത്തിൽ ഇവിടെ ഉണ്ടായത് എന്താണ്? ബഹുമാനപ്പെട്ട എൻെറ സുഹൃത്ത് ഡാക്ടർ പി.കെ. സുകുമാരൻ, അദ്ദേഹത്തിൻെറ സ്വതസിദ്ധമായ വാചോവിലാസത്തോടുകൂടി അത് വിശദീകരിക്കുകയുണ്ടായി. ഐക്യമുന്നണിയുടെ അടിസ്ഥാനം അദ്ദേഹം പറഞ്ഞുകൊണ്ടുവന്നത്, എനിക്ക് അദ്ദേഹത്തെപോലെ സാഹിത്യം ഉപയോഗിക്കാൻ ഇപ്പോൾ ഏതായാലും സമയമില്ല, അതിന് ഒരുങ്ങുന്നുമില്ല, ശ്രമിച്ചാൽ പററുമോ എന്നും സംശയമാണ്, ഏതായാലും അത് വേറെ കാര്യം,

LIBRARY ARCHIVES Kerala Legislative Assembly

ചുരുക്കിപറഞ്ഞത് എന്താണെന്ന് വച്ചാൽ ഐക്യമുന്നണിയുടെ അടിസ്ഥാനം പരിപാടിയേ അല്ലെന്നാണ്. അവിടെ തുടങ്ങി അഭിപ്രായവ്യത്യാസം എന്നാണ് എന്റെ അഭിപ്രായം. ഞങ്ങൾ കാണുന്നത് ഐക്യമുന്നണിയുടെ അടിസ്ഥാനം പരിപാടിതന്നെയാണ്. കാരണമെന്താണെന്നുവച്ചാൽ 1967—ലെ ഐക്യമുന്നണിയായാലും, നിങ്ങൾ കുറുമുന്നണിയെന്നു വിളിക്കപ്പെടുന്ന മുന്നണിയായാലും, എനിക്ക് ആ വാക്ക് ഇഷ്ടപ്പെടുന്നില്ല, ആ മുന്നണിയായാലും ഞങ്ങൾ പ്രാധാന്യം കൽപ്പിക്കുന്നത് പരിപാടിക്കാണ്. കാരണം ഈ വിവിധ രാഷ്ട്രീയ പാർട്ടികൾ ഉൾക്കൊള്ളുന്ന മുന്നണിയാണ്. ഘടകരാഷ്ട്രീയപാർട്ടികളിൽ ഓരോ പാർട്ടിക്കും വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടായിരിക്കും, രാഷ്ട്രീയമായ അഭിപ്രായങ്ങളുണ്ടായിരിക്കും. നിലപാടുകളുണ്ടായിരിക്കും അതിലെല്ലാം 100 ശതമാനവും യോജിപ്പുണ്ടായി വരികയില്ല. ഇപ്പോൾ ഈ സംസ്ഥാനത്തിന്റെ പരിതസ്ഥിതിയിൽ പ്രായോഗികമായി നടപ്പിലാക്കാനുള്ള പരിപാടികളെന്ത്, അത് എങ്ങനെ നടപ്പിലാക്കണമെന്നുള്ളതിലാണ് ഐക്യം. ആ കാര്യത്തിലാണ് ഞങ്ങൾ ഒന്നിച്ചത്. അതുകൊണ്ട് ആ പരിപാടി നടപ്പിലാക്കാൻവേണ്ടി ഏററവും ഫലപ്രദമാണെന്നു ഞങ്ങൾ വിചാരിച്ച മാർഗ്ഗങ്ങളിൽകൂടി മുന്നോട്ടുപോയി. ഞങ്ങളോടുകൂടി കൂടുതൽ ആളുകൾ മുന്നോട്ടുവന്നു. ആ പരിപാടികൾ ഞങ്ങൾ നടപ്പിലാക്കാൻ തുടങ്ങി. അത് തെററാണെന്നാണ് നമ്പൂതിരിപ്പാട് പറയുന്നത്. രണ്ടാഴ്ചയ്ക്കു മുൻപ് പറഞ്ഞിരുന്നെങ്കിൽ അത് മനസിലാക്കാമായിരുന്നു. ഇപ്പോൾ പറയുമ്പോൾ ഒട്ടും മനസിലാകുന്നില്ല. ഈ മാതൃകയാണ് പശ്ചിമബംഗാളിൽ അദ്ദേഹത്തിന്റെ പാർട്ടിക്കാരനായ ജ്യോതിബാസു അനുവർത്തിക്കുന്നത്. അതിൽ അവർ യാതൊരു കുഴപ്പവും കാണുന്നില്ല. അത് ഞങ്ങൾ ചെയ്യുമ്പോൾ തെററ്. അല്ലെങ്കിലും ഞങ്ങൾ എന്തു ചെയ്താലും തെററാണ്. പക്ഷെ അതേ കാര്യം അവർ ചെയ്താൽ 100 ശതമാനവും വിപ്ലവകരമായ രാഷ്ട്രീയ പ്രവർത്തനമാണ്. ഞങ്ങൾക്ക് അതിനോട് യോജിക്കാൻ സാധിക്കുന്നില്ലെന്നു മാത്രമേ പറയുന്നുള്ളു.

സർ, അതുപോലെതന്നെ കോൺഗ്രസുമായിട്ടുള്ള ധാരണയെസംബന്ധിച്ചൊക്കെ അദ്ദേഹം പറഞ്ഞു—കോൺഗ്രസുമായിട്ടുള്ള തൊട്ടുകൂടായ്മ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നത്തെനിലയിൽ ഒരു രാഷ്ട്രീയ പാർട്ടിയുമായിട്ടും തൊട്ടുകൂടാ എന്നുള്ള നിലപാട് ഞങ്ങൾ ഏതായാലും അംഗീകരിക്കുന്നില്ല. അതിന് എനിക്കു നന്ദി പറയാനുള്ളത് എന്റെ രാഷ്ട്രീയ ഗുരുനാഥനായിട്ടുള്ള നമ്പൂതിരിപ്പാടിനോടു തന്നെയാണ്. 1965—ൽ ഞങ്ങൾ ഒരു പാഠം പഠിച്ചു. 1964—ലെ ബോംബേ പാർട്ടി കോൺഗ്രസ് പ്രമേയത്തിൽ നിന്നാണ് പഠിച്ചത്. ശരിയാണ്, അതു ഞങ്ങൾ നിഷേധിക്കുന്നില്ല. ഞങ്ങളെല്ലാം പരിപൂർണ്ണമായി പിൻതാങ്ങി പാസാക്കിയതാണ്. പക്ഷെ രാഷ്ട്രീയപാർട്ടികളുടെ പ്രമേയത്തിനനുസരിച്ച് രാജ്യം മുന്നോട്ടു നീങ്ങുകയില്ല. സാമൂഹ്യമായിട്ടുള്ള പരിവർത്തനങ്ങളും വരും. പല ശക്തികളും അതിനകത്തു പ്രവർത്തിക്കും. അങ്ങനെ പ്രവർത്തിക്കുന്ന അവസരത്തിൽ രാഷ്ട്രീയപാർട്ടികളിൽ തന്നെ വ്യത്യാസംവരും. രാഷ്ട്രീയപാർട്ടികളുടെ നിലപാടുകളിൽ വ്യത്യാസം വരും. അതു മനസിലാക്കാൻ ഞങ്ങൾക്കു കുറെ കാലതാമസം വേണ്ടിവന്നു. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ മാറി. ഞങ്ങൾ മാറിയെന്ന് പച്ചയായിത്തന്നെ നഗ്നമായിത്തന്നെ യാതൊരു അപമാനബോധവുമില്ലാതെ പറയുന്നുണ്ട്. അവിടെയാണ് ഞാൻ പറയുന്നത് പല കാര്യങ്ങളിലും അദ്ദേഹം രാഷ്ട്രീയ ഗുരുനാഥനാണെന്ന്. അങ്ങനെ പറയുന്നതിൽ എനിക്ക് ഒരു പ്രയാസവുമില്ല, അപമാനവുമില്ല. അദ്ദേഹം വകവച്ചുതരുമോ എന്നുള്ളത് വേറെ കാര്യമാണ്. ഏതായാലും അദ്ദേഹത്തിന്റെ കാൽനഖേന്ദു മരീചികകൾ അനുധാവനം ചെയ്യുകയാണ് എന്റെ പാർട്ടി എന്നുമാത്രമേ എനിക്ക് ഇതിനെപ്പററി പറയുവാനുള്ളൂ. ഇതുപോലെയാണ് കേരളകോൺഗ്രസിലും മുസ്ലീം

LIBRARY ARCHIVES Kerala Legislative Assembly

ലീഗിലും മററു പാർട്ടികളിലും ഒക്കെ വന്നിട്ടുള്ള മാററങ്ങളും എന്നാണ് പറയുന്നത്. അവർ പറയുന്നു ഞങ്ങളാണ് മാറിയതെന്ന്. ഏതായാലും കുറെ മാററങ്ങൾ ഉണ്ടായിട്ടുണ്ട്. ഇങ്ങനെ കുറെ മാററങ്ങൾ നമ്മുടെരാജ്യത്ത് വന്നേ മതിയാവൂ. കാർഷികപരിഷ്ക്കരണം, ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിൽ സ്റേററ് ട്രേഡിംഗ് ഏർപ്പെടുത്തുക, വിദ്യാഭ്യാസനയങ്ങൾ മുതലായ പരിപാടികൾ അവർ അംഗീകരിക്കുകയില്ലെന്നായിരുന്നു 64—ൽ കണ്ടത്. അതു തെററാണെന്ന് പ്രായോഗികമായി തെളിയിച്ചിരിക്കുകയാണ്. ആ പരിപാടികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പാർട്ടികളുടെ പരിപാടികളിൽ വ്യത്യാസം വന്നിട്ടുണ്ട്, നടപടികളിൽ വ്യത്യാസം വന്നിട്ടുണ്ട്. രാജ്യത്താകെതന്നെ രാഷ്ട്രീയ സാമൂഹ്യ പരിവർത്തനങ്ങൾ വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാറിയിട്ടുണ്ടെങ്കിൽ അതിൽ അശേഷം ലജ്ജിക്കുന്നില്ല. ഈ പരിപാടികൾ നടപ്പിലാക്കാൻ പാർട്ടികളുമായി യോജിച്ച് മുന്നോട്ടു,പോകണമെന്നുമാത്രമേ ആഗ്രഹിക്കുന്നുള്ളു.

തൊട്ടുകൂടായ്മയെസംബന്ധിച്ചു പറഞ്ഞന്നതിന് ഒരു കാര്യം മാത്രമേ എനിക്കു പറയാനുള്ളൂ. അങ്ങ് കേന്ദ്രത്തിൽ ഇന്ദിരാഗാന്ധിയുടെ കോൺഗ്രസ് ഇത്ര വളരെ ശപിക്കപ്പെട്ട, തൊട്ടുകൂടാത്ത, നിഷിദ്ധമായ, മോശമായ ഏർപ്പാടാണെങ്കിൽ എത്ര പ്രാവശ്യമാണ് വോട്ട് ചെയ്തു പിൻതാങ്ങിക്കൊണ്ടു മാർക്സിസ്റ്റുപാർട്ടി പാർലമെൻറിൽ നിലനിറുത്തിയത്. അതു എന്തിനാണെന്ന് മനസിലാകുന്നില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇൻഡ്യയിലെ പരിതസ്ഥിതിയിൽ അങ്ങനെയൊന്നും പററുകയില്ല. ഇവിടെ അന്നു ഞങ്ങൾ നവംബർ ഒന്നാംതീയതി അധികാരം ഏറെറടുത്ത അവസരത്തിൽ പറഞ്ഞതുപോലെ ഈ പരിപാടികൾ മുന്നോട്ടു കൊണ്ടുപോവുകയാണ് പ്രധാനമായുള്ളത്. അതിൽ സഹകരിക്കുന്ന എല്ലാ പാർട്ടികളോടും സഹകരിക്കാൻ തയ്യാറാണ്. നിർഭാഗ്യവശാൽ മാർക്സിസ്റ്റു കമ്മ്യൂണിസ്ററ്പാർട്ടി, ഏററവും ശക്തിയായി സഹകരിക്കേണ്ട പാർട്ടി സഹക്കരിക്കാതെ അതിനെ തകിടം മറിക്കാൻ പൊളിക്കാൻ പരിശ്രമിക്കുന്നു എന്നുള്ളത് നിർഭാഗ്യകരമായ ഒരു അവസ്ഥയാണ്. ഇതുമാത്രമാണ് അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ച് എനിക്കു പറയാനുള്ളത്.

ഇനി ഞാൻ അധികം കാര്യങ്ങളെപ്പററിയൊന്നും പറയുന്നില്ല. ഇവിടെ ചില ആരോപണങ്ങൾ വന്നു. അതേപ്പററി ഒന്നുരണ്ടു കാര്യങ്ങൾ പറയാനുണ്ട്. വെറുതെ ആരോപണം ഇറക്കി കുറെ ചെളി മണ്ണുവാരി എവിടെയെങ്കിലും എറിയുക. എവിടെയെങ്കിലും പററുമെന്ന്. ഇന്നദിക്കിൽ പററണമെന്നില്ല. ഇങ്ങനെ ശ്രീ. സി. ബി. സി. കുറെയധികം ചെളി വാരി എറിഞ്ഞു. അത് എവിടെയൊക്കെയാണ് പററാൻ പോകുന്നതെന്നറിഞ്ഞുകൂടാ. എവിടെയെങ്കിലും പററും, ഇന്നിടത്തു പററണമെന്നില്ലല്ലോ.

ഇനി എന്നെ സംബന്ധിച്ചു പറഞ്ഞ കാര്യങ്ങൾക്കു മറുപടി പറയാം. ശ്രീ. ലൂയിസ് എനിക്കെഴുതിയ കത്തുകൾക്കും നിവേദനങ്ങൾക്കും വ്യക്തമായി ഒരുമുഖ്യ മന്ത്രി എന്നുള്ള നിലയ്ക്കും മറുപടി കൊടുത്തിട്ടുണ്ട്. ആലോചിക്കും. ആലോചിക്കാൻ തയ്യാറില്ല എന്ന ഒരു നിലപാട് ഒരിക്കലും അംഗീകരിച്ചിട്ടില്ല. ആലോചിക്കാമെന്നു പറഞ്ഞാൽ അദ്ദേഹം വിചാരിച്ചു, അദ്ദേഹത്തിന്റെ വോട്ട് ഗവൺമെൻറിന്റെ നിലനിൽപ്പിനുപ്രധാനമായതുകൊണ്ട് ഈ ഗവൺമെൻറിനെക്കൊണ്ട് കൈപിടിച്ചു ഒപ്പിട്ടുവിക്കാമെന്ന്. അതു പററുകയില്ലെന്നു വ്യക്തമായി പറയാൻ ഞാനാഗ്രഹിക്കുന്നു. എങ്കിലും ആഗ്ളോ ഇൻഡ്യൻ സമുദായത്തിന്റെ കാര്യംവേറെയാണ്. പാവപ്പെട്ട നിരവധി ആളുകൾ ആ സമുദായത്തിലുണ്ട്. ആ നിലയിൽ ഈ പ്രശ്നത്തെസംബന്ധിച്ച് ഗൗരവപൂർവ്വം പര്യാലോചിച്ചുകൊണ്ടിരിക്കുകയാണ്. ഒരു വിഷമമുണ്ട്. കുമാരപിളള കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത

LIBRARY ARCHIVES Kerala Legislative Assembly

എന്താണ്? കുമാരപിള്ളക്കമ്മീഷൻ റിപ്പോർട്ടുവരാൻ എന്താണ് അടിസ്ഥാനം. ഹൈക്കോടതിവിധിപ്രകാരം ഉണ്ടായതാണ്. ഹൈക്കോടതിവിധിയിൽ സംവരണം നിശ്ചയിക്കുമ്പോൾ ഗവൺമെൻറിനു തോന്നിയതുപോലെ നിശ്ചയിച്ചാൽ പററുകയില്ല വസ്തുനിഷ്ടമായ സർവ്വേ നടത്തി അതിൻെറ അടിസ്ഥാനത്തിൽവേണം നിർണ്ണയിക്കാൻ. അങ്ങനെ ഒന്നു നിശ്ചയിച്ചു. ഇനി അതു മാററണമെങ്കിൽ ഇതുപോലെതന്നെ ഒരു സർവ്വേയുടെയും വസ്തുനിഷ്ഠമായ പഠനത്തിൻെറയും അടിസ്ഥാനത്തിലേ മാററാൻ സാധിക്കുകയുള്ളു. അച്യുതമേനോനോ, ലൂയിസിനോ, ഇ. എം. എസ്സിനോ ഇഷ്ടംപോലെ മാററാൻ പററുകയില്ല. നമുക്കു പഠനം നടത്തി സാവകാശമായി തീരുമാനിക്കാം. തിരുത്തപ്പെടേണ്ടതാണെന്നുകണ്ടാൽ തിരുത്തുകയും ചെയ്യാം. അതിനപ്പുറം പോകാൻ ഗവൺമെൻറുദ്ദേശിക്കുന്നില്ല. തീർച്ചയായും ഈ പ്രശ്നത്തിന് സമുദായം ഉൾപ്പെടെയുള്ള പാവപ്പെട്ട ജനവിഭാഗത്തോട് അനുഭാവപൂർവ്വമായ നിലപാടുതന്നെ എടുക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ഇത്രമാത്രമേ എനിക്കു പറയാനുള്ളൂ.

അതുപോലെതന്നെ ഇവിടെ രണ്ടാരോപണങ്ങൾ പറഞ്ഞു. ഒരു ശ്രീ. അച്ച്യുതമേനോനെ ടൗൺപ്ലാനറായി നിയമിച്ചു എന്നത് ഒന്ന്. ശ്രീമതി ഗൗരിക്ക് അബദ്ധം പററിയതുപോലെ കെ. എം. ജോസഫ് എന്നു പറഞ്ഞപ്പോൾ കെ. എം. ജോർജിൻെറ ആരോ ആണെന്നു വിചാരിച്ചപോലെ അച്യുതമേനോൻ എന്ന പേരു കേട്ടപ്പോൾ എൻെറ ആരെങ്കിലും ആയിരിക്കണമെന്നു തീരുമാനിച്ചു. അങ്ങനെയുള്ള ലളിതമായ തീരുമാനത്തിൽ എൻെറ സ്നേഹിതൻമാർ എത്തരുതെന്നേ എനിക്കു പറയാനുള്ളൂ. എൻെറ ആരുമല്ല അദ്ദേഹം, യാതൊരു ബന്ധവുമില്ല. നിയമനത്തെസംബന്ധിച്ചാണെങ്കിൽ ഈ നിയമനം ഇവിടെ ടൗൺപ്ലാനിംഗ് എക്സ്പർട്ടു വേണമെന്നു തീരുമാനിച്ച് ഡിപ്പാർട്ടുമെൻറ് ഓഫ് ആർക്കിടെക്ച്ചർ ഒരു ഫയൽ തുടങ്ങിയത് ശ്രീ. ഇ. എം. എസ്. മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. അദ്ദേഹം ഒപ്പിട്ട ജി. ഒ. യുടെ അടിസ്ഥാനത്തിലാണ് ക്യാബിനററ് നോട്ടു തയ്യാറാക്കി 24—3—69—ൽ ക്യാബിനററിൽ വയ്ക്കുന്നത്. എന്താണു കാരണം അന്വേഷിച്ചു നോക്കിയപ്പോൾ ഗവൺമെൻറു ഓഫ് ഇൻഡ്യയോട് ഒരു എക്സ്പർട്ടിനെ അയച്ചുകൊടുക്കണമെന്നു പറഞ്ഞു. എക്സ്പർട്ടു ഇല്ലാത്തതുകൊണ്ട് സാദ്ധ്യമല്ലെന്നു പറഞ്ഞു. വേറെ ആരേയും കിട്ടാത്തതുകൊണ്ട്, പ്രത്യേക ക്വാളിഫിക്കേഷനുള്ള ആരേയും കിട്ടാത്തതുകൊണ്ട് റിട്ടയർ ചെയ്ത ഒരുദ്യോഗസ്ഥനാണെങ്കിലും ഒരു കൊല്ലത്തേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ എടുക്കാമെന്നുള്ള നോട്ടോടുകൂടി ഇ. എം. എസ്. ഒപ്പിട്ട് 24—3—69—ൽ ക്യാബിനററിൽ വച്ചു. അന്നു ക്യാബിനററിൽ തീരുമാനങ്ങൾ എടുക്കുകയായിരുന്നില്ലല്ലോ പണി, തമ്മിൽ തമ്മിൽ അടി അല്ലേ? അതുകൊണ്ട് ആരേയും നിയമിച്ചില്ല. ഞങ്ങൾ വന്നപ്പോൾ പഴയ ഫയലുകൾ തീർത്ത കൂട്ടത്തിൽ ഇതും നടപ്പിലാക്കി.

ശ്രീമതി. കെ. ആർ. ഗൗരി: പഴയ ക്യാബിനററു തള്ളിക്കളഞ്ഞതാണ്.

ശ്രീ. സി. അച്യുതമേനോൻ: ക്യാബിനററ് പേപ്പറുണ്ട്.

(സഭയിൽ ബഹളം)

അതുപോലെതന്നെ പേഴ്സണൽ സ്ററാഫിൽ ഉണ്ടായിരുന്ന കുട്ടികൃഷ്ണൻെറ നിയമനത്തെപ്പററി പറഞ്ഞു. പബ്ളിക് സർവ്വീസ് കമ്മീഷൻ 15 ബി. ഡി. ഒ. മാരെ തിരഞ്ഞെടുത്തു. സെക്രട്ടറിയേററിൽ ഫസ്ററു ഗ്രേഡ് അസിസ്ററൻറായ കുട്ടികൃഷ്ണന് പി. എസ്. സി. സെലക്ഷൻ കിട്ടി. അദ്ദേഹത്തെ അപ്പോയിൻറു ചെയ്തു. ഇതിൽ എന്താണ് അഴിമതിയെന്നുള്ളത് എത്ര ആലോചിച്ചിട്ടും മനസിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അഴിമതി എന്താണെന്നു പറഞ്ഞു തരാം.

ശ്രീ. സി. അച്യുതമേനോൻ: ഞാൻ വഴങ്ങുന്നില്ല. ഈ അവസരത്തിൽ എനിക്ക് അവസാനമായിട്ടു പറയാനുള്ളത് ഈ കഴിഞ്ഞ ദിവസങ്ങളിൽ അവിഹിതമായിട്ടുള്ള യാതൊരുവിധ പ്രവർത്തനങ്ങളും ഈ മന്ത്രിസഭ നടത്തിയിട്ടില്ലെന്നു ഉറപ്പായിട്ടു, ഹൃദയത്തിൽ കൈവച്ചുകൊണ്ട് തന്നെ പറയുകയാണ്.

(ഭരണകക്ഷിയിൽ കൈയടി)

ഈ വിശ്വാസപ്രമേയം പാസാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഒരു പോയിന്റു ഓഫ് ഓർഡർ. സർ, വസ്തുതകൾക്കു വിരുദ്ധമായി വളച്ചൊടിച്ച് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറയുമ്പോൾ ചോദ്യങ്ങൾക്കു വഴങ്ങാതെ ഇരിക്കുന്നതു ശരിയാണോ?

മി. സ്പീക്കർ: അങ്ങനെ ചോദ്യങ്ങൾക്കു വഴങ്ങിയില്ലെന്നുള്ളത് പുറത്തുവരുമല്ലോ?

(ബഹളം)

Mr. Speaker : I am putting the motion to the House.

The motion was put and carried.

Shri. T. A. Majid : Sir, I demand a Poll.

A poll was taken when the House divided as follows.

AYES 66

1. Shri T. A. Majid
2. ,, P. V. Abraham
3. .. P. M. Abubacker
4. ,, E. Ahamed
5. ,, C. Ahamedkutty
6. ,, K. Avukkaderkutty Naha Haj
7. ,, Baby John
8. ,, N. K. Balakrishnan
9. ,, J. Camalias Moraes
10. ,, J. A. Chacko
11. ,, M. Chadayan
12. ,, K. Chandrasekhara astri
13. ,, V. P. Cherukoya Thangal
14. ,, N. I. Devassykutty
15. ,, M. K. Divakaran
16. ,, T. K. Divakaran
17. ,, N. Ganapathy
18. ,, K. M. George

19. Shri K. T. George
20. ,, P. P. George
21. ,, P. K. Gopalakrishnan
22. ,, G. Gopinathan Pillai
23. ,, M. N. Govindan Nair
24. ,, M. Hakimji Sahib
25. ,, K. T. Jacob
26. ,, E. John Jacob
27. ,, Joseph Chazhikkattu
28. ,, K. Karunakaran
29. ,, O. Koran
30. ,, M. Krishnan
31. ,, K. K. Kumara Pillai
32. ,, P. Kunhiraman Kidavu
33. ,, U. P. Kunikullaya
34. ,, P. K. Kunju
35. ,, K. G. Kunjukrishna Pillai
36. ,, V. Kuttykrishnan Nair
37. ,, B. Madhavan Nair
38. ,, Pandalam P. R. Madhavan Pilla
39. ,, K. Mahabala Bhandari
40. ,, Mattapalli Majeed
41. ,, K. M. Mani
42. ,, M. P. Mohamed Jafferkhan
43. ,, C. M. Kutty
44. ,, K. Moideenkutty Haji
45. ,, M. Moideenkutty Haji
46. ,, C. H. Mohammed Koya Haji
47. ,, C. S. Neelakantan Nair
48. ,, K. G. Neelakantan Namboodiripa
49. ,, K. Purushothaman Pillai
50. ,, P. K. Raghavan
51. ,, C. K. Rajan
52. ,, P. Ramalingom
53. ,, P. Ramunni Kurup
54. ,, P. Ravindran
55. ,, Sayed Ummer Bafakih
56. ,, R. S. Unni
57. ,, P. S. Namboodiri
58. ,, B. V. Seethi Thangal
59. ,, K. Sekharan Nair
60. ,, N. K. Seshan
61. ,, P. S. Srinivasan
62. ,, M. M. Thomas
63. ,, T. V. Thomas
64. ,, P. Unnikrishna Pillai
65. ,, K. C. Vamadevan
66. ,, P. P. Wilson

LIBRARY ARCHIVES Kerala Legislative Assembly

NOES 58

1. Shri K. K. Aboo
2. ,, V. S. Achuthanandan.
3. ,, K. K. Annan
4. ,, A. K. Appu
5. ,, A. V. Aryan
6. ,, C. K. Balakrishnan
7. ,, E. Balanandan
8. ,, C. B. Chandrasekhara Warrier
9. ,, P. N. Chandrasenan
10. ,, K. Chathunni Master
11. ,, V. V. Dakshinamoorthy
12. ,, S. Damodaran
13. ,, P. Gangadharan
14. ,, E. M. George
15. ,, M. K. George
16. ,, K. P. R. Gopalan
17. Smt. K. R. Gouri Thomas
18. Shri C. Govinda Panicker
19. ,, P. Govinda Pillai
20. ,, M. K. A. Hameed
21. ,, E. K. Imbichi Bava
22. ,, C. Kannan
23. ,, K. Karunakaran Nair
24. ,, M. K. Kelu
25. ,, M. K. Krishnan
26. ,, T. K. Krishnan
27. ,, R. Krishnan (Alathur)
28. ,, R. Krishnan (Palghat)
29. ,, P. P. Krishnan
30. ,, V. Krishna Das
31. ,, E. P. Krishnan Nambiar
32. ,, E. V. Kumaran
33. ,, A. V. Kunhambu
34. ,, V. V. Kunhambu
35. ,, P. Kunhan
36. ,, E. T. Kunhan
37. ,, P. K. Kunjachan
38. ,, A. P. Kurian
39. ,, T. M. Meethiyan
40. ,, Paloli Mohammed Kutty
41. ,, Mustafa Kamal
42. ,, A. S. N. Nambissan
43. ,, N. Prabhakara Thandar
44. ,, A. S. Purushothaman
45. ,, P. G. Purushothaman Pillai
46. ,, K. P. Raghava Poduval
47. ,, P. C. Raghavan Nair

LIBRARY ARCHIVES Kerala Legislative Assembly

48. Shri K. I. Rajan
49. ,, T. K. Ramakrishnan
50. ,, M. Ramunny
51. ,, M. Sadasivan
52. ,, E. M. S. Namboodiripad
53. ,, K. A. Sivarama Bharathy
54. ,, V. Sreedharan
55. Dr. P. K. Sukumaran
56. Shri C. Vasudeva Menon
57. ,, N. Vasudevan Pillai
58. ,, B. Wellingdon

NEUTRALS 5

1. Shri Alexander Parambithara
2. ,, N. Gamaliel
3. Dr. George Thomas
4. Shri R. Gopalakrishnan Nair
5. ,, S. P. Luiz

Mr. Speaker: Those for the motion-66, those against the motion-58, Neutrals-5. The motion is passed.

(Loud applause from Treasury Benches)

Mr. Speaker: Now I have got a problem. What is the business for tomorrow, and the day after?

ശ്രീ. ടി. കെ. ദിവാകരൻ: നാളെ ചോദ്യോത്തരസമയത്തിനു ശേഷം 9 മണിമുതൽ 10 മണിവരെയുള്ള ഒരു മണിക്കൂർ സപ്ലിമെൻററി ഗ്രാൻറിൻ മേലുള്ള അപ്രോപ്രിയേഷൻ ബില്ലിൻെറ ചർച്ച നടത്താം. അതിനുശേഷം ശേഷിക്കുന്ന ഗ്രാൻറുകളെല്ലാം ഒരുമിച്ച് അവതരിപ്പിച്ചു മൂന്നുമണിക്കൂർ ചർച്ചയ്ക്കുശേഷം അതു നാളെ അവസാനമായി ഗില്ലററിൻ ചെയ്യാം. അതിൻെറ അടുത്തദിവസം അതിൻമേലുള്ള അപ്രോപ്രിയേഷൻ ബില്ലിൻെറ ചർച്ചയ്ക്കു എടുക്കാമെന്നുള്ളതാണ് അഭിപ്രായം.

ശ്രീമതി. കെ. ആർ. ഗൗരി: അപ്രോപ്രിയേഷൻ ബില്ലിൻെറ കോപ്പി ഞങ്ങൾക്കു കിട്ടിയിട്ടില്ല.

മി. സ്പീക്കർ: അയച്ചുതന്നിട്ടുണ്ട്.

Mr. Speaker: The House will now adjourn and meet again tomorrow at 8. a m.

The Assembly adjourned at 6.03 p. m. to meet again at 8 a. m. on Tuesday, the 24th March, 1970.

—

LIBRARY ARCHIVES Kerala Legislative Assembly